ഖുർആൻ

തിരുത്തലുകളില്ലാത്ത ഗ്രന്ഥം

വിമർശനങ്ങൾക്കെല്ലാം മറുപടി

എം എം അക്ബർ
മൗലവി അബൂസൗബാൻ

ഖുർആൻ
തിരുത്തലുകളില്ലാത്ത ഗ്രന്ഥം

വിമർശനങ്ങൾക്കെല്ലാം മറുപടി

DA'WA BOOKS
P.B No: 1981, Vyttila, Cochin - 19

DA'WA BOOKS

Malayalam | Study
Qur'an: Thiruthalukalillatha Grandham Vimarshanangalkellam Marupadi
ഖുർആൻ:തിരുത്തലുകളില്ലാത്ത ഗ്രന്ഥം; വിമർശനങ്ങൾക്കെല്ലാം മറുപടി

Author's : **M.M. Akbar, Moulavi Abu souban**

First Edition : December 2020

Price: ₹ 250

Publisher | Distribution
Da'wa Books | Vyttila | Kochi - 19 | Kerala | India
Web: www.dawabooks.in | Email: dawabook@gmail.com
Cover: Aashir | Type Setting: Yoonus k.k | Printing : Anaswara, Kochi.
ISBN:978-93-82581-08-6

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد لله.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെ (ﷺ) പ്രത്യേകമായ അംഗീകാരം ലഭിച്ച ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

ഖുർആന്റെ ദൈവികതക്കുമേൽ സംശയം ജനിപ്പിക്കുന്നവർ പ്രഥമമായി കൈവെക്കുന്ന മേഖലകളിലൊന്നാണ് അതിന്റെ പരിശുദ്ധി. അഥവാ അവതരിക്കപ്പെട്ട അതേ തനിമയിൽ ഇന്നു ഖുർആൻ ലഭ്യമല്ല എന്നതാണവരുടെ ആരോപണം. പ്രസ്തുത ആരോപണത്തിന്റെ മുനയൊടിക്കുന്ന രചന. എം എം അക്ബർ, മൗലവി അബൂസൗബാൻ എന്നിവരാണ് ഗ്രന്ഥകർത്താക്കൾ

നാഥാ. . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

മാനേജർ

താളുകളിൽ

വായനക്ക് മുമ്പ്...

പരമകാരുണികന്റെ നാമത്തിൽ

മാനുഷികമായ കരവിരുതുകളാൽ വികലമാക്കപ്പെടാത്ത ഒരേയൊരു വേദഗ്രന്ഥമാണ് ഖുർആൻ. അവതരിക്കപ്പെട്ട അതേ രൂപത്തിൽ അത് നിലനിൽക്കുന്നു. അങ്ങനെ നിലനിർത്തുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഖുർആനിലെ ഓരോ വചനങ്ങളും പ്രവാചകൻ (സ) അനുചരന്മാർക്ക് ഓതിക്കൊടുത്തപ്പോൾ ജിബ്രീൽ അദ്ദേഹത്തിന് പറഞ്ഞുകൊടുത്തതിൽ നിന്ന് വ്യത്യാസങ്ങളൊന്നും വരുത്താതെയാണ് അത് നിർവ്വഹിച്ചത്. പ്രവാചകനിൽ നിന്ന് ഖുർആൻ പഠിച്ച സ്വഹാബിമാരിലൂടെ ഖുർആൻ ലോകത്തെങ്ങും പ്രചരിച്ചപ്പോഴും അതിൽ ചെറിയ രൂപത്തിലുള്ള മാറ്റങ്ങൾ പോലുമില്ലാതിരിക്കുവാനായി വളരെ സൂക്ഷ്മമായ സംപ്രേക്ഷണ രീതിയാണ് അവർ പിന്തുടർന്നത്. അവരിൽ നിന്ന് അടുത്ത തലമുറയിലേക്കും അവരിൽ നിന്ന് പിന്നീടുള്ള തലമുറയിലേക്കും അങ്ങനെ ഇന്നുവരെയും മാറ്റങ്ങളൊന്നുമില്ലാതെ ഖുർആൻ വചനങ്ങൾ കൈമാറിക്കൊണ്ടിരിക്കുന്നു. ഖുർആൻ പൂർണമായും ഗുരുമുഖത്ത് നിന്ന് പഠിച്ച് മനഃപാഠമാക്കിയ നിരവധി പേർ ഇന്ന് ലോകത്തുണ്ട്. അവർ പഠിച്ച ഗുരുനാഥന്മാരിൽ നിന്ന് തുടങ്ങി പ്രവാചകൻ (സ) വരെ ഖുർആൻ കൈമാറിയെത്തിയ വ്യക്തികളുടെ ശൃംഖല അവർക്കറിയാം. അഥവാ പ്രവാചകൻ (സ) പഠിപ്പിച്ചത് മാറ്റമൊന്നുമില്ലാതെ അവർ വരെ എങ്ങനെ എത്തിയെന്ന് അവർക്ക് കൃത്യമായി പറഞ്ഞുതരാൻ കഴിയും. ഇത്ര സൂക്ഷമതയോടെ സംരക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥവും ചരിത്രത്തിലുണ്ടായിട്ടില്ല. ആർക്കും ഒന്നും കൂട്ടിച്ചേർക്കുവാനോ എടുത്തുമാറ്റുവാനോ കഴിയാത്ത രൂപത്തിൽ പ്രവാചകകാലം മുതൽ ഇന്നുവരെ ജനകീയമായാണ് ഖുർആൻ പഠനവും സംപ്രേക്ഷണവും നടന്നിട്ടുള്ളത്. ലോകത്തിന്റെ വ്യത്യസ്ത കോണുകളിൽ ജീവിച്ചിരിക്കുന്ന പതിനായിരക്കണക്കിന് ഹാഫിദുകൾ ഖുർആൻ മാറ്റമില്ലാതെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നതിനുള്ള ജീവിക്കുന്ന തെളിവുകളാണ്; ലോകാവസാനം വരെ നിലയ്ക്കാത്ത ജീവിക്കുന്ന തെളിവുകൾ.

പ്രവാചക (സ)ന്റെ കാലത്ത് ഖുർആൻ വ്യാപകമായി എഴുതി സൂക്ഷിച്ചിരുന്നില്ല. ആശയസംവേദനത്തിന് എഴുത്ത് വ്യാപകമായി ഉപയോഗിക്കപ്പെട്ടിട്ടില്ലാതിരുന്ന കാലത്ത് മനഃപാഠത്തിലൂടെയാണ് ഖുർആൻ പ്രധാനമായും സംരക്ഷിക്കപ്പെട്ടിരുന്നത്. എന്നാൽ വചനങ്ങൾ അവതരിക്കപ്പെടുമ്പോൾ തന്നെ അവ അന്ന് നിലവിലുണ്ടായിരുന്ന എഴുത്ത് വസ്തുക്കളിൽ അവ രേഖപ്പെടുത്തിവെക്കാൻ പ്രവാചകൻ (സ) അനുചരന്മാരോട് നിഷ്കർഷിച്ചിരുന്നു. ആ ഉത്തരവാദിത്തമേറ്റെടുത്ത് കൃത്യമായും സൂക്ഷ്മമായും നിർവ്വഹിച്ച സ്വഹാബിമാരുമുണ്ടായിരുന്നു. എന്നാൽ, പ്രവാചകൻ ഈ ലോകത്തോട് വിട പറയുന്ന സന്ദർഭത്തിൽ രണ്ട് ചട്ടകൾക്കുള്ളിലായി ഖുർആൻരേഖകൾ ക്രോഡീകരിച്ചിരുന്നില്ല. തുടക്കം മുതൽ ഒടുക്കം വരെയുള്ള വചനങ്ങളെല്ലാം ക്രോഡീകൃതരൂപത്തിൽ മനഃപാഠമുള്ള നിരവധിപേർ സമൂഹത്തിലുണ്ടായിരുന്നതിനാൽ അത്തരം ഒരു ക്രോഡീകരണം അനിവാര്യമായിരുന്നില്ല എന്ന് പറയുന്നതാവും ശരി. എന്നാൽ പ്രവാചകവിയോഗം കഴിഞ്ഞ് രണ്ട് വർഷങ്ങൾക്കകം തന്നെ, അബൂബക്കറി(റ)ന്റെ ഭരണകാലത്ത് രണ്ട് ചട്ടകൾക്കുള്ളിലായി ഖുർആൻ വചനങ്ങളെല്ലാം ക്രോഡീകരിക്കപ്പെട്ടു. മൂന്നാം ഖലീഫയായിരുന്ന ഉഥ്മാനി(റ)ന്റെ ഭരണകാലത്ത് പാരായണവ്യത്യാസങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ഔദ്യോഗികമായ കോപ്പികളെടുക്കുകയും തന്റെ ഭരണപ്രദേശത്തിന്റെ വിവിധ കോണുകളിലേക്ക് കൊടുത്തയക്കുകയും ചെയ്തു. പ്രസ്തുത കോപ്പികളിൽ ചിലവ ഇന്നും തുർക്കിയിലെയും താഷ്ക്കെന്റിലെയും മ്യൂസിയങ്ങളിലുണ്ട്. ലോകത്തിന്റെ വ്യത്യസ്തങ്ങളായ ഭാഗങ്ങളിൽ പാരായണം ചെയ്യപ്പെടുന്ന ഖുർആൻ ഉഥ്മാനിന്റെ കാലത്ത് നിർമ്മിക്കപ്പെട്ട ഖുർആൻരേഖകളുടെ തനിപ്പകർപ്പാണ്. മനഃപാഠത്തിലൂടെയും രേഖീകരണത്തിലൂടെയും ഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നാണ് ഇത് വ്യക്തമാക്കുന്നത്.

പ്രവാചകൻ(സ) പഠിപ്പിക്കാത്ത യാതൊന്നും തന്നെ ഖുർആനിന്റെ ഭാഗമായി എഴുതിച്ചേർക്കുകയോ പഠിപ്പിച്ച യാതൊന്നും തന്നെ വിട്ടുപോവുകയോ ചെയ്യരുതെന്ന് ഖുർആൻരേഖകളുടെ ക്രോഡീകരണം നിർവ്വഹിച്ച പ്രവാചകാനുചരന്മാർക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അതീവ ശ്രദ്ധയോടെയും സൂക്ഷമമായും കൃത്യതയോടെയുമാണ് അവർ ആ ദൗത്യം നിർവ്വഹിച്ചത്. ഖുർആൻ ക്രോഡീകരണത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും. പ്രവാചകാനുചരന്മാർ എത്രത്തോളം ശ്രദ്ധയോടെയും സൂക്ഷമതയോടെയും കൃത്യതയോടെയുമാണ് ഖുർആൻ ക്രോഡീകരണദൗത്യം നിർവ്വഹിച്ചതെന്ന് വരുംതലമുറകൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനായാണ് പണ്ഡിതന്മാർ ഖുർആൻ ക്രോഡീകരണത്തിന്റെ ചരിത്രം എഴുതിയിട്ടുള്ളത്. പ്രസ്തുത ചരിത്രം വായിക്കുന്നവർക്ക് അവതരിക്കപ്പെട്ട വിശുദ്ധിയിൽ തന്നെ ഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന സത്യം ബോധ്യപ്പെടുകയാണ് ചെയ്യുക. ഇബ്നു അബൂദാവൂദിന്റെ

കിതാബുല്‍ മസാഹിഫ്, ജലാലുദ്ധീന്‍ സുയൂഥിയുടെ *അല്‍ ഇത്ഖാന്‍ ഫീ ഉലൂമില്‍ ഖുര്‍ആന്‍*, മുഹമ്മദ് അബ്ദുല്‍ അദീം അസ്സര്‍ഖാനിയുടെ *മനാഹിലുല്‍ ഇര്‍ഫാന്‍ ഫീ ഉലൂമില്‍ ഖുര്‍ആന്‍* എന്നിവ ഖുര്‍ആന്‍ ക്രോഡീകരണത്തിന്റെ ചരിത്രം സമഗ്രമായി വിവരിക്കുന്ന ഗ്രന്ഥങ്ങളാണ്. അവതരിക്കപ്പെട്ട വിശുദ്ധിയില്‍ തന്നെ ഖുര്‍ആന്‍ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന സത്യം ബോധ്യപ്പെടുത്തുന്നതിനും അതിന്നായി സ്വഹാബിമാര്‍ സഹിച്ച ത്യാഗങ്ങളെക്കുറിച്ച് തെര്യപ്പെടുത്തുന്നതിനും വേണ്ടി എഴുതപ്പെട്ട ഗ്രന്ഥങ്ങള്‍. അക്കാര്യം ഇവ വായിക്കുന്നവര്‍ക്ക്, അവര്‍ സത്യസന്ധരാണെങ്കില്‍ ബോധ്യപ്പെടാതിരിക്കില്ല, തീര്‍ച്ച.

അവതരിക്കപ്പെട്ട രൂപത്തില്‍ തന്നെ ഖുര്‍ആന്‍ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന വസ്തുതയെ നിഷേധിക്കുവാന്‍ ഇസ്‌ലാമിന്റെ ശത്രുക്കള്‍ വല്ലാതെ പ്രയാസപ്പെടാറുണ്ട്. വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ തെളിവുകളാല്‍ സമൃദ്ധമാണ് ഖുര്‍ആനിന്റെ സംരക്ഷണം എന്നതുകൊണ്ടാണിത്. പ്രവാചകന്മാര്‍ എഴുതിയതാണെന്ന് ഉറപ്പിക്കാനാകുന്ന പുസ്തകങ്ങളൊന്നും തന്നെ ബൈബിളിലില്ല എന്ന വസ്തുത ബൈബിള്‍ പണ്ഡിതന്മാര്‍ തന്നെ തുറന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോള്‍, ഖുര്‍ആന്‍ അവതരിക്കപ്പെട്ട വിശുദ്ധിയില്‍ തന്നെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് വന്നാല്‍ അത് ക്രൈസ്തവവല്‍ക്കരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് മിഷനറിമാര്‍ കരുതുന്നു. അത് കൊണ്ട് തന്നെ ഖുര്‍ആനിന്റെ വിശുദ്ധിയെ നിഷേധിക്കുവാനായുള്ള തെളിവുകള്‍ക്ക് വേണ്ടിയുള്ള ഭഗീരഥപ്രയത്നത്തിലാണ് അവര്‍. ക്രോഡീകരണത്തിന്റെ ചരിത്രം സത്യസന്ധമായി അവതരിപ്പിച്ചാല്‍ ഖുര്‍ആനിന്റെ വിശുദ്ധിയെ നിഷേധിക്കാനാവില്ലെന്ന് അവര്‍ക്കറിയാം. അതുകൊണ്ട് തന്നെ സംഭവങ്ങളെ സന്ദര്‍ഭത്തില്‍ നിന്ന് അടര്‍ത്തിമാറ്റി അവതരിപ്പിച്ചുകൊണ്ടെങ്കിലും കളങ്കിതമാണ് ഖുര്‍ആന്‍ എന്ന് സ്ഥാപിക്കാനാവുമോ എന്ന ഗവേഷണത്തിലാണവര്‍. അങ്ങനെയുള്ള ഒരു പരിശ്രമമാണ് പ്രസിദ്ധ ബ്രിട്ടീഷ് ഓറിയന്റലിസ്റ്റായ ജോണ്‍ ബര്‍ട്ടന്റെ The Collection of the Qur'an എന്ന പുസ്തകം.

ഇബ്നു അബൂദാവൂദിനെയും ജലാലുദ്ധീന്‍ സുയൂഥിയേയുമെല്ലാം ഉദ്ധരിച്ചുകൊണ്ടാണ് ഖുര്‍ആനില്‍ കളങ്കങ്ങളും കടത്തിക്കൂട്ടലുകളുമുണ്ടായിട്ടുണ്ട് എന്ന് സ്ഥാപിക്കുവാന്‍, 1977ല്‍ പുറത്തിറങ്ങിയ പുസ്തകത്തിലൂടെ അദ്ദേഹം ശ്രമിക്കുന്നത്. ഉദ്ധരണികളെ സന്ദര്‍ഭത്തില്‍ നിന്ന് അടര്‍ത്തി ദുര്‍വ്യാഖ്യാനിക്കുകയെന്ന ഓറിയന്റലിസ്റ്റുകളുടെ പതിവ് രീതിതന്നെയാണ് ഈ പുസ്തകത്തിലും പിന്തുടര്‍ന്നിരിക്കുന്നത്. ബര്‍ട്ടന്റെ പുസ്തകം പുറത്തുവന്ന ശേഷം അതിലെ വാദങ്ങളുന്നയിച്ചുകൊണ്ട് ഖുര്‍ആനിന്റെ വിശുദ്ധിയെ ചോദ്യം ചെയ്യുന്ന രചനകള്‍ വ്യത്യസ്ത ഭാഷകളില്‍ പുറത്തുവന്നിട്ടുണ്ട്. കേരളത്തിലെ മിഷനറിമാരും നാസ്തികരുമെല്ലാം ഖുര്‍ആന്‍

കളങ്കിതമാണെന്ന് സ്ഥാപിക്കുവാൻ അതിലെ വാദങ്ങൾ തന്നെയാണ് എടുത്തുപയോഗിക്കുന്നത്.

ജോൺ ബർട്ടന്റെയും അദ്ദേഹത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് എഴുതപ്പെട്ട പുസ്തകങ്ങളിലെയും വാദങ്ങൾക്കുള്ള ഖണ്ഡനമാണ് ഈ പുസ്തകം. തിരുത്തലുകളൊന്നുമില്ലാതെ സംരക്ഷിക്കപ്പെട്ട ദൈവികഗ്രന്ഥമാണ് ഖുർആൻ എന്ന വസ്തുത തെളിവുകളുടെ വെളിച്ചത്തിൽ സമർത്ഥിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നത്. ഇവ്വിഷയകമായി ഉന്നയിക്കപ്പെട്ടിട്ടുള്ള വിമർശനങ്ങൾക്കല്ലാം അക്കമിട്ട് മറുപടി നൽകാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ശ്രദ്ധയിൽ പെടാത്ത വിർശനങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അവ അറിയിച്ചാൽ അവയ്ക്കുള്ള മറുപടികൾ കൂടി അടുത്ത പതിപ്പിൽ ഉൾക്കൊള്ളിക്കാൻ കഴിയും. ഇസ്‌ലാമികപ്രബോധനരംഗത്തുള്ളവർക്ക് ഒരു കൈപുസ്തകമായി ഉപയോഗിക്കുവാൻ കഴിയണമെന്ന രൂപത്തിൽ അല്പം വിശദീകരിച്ചുകൊണ്ട് തന്നെയാണ് പുസ്തകം എഴുതിയിട്ടുള്ളത്. പരമാവധി കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും അബദ്ധങ്ങളുണ്ടാവാം. അവ ശ്രദ്ധയിൽ പെടുന്നവർ അറിയിക്കണമെന്നപേക്ഷിക്കുന്നു. പുസ്തകരചനക്ക് പ്രചോദനമായത് മുഫ്തി അമീൻ മാഹി, മുഹമ്മദ് ഈസ പെരുമ്പാവൂർ, നൗഫൽ എറണാകുളം, സുഹൈൽ പെരുമ്പാവൂർ എന്നിവരുമായി നടത്തിയ ചർച്ചകളാണ്. അവരുടെയെല്ലാം നിർദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഇതിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. പുസ്തകം പരിശോധിക്കുകയും തിരുത്തലുകൾ നിർദേശിക്കുകയും ചെയ്തത് മുഫ്തി അമീൻ മാഹിയാണ്. എല്ലാവരോടുമുള്ള കടപ്പാടും കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തുന്നു. അവരിൽ നിന്നെല്ലാം അല്ലാഹു അവരുടെ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും അവരെയും നമ്മെയും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടുകയും ചെയ്യട്ടെ, ആമീൻ.

കരുണാനിധിയായ അല്ലാഹുവേ, നിന്റെ തൃപ്തി മാത്രം കാംക്ഷിച്ച് കൊണ്ട് ചെയ്യുന്ന വിനീതമായ ഒരു പ്രവർത്തനമാണിത്. ഇത് സത്കർമ്മമായി സ്വീകരിക്കുകയും അറിവില്ലാത്തവർക്ക് സത്യം മനസ്സിലാക്കുവാനുള്ള നിമിത്തമാക്കിത്തീർക്കുകയും നിന്റെ കാരുണ്യത്താൽ ഞങ്ങളെ നീ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ, ആമീൻ.

എം.എം. അക്ബർ

മൗലവി അബൂ സൗബാൻ

1. ഖുർആൻ ഒരു പരിചയം

സ്രഷ്ടാവും സംരക്ഷകനുമായവനിൽ നിന്ന് മാനവരാശിക്ക് അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥമാണ് ഖുർആൻ. അന്തിമ പ്രവാചകനായ മുഹമ്മദി(സ)ലൂടെയാണ് അത് ലോകം ശ്രവിച്ചത്. അവസാനത്തെ മനുഷ്യൻ വരെ സകലരും സ്വീകരിക്കേണ്ട ദൈവിക ഗ്രന്ഥമാണത്.

'ഖുർആൻ' എന്ന പദത്തിന് 'വായന' എന്നും 'പാരായണം' എന്നും അർഥം പറയാം. 'വായിക്കപ്പെടുന്ന രേഖ'എന്ന അർഥത്തിൽ ഖുർആനിൽ തന്നെ ഈ പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.(13:31) മുമ്പുള്ള വേദഗ്രന്ഥങ്ങളെപ്പോലെ നിയമസംഹിതയോ (തൗറാത്ത്) സങ്കീർത്തനങ്ങളോ (സബൂർ), സുവിശേഷ വർത്തമാനങ്ങളോ (ഇൻജീൽ) മാത്രമല്ല ഖുർആൻ. അതിലെ ഓരോ പദവും അന്ത്യനാളുവരെയുള്ള കോടിക്കണക്കിന് സത്യവിശ്വാസികളാൽ ആവർത്തിച്ച് വായിക്കപ്പെടുകയും അവരുടെ ഹൃദയാന്തരാളങ്ങളിൽ കൊത്തിവെച്ച് സ്വജീവിതം അതനുസരിച്ച് വാർക്കപ്പെടുകയും ചെയ്യേണ്ടതുള്ളതിനാലായിരിക്കാം അന്തിമവേദം ഖുർആൻ എന്ന് നാമകരണം ചെയ്യപ്പെട്ടത്.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം സത്യാസത്യ വിവേചനത്തിനുള്ള മാനദണ്ഡമാണ് ഖുർആൻ. അതിൽ കൽപിച്ചതെ

ല്ലാം നന്മയും അതിൽ നിരോധിച്ചതെല്ലാം തിന്മയുമാണെന്ന് അവൻ മനസ്സിലാക്കുന്നു. ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നത് 'ഫുർഖാൻ'എന്നാണ് (2:53, 2:185, 3:4, 25:1) 'സത്യാസത്യവിവേചകം' എന്നർഥം.

കിതാബ് (ഗ്രന്ഥം), ദിക്റ് (ഉദ്ബോധനം), നൂർ (പ്രകാശം), ഹുദാ (സന്മാർഗം), ബുർഹാൻ (തെളിവ്), ശിഫാ (ശമനം), ഖയ്യിം (ഋജു വായത്), മുഹൈമിൻ(പൂർവവേദങ്ങളിലെ അടിസ്ഥാനാശയങ്ങളെ സംരക്ഷിക്കുന്നത്) തുടങ്ങിയ വിശേഷണങ്ങളിലൂടെയും ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നുണ്ട്. ഇവയിലൂടെ ഖുർആനിന്റെ ധർമത്തെക്കുറിച്ച വ്യക്തമായ ചിത്രം അനുവാചകനു ലഭിക്കുന്നുണ്ട്.

സ്വന്തത്തെ പരിചയപ്പെടുത്തുന്ന ചില ഖുർആൻ വചനങ്ങൾ കാണുക:

1)ദൈവികഗ്രന്ഥം.

"ലോക പരിപാലകനിൽനിന്നും അവതീർണമായതാണ് ഇത്." (ഖുർആൻ 56:80, 69:43)

2) സമാനമായത് സമാഹരിക്കാൻ സ്രഷ്ടാവിനല്ലാതെ സാധ്യമല്ല.

"അല്ലാഹു അല്ലാത്ത ആരാലും ഈ ഖുർആൻ കെട്ടിച്ചമക്കപ്പെടാ നാവില്ല." (ഖുർആൻ 10:37)

3) മുഴുവൻ മനുഷ്യർക്കുമുള്ള മാർഗദർശനമാണ്.

"ഇത് ലോകർക്കുള്ള ഉദ്ബോധനമല്ലാതെ മറ്റൊന്നല്ല." (ഖുർആൻ 38:87)

"നിശ്ചയം ഈ ഗ്രന്ഥം സത്യപ്രകാരം ജനങ്ങൾക്കായി താങ്കളുടെ മേൽ നാം അവതരിപ്പിച്ചിരിക്കുന്നു." (ഖുർആൻ 39:41)

4) ദുശ്ശക്തികളിൽനിന്നും സംരക്ഷിക്കപ്പെട്ടതാണ്.

"ഇത് അഭിശപ്തനായ പിശാചിന്റെ വചനമല്ല" (ഖുർആൻ 81:25)

5) വൈരുധ്യങ്ങളിൽനിന്നും സുരക്ഷിതമാണ്.

"ഇത് അല്ലാഹു അല്ലാത്തവരുടെ അടുത്തുനിന്നുള്ളതായിരുന്നു വെങ്കിൽ അവർ ഇതിൽ നിരവധി വൈരുധ്യങ്ങൾ കണ്ടെത്തുമാ യിരുന്നു." (ഖുർആൻ 4:82)

6) ന്യൂനത വരുന്നതിൽനിന്നും സുരക്ഷിതമാണ്.

"നിശ്ചയം നാമാണ് ഈ ഉദ്ബോധനത്തെ അവതരിപ്പിച്ചത്. നിശ്ച

യം നാം ഇതിനെ സംരക്ഷിക്കുന്നതാണ്.” (ഖുർആൻ 15:9)

7) പഠനവും മനഃപാഠമാക്കലും എളുപ്പമാണ്.

“നിശ്ചയം ഈ ഖുർആനിനെ ഉദ്ബോധനം സ്വീകരിക്കുന്നതിനായി എളുപ്പമാക്കിയിരിക്കുന്നു. ഉദ്ബോധനം സ്വീകരിക്കുന്ന ആരാണുള്ളത്.” (ഖുർആൻ 54:17)

8) ദുർവ്യാഖ്യാനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

“ജനങ്ങൾക്കായി അവതീർണമായതിനെ നീ അവർക്ക് വിവരിച്ചു നൽകുന്നതിനായി നാം ഈ ഉദ്ബോധനം അവതരിപ്പിച്ചു.” (ഖുർആൻ 16:44)

ഖുർആനിൽ 114 അധ്യായങ്ങളാണുള്ളത്. അധ്യായത്തിന് ‘സൂറത്ത്’ എന്ന് പേര്. ഹിജ്റക്ക് മുമ്പ് അവതീർണമായ സൂറത്തുകൾ (മക്കിയ്യ്) 86 ഉം ഹിജ്റക്ക് ശേഷം അവതീർണമായവ (മദനിയ്യ്) 28 ഉമാണ്. ഓരോ സൂറത്തുകൾക്കും വ്യത്യസ്തങ്ങളായ പേരുകൾ നൽകിയിട്ടുണ്ട്. ചില അധ്യായങ്ങളുടെ പ്രാരംഭശബ്ദങ്ങൾ അവയുടെ നാമങ്ങളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മറ്റു ചില സൂറത്തുകൾക്ക് അവയുടെ മധ്യത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും കാര്യങ്ങളാണ് പേരുകളായി നൽകപ്പെട്ടിരിക്കുന്നത്. പ്രതിപാദിക്കപ്പെട്ട പ്രധാന വിഷയങ്ങളെ സൂചിപ്പിക്കുന്ന നാമങ്ങൾ നൽകപ്പെട്ട സൂറത്തുകളുമുണ്ട്. മറ്റു ചില സൂറത്തുകളുടെ പേരുകളാവട്ടെ പദം അതിന്റെ ഉള്ളടക്കത്തിലില്ലെങ്കിലും പ്രതിപാദിക്കപ്പെട്ട അടിസ്ഥാന വിഷയങ്ങളെ ദ്യോതിപ്പിക്കുന്നവയാണ്.

സൂറത്തുകളുടെ വലിപ്പത്തിലും വലിയ അന്തരമുണ്ട്. മൂന്നു വാചകങ്ങൾ മാത്രമുള്ള ചെറിയ അധ്യായങ്ങൾ മുതൽ മുന്നൂറോളം വചനങ്ങളുള്ള ദീർഘമായ സൂറത്തുകൾ വരെയുണ്ട്.

സൂറത്തുകളിലെ ഓരോ വാക്യങ്ങൾക്കാണ് ‘ആയത്തു’കളെന്ന് പറയുക. ആയത്തുകളുടെ വലിപ്പത്തിലും ഗണ്യമായ അന്തരമുണ്ട്. ഏതാനും ശബ്ദങ്ങൾ മാത്രം ചേർന്ന ആയത്തുകൾ മുതൽ ഒരുപാട് ദീർഘമായ ആയത്തുകൾ വരെയുണ്ട്. പല ആയത്തുകളും സമ്പൂർണ വാക്യങ്ങളാണ്. എന്നാൽ, ഏതാനും ആയത്തുകൾ ചേർന്നാൽ മാത്രം പൂർണവാക്യമായിത്തീരുന്നവയുമുണ്ട്. അതുപോലെതന്നെ കുറേ പൂർണവാക്യങ്ങൾ ചേർന്ന ആയത്തുകളുമുണ്ട്. ആയത്തുകളുടെ ഘടനയും ദൈർഘ്യവുമെല്ലാം നിശ്ചയിച്ചിരിക്കുന്നത് അല്ലാഹുവാണ്.

6236 ആയത്തുകളും 77439 വാക്കുകളുമാണ് ഖുർആനിലുള്ളത്. ഖിറാഅത്തുകളുടെ വ്യത്യാസമനുസരിച്ച് അക്ഷരങ്ങളുടെ എണ്ണത്തിലും ആയത്തുകളുടെ എണ്ണത്തിലും വ്യത്യാസമുണ്ട്. (6666 ആയത്തുകൾ ഖുർആനിലുണ്ടെന്ന് സാധാരണയായി പലരും പറയാറുണ്ട്. പ്രാമാണികരായ പണ്ഡിതന്മാരൊന്നും അങ്ങനെ പറഞ്ഞിട്ടില്ല. അതിന്ന് യാതൊരു അടിസ്ഥാനവുമില്ല.)

മനുഷ്യരോടാണ് ഖുർആൻ സംസാരിക്കുന്നത്. അവന്റെ വിജയത്തിലേക്കാണ് അത് മനുഷ്യരെ ക്ഷണിക്കുന്നത്. പടച്ചവന്റെ അസ്തിത്വത്തെക്കുറിച്ച് പ്രകൃതിയിലെ വ്യത്യസ്തങ്ങളായ പ്രതിഭാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അത് അവനെ തെര്യപ്പെടുത്തുന്നു. ഇഹലോകജീവിതത്തിന്റെ നശ്വരതയെയും ഇവിടത്തെ സുഖഭോഗങ്ങൾക്കുപിന്നിൽ ഓടി ജീവിതം തുലയ്ക്കുന്നതിന്റെ അർഥമില്ലായ്മയെയുംകുറിച്ച് അത് അവനോട് സംസാരിക്കുന്നു. മരണാനന്തരമുള്ള അനശ്വരജീവിതത്തിൽ സ്വർഗപ്രവേശത്തിന് അർഹരാവുകയും നരകയാതനകളിൽനിന്ന് രക്ഷപ്രാപിക്കുകയും ചെയ്യുന്ന അനുഗ്രഹീതരിൽ ഉൾപ്പെടുവാൻ എന്തു മാർഗം സ്വീകരിക്കണമെന്ന് അവന് വ്യക്തമാക്കിക്കൊടുക്കുന്നു. ഭൗതിക ജീവിതത്തിലെ സുഖസൗകര്യങ്ങൾക്കുവേണ്ടി നരകം വിലയ്ക്കെടുത്തവരുടെ ചരിത്രത്തിലേക്ക് അവന്റെ ശ്രദ്ധ ക്ഷണിക്കുന്നു. വിശുദ്ധമായ ജീവിതം നയിച്ച് സ്വർഗപ്രവേശത്തിന് അനുമതി നൽകപ്പെട്ടവരെക്കുറിച്ച് അവന് പറഞ്ഞുകൊടുക്കുന്നു.

പടച്ചവന്റെ വചനങ്ങളാണ് ഖുർആനിലുള്ളത്. മനുഷ്യരാണ് അതിന്റെ സംബോധിതർ. സാധാരണ ഗ്രന്ഥങ്ങളുടെ പ്രതിപാദനശൈലിയല്ല ഖുർആൻ സ്വീകരിച്ചിരിക്കുന്നത്. വൈജ്ഞാനിക ഗ്രന്ഥങ്ങളുടേതുപോലെ സമർഥനത്തിന്റെ ശൈലിയോ ചരിത്രഗ്രന്ഥങ്ങളിലേതുപോലെ പ്രതിപാദനത്തിന്റെ ശൈലിയോ സാഹിത്യ ഗ്രന്ഥങ്ങളിലേതുപോലെ കഥനത്തിന്റെ ശൈലിയോ അല്ല ഖുർആനിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഈ ശൈലികളെല്ലാം ഖുർആൻ സ്വീകരിക്കുന്നുണ്ടുതാനും. നിർണയിക്കപ്പെട്ട ഒരു കേന്ദ്ര വിഷയത്തിന്റെ ശാഖകളും ഉപശാഖകളും വിശദീകരിച്ചുകൊണ്ട് ഉദ്ദേശിച്ച കാര്യം സമർഥിക്കുകയല്ല ഖുർആൻ ചെയ്യുന്നത്. വിഷയങ്ങൾ നിർണയിച്ച് അതിന്റെ അടിസ്ഥാനത്തിൽ അധ്യായങ്ങളും ശീർഷകങ്ങളും തരംതിരിക്കുകയെന്ന ശൈലിയല്ല ഖുർആനിൽ സ്വീകരിക്കപ്പെ

ട്ടിരിക്കുന്നത്. വ്യത്യസ്ത വിഷയങ്ങൾ ഒന്നിന് പുറകെ മറ്റൊന്നായി പ്രതിപാദിക്കുന്ന സവിശേഷമായ ശൈലിയാണ് ഖുർആനിന്റേത്.

പ്രബോധിതരോട് സമർഥമായി സംവദിക്കുന്ന പ്രഭാഷകന്റെ ശൈലിയാണ് ഖുർആനിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് പറയാം. മനുഷ്യരെ രക്ഷാമാർഗം പഠിപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. അതിനത് ശാസ്ത്രത്തെയും ചരിത്രത്തെയുമെല്ലാം ഉപയോഗപ്പെടുത്തുന്നുണ്ട്. സദ്‌വർത്തമാനങ്ങളും അതോടൊപ്പം താക്കീതും അതിന്റെ സൂക്തങ്ങൾക്കിടക്ക് കടന്നുവരുന്നു. സത്യമാർഗം സ്വീകരിച്ചാൽ ലഭിക്കാൻ പോകുന്ന പ്രതിഫലത്തെയും തിരസ്കരിച്ചാലുള്ള ഭവിഷ്യത്തുകളെയും കുറിച്ച് അത് ബോധ്യപ്പെടുത്തുന്നുണ്ട്. മനുഷ്യന്റെ ബുദ്ധിയെയും യുക്തിയെയും തട്ടിയുണർത്തിക്കൊണ്ട് തന്റെ ചുറ്റുപാടുകളിലേക്ക് കണ്ണോടിക്കുവാനും അങ്ങനെ പ്രതിപാദിക്കപ്പെടുന്ന കാര്യങ്ങളുടെ സത്യതയെക്കുറിച്ച് സ്വയം ബോധ്യപ്പെടുത്താനും അത് ആവശ്യപ്പെടുന്നു. ഇതെല്ലാം കൂടിക്കുഴഞ്ഞുകൊണ്ടാണ് കടന്നുവരുന്നത്.

പ്രബോധിതരുടെ താൽപര്യം പരിഗണിച്ച് പടച്ചവൻ സ്വീകരിച്ചതാണ് ഈ ശൈലി. ബുദ്ധിജീവികളും സാധാരണക്കാരുമെല്ലാം ഉൾപ്പെടുന്ന മനുഷ്യസമൂഹത്തിന്റെ മൊത്തം ബോധവത്കരണത്തിന് ഉതകുന്നതത്രേ ഈ ശൈലി. ഖുർആനിന്റെ സവിശേഷമായ ഈ പ്രതിപാദനശൈലിയെക്കുറിച്ച് മനസ്സിലാക്കാതെ ഒരു വൈജ്ഞാനിക ഗ്രന്ഥത്തെയോ ചരിത്രപുസ്തകത്തെയോ സമീപിക്കുന്ന രീതിയിൽ ഖുർആനിനെ സമീപിക്കുന്നത് അതിനെ വേണ്ടവിധത്തിൽ മനസ്സിലാക്കുന്നതിന് വിഘാതമാവും.

ദൈവികഗ്രന്ഥമാണ് ഖുർആൻ. എന്തുകൊണ്ട് ഖുർആൻ ദൈവികമാണ് എന്ന ചോദ്യം പ്രസക്തമാണ്. അതിനുള്ള ഉത്തരത്തെ ഇങ്ങനെ സംഗ്രഹിക്കാം:

- ❑. സ്വയം ദൈവിക ഗ്രന്ഥമാണെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഒരേ ഒരു ഗ്രന്ഥമാണത്.
- ❑. അന്ത്യനാളുവരെ മാറ്റമില്ലാതെ അവതരിക്കപ്പെട്ട അതേ രൂപത്തിൽ തന്നെ നിലനിൽക്കുന്ന ഒരേയൊരു വേദഗ്രന്ഥമാണത്.
- ❑. അത് പ്രദാനം ചെയ്യുന്ന സന്മാർഗികക്രമം കിടയറ്റതാണ്.
- ❑. അതിലെ നിയമനിർദേശങ്ങളെല്ലാം മാനവികവും പ്രായോഗികവുമാണ്.

❑. അത് പഠിപ്പിക്കുന്ന ചരിത്രം കളങ്കരഹിതവും സത്യസന്ധവുമാണ്.

❑. അതിന്റെ സാഹിത്യം നിസ്തുലമാണ്.

❑. അത് നടത്തിയ പ്രവചനങ്ങൾ സത്യസന്ധമായി പുലർന്നിട്ടുണ്ട്.

❑.ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ എന്ന നിലയിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളെപ്പറ്റി അതിൽ നടത്തിയ പരാമർശങ്ങൾ പ്രമാദമുക്തമാകുന്നു.

❑. അതിൽ അശാസ്ത്രീയമായ യാതൊരു പരാമർശവുമില്ല.

❑. അതിൽ യാതൊരു വൈരുധ്യവുമില്ല.

❑.അതിലേതുപോലെയുള്ള ഒരു അധ്യായമെങ്കിലുംകൊണ്ടുവരാൻ മനുഷ്യരോട് അത് നടത്തിയ വെല്ലുവിളിക്ക് മറുപടി നൽകാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല.

❑. അതുമായി ലോകത്തു നിയുക്തനായ വ്യക്തി മുഹമ്മദ് നബി (സ) സത്യസന്ധനും നിസ്വാർഥനുമാണ്.

❑.മരണാനന്തരമുള്ള ശാശ്വതജീവിതത്തിലെ വിജയത്തിനാവശ്യമായ മുഴുവൻ മാർഗദർശനവും അത് നൽകുന്നു.

2. സംരക്ഷണം

അവതരിപ്പിക്കപ്പെട്ട വിശുദ്ധിയിൽ തന്നെ നില നിൽക്കുന്ന ഒരേ യൊരു വേദഗ്രന്ഥമാണ് ഖുർആൻ. അങ്ങനെ സംരക്ഷിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. "തീർച്ചയായും നാമാണ് ആ ഉൽ ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂ ക്ഷിക്കുന്നതാണ്." (ഖുർആൻ15:9) എന്നാണ് അല്ലാഹു പറഞ്ഞിരി ക്കുന്നത്.

അതിൽ യാതൊന്നും കൂട്ടിച്ചേർക്കാനോ എടുത്തുമാറ്റാനോ ആർ ക്കും കഴിയില്ല. "അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടു ള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണ് അത്." (ഖുർആൻ 41:42) എന്ന പ്രഖ്യാപനം ഖുർആനിന്റെ ഈ അഖണ്ഡതയെയാണ് പ്രഖ്യാപിക്കുന്നത്. 'അതിൽ നിന്നും ഉള്ളതിനെ കുറക്കാനോ ഇല്ലാ ത്തതിനെ കൂട്ടിച്ചേർക്കാനോ സാധ്യമല്ല' എന്നാണ് ഈ വചനം വിവ ക്ഷിക്കുന്നതെന്ന് ഖുർആൻ വ്യാഖ്യാതാവായ ഇമാം ത്വബ്‌രി (റ) വ്യക്തമാക്കിയിട്ടുണ്ട്. (*തഫ്സീർ ത്വബ്‌രി*)

ഖുർആനിന്റെ ക്രോഡീകരണം നിർവ്വഹിച്ചതും പാരായണനിയമ ങ്ങൾ പഠിപ്പിച്ചതുമെല്ലാം അല്ലാഹു തന്നെയാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു; "നിശ്ചയം ഈ ഖുർആനിന്റെ സമാഹരണവും അത് പാരായണം ചെയ്തു തരലും നമ്മുടെബാധ്യതയാകുന്നു.

അങ്ങനെ നാം അതിനെ ഓതിത്തന്നാൽ നീ ആ പാരായണത്തെ അനുഗമിക്കുക." (ഖുർആൻ 75:17-18). 'നബിയുടെ മനസ്സിൽ ഉറച്ചു നിൽക്കുന്ന നിലയിൽ ഖുർആനിനെ സമാഹരിക്കൽ അല്ലാഹു ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു'വെന്നാണ് ഈ വചനം അർത്ഥമാക്കുന്നതെന്ന് ഇസ്ഹാഖ് (റ) പറഞ്ഞതായി ഇമാം ത്വബ്രി (റ) ഉദ്ധരിക്കുന്നുണ്ട്. (*തഫ്സീർ ത്വബ്രി*)

മാറ്റമൊന്നും കൂടാതെ സംരക്ഷിക്കുമെന്ന ദൈവിക വാഗ്ദാനം പൂർണമായും പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ലോകമെങ്ങും പ്രചാരത്തിലിരിക്കുന്ന ഖുർആൻ കോപ്പികളും ഖുർആൻ മനഃപാഠമാക്കിയിട്ടുള്ള ആയിരക്കണക്കിനു ഹാഫിദുകളും വ്യക്തമാക്കുന്നു. പ്രവാചകന്റെ കാലം മുതൽ ഇന്നുവരെ നൈരന്തര്യത്തോടെ നടന്നുവന്നിട്ടുള്ളതാണ് ഖുർആൻ രേഖീകരിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്ന പ്രക്രിയകളെന്ന വസ്തുതയ്ക്ക് ചരിത്രം നൽകുന്ന തെളിവുകൾ ഇതിനെ ദൃഢീകരിക്കുകയും ചെയ്യുന്നു.

കവിതകളും കഥാഖ്യാനങ്ങളും തലമുറകളിലേക്ക് സംപ്രേഷണം ചെയ്യപ്പെടുന്ന മനഃപാഠത്തിലൂടെയും വൈജ്ഞാനിക സാഹിത്യങ്ങൾ അടുത്ത തലമുറയ്ക്ക് ലഭിക്കുന്ന രേഖീകരണത്തിലൂടെയും ഒരേ പോലെ സംരക്ഷിക്കപ്പെട്ട ഗ്രന്ഥമാണ് ഖുർആൻ. ഒന്നും കടത്തിക്കൂട്ടുകയോ എടുത്തൊഴിവാക്കുകയോ ചെയ്യാനാവാത്തവിധം പതിനാലു നൂറ്റാണ്ടുകളായി തലമുറകളിൽ നിന്ന് തലമുറകളിലേക്ക് ഈ രണ്ടു രീതികളിലും ഖുർആൻ പകർത്തപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. വാക്യങ്ങൾ കൂട്ടിച്ചേർക്കുകയോ എടുത്തുമാറ്റുകയോ ചെയ്തുവെന്ന് വസ്തുനിഷ്ഠ തെളിവുകളുടെ വെളിച്ചത്തിൽ ഒരാൾക്കും ആരോപിക്കാനാവാത്ത നിലയിൽ, ചരിത്രത്തിന്റെ പൂർണമായ വെളിച്ചത്തിലാണ് ഒന്നര സഹസ്രാബ്ദക്കാലമായി തലമുറകളിൽ നിന്ന് തലമുറകളിലേക്കുള്ള ഈ സംപ്രേഷണം നടക്കുന്നത്.

ഘട്ടങ്ങളായുള്ള അവതരണം

വിശുദ്ധ ഖുർആൻ പൂർണമായും ഒറ്റപ്രാവശ്യമായിട്ടല്ല, അൽപാൽപമായിട്ടാണ് അവതരിപ്പിക്കപ്പെട്ടത്. നീണ്ട ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടക്കായി വ്യത്യസ്ത സാഹചര്യങ്ങളിലായിട്ടാണ് അതിലെ സൂക്തങ്ങളുടെ അവതരണം നടന്നത്. പ്രവാചകന് ലഭിച്ചുകൊണ്ടിരുന്ന ദിവ്യബോധനത്തിന് നിർണിതമായ ഇടവേളകളൊന്നുമു

ണ്ടായിരുന്നില്ല. ഒരു ദിവസം തന്നെ ഒന്നിലധികം തവണ ദിവ്യബോധനം ലഭിച്ച സന്ദർഭങ്ങളുണ്ട്. ചിലപ്പോൾ ചില വചനങ്ങൾ മാത്രമാണ് അവതരിപ്പിക്കപ്പെടുക. ഏതെങ്കിലുമൊരു അധ്യായത്തിൽ പ്രത്യേക ഭാഗത്ത് ചേർക്കുവാൻ വേണ്ടി നിർദേശിക്കപ്പെട്ട വചനങ്ങൾ മാത്രമായിരിക്കും ചിലപ്പോൾ അവതരിക്കപ്പെടുക. മുഴുവനായി ഒറ്റ സമയം തന്നെ അവതരിപ്പിക്കപ്പെട്ട അധ്യായങ്ങളുമുണ്ട്. അവസരങ്ങൾക്കും സന്ദർഭങ്ങൾക്കുമനുസരിച്ച് അവതരിപ്പിക്കപ്പെട്ട ഒരുപാട് സൂക്തങ്ങളുടെ സമുച്ചയമാണ് ഖുർആൻ.

എന്തുകൊണ്ടാണ് ഒരൊറ്റ ഗ്രന്ഥമായി ഖുർആൻ അവതരിപ്പിക്കാത്തതെന്ന ചോദ്യം മുഹമ്മദി(സ)ന്റെ കാലത്തുതന്നെ അവിശ്വാസികൾ ചോദിച്ചിരുന്നു. അതിനുള്ള മറുപടി ഖുർആൻ തന്നെ പറയുന്നുണ്ട്: “സത്യനിഷേധികൾ പറഞ്ഞു. ഇദ്ദേഹത്തിന് ഖുർആൻ ഒറ്റത്തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അങ്ങനെത്തന്നെയാണത് വേണ്ടത്. താങ്കളുടെ ഹൃദയത്തെ ഉറപ്പിച്ചുനിർത്താൻവേണ്ടിയാണത്. ശരിയായ സാവകാശത്തോടെ നാമത് പാരായണം ചെയ്ത് കേൾപിക്കുകയും ചെയ്തിരിക്കുന്നു” (25:32).

“മനുഷ്യർക്ക് താങ്കൾ സാവകാശം പാരായണം ചെയ്തു കൊടുക്കാനായി ഖുർആനെ നാം പല ഭാഗങ്ങളാക്കുകയും നാം അതിനെ ക്രമേണ ഇറക്കുകയും ചെയ്തു” (17:106).

ഖുർആൻ ഒന്നിച്ച് ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കാതിരുന്ന ദൈവികനടപടിയുടെ ലക്ഷ്യമെന്താണെന്ന് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. അവസാന നാളുവരെയുള്ള മുഴുവൻ മനുഷ്യർക്കും മാർഗദർശനം നൽകേണ്ട വേദഗ്രന്ഥമാണ് ഖുർആൻ. അതു തോറയെപ്പോലെ കേവലം കുറെ നിയമങ്ങളുടെ സംഹിതയല്ല. വിശ്വാസ പരിവർത്തനത്തിലൂടെ ഒരു സമൂഹത്തെ എങ്ങനെ വിമലീകരിക്കാമെന്ന് പ്രായോഗികമായി കാണിച്ചുതരുന്ന ഗ്രന്ഥമാണത്. ഖുർആനിന്റെ അവതരണത്തിനനുസരിച്ച് പരിവർത്തിതമായിക്കൊണ്ടിരുന്ന ഒരു സമൂഹത്തിന്റെ ചിത്രം നമ്മുടെ മുന്നിലുണ്ട്. ഈ ചിത്രം കൂടി ഉപയോഗിച്ചുകൊണ്ടാണ് ഓരോ സൂക്തത്തിന്റെയും പൂർണമായ ഉദ്ദേശ്യം നാം മനസ്സിലാക്കുന്നത്. ഒറ്റയടിക്കാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടതെങ്കിൽ ഈ രൂപത്തിൽ നമുക്ക് അത് മനസ്സിലാക്കുവാൻ കഴിയുകയില്ലായിരുന്നു. അത് നൂറുശതമാനം പ്രായോഗികമായ ഒരു ഗ്രന്ഥമാണെന്ന് പറയുവാനും സാധിക്കുമായിരുന്നില്ല. വളർന്നുകൊ

ണ്ടിരുന്ന ഒരു സമൂഹത്തിന് ഘട്ടങ്ങളായി നൽകിയ മാർഗനിർദേശങ്ങളെന്ന നിലയ്ക്ക് പ്രസ്തുത മാർഗനിർദേശങ്ങൾക്കൊപ്പം ആ സമൂഹം മാറിക്കൊണ്ടിരുന്നു അത് പൂർണമായും പ്രായോഗികമാണെന്ന് നമുക്ക് ഉറപ്പിച്ചുപറയുവാനാകും.

ഖുർആൻ ഘട്ടങ്ങളായി അവതരിപ്പിക്കപ്പെട്ടതുകൊണ്ടുള്ള ഗുണങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. ദീർഘകാലമായി സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളും അധാർമികതകളും ഒറ്റയടിക്ക് നിർത്തലാക്കുക പ്രയാസകരമാണ്. ഘട്ടങ്ങളായി മാത്രമേ അവ നിർത്തൽ ചെയ്യാനാകൂ. താൽക്കാലിക നിയമങ്ങൾ വഴി പ്രസ്തുത പ്രവർത്തനങ്ങളിൽനിന്ന് ജനങ്ങളെ ക്രമേണ അകറ്റിക്കൊണ്ട് അവസാനം സ്ഥിരമായ നിയമങ്ങൾ നടപ്പിൽവരുത്തുകയാണ് പ്രായോഗികം. ഇതിന് ഘട്ടങ്ങളായുള്ള അവതരണം സൗകര്യം നൽകുന്നു.
2. ജനങ്ങളിൽനിന്നും ഉയർന്നുവരുന്ന സംശയങ്ങൾക്കും അപ്പപ്പോഴുണ്ടാവുന്ന പ്രശ്നങ്ങൾക്കും തദവസരത്തിൽതന്നെ പരിഹാരമുണ്ടാവുന്നരീതിയിൽ ദൈവിക സന്ദേശങ്ങൾ ലഭിക്കുന്നത് പ്രബോധിത ജനതയിൽ കൂടുതൽ ഫലപ്രദമായ പരിവർത്തനങ്ങളുണ്ടാവുന്നതിന് നിമിത്തമാകുന്നു.
3. ഒറ്റപ്രാവശ്യമായി അവതരിപ്പിക്കപ്പെടുന്ന പക്ഷം അതിലെ നിയമനിർദേശങ്ങൾ ഒരൊറ്റ ദിവസംതന്നെ നടപ്പിലാക്കേണ്ടതായി വരും. അത് പ്രയാസകരമാണെന്ന് പറയേണ്ടതില്ലല്ലോ. ഘട്ടങ്ങളായുള്ള അവതരണം വഴി ഈ പ്രയാസം ഇല്ലാതാക്കുവാനും ക്രമേണ പൂർണമായി വിമലീകരിക്കപ്പെട്ട ഒരു സമൂഹത്തെ വളർത്തിയെടുക്കുവാനും സാധിക്കുന്നു.
4. ഇടയ്ക്കിടക്ക് ദൈവിക ബോധനം ലഭിക്കുന്നത് പ്രവാചകന് മനഃസമാധാനവും ഹൃദയദാർഢ്യവുമുണ്ടാവുന്നതിന് കാരണമാവുന്നു.
5. പ്രവാചകന്റെ അനുയായികൾക്ക് ഖുർആൻ മനഃപാഠമാക്കുന്നതിനും അതിലെ വിഷയങ്ങൾ വ്യക്തമായി പഠിക്കുന്നതിനും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിനും കുറേശ്ശെയുള്ള അവതരണം വഴി സാധിക്കുന്നു.

മനഃപാഠം വഴിയുള്ള സംരക്ഷണം

അവതരിപ്പിക്കപ്പെടുന്ന മുറയ്ക്ക് മുഹമ്മദ് നബി (സ) ഖുർആൻ

ഹൃദിസ്ഥമാക്കിയിരുന്നുവെന്നും ഓരോ വർഷവും റമദാനിൽ ജിബ്രീൽ വന്ന് അവതരിപ്പിക്കപ്പെട്ടിടത്തോളമുള്ള വചനങ്ങൾ പാരായണം ചെയ്തുകേട്ട് ഉറപ്പുവരുത്തിയിരുന്നുവെന്നും ഇമാം ബുഖാരി തന്റെ സ്വഹീഹിലെ 'കിതാബു ഫദാഇലി'ൽ ഫാത്വിമ(റ)യിൽ നിന്ന് നിവേദനം ചെയ്യുന്നുണ്ട്.

ഖുർആൻ മനഃപാഠമാക്കുവാൻ സ്വഹാബിമാരെ പ്രവാചകൻ (സ) പ്രോത്സാഹിപ്പിക്കുകയും ഹൃദിസ്ഥമാക്കിയ വചനങ്ങൾ മറന്നു പോകാനിടയാകരുതെന്ന് പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്തിരുന്നതായി വ്യക്തമാക്കുന്ന നിരവധി ഹദീഥുകൾ ബുഖാരിയിലും മുസ്ലിമിലും മറ്റു ഹദീഥ് ഗ്രന്ഥങ്ങളിലുമെല്ലാം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. മനഃപാഠമാക്കുന്നതിൽ വിദഗ്ധരായിരുന്നു അറബികളെന്നതിനാലും പദ്യ-ഗദ്യ സമ്മിശ്രമായ ഖുർആനിന്റെ ശൈലി കാണാതെ പഠിക്കുവാൻ എളുപ്പമായിരുന്നതിനാലും സ്വഹാബിമാർക്ക് ഖുർആൻ പഠനം ഒരു പ്രയാസമായി അനുഭവപ്പെട്ടതേയില്ല. പരമാവധി മനഃപാഠമാക്കുവാൻ ഓരോ സ്വഹാബിയും പരിശ്രമിച്ചു. കൂടുതൽ ഖുർആൻ പഠിച്ചവൻ താനാണെന്ന് അഭിമാനത്തോടെ പറയുന്നവരായിരുന്നു സ്വഹാബിമാരെന്ന് ഇബ്നു മസ്ഊദി(റ)ൽ നിന്ന് ബുഖാരി നിവേദനം ചെയ്ത ഹദീഥ് വ്യക്തമാക്കുന്നുണ്ട്. ഉബയ്യ് ബിനു കഅ്ബ്, മുആദ് ബ്നു ജബൽ, അബൂ സൈദ്, സൈദ് ബിനു ഥാബിത് (റ) എന്നീ നാല് അൻസ്വാരികൾ ഖുർആൻ പൂർണമായി മനഃപാഠമാക്കിയവരായി പ്രവാചകകാലത്തുതന്നെ ഉണ്ടായിരുന്നുവെന്ന് അനസിൽ (റ) നിന്ന് ബുഖാരിയും മുസ്ലിമും അഹ്മദുമെല്ലാം നിവേദനം ചെയ്ത ഹദീഥിലുണ്ട്. നാലു ഖലീഫമാരും ത്വൽഹ, സഅദ്, ഇബ്നു മസ്ഊദ്, ഹുദൈഫ, സാലിം, അബൂ ഹുറൈറ, അബ്ദുല്ലാഹ് ബിൻ സാഇബ്, മുആദ്, മുജമ്മിഅ് ബിൻ ഹാരിസ, ഫളാലത് ബിൻ ഉബൈദ്, മസ്ലമ ബിൻ മഖ്ലദ് ,അബ്ദുല്ലാ ബിൻ ഉബയ്യ്, അബ്ദുല്ലാ ബിൻ മസ്ഊദ്, അബ്ദുല്ലാബിൻ സാഇബ്, അബ്ദുല്ലാ ബിൻ അബ്ബാസ്, അബ്ദുല്ലാ ബിൻ ഉമർ, അബ്ദുല്ലാ ബിൻ അംറ്, ഉഖ്ബത് ബിൻ ആമിർ, ഉബാദത്ത് ബിൻ ഹാരിസ്, അംറ് ബിൻ ആസ്, സഅദ് ബിൻ അബാദ്, അബൂ മൂസൽ അശ്അരി (റ) എന്നിവരും മഹിളാരത്നങ്ങളായിരുന്ന ആഇശ, ഹഫ്സ, ഉമ്മു സലമ (റ) എന്നിവരുമെല്ലാം ഖുർആൻ മനഃപാഠമാക്കിയിരുന്ന പ്രവാചകാനുചരന്മാരായിരുന്നുവെന്ന് വിവിധ സ്രോതസ്സുകൾ ഉദ്ധരിച്ചുകൊണ്ട് ഇമാം ഇബ്നു ഹജറുൽ അസ്

ഖലാനി (റ) സമർത്ഥിക്കുന്നുണ്ട്. (*ഫത്ഹുൽ ബാരി* 9/52)

യമാമഃ യുദ്ധത്തിൽ ഖുർആൻ പൂർണമായും മനഃപാഠമുള്ള എഴു പത് സ്വഹാബിമാർ വധിക്കപ്പെട്ടതായുള്ള പരാമർശങ്ങളും പ്രവാച കകാലത്ത് തന്നെ നടന്ന 'ബിഅ്റു മഊന' സംഭവത്തിൽ അത്ര തന്നെ ഖുർആൻ മനഃപാഠമുള്ളവർ കൊല്ലപ്പെട്ടതായുള്ള പരാമർശ ങ്ങളും നബി (സ) ജീവിച്ചിരിക്കുമ്പോൾ തന്നെ നൂറുക്കണക്കിനാളു കൾക്ക് ഖുർആൻ പൂർണമായും അറിയാമായിരുന്നുവെന്ന് വ്യക്തമാ ക്കുന്നുണ്ട്. (ഇമാം ജലാലുദ്ധീൻ സുയൂഥി: *അൽഇത്ഖാൻ ഫീ ഉലൂ മിൽ ഖുർആൻ* 1/245, അശൈഖ് മുഹമ്മദ് അബ്ദുൽ അദ്വീ അസ്സർഖാ നി: *മനാഹിലുൽ ഇർഫാൻ ഫീ ഉലൂമിൽ ഖുർആൻ* 1/242)

"ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ട രേഖകളെ അവലംബിക്കുന്നതിനേ ക്കാൾ മനസ്സിൽ സൂക്ഷിക്കപ്പെട്ടതിനെ അവലംബിക്കാൻ ഈ സമുദാ യത്തിന് അല്ലാഹു നൽകിയ പ്രത്യേകതകളിൽപെട്ടതാണ്" (*അന്ന ശ്ർ ഫിൽ ഖിറാഅത്തിൽ അശ്ർ* 1/6) എന്ന പാരായണങ്ങളുടെ ഇമാമായി അറിയപ്പെടുന്ന ഇമാം മുഹമ്മദ് ബിൻ മുഹമ്മദ് അൽ ജസാരിയുടെ പ്രസ്താവന മനഃപാഠത്തിലൂടെയുള്ള ഖുർആൻ സംരക്ഷണത്തിന്റെ കൃത്യതയെയാണ് അടയാളപ്പെടുത്തുന്നത്. ഈ ആധുനിക കാലഘട്ടത്തിലും ഖുർആൻ പൂർണമായും ഒരൊറ്റ ദിവസം കൊണ്ട് തന്നെ ഒരു പിഴവുമില്ലാതെ പൂർണമായും മറ്റൊരാ ൾക്ക് മനഃപ്പാഠമായി കേൾപ്പിക്കുന്ന അനേകായിരങ്ങൾ ലോകത്ത് ജീവിച്ചിരിക്കുന്നുവെന്ന സത്യം ഈ സംരക്ഷണം എത്രത്തോളം കുറ്റമറ്റതായിരുന്നുവെന്ന് വെളിപ്പെടുത്തുന്നുണ്ട്. വൈജ്ഞാനികവി സ്ഫോടനത്തിന്റെ പുതിയ കാലത്ത് പോലും ഖുർആൻ പൂർണ മായി മനഃപാഠമുള്ള പതിനായിരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങ ളിൽ ജീവിച്ചിരിക്കുന്നുവെന്നതാണ് വസ്തുത. അറിവിലും മനഃപ്പാഠ മാക്കുന്നതിലും ആധുനികരേക്കാൾ ഉയർന്ന നിലവാരമുണ്ടായിരുന്ന പൂർവികർ ഈ വിഷയത്തിൽ അതിനിപുണരായിരിക്കുമെന്ന കാര്യ ത്തിൽ സംശയമില്ല.

പല സ്വഹാബിമാരും തങ്ങൾക്ക് ഖുർആൻ മനഃപാഠമുണ്ടായിരു ന്നുവെന്ന വസ്തുത ഉറക്കെ പറഞ്ഞതായി വ്യക്തമാക്കുന്ന നിരവധി നിവേദനങ്ങളുണ്ട്. ഇബ്നു അംറിൽ (റ) നിന്നുള്ള നിവേദനം ഉദാ ഹരണം. അദ്ദേഹം പറഞ്ഞു: ഞാൻ ഖുർആൻ പൂർണമായും ശേഖ രിച്ച് എല്ലാ രാത്രിയിലും പൂർണമായും പാരായണം ചെയ്തിരുന്നു.

ഈ വിവരം നബി(സ)ക്ക് ലഭിച്ചു. അദ്ദേഹം പറഞ്ഞു: നീ എല്ലാ മാസവും ഒരു പ്രാവശ്യം പൂർണമായി ഓതുക. (ഇബ്നു മാജ, അഹ് മദ്, നസാഈ. ഈ ഹദീഥ് സ്വഹീഹാണെന്ന് ശൈഖ് അൽബാനി *സ്വഹീഹ് ഇബ്നു മാജ*യിൽ വ്യക്തമാക്കിയിട്ടുണ്ട്).

ഖുർആൻ ഹൃദിസ്ഥമാക്കിയവരെ പ്രവാചകൻ (സ) പ്രത്യേകമായ ദൗത്യങ്ങൾ ഏൽപിച്ചതായും പ്രത്യേകം പരിഗണിച്ചതായുമുള്ള നിവേദനങ്ങളിൽ നിന്ന് അതിന് ആ സമൂഹം നൽകിയിരുന്ന പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കാനാവും. ഖുർആൻ പൂർണമായി മനഃപ്പാഠമാക്കിയിരുന്ന ഉമ്മു വറഖ (റ) എന്ന മഹിളയെ അവരുടെ സമൂഹത്തിലെ സ്ത്രീകൾക്ക് ഇമാമായി നിശ്ചയിച്ചിരുന്നതായുള്ള ഇബ്നു ഖുസൈമയുടെ നിവേദനം ഹസനാണെന്ന് ശൈഖ് അൽബാനി (റ) പറഞ്ഞിട്ടുണ്ട്.

ജാബിർ (റ) പറയുന്നു: ഉഹുദ് യുദ്ധദിവസം ഒരേ ഖബറിൽ തന്നെ ഒന്നിലധികം രക്തസാക്ഷികളെ അടക്കം ചെയ്യേണ്ടിവന്നപ്പോൾ ഇവരിൽ 'ആരാണ് കൂടുതലായി ഖുർആൻ മനഃപ്പാഠമാക്കിയത്?' എന്ന് ചോദിച്ച് അക്കാര്യത്തിൽ മുന്നിലുള്ളയാളെ ആദ്യം ഖബറിൽ വെക്കുകയാണ് നബി(സ)ചെയ്തതെന്ന ജാബിറിൽ(റ) നിന്ന് ബുഖാരിയും ഇബ്നു മാജയും അബൂദാവൂദും നസാഈയുമെല്ലാം നിവേദനം ചെയ്ത ഹദീഥിൽ നിന്ന് എത്ര ഉന്നതരായാണ് ഖുർആൻ ഹൃദിസ്ഥമാക്കിയവർ പരിഗണിക്കപ്പെട്ടിരുന്നതെന്ന് മനസ്സിലാവുന്നുണ്ട്.

രേഖീകരണത്തിലൂടെയുള്ള സംരക്ഷണം.

പ്രവാചകന്റെ (സ) കാലത്ത്, മനഃപാഠമാക്കുന്നതോടൊപ്പം തന്നെ, ഖുർആൻ രേഖീകരിക്കുന്ന പതിവുമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്ന നിരവധി ചരിത്രരേഖകളുണ്ട്. ഉമറിന്റെ (റ) ഇസ്ലാം സ്വീകരണത്തെക്കുറിച്ച ഇബ്നു ഇസ്ഹാഖിന്റെ വിവരണത്തിൽ, തന്റെ സഹോദരിയും ഭർത്താവും ഇസ്ലാം സ്വീകരിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കി കോപാകുലനായി അവരുടെ വീട്ടിലേക്ക് അദ്ദേഹം കുതിച്ചെത്തിയപ്പോൾ അവിടെ അദ്ദേഹത്തിന്റെ സഹോദരിയും ഭർത്താവും ഖബ്ബാബിനോടൊപ്പമിരുന്ന് ഒരു ചർമപടത്തിലെഴുതിയ ഖുർആനിലെ ത്വാഹാ സൂറത്ത് പാരായണം ചെയ്യുകയായിരുന്നുവെന്നും ഉമർ (റ) പുറത്തു വന്നിട്ടുണ്ടെന്നറിഞ്ഞ സഹോദരി ഫാത്വിമഃ (റ) ആ കയ്യെഴുത്തുരേഖ അവരുടെ തുടയ്ക്ക് താഴെ ഒളിപ്പിച്ചുവെച്ചുവെന്നും പറയുന്നതിൽ നിന്ന് അന്നുമുതൽ തന്നെ ഖുർ

ആൻ രേഖീകരിച്ചു സൂക്ഷിക്കുന്ന പതിവ് നിലനിന്നിരുന്നുവെന്ന് വ്യക്തമാകുന്നു. (ഈ സംഭവം വ്യത്യസ്ത സ്രോതസ്സുകളെ ആസ്പദിച്ചു കൊണ്ട് മൗലാനാ സഫീഉർ റഹ്മാൻ മുബാറക്പൂരി തന്റെ നബി ചരിത്രഗ്രന്ഥമായ *അർറഹീഖുൽ മഖ്തൂമിൽ* ഉദ്ധരിക്കുന്നുണ്ട്. *(Safi ur Rahman Mubarakpury, Ar-Raheeq Al-Makhtum (The Sealed Nectar). Riyadh, 2002, Pages 130-131.)* സൂറഃ ത്വാഹാ എഴുതിയ ഏട് വായിച്ചാണ് അദ്ദേഹത്തിന്റെ മനസ്സ് മാറിയത് എന്ന ചരിത്രത്തിന്റെ നിവേദകപരമ്പരയിൽ ചില ദുർബലതകളുണ്ടെങ്കിലും ഇബ്നുൽ ജൗസി(റ) (*മനാഖിബ് ഉമർ* പേജ് 15), ഇമാം ഇബ്നു സഅ്ദ് (*ത്വബഖാത്* 3/267), ഇമാം ബൈഹഖി (*ദലാഇൽ* 2/219), ഇമാം ദാറുഖുത്നി (സുനന് 1/123) എന്നിവരും വ്യത്യസ്ത സ്രോതസ്സുകളിൽ നിന്ന് ഇത് നിവേദനം ചെയ്യുന്നുണ്ട്.) ഉമറിന്റെ ഇസ്ലാം സ്വീകരണം നടന്ന പ്രവാചകത്വത്തിന്റെ ആറാം വർഷത്തിനു മുമ്പുതന്നെ ഖുർആൻ കയ്യെഴുത്ത് രേഖകളിലാക്കി സൂക്ഷിക്കുന്ന പതിവ് മുസ്ലിം സമൂഹത്തിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഈ വിവരണം. മക്കയിൽവെച്ച് അവതരിക്കപ്പെട്ട വചനങ്ങൾ മക്കയിൽവെച്ചുതന്നെ രേഖപ്പെടുത്തിവെച്ചിരുന്നതായി അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) പറഞ്ഞിട്ടുണ്ടെന്ന് മുഹമ്മദ്ബ്നു ശിഹാബ് അസ്സുഹ്രി സാക്ഷ്യപ്പെടുത്തിയതായി ഇമാം ഇബ്നു കഥീർ രേഖപ്പെടുത്തുന്നുമുണ്ട്. (*അൽ ബിദായ വന്നിഹായ*, വാല്യം 5, പുറം 340)

അബ്ദില്ലാഹിബ്നു സഅ്ദ്ബ്നു അബീ സർഹിനെയായിരുന്നു നബി(സ)യിൽ നിന്ന് ഖുർആൻ കേൾക്കാനും അത് അന്ന് ഉപലബ്ധമായ എഴുത്തുവസ്തുക്കളിൽ എഴുതി രേഖപ്പെടുത്തുവാനുമായി മക്കയിൽവെച്ച് പ്രധാനമായും നബി (സ) ഏൽപിച്ചത്. ഖാലിദ്ബ്നു സഈദ്ബ്നുൽ ആസ് ആയിരുന്നു നബി(സ)യുടെ നിർദേശാനുസരണം ഖുർആൻ രേഖപ്പെടുത്തിയിരുന്ന മറ്റൊരാൾ. 'ഖുർആൻ അല്ലാതെ മറ്റൊന്നും നിങ്ങൾ എന്നിൽനിന്ന് എഴുതി സൂക്ഷിക്കരുത്' (*സ്വഹീഹു മുസ്ലിം*, കിതാബു സ്സുഹുദു വർ റഖാഇഖ്) എന്ന പ്രവാചകനിർദേശത്തിൽ നിന്ന് നിരവധി പേർ ഖുർആൻ രേഖപ്പെടുത്തിവെക്കാറുണ്ടെന്ന് വ്യക്തമാകുന്നുണ്ട്. മദീനയിൽ നിന്നെത്തിയവരുമായി പ്രവാചകൻ (സ) അഖബയിൽവെച്ചുണ്ടാക്കിയ ഉടമ്പടിയിൽ പങ്കെടുത്ത റാഫിഉബ്നു മാലിക് അൽ അൻസ്വാരിക്ക് അതുവരെ അവതരിക്കപ്പെട്ട എല്ലാ ഖുർആൻ വചനങ്ങളും രേഖപ്പെടു

ത്തിയ ഒരു കയ്യെഴുത്ത് രേഖ നൽകിയതായും തന്റെ നാട്ടിലെത്തി യശേഷം ഗോത്രത്തിലുള്ളവരെയെല്ലാം വിളിച്ചുകൂട്ടി അത് അദ്ദേഹം വായിച്ചു കേൾപ്പിച്ചതായും വ്യക്തമാക്കുന്ന രേഖകളുണ്ട്. (സുബൈർ ബിൻ ബക്കറിന്റെ, *അഖ്ബാർ അൽമദീന*യിൽ നിന്ന് ഡോ. മുഹമ്മദ് മുസ്തഫ അൽ അഅ്ദ്വമി ഉദ്ധരിച്ചത്.) *(M.M Al Azami, "The History Of The Quranic Text - From Revelation To Compilation, A Comparative Study with the Old and New Testaments, Leicester, 2003, Page 68.)*

നബി(സ)യിൽ നിന്നും ഖുർആൻ വചനങ്ങൾ അവതരിപ്പിക്കപ്പെടുന്ന മുറയ്ക്ക് എഴുതി വെക്കാനായി ഒരു സംഘം തന്നെയുണ്ടായിരുന്നു. അവരെ 'കുത്താബുൽ വഹ്യ്'– ദിവ്യസന്ദേശം എഴുതുന്നവർ – എന്നാണ് അറിയപ്പെട്ടിരുന്നത്. അബൂ ബക്കർ, ഉമർ, ഉസ്മാൻ, അലിയ്യ്, അബാൻ ബിൻ സഈദ്, ഉബയ്യ്, സൈദ് ബിൻ സാബിത്, മുആദ്, അർഖം, സാബിത് ബിൻ ഖൈസ്, ഹൻളല, ഖാലിദ് ബിൻ സഈദ്, ഖാലിദ് ബിൻ വലീദ്, സുബൈർ മുആവിയ, മുഗീറ (റ) തുടങ്ങിയ 23 പേരുടെ പേരുകൾ ഇമാം ഇബ്നു കഥീർ (റ) *അൽ ബിദായ വന്നിഹായ*യിൽ ഉദ്ധരിക്കുന്നുണ്ട്. (5/321)

മദീനയിൽ എത്തിയതോടെ പ്രവാചകൻ (സ) കൂടുതൽ അനുയായികൾ ഉണ്ടായിരുന്നതുകൊണ്ടുതന്നെ കൂടുതൽ ഖുർആൻ എഴുത്തുകാരുമുണ്ടായി. അബ്ദുബ്നു സഈദ് അബൂ ഉമാമ, അബൂ അയ്യൂബൽ അൻസ്വാരി, അബൂബക്ര് സിദ്ദീഖ്, അബൂഹുദൈഫ, അബൂസുഫ്യാൻ, അബൂസലമ, അബൂ അബസ്, ഉബയ്യ്ബ്നു കഅ്ബ്, അൽഅർഖം, ഉസൈദ്ബ്നുൽ ഹുദൈർ, ഔസ്, ബുറൈദ, ബഷീർ, ഥാബിത്ബ്നു ഖൈസ്, ജഅ്ഫർബിൻ അബീത്വാലിബ്, ജഹ്ബ്നു സഅദ്, ജുഹൈം, ഹാതിബ്, ഹുദൈഫ, ഹുസൈൻ, ഹൻദല, ഹുവൈതിബ്, ഖാലിദ്ബ്നു സഈദ്, ഖാലിദ്ബ്നു വലീദ്, അസ്സുബൈറ്ബ്നു അവ്വാം, സുബൈറ്ബ്നു അർഖം, സൈദ്ബ്നു ഥാബിത്, സഅ്ദ്ബ്നു റബീഅ്, സഅ്ദ്ബ്നു ഉബാദ, സഈദ്ബ്നു സഈദ്, കുറഹ്ബിൽ ബിൻ ഹസ്ന, ത്വൽഹ, ആമിർ ബിൻ ഫുഹൈറ, അബ്ബാസ്, അബ്ദുല്ലാഹിബ്നുൽ അർഖം, അബ്ദുല്ലാഹിബ്നു അബീബക്ര്, അബ്ദുല്ലാഹിബ്നു റവാഹ, അബ്ദുല്ലാഹിബ്നു സൈദ്, അബ്ദുല്ലാഹിബ്നു സഅദ്, അബ്ദുല്ലാഹിബ്നു അബ്ദില്ല, അബ്ദുല്ലാഹിബ്നു അംറ്, ഉഥ്മാനുബ്നു അഫ്ഫാൻ, ഉഖ്ബ, അൽ അലാഅ് അൽ ഹദ്റമി, അൽ അലാഅ്ബ്ൻ ഉഖ്ബ, അലിയ്യുബിൻ

അബീത്വാലിബ്, ഉമറുബ്നുല്‍ ഖത്വാബ്, അംറുബ്നുല്‍ ആസ്, മുഹമ്മദ്ബ്നു മസ്‌ലമ, മുആദ്ബ്നു ജബല്‍, മുആവിയ, മഅ്നുബ്നു അദിയ്യ്, മുഐഖിബ്, മുന്‍ദിര്‍, മുഹാജിര്‍, യസീദിബ്നു അബീ സുഫ്‌യാന്‍ (റ) എന്നിങ്ങനെ വ്യത്യസ്ത സന്ദര്‍ഭങ്ങളിലായി പ്രവാചകനില്‍ (സ) നിന്ന് ഖുര്‍ആന്‍ വചനങ്ങള്‍ കേട്ടെഴുതിയ അറുപത്തഞ്ച് അനുചരന്‍മാരുടെ പട്ടിക ഡോ. മുഹമ്മദ് മുസ്തഫ അല്‍ അഅ്ദ്വമി തന്റെ പഠനത്തില്‍ വിവരിക്കുന്നുണ്ട്. *(M.M Al Azami,Ibid, Page 68.)*

വഹ്‌യ് അവതരിക്കപ്പെടുന്ന സന്ദര്‍ഭങ്ങളില്‍ ഉടന്‍ തന്നെ പ്രാപ്തനായ ഒരു അനുചരനെ വിളിച്ച് അത് എഴുതിവെക്കാനാവശ്യപ്പെടുക മുഹമ്മദ് നബി(സ)യുടെ പതിവായിരുന്നു. പ്രവാചകന്റെ (സ) പള്ളിക്കടുത്ത് താമസിച്ചിരുന്നതിനാല്‍ സൈദ്ബ്നു ഥാബിത്തിന് (റ) പലപ്പോഴും പ്രവാചകനില്‍ (സ) നിന്ന് വഹ്‌യ് എഴുതിവെക്കുവാന്‍ കൂടുതല്‍ അവസരമുണ്ടായിരുന്നതായി അദ്ദേഹം തന്നെ അനുസ്മരിക്കുന്നുണ്ട്. (ഇബ്നു അബീ ദാവൂദ്: *അല്‍ മസാഹിഫ്* പുറം 3, *സ്വഹീഹുല്‍ ബുഖാരി*യിലെ ഫദാഇലില്‍ ഖുര്‍ആന്‍ എന്ന അധ്യായവും നോക്കുക) എഴുതാന്‍ കഴിയാത്ത പ്രവാചകാനുചരന്‍മാര്‍ തോല്‍ച്ചുരുളുകളും ചര്‍മപടങ്ങളുമായി വന്ന് എഴുതാന്‍ കഴിയുന്നവരെക്കൊണ്ട് ഖുര്‍ആന്‍ വചനങ്ങള്‍ എഴുതിപ്പിച്ച് വാങ്ങുന്ന പതിവുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്ന നിവേദനങ്ങളുണ്ട്. (ഇമാം ബൈഹഖിയുടെ *സുനനുല്‍ കുബ്റാ* നോക്കുക 6/16)

മനഃപാഠത്തിലൂടെയാണ് പ്രവാചകകാലത്ത് പ്രധാനമായും ഖുര്‍ആന്‍ സംരക്ഷിക്കപ്പെട്ടത് എങ്കിലും, അതോടൊപ്പം തന്നെ രേഖീകരണവും നടന്നിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് മുകളില്‍ ഉദ്ധരിച്ച നിവേദനങ്ങള്‍. അവതരണത്തോടൊപ്പം തന്നെ മനുഷ്യഹൃദയങ്ങളിലും അതോടൊപ്പം തന്നെ രേഖകളിലുമായി സംരക്ഷിക്കപ്പെട്ട ഗ്രന്ഥമാണ് ഖുര്‍ആന്‍ എന്നര്‍ഥം. മദീനാ ഇസ്‌ലാമിക രാഷ്ട്രത്തില്‍ ഖുര്‍ആന്‍ മനഃപാഠമുള്ളവര്‍ ധാരാളമായി ഉണ്ടായിരുന്നതുപോലെ ഖുര്‍ആന്‍ കയ്യെഴുത്ത് പ്രതികളും ധാരാളമായി ഉപയോഗിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണല്ലോ ശത്രുക്കളുടെ നാട്ടിലേക്ക് ഖുര്‍ആനുമായി യാത്ര ചെയ്യുന്നത് നബി (സ) നിരോധിച്ചത്. (*സ്വഹീഹുല്‍ ബുഖാരി*, കിതാബുല്‍ ജിഹാദ്) മദീനയിലെ മുസ്‌ലിംകളില്‍ പലരുടെയും പക്കല്‍ ഖുര്‍ആന്‍ രേഖപ്പെടുത്തിയ ചുരുളുകളുണ്ടായിരുന്നു

വെന്നും അതുമായി ശത്രുനാട്ടിലേക്കു പോകുന്ന പതിവ് സ്വഹാബിമാർക്കുണ്ടായിരുന്നുവെന്നുമാണ് അബ്ദുല്ലാഹിബ്നു ഉമർ (റ) നിവേദനം ചെയ്ത ഈ ഹദീഥ് വ്യക്തമാക്കുന്നത്. മദീനയിൽ ഖുർആൻ കയ്യെഴുത്ത് രേഖകൾ വ്യാപകമായിരുന്നുവെന്ന് തന്നെയാണ് ഇത് മനസ്സിലാക്കിത്തരുന്നത്.

അവതരിക്കപ്പെട്ട മുറയിൽ കാണാതെ പഠിച്ചും ലഭ്യമായ ചുരുളുകളിൽ എഴുതി സൂക്ഷിച്ചും എഴുത്ത് രൂപത്തിലും മനഃപാഠമായും സംരക്ഷിക്കപ്പെട്ട ഗ്രന്ഥമാണ് ഖുർആൻ എന്ന സത്യം വ്യക്തമാക്കുന്ന നിരവധി തെളിവുകളുണ്ട്. പ്രവാചകകാലം മുതൽ ഇന്ന് വരെ ഈ രണ്ട് രുപത്തിലും ഖുർആൻ സംരക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഖുർആൻ പൂർണമായി ഹൃദിസ്ഥമാക്കിയ വിശ്വാസികളെ അന്വേഷിക്കുന്ന ആർക്കും ഇന്ന് ലോകത്തിലെവിടെയും കണ്ടെത്താൻ കഴിയും. പ്രവാചകനിൽ നിന്ന് തുടങ്ങിയ ഹൃദിസ്ഥമാക്കൽപരമ്പരയുടെ ഇന്നത്തെ കണ്ണികളാണ് അവർ. മനഃപാഠത്തിലൂടെ ഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നതിന്റെ ജീവിക്കുന്ന തെളിവുകളായി പതിനായിരങ്ങൾ ലോകത്തിന്റെ വിവിധയിടങ്ങളിലായി ചിതറിക്കിടക്കുന്നുണ്ടെന്നർത്ഥം.

പ്രവാചകകാലത്ത് തന്നെ അവതരിപ്പിക്കപ്പെടുന്ന മുറയിൽ ഖുർആൻ എഴുതിവെക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. അങ്ങനെ എഴുതിയവർ തന്നെ ഒന്നാം ഖലീഫ അബൂബക്കറിന്റെ (റ) ഭരണകാലത്ത് അവ രണ്ട് ചട്ടകൾക്കുള്ളിൽ ക്രോഡീകരിച്ച് ഒറ്റ ഗ്രന്ഥരൂപത്തിലാക്കി. പ്രവാചകവിയോഗത്തിന് ശേഷം ഇരുപത്തിയേഴ് മാസങ്ങൾക്കുള്ളിൽ നടന്ന ഈ ക്രോഡീകരണത്തിൽ അവസാനനാളുവരെ നിലനിർത്തണമെന്ന് പ്രവാചകൻ (സ) നിഷ്കർഷിച്ച മുഴുവൻ ഖുർആൻ വചനങ്ങളും ഉൾക്കൊള്ളുന്നുണ്ടെന്ന് അന്ന് ജീവിച്ചിരുന്ന ഒരു ലക്ഷത്തിലധികം വരുന്ന പ്രവാചകാനുചരന്മാരെല്ലാം സാക്ഷ്യപ്പെടുത്തി. അതേ രേഖയുടെ തന്നെ പ്രവാചകൻ (സ) പഠിപ്പിച്ച പാരായണഭേദങ്ങൾ കൂടി ഉൾക്കൊണ്ടു കൊണ്ടുള്ള പതിപ്പുകൾ മൂന്നാം ഖലീഫ ഉഥ്മാനിന്റെ(റ) കാലത്ത് തയ്യാറാക്കി ഇസ്‌ലാമികരാഷ്ട്രത്തിന്റെ വ്യത്യസ്ത പ്രവിശ്യകളിലേക്ക് കൊടുത്തയച്ചു. പ്രവാചകവിയോഗത്തിന് ഇരുപത് വർഷങ്ങൾക്കുള്ളിൽ നടന്ന പതിപ്പുകളുടെ ഈ നിർമാണത്തിലും സ്ഖലിതങ്ങളൊന്നും സംഭവിച്ചിട്ടില്ലെന്ന് അന്ന് ജീവിച്ചിരുന്ന പതിനായിരക്കണക്കിന് പ്രവാചകാനുചരന്മാർ പ്രതിപ

ക്ഷസ്വരങ്ങളൊന്നുമില്ലാതെ സാക്ഷ്യം വഹിച്ചു. ആ പതിപ്പുകളുടെ മാതൃകയിൽ, യാതൊരു മാറ്റവുമില്ലാതെ തയ്യാർ ചെയ്യപ്പെടുന്നതാണ് ഇന്ന് ലോകത്തെങ്ങും പ്രസിദ്ധീകരിക്കപ്പെടുന്ന ഖുർആൻ കോപ്പികൾ. അവതരിപ്പിക്കപ്പെട്ട രൂപത്തിൽ തന്നെ യാതൊരു മാറ്റവുമില്ലാതെ വരമൊഴിയായും ഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നതിനുള്ള തെളിവുകളാണ് ലോകത്തെവിടെനിന്നും ആർക്കും വാങ്ങാൻ കിട്ടുന്ന ഖുർആൻ കോപ്പികൾ. പ്രവാചകൻ പഠിപ്പിച്ച ഖുർആനിന്റെ മാറ്റങ്ങളൊന്നുമില്ലാതെയുള്ള കോപ്പികളാണവ.

3. ഹർഫുകളും ഖിറാഅത്തുകളും

ഗദ്യവും പദ്യവുമല്ലാത്ത സവിശേഷമായ പാരായണശൈലിയുള്ള ഗ്രന്ഥമാണ് ഖുർആൻ. ലേഖനം വായിക്കുന്നതുപോലെ വായിച്ചുപോകാൻ പറ്റുന്നതല്ല അവ. പദ്യത്തെപ്പോലെ ഒരേ വൃത്തത്തിൽ പാരായണം ചെയ്യാവുന്നതുമല്ല അവ. ഖുർആൻ വചനങ്ങളുടെ പാരായണത്തിന് ചില പ്രത്യേകമായ നിയമങ്ങളും രീതികളുമുണ്ട്. ഈ രീതികളും നിയമങ്ങളും പോലും ദൈവികമാണെന്ന വസ്തുത ഖുർആനിനെ വ്യതിരിക്തമാക്കുന്ന പല കാര്യങ്ങളിലൊന്നാണ്. പടച്ചവന്റെ ബോധനപ്രകാരം മുഹമ്മദ് നബി (സ) തന്റെ അനുചരന്മാരെ പഠിപ്പിച്ചതാണ് പാരായണരീതികളും നിയമങ്ങളുമെന്നാണ് അവ ദൈവികമാണെന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്. താൻ തന്നെയാണ് ഖുർആനിന്റെ പാരായണം പഠിപ്പിക്കുന്നതെന്ന് സൃഷ്ടാവ് തന്നെ ഖുർആനിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. “അത് (ഖുർആൻ) പെട്ടെന്ന് ഹൃദിസ്ഥമാക്കാൻ വേണ്ടി താങ്കൾ നാവ് ചലിപ്പിക്കേണ്ടതില്ല; അതിന്റെ സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാണ്, തീർച്ച.” (ഖുർആൻ 75:16,17)

ഖിറാഅത്തുകൾ

ഖുർആൻ പാരായണത്തെ ഹൃദ്യവും സുന്ദരവുമാക്കുന്നത്

അതിന്റെ പാരായണനിയമങ്ങളും രീതികളുമാണ്. പടച്ചവൻ പഠിപ്പിച്ച രീതിയിൽ മാത്രമേ ഖുർആൻ പാരായണം ചെയ്യാൻ പാടുള്ളൂവെന്നാണ് മുസ്‌ലിംകൾ കൽപിക്കപ്പെട്ടിരിക്കുന്നത്. ഇതിനർത്ഥം ഒരൊറ്റ രീതിയിൽ മാത്രമേ ഖുർആൻ പാരായണം ചെയ്യാൻ പാടുള്ളൂവെന്നല്ല. വ്യത്യസ്തമായ ഖുർആൻ പാരായണ രീതികളുണ്ട്. ആരെങ്കിലും സ്വന്തമായി നിർമിച്ചവയല്ല പ്രസ്തുത പാരായണരീതികൾ; എല്ലാം പ്രവാചകൻ (സ) പഠിപ്പിച്ചവ തന്നെയാണ്. പ്രവാചകനിൽ നിന്ന് നിരവധി ശിഷ്യൻമാർ നേരിട്ട് പഠിച്ചവയാണവ. ഖുർആനിന്റെ വ്യത്യസ്തമായ പാരായണരീതികൾക്കാണ് ഖിറാഅത്തുകൾ എന്ന് പറയുക.

പ്രവാചകനിൽ(സ) നിന്ന് വ്യത്യസ്തരീതികളിലുള്ള ഖുർആൻ പാരായണം പഠിച്ച സ്വാഹാബിമാർ ആ രീതികളെല്ലാം അടുത്ത തലമുറയ്ക്കും പഠിപ്പിച്ചു കൊടുത്തു; അവർ അടുത്ത തലമുറക്കും അടുത്ത തലമുറയിലുള്ളവർ അതിന്നടുത്ത തലമുറയിലുള്ളവർക്കും ഈ ഖിറാഅത്തുകൾ പഠിപ്പിച്ചുകൊടുത്തു. ഒരേ ഉഥ്മാനീമുസ്ഹഫ് തന്നെ വ്യത്യസ്ത രീതികളിൽ പാരായണം ചെയ്യുന്ന സമ്പ്രദായങ്ങൾ വളർന്നുവന്നത് അങ്ങനെയാണ്. പ്രസിദ്ധരും പാരായണ രീതികളെപ്പറ്റി കൃത്യമായി അറിയാവുന്നവരുമായ പാരായണ വിദഗ്ധരിലൂടെയും അറിയപ്പെടുന്ന പാരായണക്കാരിലൂടെയുമാണ് പ്രവാചകനിൽ നിന്ന് നേരിട്ട് ഖുർആൻ പഠിച്ചിട്ടില്ലാത്തവർ അതിന്റെ പാരായണ രീതികളെല്ലാം അഭ്യസിച്ചത്. പ്രവാചകനിൽ നിന്ന് സ്വീകാര്യവും പരമ്പര മുറിയാത്തതുമായ കണ്ണികളിലൂടെ നിവേദനം ചെയ്യപ്പെടുകയും ഖിറാഅത്തിന്റെ ഇമാമായി അറിയപ്പെടുന്നവരിൽ നിന്ന് നിരവധി പേരുൾക്കൊള്ളുന്ന ശൃംഖലകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട് ഇന്ന്വരെ എത്തിയതുമായ രീതികൾ മാത്രമാണ് സ്വീകാര്യമായി ഗണിക്കപ്പെടുന്നത്. ഇങ്ങനെയുള്ള പാരായണങ്ങളാണ് മുതവാത്തിറായ ഖിറാഅത്തുകളായി അറിയപ്പെടുന്നത്. ഇങ്ങനെ അറിയപ്പെടുന്ന പത്ത് പാരായണ രീതികളാണ് ഇന്നുള്ളത്.

ഖിറാഅത്തുകളുടെ അംഗീകാരം

പ്രവാചകനിൽ നിന്ന് എന്ന രൂപത്തിൽ വ്യത്യസ്തങ്ങളായ പാരായണരീതികൾ നില നിന്നിരുന്ന രണ്ടും മൂന്നും തലമുറകളിലാണ് ഖിറാഅത്തുകളിലെ നെല്ലും പതിരും വേര് തിരിക്കുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങളുണ്ടായത്. സമൂഹത്തിൽ നില നിന്നിരുന്ന

വ്യത്യസ്തമായ ഖിറാഅത്തുകൾ പരിശോധിച്ച് അവയിൽ പ്രവാച കനിൽ നിന്നുള്ളതാണെന്ന് ഉറപ്പുള്ളവ സ്വീകരിക്കുകയാണ് ഖിറാ അത്തിന്റെ പണ്ഡിതന്മാർ ചെയ്തത്. ഹദീഥ് സ്വീകരണത്തിനു പയോഗിച്ച മാനദണ്ഡങ്ങളെപ്പോലെ ഖിറാഅത്ത് സ്വീകരണത്തിനും കൃത്യമായ മാനദണ്ഡങ്ങളുണ്ടായിരുന്നു.

ഒരു പാരായണരീതി അംഗീകരിക്കപ്പെടണമെങ്കിൽ മൂന്നു മാനദ ണ്ഡങ്ങളാണുള്ളത്. അതിന്റെ നിവേദകശൃംഖല മുറിയാത്തതാവുക; അതിലെ ഓരോരുത്തരും വിശ്വസ്തരും സത്യസന്ധരും സദ്കർമി കളും നല്ല ഓർമ്മശക്തിയുള്ളവരുമാവുക; നിവേദകശൃംഖലയിലെ കണ്ണികളിലൊന്നും അബദ്ധങ്ങൾ കടന്നു വരാൻ യാതൊരു സാധ്യ തയുമില്ലാത്തതുമാവുക എന്നതാണ് ഒന്നാമത്തെ മാനദന്ധം. പാരായണരീതി അറബിവ്യാകരണനിയമങ്ങളുമായും അന്നത്തെ ഭാഷാപ്രയോഗങ്ങളുമായും പൂർണമായും ഒത്തുപോകുന്നതാവണ മെന്നതാണ് രണ്ടാമത്തെ മാനദണ്ഡം. ഖലീഫ ഉഥ്മാനിന്റെ കാലത്ത് തയ്യാറാക്കിയ ഏതെങ്കിലും ഒരു കോപ്പിയുടെ പൂർണമായും യോജി ച്ച് വരുന്നതാകണം പാരായണരീതിയെന്നതാണ് മൂന്നാമത്തെ മാനദ ണ്ഡം. ഇതിൽ ഏതെങ്കിലുമൊരു മാനദന്ധം ഒത്തു വന്നിട്ടില്ലെങ്കിൽ ആ പാരായണരീതി അറിയപ്പെടുക ശാദ്ദ് (അസാധാരണം) എന്നാ ണ്. സ്വീകാര്യമായ പാരമ്പരയോട് കൂടിയുള്ളതാണെങ്കിലും ഈ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ പൂർണമായി വിജയിക്കുന്നില്ലെങ്കി ൽ അതിനെ സ്വഹാബിമാരുടെ വ്യാഖ്യാനമായി (തഫ്സീർ) പരാ മർശിക്കുമെങ്കിലും സ്വീകാര്യമായ പാരായണരീതിയായി അംഗീക രിക്കുകയില്ല. സ്വീകാര്യമായ പാരമ്പരയോടുകൂടിയുള്ളതല്ലാത്ത പാരായണങ്ങളെ വ്യാജം (ബാഥിൽ) എന്ന് വിളിച്ച് മാറ്റി നിർത്തുക യാണ് ഖിറാഅത്തിന്റെ പണ്ഡിതന്മാർ ചെയ്യുക. എത്രത്തോളം സൂക്ഷ്മമായാണ് ഒരു ഖിറാഅത്ത് നബിയിൽ നിന്നുള്ളത് തന്നെ യാണോയെന്ന് മുസ്ലിം സമൂഹം തീരുമാനിച്ചതെന്ന് വ്യക്തമാക്കു ന്നതാണ് ഈ സ്വീകരണരീതി. പ്രവാചകനിൽ നിന്നുള്ളതാണോ യെന്ന് സംശയിക്കുന്ന തരത്തിലുള്ള യാതൊന്നുമില്ലാത്തതാണ് മുത വാത്തിറായി അറിയപ്പെടുന്ന സ്വീകാര്യമായ മുഴുവൻ ഖിറാഅത്തുകളും എന്നർത്ഥം.

മുതവാത്തിറായ പത്ത് തരം പാരായണ രീതികളെക്കുറിച്ച് സമ ഗ്രമായി വിവരിക്കുന്ന ഗ്രന്ഥമാണ് ഹിജ്റ 833-ാം വർഷം അന്തരിച്ച

ഇബ്നുൽ ജസരിയെന്ന് അറിയപ്പെടുന്ന അൽഹാഫിദ് അബുൽ ഖൈറ് മുഹമ്മദ് ബ്നു മുഹമ്മദ് അൽ ദിമശ്ഖിയുടെ *അന്നശ്റ് ഫിൽ ഖിറാആത്തിൽ അശ്റ്* എന്ന ബൃഹത്തായ ഗ്രന്ഥം.(അൽ ഹാഫിദ് അബുൽ ഖൈർ മുഹമ്മദ് ബിൻ മുഹമ്മദ് അൽ ദിമശ്ഖി ഇബ്നുൽ ജസരി: *അന്നശ്റ് ഫിൽ ഖിറാആത്തിൽ അശ്റ്*, ബൈറൂത്ത്, ലബനാൻ.) ഇവ്വിഷയകമായി നിരവധി രചനകൾ മുസ്‌ലിം ലോകത്തുണ്ടായിട്ടുണ്ട്; പ്രവാചകൻ (സ) പഠിപ്പിച്ച എല്ലാ രീതികളിലുമുള്ള പാരായണരീതികളിൽ ഖുർആൻ അവസാനനാളുവരെ പാരായണം ചെയ്യപ്പെടുന്ന അവസ്ഥ നിലനിൽക്കണമെന്ന് മുസ്‌ലിം സമൂഹം കരുതുന്നതിനാലാണ് ഇത്തരം ഗ്രന്ഥങ്ങളുണ്ടാവുന്നത്. 1994ൽ സിറിയയിലെ ദാറുൽ മുഹാജിർ പ്രസാധനാലയം പ്രസിദ്ധീകരിച്ച അലവി ബിൻ മുഹമ്മദ് ബിൻ അഹ്മദ് അൽ ഫഖീഹ് യുടെ *അൽ ഖിറാആത്തുൽ അശ്റുൽ മുതവാതിറ* എന്ന ഗ്രന്ഥം ഇവ്വിഷയകമായി പുറത്തിറങ്ങിയ താരതമ്യേന പുതിയ ഗ്രന്ഥങ്ങളിലൊന്നാണ്. (അലവി ബിൻ മുഹമ്മദ് ബിൻ അഹ്മദ് ബിൽഫഖീഹ്: *അൽ ഖിറാആത്തുൽ അശ്റുൽ മുതവാതിറ*, ദാറുൽ മുഹാജിർ, 1994) നിലനിൽക്കുന്ന വ്യത്യസ്ത ഖിറാഅത്തുകൾ ഖുർആനിന്റെ അഖണ്ഡതയെയും വിശ്വാസ്യതയേയും ബാധിക്കുമെന്ന് മുസ്‌ലിംലോകം ഒരിക്കലും കരുതിയിരുന്നില്ലെന്ന സത്യം വ്യക്തമാക്കുന്നതാണ് ഇത്തരം രചനകൾ. ഖിറാഅത്തിലുള്ള വ്യത്യസ്തതകളെക്കുറിച്ച അറിവുകൾ പൂഴ്ത്തിവെക്കുകയല്ല, അടുത്ത തലുമുറകൾക്ക് പകർന്നു കൊടുക്കുകയാണ് പ്രസ്തുത വിഷയത്തിൽ വിവരമുള്ള പണ്ഡിതന്മാർ ചെയ്തുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന ഈ രചനകൾ ഖിറാഅത്തുകളിലുള്ള വ്യത്യാസം ഖുർആനിന്റെ അഖണ്ഡതയെയോ അമാനുഷികതയെയോ ബാധിക്കുമെന്ന് മുസ്‌ലിംകൾ ഒരിക്കലും കരുതിയിരുന്നില്ലെന്ന സത്യമാണ് വെളിപ്പെടുത്തുന്നത്.

ഖിറാഅത്തുകളിലെ വ്യത്യാസങ്ങളും ഹർഫുകളും

അംഗീകരിക്കപ്പെട്ട ഖിറാഅത്തുകളിൽ പാരായണരീതികൾ മാത്രമല്ല വ്യത്യാസമുള്ളത്. ചിലപ്പോൾ ശൈലികളും വാക്കുകളും വാചകഘടനയുമെല്ലാം വ്യത്യസ്തമാവാറുണ്ട്. ഈ വ്യത്യാസം പിൽക്കാലത്ത് ആരെങ്കിലും വരുത്തിയതല്ല; പ്രത്യുത, മുഹമ്മദ് നബി (സ) തന്നെ പഠിപ്പിച്ചതാണ്. ഖുർആൻ മനുഷ്യസമൂഹത്തിന് മുന്നിൽ പാരായണം ചെയ്തു കേൾപ്പിച്ച മുഹമ്മദ് നബി (സ) തന്നെ അത്

ഏഴ് ഹർഫുകളിൽ അവതരിക്കപ്പെട്ടതാണെന്ന് പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു ജിബ്‌രീലിലൂടെ (അ) നബി(സ)ക്ക് ഏഴു ഹർഫുകളിൽ ഖുർആൻ അവതരിപ്പിച്ചതായി സ്വഹീഹായ നിരവധി ഹദീഥുകളാൽ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

സംസാരഭാഷയിൽ സാഹിത്യങ്ങൾ സുലഭമാവുകയും എഴുത്തു ഭാഷ വളരെ വിരളമായി മാത്രം ഉപയോഗിക്കപ്പെടുകയും ചെയ്തിരുന്ന സമൂഹത്തിലാണ് ഖുർആൻ അവതരിക്കപ്പെടുന്നത്. ഖുറൈശികൾക്ക് അവരുടെ ഭാഷാശൈലിയും മറ്റു ഗോത്രക്കാർക്ക് അവരുടെ ശൈലികളും ഉണ്ടായിരുന്ന കാലം. ഖുർആൻ ആദ്യമായി അവതരിപ്പിക്കപ്പെടാനാരംഭിച്ചത് ഖുറൈശീഭാഷയിലും ശൈലിയിലുമായിരുന്നു. വ്യത്യസ്ത സമൂഹങ്ങളിലേക്ക് ഇസ്‌ലാം വ്യാപിച്ചതോടെ ഒരൊറ്റ ശൈലിയിൽ മാത്രമുള്ള ഖുർആൻ അവതരണം പ്രവാചകന്(സ) പ്രയാസങ്ങളുണ്ടാക്കി. വ്യത്യസ്ത ഗോത്രങ്ങളിലും സമൂഹങ്ങളിലും ഇസ്‌ലാമിക പ്രബോധനത്തിന് സാധ്യമാകും വിധം വ്യത്യസ്ത ശൈലികളിൽ ഖുർആൻ പാരായണം ചെയ്യാൻ കഴിയുന്ന രീതിയിൽ അത് അവതരിപ്പിക്കുവാൻ ദൈവദൂതൻ (സ) തന്റെ രക്ഷിതാവിനോട് ആവശ്യപ്പെട്ടു. അങ്ങനെയാണ് ഖുർആൻ ഏഴു ഹർഫുകളിൽ അവതരിപ്പിക്കപ്പെടുന്നത്. ഖുർആൻ അവതരിപ്പിക്കപ്പെട്ട വ്യത്യസ്ത ഭാഷാശൈലികളെയാണ് ഹർഫുകൾ എന്ന് വിളിക്കുന്നത്.

ഖുർആനിലെ ചില പ്രയോഗങ്ങൾക്കിടയിൽ കാണപ്പെടുന്ന ശൈലീവ്യത്യാസമാണത്. മൊത്തത്തിലോ ആയത്തുകളിൽ പൂർണമായോ അല്ല ഈ വ്യത്യാസങ്ങളുള്ളത്. ചില പ്രയോഗങ്ങൾക്കിടയിൽ മാത്രമാണെന്ന വസ്തുത പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.

തന്റെ ആവശ്യപ്രകാരമാണ് വ്യത്യസ്ത ഹർഫുകളിൽ അല്ലാഹു ഖുർആൻ അവതരിപ്പിച്ചതെന്ന് പ്രവാചകൻ (സ) വ്യക്തമാക്കിയിട്ടുണ്ട്.

ഇബ്നു അബ്ബാസിൽ(റ) നിന്ന്: നബി (സ) പറഞ്ഞു: ജിബ്‌രീൽ ഭാഷയിലെ ഒരു ശൈലിയിലാണ് ഖുർആൻ എനിക്ക് ഓതിത്തന്നത്. ഒന്നിലധികം (ശൈലികളിൽ) വേണമെന്ന് ഞാൻ ആവശ്യപ്പെട്ടു കൊണ്ടിരുന്നു. അങ്ങനെ അത് ഏഴു ഹർഫുകളിൽ എത്തിനിന്നു. (*സ്വഹീഹുൽ ബുഖാരി*, കിതാബു ബദ്ഉൽ ഖൽഖ്)

ഉബയ്യ്ബ്നു കഅ്ബിൽ (റ) നിന്ന്: അല്ലാഹുവിന്റെ ദൂതൻ ജിബ്‌രീലിനോട്(റ) പറഞ്ഞു: "ഓ, ജിബ്‌രീൽ! പ്രായമായ സ്ത്രീകളും

പുരുഷൻമാരും ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന ഒരു നിരക്ഷര സമുദായത്തിലേക്കാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അവർക്കെല്ലാവർക്കും ഒരേ ഗ്രന്ഥം പാരായണം ചെയ്യാൻ കഴിയില്ല. അപ്പോൾ ജിബ്രീൽ (റ) പറഞ്ഞു: ഓ, മുഹമ്മദ്! ഖുർആൻ ഏഴു ഹർഫുകളിലാണ് (ശൈലികൾ) അവതരിക്കപ്പെട്ടിട്ടുള്ളത്, തീർച്ച." (*ജാമിഉത്തിർമിദി*, കിതാബുൽ ഖിറാആത്; *മുസ്നദ് അഹ്മദ്*, 5/132 ഹദീഥ്: 21523: ഇബ്നു ഹിബ്ബാൻ (ഹദീഥ് 736) ഉദ്ധരിച്ചിട്ടുള്ള ഈ ഹദീഥ് ശൈഖ് ശുഐബ് അൽ അർനാഊത്ത് ഹസനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. *(Abu Khaliyl: English Translation of Jami'at Thirmidhi, Riyadh, 2007, Volume 5, Page 269);* ശൈഖ് അൽബാനിയും ഈ ഹദീഥ് ഹസനും സ്വഹീഹുമാണെന്നാണ് പറഞ്ഞിട്ടുള്ളത്: (*സ്വഹീഹ് ജാമിഉത്തിർമിദി*, ഹദീഥ് 2942)

ഉബയ്യുബ്നു കഅ്ബിൽ(റ) നിന്ന്: ബനൂ ഗിഫാറുകാരുടെ തടാകത്തിനരികിലിരിക്കുമ്പോൾ പ്രവാചകനെ(സ) ജിബ്രീൽ സന്ദർശിച്ചുകൊണ്ട് പറഞ്ഞു: 'താങ്കളുടെ ജനതയ്ക്ക് ഖുർആൻ ഒരു പാരായണശൈലി(ഹർഫ്)യിൽ പഠിപ്പിക്കുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നു.' നബി (സ) പറഞ്ഞു: ഞാൻ അല്ലാഹുവിനോട് ക്ഷമ യാചിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു. എന്റെ ജനതയ്ക്ക് അതിന് കഴിയില്ല. ജിബ്രീൽ അദ്ദേഹത്തിന്റെയടുക്കൽ രണ്ടാമത് വന്നുകൊണ്ട് പറഞ്ഞു: 'താങ്കളുടെ ജനതയ്ക്ക് ഖുർആൻ രണ്ടു ഹർഫുകളിൽ പഠിപ്പിക്കുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നു.' നബി (സ) പറഞ്ഞു: 'ഞാൻ അല്ലാഹുവിനോട് ക്ഷമ യാചിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു. എന്റെ ജനതയ്ക്ക് അതിന് കഴിയില്ല.' ജിബ്രീൽ അദ്ദേഹത്തിന്റെയടുക്കൽ മൂന്നാമത് വന്നുകൊണ്ട് പറഞ്ഞു: താങ്കളുടെ ജനതയ്ക്ക് ഖുർആൻ മൂന്നു ഹർഫുകളിൽ പഠിപ്പിക്കുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നു. നബി (സ) പറഞ്ഞു: 'ഞാൻ അല്ലാഹുവിനോട് ക്ഷമ യാചിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു. എന്റെ ജനതയ്ക്ക് അതിന് കഴിയില്ല. ജിബ്രീൽ അദ്ദേഹത്തിന്റെയടുക്കൽ നാലാം തവണ വന്നുകൊണ്ട് പറഞ്ഞു: താങ്കളുടെ ജനതയ്ക്ക് ഖുർആൻ ഏഴ് ഹർഫുകളിൽ പഠിപ്പിക്കുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നു. ഇതിൽ ഏതുതരം പാരായണശൈലിയിൽ അവർ പാരായണം ചെയ്താലും അത് ശരിയായിരിക്കും." (*സ്വഹീഹു മുസ്ലിം*, കിതാബു സ്സ്വലാത്ത്)

ഹർഫുകളുടെ കാര്യത്തിലുള്ള തർക്കം

ഏഴ് വ്യത്യസ്ത ശൈലികളിൽ ഖുർആൻ അവതരിക്കപ്പെട്ടതിനാൽ തന്നെ പ്രവാചകാനുചരന്മാരിൽ പലരും പാരായണം ചെയ്തിരുന്നത് പല ശൈലികളിലായിരുന്നുവെന്നത് സ്വാഭാവികമായിരുന്നു. എന്നാൽ ഇതേക്കുറിച്ച് കൃത്യമായി അറിയാവുന്നവരായിരുന്നില്ല എല്ലാ പ്രവാചകാനുചരന്മാരും. അതുകൊണ്ടുതന്നെ ഇതേ സംബന്ധിച്ച് അവർ തമ്മിൽ തർക്കങ്ങൾ നടന്നിട്ടുണ്ട്. ഏഴു ഹർഫുകളിലായാണ് അവസാനത്തെ ദൈവിക ഗ്രന്ഥം അവതരിക്കപ്പെട്ടത് എന്നറിയാതെ ചില സ്വഹാബിമാർ തമ്മിൽ ഇവ്വിഷയകമായി നടന്ന തർക്കങ്ങളെക്കുറിച്ച വിവരണങ്ങളിൽ ഇക്കാര്യമാണുള്ളത്. വ്യത്യസ്തമായ ഹർഫുകളിലുള്ള പാരായണങ്ങളെല്ലാം അല്ലാഹുവിൽ നിന്ന് അവതരിക്കപ്പെട്ടതാണെന്നും അവന്റെ നിർദേശമാണ് ഇവയിൽ ഖുർആൻ പാരായണം ചെയ്യാനെന്നും ഇവയിലേതിലെങ്കിലും ഒന്നിൽ പാരായണം ചെയ്താൽ മതിയെന്നും ഒന്ന് മറ്റേതിൽനിന്ന് ഉത്തമമോ അധമമോ അല്ലെന്നുമുള്ള വസ്തുതകളാണ് ഈ വിവരങ്ങൾ വ്യക്തമാക്കുന്നത്.

രണ്ട് ഹദീഥുകൾ കാണുക:

1) ഉമറുബ്നുൽ ഖത്ത്വാബിൽ (റ) നിന്ന്: 'റസൂലിന്റെ കാലത്ത് ഹിശാമുബ്നു ഹകീം ഒരിക്കൽ 'സൂറത്തുൽ ഫുർഖാൻ' ഓതുന്നത് ഞാൻ കേട്ടു. ഞാൻ അദ്ദേഹത്തിന്റെ പാരായണം ശ്രദ്ധിച്ചു. എനിക്ക് റസൂൽ ഓതിത്തന്നിട്ടില്ലാത്ത പലവിധ ശൈലികളിലും അദ്ദേഹം ഓതുന്നു. നമസ്കാരത്തിലായിരിക്കെത്തന്നെ, അദ്ദേഹവുമായി വഴക്കിടാൻ എനിക്ക് തോന്നി. നമസ്കാരം കഴിയുംവരെ ഞാൻ ക്ഷമിച്ചു. നമസ്കാരത്തിൽ നിന്ന് വിരമിച്ചയുടനെ, അദ്ദേഹത്തിന്റെ തട്ടം കഴുത്തിന് ചുറ്റിപ്പിടിച്ച് ഞാൻ ചോദിച്ചു: 'നിങ്ങളിപ്പോൾ ഓതുന്നതായി ഞാൻ കേട്ട സൂറത്ത് നിങ്ങൾക്കാരാണ് ഓതിത്തന്നത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലാണ് എന്നെയത് ഓതിപ്പഠിപ്പിച്ചത്.' ഞാൻ പറഞ്ഞു: 'കള്ളം. റസൂൽ എനിക്ക് പഠിപ്പിച്ചുതന്നത് നിങ്ങൾ ഓതിയ രൂപത്തിലല്ല.' അദ്ദേഹത്തെയും പിടിച്ച് ഞാൻ റസൂലിന്റെ അടുത്തേക്ക് പുറപ്പെട്ടു. ഞാൻ റസൂലിനോട് പറഞ്ഞു: 'നിങ്ങൾ എനിക്ക് ഓതിത്തരാത്തവിധം സൂറത്തുൽ ഫുർഖാൻ ഇദ്ദേഹം ഓതുന്നത് ഞാൻ കേട്ടു.' റസൂൽ (സ) പറഞ്ഞു: 'അദ്ദേഹത്തെ വിട്ടേക്കൂ. ഹിശാം, നിങ്ങൾ ഓതൂ.' ഹിശാം താൻ

കേട്ട അതേപ്രകാരം തന്നെ ഓതി. അപ്പോള്‍ റസൂല്‍ (സ) പറഞ്ഞു: 'ഇപ്രകാരം തന്നെയാണ് ഇത് അവതരിപ്പിക്കപ്പെട്ടത്.' തുടര്‍ന്ന് അവിടുന്ന് പറഞ്ഞു: 'ഉമറേ, നിങ്ങളൊന്ന് ഓതൂ.' റസൂല്‍ (സ) എന്നെ പഠിപ്പിച്ചപോലെ ഞാന്‍ ഓതി. അപ്പോള്‍ റസൂല്‍ (സ) പറഞ്ഞു: 'ഇങ്ങനെയും ഇത് അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ ഖുര്‍ ആന്‍ ഏഴ് വ്യത്യസ്ത ശൈലികളില്‍ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. നിങ്ങള്‍ക്ക് എളുപ്പമായ വിധം അത് ഓതിക്കൊള്ളുക.' (*സ്വഹീഹു ല്‍ ബുഖാരി*, കിതാബു ഫദാഇലില്‍ ഖുര്‍ആന്‍; *സ്വഹീഹു മുസ് ലിം*, കിതാബു ഫദാഇലില്‍ ഖുര്‍ആന്‍ വ മാ യതഅല്ലഖു ബിഹി)

2) അബ്ദുല്ലാഹിബ്നു മസ്ഊദില്‍ (റ) നിന്ന്: 'നബി (സ) പാരായണം ചെയ്തതില്‍നിന്ന് വ്യത്യസ്തമായി ഒരാള്‍ ഒരു സൂക്തം പാരായ ണം ചെയ്തത് ഞാന്‍ കേട്ടു. ഞാന്‍ അയാളുടെ കൈക്ക് പിടിച്ച് നബിയുടെ (സ) അടുത്ത് കൊണ്ടുവന്ന് കാര്യം ബോധിപ്പിച്ചു. അപ്പോള്‍ നബി (സ) പറഞ്ഞു: നിങ്ങളിരുവരും (പാരായണം ചെയ് തത്) ശരിയാണ്. നിങ്ങള്‍ ഭിന്നിക്കരുത്. എന്തുകൊണ്ടെന്നാല്‍, നിങ്ങള്‍ക്ക് മുമ്പുള്ളവര്‍ ഭിന്നിച്ചു; അങ്ങനെ അവര്‍ നശിച്ചു.' (*സ്വഹീഹുല്‍ ബുഖാരി*, കിതാബുല്‍ ഖുസ്വൂമാത്)

വ്യത്യസ്ത ഹര്‍ഫുകളിലുള്ള ഖുര്‍ആനിന്റെ അവതരണത്തെക്കു റിച്ച് അറിയാത്തതു കൊണ്ടാണ് ഇക്കാര്യത്തില്‍ സ്വഹാബിമാര്‍ക്കി ടയില്‍ തര്‍ക്കങ്ങളുണ്ടായത്. ഏഴു ഹര്‍ഫുകളിലായാണ് ഖുര്‍ആന്‍ അവതരിക്കപ്പെട്ടത് എന്ന് പ്രവാചകനില്‍ നിന്ന് തന്നെ അവര്‍ പഠി ച്ചതോടെ പ്രസ്തുത തര്‍ക്കവും തീര്‍ന്നതായി മനസ്സിലാകുന്നുണ്ട്. പ്രവാചകവിയോഗത്തിനു ശേഷം ജീവിച്ച സ്വഹാബിമാര്‍ക്ക് ഏഴു ഹര്‍ഫുകളിലാണ് ഖുര്‍ആന്‍ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെന്ന വസ്തുത കൃത്യമായി അറിയാമായിരുന്നുവെന്ന് വ്യക്തമാക്കുന്ന നിരവധി നിവേദനങ്ങളുണ്ട്. ഉഥ്മാന്‍ (റ) മിമ്പറില്‍ നിന്നും ചോദിച്ചു: ഈ ഖുര്‍ആന്‍ ഏഴു ഹര്‍ഫുകളിലായി അവതീര്‍ണമായി. ഓരോ ന്നും സമ്പൂര്‍ണവും മതിയായതുമാണ് എന്നു നബി (സ) പറഞ്ഞ തിന് ആരാണ് സാക്ഷിയുള്ളത്? അപ്പോള്‍ എണ്ണപ്പെടാനാകാത്ത വിധം വലിയൊരു സംഘം എഴുന്നേറ്റു നിന്ന് അതിനു സാക്ഷിക ളായി." (അബൂയഅ്ലാ -*മുസ്നദ്; മജ്മഉ സവാഇദ്* 7/ 155)

എഴുത്ത് വ്യാപകമായി നിലനിന്നിരുന്നിട്ടില്ലാത്ത കാലത്ത്, വ്യത്യസ്ത വാമൊഴികള്‍ സ്വീകരിച്ചിരുന്ന വ്യത്യസ്ത ഗോത്രങ്ങളി

ലുള്ളവർക്ക് ഒരേ ശൈലിയിലുള്ള പാരായണം പ്രയാസകരമാണെന്നതിനാൽ അല്ലാഹു തന്നെ അവതരിപ്പിച്ചതാണ് ഏഴ് ഹർഫുകളിലായുള്ള ഖുർആൻ പാരായണമെന്നും നബി(സ)യുടെ കാലത്ത് തന്നെ അത് നിലനിന്നിരുന്നുവെന്നുമുള്ള വസ്തുതകൾ മനസ്സിലാക്കാത്തതുകൊണ്ടാണ് വ്യത്യസ്ത ശൈലികളിലുള്ള ഖുർആനുകൾ മുഹമ്മദ് നബി(സ)ക്കു ശേഷം ഖുർആനിൽ കളങ്കങ്ങളുണ്ടായിയെന്നതിനുള്ള തെളിവാണെന്ന് ചില വിമർശകന്മാർ ആരോപിക്കുന്നത്. അല്ലാഹു അവതരിപ്പിച്ച ഏഴ് ശൈലികളിലുമുള്ള ഖുർആൻ പാരായണം നബി (സ) തന്റെ അനുയായികളെ പഠിപ്പിച്ചിരുന്നുവെന്ന വസ്തുത നടേ ഉദ്ധരിച്ച നിവേദനങ്ങൾ വ്യക്തമാക്കുന്നു. ഏഴ് ശൈലികളിൽ അവതരിക്കപ്പെട്ടിട്ടും ഖുർആനിൽ യാതൊരു വൈരുധ്യവുമില്ലെന്നത് അത്ഭുതകരമാണ്. “അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു”(4:82) വെന്ന ഖുർആൻ വചനത്തിലെ പരാമർശം ഏഴ് ഹർഫുകൾക്കും ഒരേപോലെ ബാധകമാണ്. ഒരേ ഹർഫിലുള്ള ഖുർആനിലെ വചനങ്ങൾ തമ്മിലോ വ്യത്യസ്ത ഹർഫുകൾ തമ്മിലോ വൈരുധ്യങ്ങളൊന്നുമില്ല. വ്യത്യസ്ത നിലവാരത്തിലുള്ളവരെ പരിഗണിച്ചുകൊണ്ട് വ്യത്യസ്ത ശൈലികളിൽ അവതരിക്കപ്പെട്ടിട്ടുപോലും ഖുർആനിൽ വൈരുധ്യങ്ങളൊന്നുമില്ലെന്ന അത്ഭുതകരമായ വസ്തുത അതിന്റെ ദൈവികത വ്യക്തമാക്കുന്ന പല തെളിവുകളിലൊന്നാണ്.

4. ഹർഫുകളിലെ വ്യത്യാസങ്ങൾ

ഏഴു ഹർഫുകളിൽ ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് പറയുമ്പോൾ വ്യത്യസ്ത ശൈലികളിലുള്ള ഏഴ് ഖുർആനുകൾ അവതരിക്കപ്പെട്ടിട്ടുണ്ടെന്നോ ഖുർആൻ സൂക്തങ്ങളിലെല്ലാം ഈ ശൈലീവ്യത്യാസമുണ്ടെന്നോ ധരിച്ചുകൂടാത്തതാണ്. ഖുർആനിലെ ചില വാക്കുകളിലോ വാചകങ്ങളിലോ ഉള്ള വ്യത്യാസങ്ങളാണ് ഹർഫുകൾ. ഈ വ്യത്യാസങ്ങൾ പദങ്ങളിലോ വാചകങ്ങളിലോ വാചകഘടനയിലോ ആശയങ്ങളിലോ ആകാവുന്നതാണ്. എന്നാൽ അവ തമ്മിൽ യാതൊരു വൈരുധ്യങ്ങളും ഉണ്ടാവുകയില്ലതാനും. വ്യത്യസ്ത സ്ഥലങ്ങളിലെ ഈ ഹർഫ് വ്യത്യാസങ്ങളെയും കൂടി ഉൾക്കൊണ്ടു കൊണ്ടുള്ളതാണ് അംഗീകരിക്കപ്പെട്ട പാരായണങ്ങൾ. മുതവാത്തിറായി അറിയപ്പെടുന്ന ഖിറാഅത്തുകളിൽ ഏഴെണ്ണം പ്രസിദ്ധമാണ്. ഏഴ് ഹർഫുകളെയും ഏഴ് ഖിറാഅത്തുകളെയും കുറിച്ച സമ്മിശ്രമായ പരാമർശങ്ങളിൽ നിന്ന് ഇത് രണ്ടും ഒന്ന് തന്നെയാണെന്ന ധാരണപ്പിശക് ഉണ്ടാകാറുണ്ട്. അത് ശരിയല്ല. ഖിറാഅത്തുകൾ പാരായണരീതികളാണ്. ഹർഫുകളാവട്ടെ, പദങ്ങളിലോ വാചകങ്ങളിലോ വാചകഘടനയിലോ ആശയങ്ങളിലോ വന്ന

വ്യത്യസ്ത പ്രയോഗങ്ങൾ ഉൾക്കൊള്ളുന്ന ഭാഷാശൈലിയാണ്. ഹർഫുകളിലെ വ്യത്യാസങ്ങളെക്കൂടി ഉൾക്കൊണ്ടാണ് ഖിറാഅത്തുകളുടെ ഇമാമീങ്ങൾ അവരുടെ പേരിൽ അറിയപ്പെട്ട പാരായണങ്ങൾ തങ്ങളുടെ സമകാലികർക്കും അവരിലൂടെ അടുത്ത തലമുറകൾക്കും പകർന്നു നൽകിയത്. ഹർഫുകളിലെ വ്യത്യാസങ്ങൾ ഖിറാഅത്തുകളിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നർത്ഥം.

എന്താണ് ഹർഫുകളിലുള്ള വ്യത്യാസം? ഇമാം ഇബ്നുൽ ജസ്രി(റ)യുടെ അഭിപ്രായപ്രകാരം ഹർഫുകളിലുള്ള വ്യത്യാസങ്ങൾ മൂന്നു രീതിയിലാകും. അർത്ഥ വ്യത്യാസം വരാത്ത കേവലം ഭാഷാപരമായ പ്രയോഗങ്ങളാണ് ഒന്നാമത്തേത്. 'വഴി'യെന്ന് അർഥം വരുന്ന സ്വിറാത്ത് (صراط), സിറാത്ത്(سراط), സിറാത്ത് (زراط) എന്നീ മൂന്നു പ്രയോഗങ്ങൾ വ്യത്യസ്ത ഹർഫുകളായി വന്നിട്ടുള്ളത് ഉദാഹരണം. 'അവരുടെ മേൽ' എന്ന അർത്ഥത്തിൽ അലൈഹിം (عليهم) എന്നും അലൈഹും (عليهم) എന്നും രണ്ട് രൂപത്തിൽ പ്രയോഗിച്ചതും അർത്ഥ വ്യത്യാസമില്ലാത്ത ഹർഫു വ്യത്യാസത്തിന് ഉദാഹരണമാണ്.

അടിസ്ഥാനാശയം ഒന്നാണെങ്കിലും വ്യത്യസ്തമായ അർത്ഥമുള്ള പ്രയോഗങ്ങളാണ് ഹർഫുകളിൽ രണ്ടാമത്തേത്. പ്രാരംഭസൂക്തമായ ഫാത്തിഹയിൽ അല്ലാഹുവിനെ വിശേഷിപ്പിച്ചിടത്ത് 'മാലിക്കി' (مالك) എന്നും 'മലിക്കി' (ملك) എന്നുമുള്ള രണ്ട് ഹർഫ് വ്യത്യാസങ്ങളുള്ളത് ഉദാഹരണം. മാലിക്ക് എന്നാൽ ഉടമസ്ഥൻ എന്നും മലിക്ക് എന്നാൽ രാജാവ് എന്നുമാണ് അർഥം. രണ്ടിന്റെയും അടിസ്ഥാനാശയം ഒന്ന് തന്നെ. അല്ലാഹു ഒരേ സമയം തന്നെ മലിക്കും മാലിക്കുമാണ്. കപടവിശ്വാസികളെക്കുറിച്ച് പറയുന്നിടത്ത് ഒരേ സ്ഥലത്ത് തന്നെ 'യക്ദിബൂൻ'(يكذبون),' 'യുകദ്ദിബൂൻ'(يكذبون) എന്നീ രണ്ട് വ്യത്യസ്തമായ ഖിറാഅത്തുകളുള്ളതും രണ്ടാമത്തെ വിഭാഗം ഹർഫ് വ്യത്യാസത്തിനുള്ള ഉദാഹരണമാണ്. ഒന്നാമത്തേതിന് 'കളവ് പറയും' എന്നും രണ്ടാമത്തേതിന് 'നിഷേധിക്കും' എന്നുമാണ് അർത്ഥം. കപടവിശ്വാസികൾ ഒരേ സമയം തന്നെ കളവ് പറയുകയും സത്യമതത്തെ നിഷേധിക്കുകയും ചെയ്യുമല്ലോ.

യാതൊരുവിധ വൈരുധ്യങ്ങളും വാരാത്തവിധം അർത്ഥവും ആശയവും വ്യത്യസ്തമായ ഹർഫുകളാണ് മൂന്നാമത്തെ വിഭാഗം. സൂറത്ത് യൂസുഫിലെ നൂറ്റി പത്താം വചനം ഉദാഹരണം. 'വ ദ്വന്നൂ അന്നഹും ഖദ് കുദിബൂ' (وَظَنُّوا أَنَّهُمْ قَدْ كُذِبُوا) എന്നാണ് ഈ ആയത്തിന്റെ ഒരു പാരായണം. "അവർ (നബിമാർ) തങ്ങളോട് പറഞ്ഞത് കളവാ

ണെന്ന് ജനങ്ങൾ വിചാരിച്ചു." എന്നാണ് അങ്ങനെ പാരായണം ചെയ്യുമ്പോൾ അതിന്റെ സാരം. 'വ ദ്വന്നൂ അന്നഹും ഖദ് കുദ്ദിബൂ' (وَظَنُّوا أَنَّهُمْ قَدْ كُذِّبُوا) എന്നാണ് ഇതിന്റെ മറ്റൊരു പാരായണം. അങ്ങനെയാവുമ്പോൾ "തങ്ങൾ കളവാക്കപ്പെട്ടു എന്ന് പ്രവാചകൻമാർ ഉറപ്പിച്ചു" എന്ന ആശയമാണ് വരിക. ഇത് രണ്ടും വ്യത്യസ്തമായ ആശയങ്ങളാണ്. പക്ഷെ രണ്ടും തമ്മിൽ യാതൊരു വൈരുധ്യവുമില്ല. രണ്ട് ആശയങ്ങളും ശരിയാണ്. ഇങ്ങനെ ഖിറാഅത്തുകളിലെ ഹർഫുകളിൽ വ്യത്യാസം വരുമ്പോൾ പോലും ഖുർആനിൽ വൈരുധ്യമൊന്നുമുണ്ടാവുന്നില്ലെന്നത് അത്ഭുതകരമാണ്.

ഖിറാഅത്തുകൾക്കിടയിലെ വ്യത്യാസങ്ങൾ

ഖിറാഅത്തുകൾക്കിടയിൽ ഏഴു രീതിയിലുള്ള വ്യത്യാസങ്ങളുണ്ടാകാമെന്ന് ആ രംഗത്തെ പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1) ഏകവചനം, ദ്വിവചനം, ബഹുവചനം, പുല്ലിംഗം, സ്ത്രീലിംഗം.
2) ഭൂതകാല ക്രിയ, ഭാവികാല ക്രിയ, കൽപന ക്രിയ.
3) വചനത്തിന്റെ അവസാനം വരുന്ന സ്വരചിഹ്നങ്ങളിലെ വ്യത്യാസം.
4) വചനങ്ങളിൽ കൂടുതലും കുറവും വരിക.
5) മുന്നിലും പിന്നിലുമായി വരിക.
6) ഒന്നിനു പകരമായി മറ്റൊന്നു വരിക.
7) ഭാഷാ ശൈലിയിലെ ഉച്ചാരണ വ്യത്യാസം (നേർമയാക്കൽ, കനപ്പിക്കൽ, വ്യക്തമാക്കൽ -അവ്യക്തമാക്കൽ പോലെ)

വ്യത്യസ്ത ഖിറാഅത്തുകളിൽ വന്ന വ്യത്യാസങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം

1) രണ്ടു ശൈലികളിൽ പാരായണം ചെയ്യപ്പെടുന്ന വചനങ്ങളുടെ എണ്ണം 1315
2) മൂന്നു രീതിയിൽ പാരായണം ചെയ്യപ്പെടുന്ന വചനങ്ങളുടെ എണ്ണം 105
3) നാലു ശൈലിയിൽ പാരായണം ചെയ്യപ്പെടുന്ന വചനങ്ങളുടെ എണ്ണം 24
4) അഞ്ചു ശൈലിയിൽ പാരായണം ചെയ്യപ്പെടുന്ന വചനങ്ങളുടെ എണ്ണം 03. ഇതിലെ ഒരു വചനം 11 പ്രാവശ്യം ആവർത്തിച്ചു വരുന്നു.

ഖിറാഅത്തുകളുടെ ഇമാമീങ്ങൾ

മദീനയിൽ നാഫിഅ്ബ്നു അബ്ദിർറഹ്മാൻ, മക്കയിൽ നിന്നുള്ള അബ്ദുല്ലാ ഇബ്നു കഥീർ അദ്ദാരി, ദമാസ്കസിൽ നിന്നുള്ള അബ്ദുല്ലാഹിബ്നു ആമിർ, ബസ്വറയിൽ നിന്നുള്ള അബൂഅംറിബ്നു അലാഅ്, യഅ്ഖൂബ് ബ്നു ഇസ്ഹാഖ് അൽ ഹദ്റമി, കൂഫയിൽ നിന്നുള്ള ആസ്വിം ബിൻ അബി അന്നജൂദ് അൽ അസദി, ഹംസ ബിൻ ഹബീബ് അത്തൈമി, അലിബിൻ ഹംസ അൽ അസദി അൽ കിസാഇ, ബസ്വറയിൽ നിന്നുള്ള അബൂ ജാഫർ യസീദുബ്നു അൽ ഖാഖാ അൽ മഖ്സൂമി, ബാഗ്ദാദിൽ നിന്നുള്ള അബൂമുഹമ്മദ് അൽ അസദി ഖലഫ് എന്നിവരാണ് പ്രവാചകനിൽ നിന്ന് മുതവാത്തിറായി പാരായണരീതികൾ നിവേദനം ചെയ്ത പണ്ഡിതന്മാർ. ഇവരിലൂടെ അറിയപ്പെടുന്ന പാരായണരീതികൾ മുഹമ്മദ് നബി(സ)യിൽ നിന്ന് വിശ്വസ്തരായ അനുചരന്മാരിലൂടെ നിവേദനം ചെയ്യപ്പെടുകയും അവരിലൂടെ നിരവധി പേർ പഠിക്കുകയും അങ്ങനെ ഈ പണ്ഡിതന്മാർക്കടുത്ത് എത്തിപ്പെടുകയും ചെയ്തതാണ് എന്നർഥം.

ഉദാഹരണത്തിന് ഏറെ പ്രസിദ്ധമായ വർശ്, ക്വാലൂൻ എന്നീ പാരായണരീതികൾ പഠിപ്പിച്ച മദീനക്കാരനായ നാഫിഅ്ബ്നു അബ്ദുർറഹ്മാനിന്റെ കാര്യമെടുക്കുക. പ്രവാചകനിൽ(സ) നിന്ന് ഉബയ്യുബ്നു കഅ്ബും അദ്ദേഹത്തിൽ നിന്ന് സ്വഹാബിമാരായ അബൂഹുറൈറ (റ), ഇബ്നുഅബ്ബാസ് (റ) എന്നിവരും പഠിച്ചെടുത്തതാണ് ഈ രീതികൾ. അവരിൽ നിന്ന് അബ്ദുല്ലാഹിബ്നു അയ്യാശ്ബ്നു അബീറബീഅത്ത് അൽ മഖ്സൂമി, യസീദ്ബ്നു അൽ ഖഅ്ഖാഅ്, അബ്ദുർറഹ്മാനു ബ്നു ഹുർമുസ് അൽ അഅ്റജ്, മുസ്ലിമുബ്നു ജുൻദുബ് അൽ ഹുദലി, യസീദ്ബ്നു റുമാൻ, ശൈബാബ്ൻ നിസ്വാഹ് എന്നീ താബിഉകൾ ഈ പാരായണരീതികൾ പഠിച്ചിട്ടുണ്ട്. അവരിൽ നിന്നാണ് ഹിജ്റ 70 ൽ ജനിക്കുകയും 169 ൽ മരണപ്പെടുകയും ചെയ്ത നാഫിഅ് അൽ മദനി ഇത് പഠിച്ചെടുത്തത്. അദ്ദേഹത്തിൽ നിന്ന് 120 ൽ ജനിക്കുകയും 220 ൽ മരിക്കുകയും ചെയ്ത ഈസാ ബിൻ മീനാ, ഖാലൂൻ എന്ന പാരായണരീതിയും 110ൽ ജനിക്കുകയും 197 ൽ മരിക്കുകയും ചെയ്ത ഉസ്മാൻ ബിൻ സഈദ്, വർശ് എന്ന പാരായണരീതിയും നിവേദനം ചെയ്തു. ഇമാം നാഫിഅ് എഴുപതോളം താബിഉകളിൽ നിന്ന് പാരായണം നേരിട്ട് പഠിച്ച മഹദ് വ്യക്തിയാണെന്ന് ഇമാം ജസ്രി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

(*അന്നശ്ര് ഫിൽ ഖിറാആത്തിൽ അശ്ര്* 1/112)) അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുകയും അദ്ദേഹത്തിലൂടെ നിരവധി പഠിതാക്കൾ പഠിച്ചെടുക്കുകയും ചെയ്ത വർശ്, ക്വാലൂൻ പാരായണരീതികൾ പ്രവാചകൻ (സ) തന്നെ പഠിപ്പിച്ചുകൊടുത്തതാണെന്ന വസ്തുത സംശയാതീതമായി തെളിയിക്കാനാവുമെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇതേ പോലെത്തന്നെയാണ് മുതവാത്തിറായ പത്ത് പാരായണ രീതികളുടെയും സ്ഥിതി.

പത്ത് ഖിറാഅത്തുകളും അവയിൽ ഉൾക്കൊണ്ടിരിക്കുന്ന ഏഴ് ഹർഫുകളും നബി (സ) പഠിപ്പിച്ചതാണ്. അവ തലമുറകളിലൂടെ കൈമാറ്റം ചെയ്ത് നമുക്കടുത്തെത്തിയതാണ്. പിൻഗാമികളായ ഇമാമീങ്ങൾ നബി(സ)യിലേക്ക് എത്തുന്ന ശരിയായ പരമ്പരകളോടുകൂടി അവ ഉദ്ധരിച്ചതാണ്. ഇന്നു പാരായണത്തിലുള്ള മുഴുവൻ ഖിറാഅത്തുകളിലുമുള്ള വ്യത്യസ്തതകൾ മുഴുവൻ ആ ഏഴു ഭാഷാശൈലികൾക്കുള്ളിൽ നിലകൊള്ളുന്നതുമാണ്.

വ്യക്തികൾക്കല്ല മാനദണ്ഡങ്ങൾക്കാണ് പ്രാമാണികത

സ്വീകാര്യമായ ഖിറാഅത്തുകളെ അത് നിവേദനം ചെയ്ത ഇമാമുമാരിലേക്ക് ചേർത്തി വ്യവഹരിക്കുമ്പോൾ ആ ഇമാമുകൾക്ക് അപ്രമാദിത്വം കൽപിക്കുന്നത് കൊണ്ടാണ് അവയെ മുസ്‌ലിംലോകം സ്വീകരിക്കുന്നത് എന്ന് ധരിച്ചുകൂടാത്തതാണ്. വ്യക്തികൾക്കല്ല അവരുപയോഗിച്ച മാനദണ്ഡങ്ങൾക്കാണ് പ്രാമാണികത എന്നാണ് ഇവ്വിഷയകമായ മുസ്‌ലിംലോകത്തിന്റെ നിലപാട്. വിശ്വസ്തരും സത്യസന്ധരും സദ്കർമികളും നല്ല ഓർമ്മശക്തിയുള്ളവരുമായ നിവേദകരിലൂടെ പ്രവാചകനിൽ നിന്ന് കണ്ണി മുറിയാതെ ഖിറാഅത്തിന്റെ ഇമാമായി അറിയപ്പെടുന്നവരിൽ എത്തിച്ചേരുകയും അവരിൽ നിന്ന് തുടങ്ങി ഇന്നുവരെയുള്ള ഓരോ കണ്ണിയിലും നിരവധി പേർ ഉൾക്കൊള്ളുന്നതുമാവുകയെന്ന സ്വീകാര്യതക്കുള്ള ഒന്നാമത്തെ മാനദന്ധം അശാസ്ത്രീയമാണെന്ന് പറയാൻ ആർക്കാണ് കഴിയുക?! വാമൊഴിയായി സംപ്രേഷണം ചെയ്യപ്പെടുന്ന ഭൂതകാലരേഖകളുടെ വിശ്വാസ്യതയും കൃത്യതയും പരിശോധിക്കാൻ ഇതിനേക്കാൾ നല്ല ഒരു രീതിയും ഇതേവരെ ചരിത്രവിമർശനരീതിയുടെ വക്താക്കളൊന്നും തന്നെ വികസിപ്പിച്ചിട്ടില്ല. അതീവ നിഷ്കൃഷ്ടമായ ഈ ഒന്നാം മാനദണ്ഡത്തിന്റെ അരിപ്പയിലൂടെ കടന്നാൽ മാത്രം പോര, ഖുർആൻ പാരായണരീതിയെ അംഗീകരിക്കാൻ എന്നാണ് മുസ്‌ലിം

ലോകത്തിന്റെ നിലപാട്. പാരായണരീതി അറബിവ്യാകരണനിയമങ്ങളുമായും അന്നത്തെ ഭാഷാപ്രയോഗങ്ങളുമായും പൂർണമായും ഒത്തുപോകുന്നതാവണമെന്ന രണ്ടാമത്തെ അരിപ്പയിലൂടെയും ഖലീഫ ഉഥ്മാനിന്റെ കാലത്ത് തയ്യാറാക്കിയ ഏതെങ്കിലും ഒരു കോപ്പിയുമായി പൂർണമായും യോജിച്ച് വരുന്നതാകണം പാരായണരീതിയെന്ന മൂന്നാമത്തെ അരിപ്പയിലൂടെയും കടന്നുപോകാൻ കഴിഞ്ഞാൽ മാത്രമേ ഒരു ഖിറാഅത്ത് സ്വീകാര്യമായിത്തീരുന്നുവെന്നതാണ് ഇവ്വിഷയകമായ പണ്ഡിത നിലപാട്.

എത്ര വലിയ പണ്ഡിതന്മാരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടതാണെങ്കിലും നേരത്തെ പറഞ്ഞ നിബന്ധനകൾ പാലിച്ചില്ലെങ്കിൽ അവയെ സ്വീകാര്യമായി ഗണിക്കുകയില്ല. ഇമാം മുഹമ്മദ് ബിൻ അബ്ദിറഹ്മാൻ (മരണം 123), ഹസൻ ബിൻ അബിൽ ഹസൻ ബസരി (മരണം 110), സുലൈമാൻ ബിൻ മിഹ്റാൻ (മരണം 148) എന്നിവർ നിവേദനം ചെയ്ത ഖിറാഅത്തുകൾ ശാദ്ദാണെന്ന് പറയുന്നത് അവ മുതവാത്തിറിന്റെ നിബന്ധനകൾ പൂർത്തിയാക്കാത്തതു കൊണ്ടാണ്; അവരൊന്നും മഹാന്മാരല്ലാത്തതു കൊണ്ടല്ല. ശാദ്ദായി ഉദ്ധരിക്കപ്പെടുന്ന ഖിറാഅത്തുകളിൽ പിഴവുണ്ടാകാൻ സാധ്യതയുമുള്ളതിനാൽ അതിനെ ഖുർആനായി പരിഗണിക്കപ്പെടുകയില്ല എന്നും അത് പാരായണം ചെയ്യരുത് എന്നും ഇമാം നവവി (റ) വ്യക്തമാക്കിയിട്ടുണ്ട്. ചില വ്യക്തികൾ അത് ശരിയായി കേൾക്കാതിരിക്കുകയോ മനഃപാഠം ആക്കുന്നതിൽ പിഴവ് പറ്റുകയോ ചെയ്തതായിരിക്കുവാനുള്ള സാധ്യതയുണ്ട്. ആയതിനാൽ അത് അവലംബയോഗ്യമല്ല. സൂറത്തുൽ ബഖറയിലെ 102 ആം വചനത്തിലെ ഒരു പാരായണവ്യത്യാസം ഉദാഹരണം. “വമാ ഉൻസില അലാ മലകൈനി” (وَمَا أُنْزِلَ عَلَى الْمَلَكَيْنِ രണ്ടു മലക്കുകളുടെ മേൽ ഇറക്കപ്പെട്ടത്) എന്നാണ് മുതവാത്തിറായി നിവേദനം ചെയ്യപ്പെട്ടിട്ടുള്ളത്. വമാ ഉൻസില അലാ മലികൈനി” (وماَ أنْزِلَ عَلَي المَلِكَينِ) എന്ന ഒരു പാരായണം കൂടി ഈ വചനത്തിനുണ്ട്. അങ്ങനെയാകുമ്പോൾ അതിനർത്ഥം “രണ്ടു രാജാക്കൻമാരുടെ മേൽ ഇറക്കപ്പെട്ടത്” എന്നായിത്തീരും. എന്നാൽ ആ നിവേദനം ശാദ്ദാണ്; അതുകൊണ്ട് തന്നെ സ്വീകാര്യമല്ല. പൂർണമായും സ്വീകാര്യമായതിന് എതിരായ ഈ പാരായണരീതി കേട്ടവന്ന് സംഭവിച്ച പിഴവിൽ നിന്നാകാം ഉടലെടുത്തതെന്ന് ഇമാം ത്വബ്രി നിരീക്ഷിക്കുന്നുണ്ട്.

എഴുത്ത് കുറവായിരുന്ന കാലഘട്ടത്തിൽ കേട്ടു ഖുർആൻ പഠിച്ചു

കൈമാറിയവർ നിരവധിയുണ്ട്. അവർക്ക് പിഴവ് വന്നതായിരിക്കാം ശാദ്ദായ ഖിറാഅത്തുകൾ. അതുകൊണ്ടാണ് ഉഥ്മാനിന്റെ(റ) കാലത്ത് തയ്യാറാക്കിയ മുസ്ഹഫുകളിൽ ഏതെങ്കിലുമായി യോജിക്കുമെങ്കിൽ മാത്രമേ ഒരു ഖിറാഅത്ത് സ്വീകാര്യമാവൂ എന്ന നിബന്ധന വെച്ചിരിക്കുന്നത്. ഖുർആൻ മുതവാതിറായി ഉദ്ധരിക്കപ്പെട്ടതാണ്. അതു മാത്രമേ ഖുർആനാകൂ എന്നു ഇമാം നവവി (റ) വ്യക്തമാക്കിയിട്ടുണ്ട്.

ദൈവികമായി നിശ്ചയിക്കപ്പെട്ട പാരയണരീതികളെപ്പോലും എത്ര സൂക്ഷ്മമായാണ് മുസ്ലിംലോകം സംരക്ഷിച്ചത് എന്ന് മനസ്സിലാക്കിത്തരുന്നതാണ് ഖിറാഅത്തുകളുടെ സ്വീകാര്യതയെക്കുറിച്ച പണ്ഡിതചർച്ചകൾ. ഖുർആനിന്റേതായി പ്രവാചകൻ (സ) പഠിപ്പിക്കാത്തതായി യാതൊന്നും, ഒരു പദമോ ഒരു പാരായണരീതിയോ ഒരു ശബ്ദവ്യത്യാസമോ പോലും ഖുർആൻ എന്ന രീതിയിൽ പഠിപ്പിക്കപ്പെട്ടുകൂടാ എന്ന നിഷ്കർഷയുള്ളതുകൊണ്ടാണ് അത്തരം വിഷയങ്ങൾ പോലും വളരെ സൂക്ഷ്മമായി പണ്ഡിതന്മാർ മുടി നാരിഴ കീറി പരിശോധിച്ചിരിക്കുന്നത്. പ്രസ്തുത ചർച്ചകളുടെ വാലും തലയും മുറിച്ചാണ് പല വിമർശകരും ഖുർആനിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യാനുള്ള തെളിവുകൾ നിർധാരണം ചെയ്തെടുക്കുന്നത്! ഖിറാഅത്തുകളിലുള്ള വ്യത്യാസങ്ങൾ പോലും ദൈവികബോധനത്തിന്റെ വെളിച്ചത്തിൽ മുഹമ്മദ് നബി (സ) പഠിപ്പിച്ചതാണെന്ന് സമർത്ഥിക്കുന്ന രചനകളിലെ ഉദ്ധരണികളെ സന്ദർഭങ്ങളിൽ നിന്ന് അടർത്തിയെടുത്ത് ഖുർആനിൽ പ്രക്ഷിപ്തങ്ങളുണ്ടായിട്ടുണ്ടെന്ന് സ്ഥാപിക്കുവാനുപയോഗിക്കുകയെന്ന വിലക്ഷണ വൈദഗ്ദ്യത്താൽ സമൃദ്ധമാണ് ഇവ്വിഷയകമായ വിമർശനപഠനങ്ങളെന്ന സത്യം യഥാർത്ഥത്തിൽ വിമർശകരുടെ സത്യസന്ധതയെയാണ് ചോദ്യം ചെയ്യുന്നത്; ഖുർആനിന്റെ അഖണ്ഡതയെയല്ല.

5. പാഠഭേദങ്ങളില്ല

വ്യത്യസ്ത പാരായണ ശൈലികളെയും (ഹർഫ്) പാരായണ രീതികളെയും (ഖിറാഅത്ത്) കുറിച്ച തെറ്റുധാരണകൊണ്ടാണ് ചിലർ ഖുർആനിന് പാഠഭേദങ്ങളുണ്ടെന്ന് വാദിക്കുന്നത്. ഹർഫും ഖിറാഅത്തും ഒന്നു തന്നെയാണെന്നാണ് അവർ തെറ്റുധരിച്ചിരിക്കുന്നത്. ഖുർആനിന്റെ വ്യത്യസ്ത ശൈലികളാണ് ഏഴു ഹർഫുകൾ. ഖുർആൻ അവതരിക്കപ്പെട്ടത് ഖുറൈശികളുടെ ഹർഫിലായിരുന്നുവെന്നും തന്റെ സമുദായത്തിലെ വ്യത്യസ്ത വിഭാഗക്കാർക്ക് എളുപ്പത്തിൽ പാരായണം ചെയ്യുന്നതിനുവേണ്ടി, നബി (സ) ആവശ്യപ്പെട്ട് നേടിയെടുത്തതാണ് ഏഴു ഹർഫുകളിലുള്ള പാരായണമെന്നും സ്വഹീഹായ ഹദീഥുകൾ വ്യക്തമാക്കുന്നത് നാം മനസ്സിലാക്കിയിട്ടുണ്ട്. (*സ്വഹീഹുൽ ബുഖാരി*, കിതാബു ഫദാഇലിൽ ഖുർആൻ; *സ്വഹീഹു മുസ്‌ലിം*, കിതാബു ഫദാഇലിൽ ഖുർആൻ വ മാ യതഅല്ലഖ ബിഹി; *സ്വഹീഹുൽ ബുഖാരി*, കിതാബുൽ ഖുസ്വൂമാത്; *സ്വഹീഹുൽ ബുഖാരി*, കിതാബു ബദ്ഉൽ ഖൽഖ്; *ജാമിഉത്തിർമിദി*, കിതാബുൽ ഖിറാആത്; *മുസ്നദ് അഹ്മദ്*, 5/132 ഹദീഥ്: 21523)

വ്യത്യസ്ത ഗോത്രങ്ങളിൽ നിന്ന് ഇസ്‌ലാം സ്വീകരിച്ച വ്യത്യസ്ത നിലവാരത്തിലുള്ളവർക്കെല്ലാം ഖുർആൻ പാരായണത്തിനും മനഃ

പാഠമാക്കുന്നതിനും അത് വ്യത്യസ്തമായ ശൈലികളിൽ ഉണ്ടായിരുന്നതിനാൽ എളുപ്പത്തിൽ സാധിച്ചു. അതോടൊപ്പം തന്നെ ഖുർആനിലെ ഒരു അധ്യായത്തിന് തുല്യമായ ഒരു അധ്യായമെങ്കിലും കൊണ്ടുവരാൻ സത്യനിഷേധികളെ വെല്ലുവിളിക്കുന്ന ഖുർആൻ വചനങ്ങളുടെ (ഖുർആൻ 2:23,24) അർത്ഥവ്യാപ്തി എല്ലാവർക്കും മനസ്സിലാക്കുവാനും എല്ലാ ഗോത്രങ്ങളെയും പ്രസ്തുത വെല്ലുവിളിക്ക് വിധേയമാക്കുവാനും അതുവഴി കഴിയുകയും ചെയ്തു. ഒരൊറ്റ ശൈലിയിൽ മാത്രമായിരുന്നു ഖുർആൻ അവതരിപ്പിക്കപ്പെട്ടതെങ്കിൽ ചിലർക്കെങ്കിലും തങ്ങൾക്ക് ഈ വെല്ലുവിളി ബാധകമല്ലെന്നും തങ്ങളുടേതല്ലാത്ത ഭാഷാശൈലിയിലാണ് ഖുർആൻ സംസാരിക്കുന്നതെന്നും പറഞ്ഞ് രക്ഷപ്പെടാമായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ഗോത്രങ്ങൾക്കൊന്നിനും ഈ വെല്ലുവിളിയുടെ പരിധിയിൽ നിന്ന് മാറുവാൻ കഴിയാത്തവിധം അവരിലെ സത്യനിഷേധികളെ കുരുക്കുന്നതാണ് ഏഴു ഹർഫുകളിലായുള്ള ഖുർആനിന്റെ അവതരണമെന്നർഥം.

ഉഥ്മാനി(റ)ന്റ ഭരണകാലത്ത് നടന്നത് ഈ ഏഴുഹർഫുകളെയും ഉൾക്കൊണ്ടുകൊണ്ട്, ഖുറൈശീഭാഷയിലുള്ള മുസ്ഹഫ് പകർത്തിയെഴുത്തായിരുന്നുവെന്നാണ് ഹദീഥുകൾ വ്യക്തമാക്കുന്നത്. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ വിയോജിക്കുന്നുവെങ്കിൽ അത് ഖുറൈശീ രീതിപ്രകാരം എഴുതുക; ഖുർആൻ അവതരിക്കപ്പെട്ടത് ഖുറൈശീ രീതിയിലാണ് (*സ്വഹീഹുൽ ബുഖാരി*, കിതാബു ഫദാഇലിൽ ഖുർആൻ) എന്ന ഉഥ്മാനുബ്നു അഫ്ഫാനി(റ)ന്റ നിർദേശത്തിൽ നിന്ന് അതാണ് മനസ്സിലാവുന്നത്. അറബി ആധാര ഭാഷയായ ഖുറൈശീഭാഷയിലുള്ള മുസ്ഹഫിന്റെ പകർത്തിയെഴുത്തിനു ശേഷം വ്യത്യസ്ത ഹർഫുകൾ നിലനിന്നത് പാരായണങ്ങളിലൂടെയാണ് വ്യത്യസ്ത ഹർഫുകളിൽ ഖുർആൻ പാരായണം ചെയ്തുവരികയും മനഃപാഠമാക്കുകയും പഠിപ്പിക്കുകയുമെല്ലാം ചെയ്തുവന്നിരുന്ന സ്വഹാബാക്കളിലാരും തന്നെ ഖുറൈശീ ഭാഷയിൽ മുസ്ഹഫ് തയ്യാറാക്കിയതിന് എതിരെ നിന്നിട്ടില്ലെന്ന വസ്തുത ശ്രദ്ധേയമാണ്. ഖുറൈശീഭാഷയിലുള്ള ഹർഫുകളുടെ ഏകീകരണം വഴി ഖുർആനിലെ ആശയങ്ങൾക്കോ പദവിന്യാസത്തിനോ മാറ്റങ്ങളെന്തെങ്കിലുമുണ്ടായിട്ടുണ്ടെങ്കിൽ അവർ അതിനു സമ്മതിക്കില്ലായിരുന്നു. സ്വഹാബിമാരുടെ ഐകകണ്ഠമായ അംഗീകാരത്തോടെ പകർത്തിയെഴുതി

യ മുസ്ഹഫുകളാണ് ഉഥ്മാനി(റ)ന്റ കാലം മുതൽ ഇന്നുവരെ ലോകത്തെല്ലായിടത്തും ഉപയോഗിച്ചുവന്നിട്ടുള്ളത്.

ഖുറൈശീഭാഷയിൽ രേഖീകരിക്കപ്പെട്ട വിശുദ്ധ ഖുർആനിന്റെ വ്യത്യസ്ത പാരായണങ്ങളാണ് ക്വിറാഅത്തുകൾ. നടേ സൂചിപ്പിച്ച മുതവാത്തിറായ ക്വിറാഅത്തുകളിൽ ഏഴെണ്ണമാണ് ഏറെ പ്രസി ദ്ധമായവ. നാഫിഅ് അൽ മദനി, ഇബ്നുകഥീർ അൽമക്കി, അബൂ അംറുബ്നുൽ അലാഅ് അൽ ബസ്വ്രി, ഇബ്നു ആമിർ അദ്ദിമശ്ക്കി, ആസിം അൽ കൂഫി, ഹംസാ അൽ കൂഫി, അൽ കിസാഈ അൽ കൂഫി എന്നിവരുടേതാണ് അവ. പ്രസിദ്ധമായ ക്വിറാഅത്തുകളുടെ എണ്ണവും ഹർഫുകളുടെ എണ്ണവും ഏഴ് ആയതുകൊണ്ടാണെന്ന് തോന്നുന്നു, ഹർഫും ഖിറാഅത്തും ഒന്നു തന്നെയാണെന്ന് ചില രെല്ലാം തെറ്റുധരിച്ചിട്ടുണ്ട്. വ്യത്യസ്ത ഹർഫുകളെ ഉൾക്കൊണ്ടു കൊണ്ട് ഖുറൈശീഭാഷയിൽ ഉഥ്മാൻ (റ) ക്രോഡീകരിച്ച ഖുർആ നിന്റെ വ്യത്യസ്തങ്ങളായ പാരായണരീതികളാണ് ക്വിറാഅത്തുകൾ.

ഹർഫുകളിലെ വ്യത്യാസങ്ങൾ നഷ്ടപ്പെട്ടിട്ടില്ല!

നബി(സ)യിൽ നിന്ന് മുതവാത്തിറായി നിവേദനം ചെയ്യപ്പെട്ട ഖിറാഅത്തുകളിൽ കാണപ്പെടുന്ന സൂക്ഷ്മമായ വ്യതിരിക്തതകൾ, വ്യത്യസ്ത ഹർഫുകളിലുള്ള അടിസ്ഥാന വ്യത്യാസങ്ങളെ ഉൾക്കൊണ്ടുകൊണ്ടു തന്നെയാണ് ഉഥ്മാനി(റ)ന്റെ മുസ്ഹഫ് പകർ ത്തിയെഴുത്ത് നടന്നതെന്ന് വ്യക്തമാക്കുന്നുണ്ട്. ഹർഫുകളിലെ ഗോ ത്രഭാഷാപ്രയോഗങ്ങളെ ഏകീകരിച്ച് ഖുറൈശീഭാഷയിൽ ഖുർആൻ ക്രോഡീകരിച്ച് ഗ്രന്ഥരൂപത്തിലാക്കിയപ്പോൾ തന്നെ വ്യത്യസ്തങ്ങ ളായ ക്വിറാഅത്തുകളിലൂടെ ഹർഫുകളിലുള്ള ആശയ വ്യത്യാസ മുള്ള പ്രയോഗങ്ങളുടെ ആശയങ്ങൾ നിലനിർത്തുകയും ചെയ്തിട്ടു ണ്ടെന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. നേരത്തെ സൂചിപ്പിച്ച ഖുർആനിലെ പ്രഥമാധ്യായമായ സൂറത്തുൽ ഫാത്തിഹയിലെ നാ ലാം വചനത്തിലെ വ്യത്യസ്ത പാരായണങ്ങൾ ഉദാഹരണമായെടു ക്കുക. 'മാലിക്കി യൗമിദ്ദീൻ' എന്നും 'മലിക്കി യൗമിദ്ദീൻ' എന്നും ര ണ്ടു പാരായണഭേദങ്ങളുണ്ട് ഈ വചനത്തിന്. 'പ്രതിഫലനാളിന്റെ ഉടമസ്ഥൻ' എന്ന് ആദ്യത്തേതിനും, 'പ്രതിഫലനാളിന്റെ രാജാവ്' എന്ന് രണ്ടാമത്തേതിനും യഥാക്രമം അർത്ഥം പറയാം. ഈ രണ്ടു രൂപത്തിലുമുള്ള പാരായണത്തിന് പ്രവാചകന്റെ (സ) അംഗീകാ രമുണ്ട് എന്നതിനാൽ ഇവ രണ്ടും ദൈവിക വെളിപാടുകളാണെന്ന്

വ്യക്തമാണ്. വ്യത്യസ്ത ഖിറാഅത്തുകളിലുള്ള ഇത്തരം വ്യത്യാസങ്ങൾ വ്യതിരിക്തമായ ഹർഫുകളിലുണ്ടായിരുന്ന വ്യത്യാസത്തെയാണ് ഉൾക്കൊള്ളുന്നത്.

വ്യത്യസ്ത ഖിറാഅത്തുകളിലുള്ള സൂക്ഷ്മമായ വ്യത്യാസങ്ങൾ ചൂണ്ടിക്കാണിച്ച് ഖുർആനിന് പാഠഭേദങ്ങളുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ഹർഫും ഖിറാഅത്തും അല്ലാഹു തന്നെ അവതരിപ്പിച്ചതാണെന്ന ഇസ്‌ലാമിക പാഠത്തെക്കുറിച്ച് മനസ്സിലാക്കാത്തതു കൊണ്ടാണ്. മനുഷ്യരുടെ കരവിരുതുകളാൽ പാഠഭേദങ്ങളുണ്ടായ ബൈബിൾ പുസ്തകങ്ങളുടെ അവസ്ഥയല്ല ഖുർആനിന്റേത്. അത് അവതരിക്കപ്പെട്ട രൂപത്തിൽ തന്നെ നിലനിൽക്കുന്നുണ്ട്. വ്യത്യസ്ത പാരായണങ്ങളിലൂടെ പടച്ചവൻ അവതരിപ്പിച്ച വ്യതിരിക്തതകൾ പോലും ഇന്നും നിലനിൽക്കുന്നു; ഖുർആനിലുള്ള പാരായണ വ്യത്യാസങ്ങളാവട്ടെ വളരെ പരിമിതവും അതിന്റെ അർഥഘടനയെ ഒരുതരത്തിലും ബാധിക്കാത്തതുമാണെന്ന് തദ്‌വിഷയകമായി പഠനം നടത്തിയിട്ടുള്ള ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ പോലും സമ്മതിച്ചിട്ടുള്ളതുമാണ്. അതാണ് ഓറിയന്റലിസത്തിന്റെ പിതാക്കളിലൊരാളായ സർ വില്യം മ്യൂറിന്റെ വാക്കുകളിൽ നാം കാണുന്നത്. “ഉഥ്മാനിന്റെ പരിശോധിത ഗ്രന്ഥം മാറ്റമൊന്നുമില്ലാതെ നമുക്ക് ലഭിച്ചിട്ടുണ്ട്. എടുത്തു പറയത്തക്ക വ്യത്യാസങ്ങളൊന്നുമില്ലാതെ-യാതൊരുവിധത്തിലുമുള്ള വ്യത്യാസങ്ങളില്ലാതെ എന്നു തന്നെ പറയാം-വളരെ സൂക്ഷ്മവും കൃത്യവുമായി അത് സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശാലമായ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അതിർത്തികൾക്കകത്ത് ചിതറിക്കിടക്കുന്ന അസംഖ്യം ഖുർആൻ രേഖകൾ വ്യക്തമാക്കുന്നു. മുഹമ്മദിന്റെ(സ) മരണത്തിന് കാൽ നൂറ്റാണ്ട് കഴിയുന്നതിനു മുമ്പ് നടന്ന ഉഥ്മാനിന്റെ കൊലപാതകത്തിനു ശേഷം പരസ്പരം വെറുക്കുകയും പോരാടുകയും ചെയ്യുന്ന നിരവധി വിഭാഗങ്ങൾ മുസ്‌ലിം ലോകത്തുണ്ടായിട്ടുണ്ടെങ്കിലും അവർക്കെല്ലാം ഉണ്ടായിരുന്നത് ഒരേയൊരു ഖുർആൻ തന്നെയായിരുന്നു. ഒരേയൊരു ഗ്രന്ഥം തന്നെയാണ് അന്നുമുതൽ ഇന്നുവരെയുള്ള മുഴുവനാളുകളും പാരായണം ചെയ്തു പോരുന്നത് എന്ന വസ്തുത നിർഭാഗ്യവാനായ ഖലീഫയുടെ ഉത്തരവ് പ്രകാരം നിർമിക്കപ്പെട്ട ഗ്രന്ഥം തന്നെയാണ് നമുക്ക് ലഭിച്ചിരിക്കുന്നത് എന്നതിനുള്ള അനിഷേധ്യമായ തെളിവാണ്. പന്ത്രണ്ട് നൂറ്റാണ്ടുകാലം ഇത്തരത്തിൽ യാതൊരുവിധ മാറ്റങ്ങളൊന്നുമില്ലാ

തെ സംരക്ഷിക്കപ്പെട്ട ഒരേയൊരു ഗ്രന്ഥം, ഖുർആൻ മാത്രമായിരിക്കും. സ്വരചിഹ്നങ്ങളിലും *(vowel sign)* അക്ഷരഭേദങ്ങളിലു*(diacritical sign)*മുള്ള വളരെ ചെറിയ വ്യത്യാസങ്ങൾ പോലും ഏറെ പരിമിതമാണ്. ഈ ചിഹ്നങ്ങളിടുന്ന സമ്പ്രദായം പിൽക്കാലത്ത് ഉണ്ടായതാണ് എന്നതു കൊണ്ടുതന്നെ അത് ആദ്യകാലത്തെ രേഖകളിൽ നിലനിന്നിരുന്നില്ല. അതിനാൽ അവയൊന്നും തന്നെ ഉഥ്മാനിന്റെ രേഖതന്നെയാണ് ഇന്നും നിലനിൽക്കുന്നതെന്ന വസ്തുതയെ ബാധിക്കുന്ന പ്രതിവാദങ്ങളല്ല". *(William Muir: The Life Of Mahomet, Edinburgh, 1912, Pages xxii-xxiii)*

ഏറ്റവുമധികം പ്രചാരത്തിലിരിക്കുന്ന രണ്ട് ഖുർആൻ ക്വിറാഅത്തുകളായ ഹഫ്സിനെയും വർശിനെയും കുറിച്ച് ഗവേഷണം നടത്തിയ യോർക്ക് സെന്റ് ജോൺ യൂനിവേഴ്സിറ്റിയിലെ ഫാക്കൽടി ഓഫ് എഡ്യുക്കേഷൻ ആന്റ് തിയോളിജിയുടെ പ്രിൻസിപൾ ലക്ചറും പ്രസിദ്ധ ഓറിയന്റലിസ്റ്റുമായ ഡോക്ടർ ആഡ്രിയൻ ബ്രോക്കറ്റ് എഴുതുന്നു. 'ഹഫ്സ് നിവേദനത്തിലും വർശ് നിവേദനത്തിലുമുള്ള വ്യത്യാസങ്ങൾ, പാരായണത്തിലുള്ളതാണെങ്കിലും രേഖീകരണത്തിലുള്ളതാണെങ്കിലും വചനങ്ങളുടെ അർഥത്തെ സാരമായി ബാധിക്കുന്നില്ല എന്നത് ഒരു ലളിതമായ യാഥാർഥ്യമാണ്. പല വ്യതിരിക്തതകളും അതിന്റെ അർഥത്തിൽ യാതൊരുവിധ മാറ്റവുമുണ്ടാക്കുന്നില്ല. രേഖകളുടെ പശ്ചാത്തലത്തിൽ മാത്രം ചെറിയ അർഥവ്യത്യാസമുണ്ടാക്കുന്ന മറ്റു ചില വ്യതിരിക്തതകളാവട്ടെ മുസ്‌ലിം ചിന്തയെ ഏതെങ്കിലും തരത്തിൽ ബാധിക്കാവുന്ന തരത്തിൽ സ്വാധീനമുണ്ടാക്കുന്നവയല്ല താനും.'*(Adrian Brockett: "The Extent To Which The Differences Affect The Sense", in Andrew RÆpin (Ed.): Approaches Of The History of Interpretation Of The Qur'an, Oxford, 1988, Page 37.)*

ആശയവ്യത്യാസം വരുന്ന പാരായണഭേദങ്ങൾ

വ്യത്യസ്ത സ്ഥലങ്ങളിൽ രൂപാന്തരപ്പെട്ട വ്യത്യസ്ത ഖുർആനുകൾ തമ്മിൽ വ്യത്യാസമുണ്ടെന്ന മട്ടിലാണ് ഇസ്‌ലാം വിമർശകർ വ്യത്യസ്ത ക്വിറാഅത്തുകളെക്കുറിച്ച് പരാമർശിക്കാറുള്ളത്. മുസ്‌ലിം ലോകത്ത് ആദ്യകാലം മുതൽ തന്നെ വ്യത്യസ്ത പാരായണങ്ങളെക്കുറിച്ചറിയാവുന്നവരുണ്ടായിരുന്നുവെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. നടേ പറഞ്ഞ നാടുകളിൽ പ്രചാരത്തിലിരിക്കുന്ന വർശ് പാരായണ രീതിയുടെയും ലിബിയ, ടുണീഷ്യ, ഖത്തർ തുട

ങ്ങിയ സ്ഥലങ്ങളിൽ നിലനിൽക്കുന്ന ക്വാലൂൻ പാരായണരീതിയുടെയും ഗുരുവായി അറിയപ്പെടുന്നത് നാഫിഅ് അൽ മദനി തന്നെയാണ്. മുസ്‌ലിം ലോകത്ത് പൊതുവെ പ്രചാരത്തിലിരിക്കുന്ന ഹഫ്സ് പാരായണ രീതിയുടെ ഗുരുനാഥനായ ആസ്വിം അൽ കൂഫി തന്നെയാണ് ശുഅ്ബയെന്ന് അറിയപ്പെടുന്ന പാരായണരീതിയുടെയും ഗുരു. പത്തു ഖിറാഅത്തുകളെയും വിശദീകരിക്കുന്ന *അൽഖിറാആത്തുൽ അശ്റുൽ മുതവാത്തിറഃ*യെന്ന ഗ്രന്ഥത്തിൽ അതു തയ്യാറാക്കുവാൻ സഹായിച്ച, പത്ത് ക്വിറാഅത്തുകളിലും പ്രാവീണ്യവും അവയിലെല്ലാം ഖുർആൻ മനഃപാഠവുമുള്ള മുഹമ്മദ് ഫഹദ് ഖറൂഫിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (അലവി ബിൻ മുഹമ്മദ് ബിൻ അഹ്മദ് ബൽഫഖീഹ്: *അൽ ഖിറാആത്തുൽ അശ്റുൽ മുതവാത്തിറ*, പുറം ചട്ടയുടെ പിൻഭാഗം) എല്ലാ ക്വിറാഅത്തുകളിലും പ്രാവീണ്യമുള്ളവർ എക്കാലത്തും മുസ്‌ലിം ലോകത്ത് ജീവിച്ചിരുന്നുവെന്ന വസ്തുത വ്യക്തമാക്കുന്നതാണ്, പത്തു ക്വിറാഅത്തുകളിലും പ്രാവീണ്യമുള്ളവർ പതിനാലു നൂറ്റാണ്ടുകൾ കഴിഞ്ഞും ജീവിച്ചിരിക്കുന്നുവെന്ന യാഥാർഥ്യമെന്നതിൽ സംശയമില്ല.

വ്യത്യസ്ത ഖിറാഅത്തുകളിലുള്ള ഖുർആനുകൾ തമ്മിൽ പാരായണ വ്യത്യാസത്തിനനുസരിച്ച് ചില ആശയവ്യത്യാസങ്ങളുണ്ടാകാമെങ്കിലും അവ ഖുർആനിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യുന്നവയല്ലെന്ന് പറഞ്ഞല്ലോ. ഏറെ പ്രചാരത്തിലുള്ള രണ്ട് ക്വിറാഅത്തുകളിലുള്ള പാരായണ വ്യത്യാസങ്ങൾ പരിശോധിച്ചാൽ അവ എത്രമാത്രം ഖുർആനിന്റെ അഖണ്ഡതയെ ബാധിക്കാത്തതാണെന്ന് മനസ്സിലാവും. നേരത്തെ സൂചിപ്പിച്ച സൂറത്തുൽ ഫാത്തിഹയിലെ ഒരു പാരായണ വ്യത്യാസം തന്നെ ഉദാഹരണമായെടുക്കുക. മൂന്നാമത്തെ ആയത്തിന് 'മാലിക്കി യൗമിദ്ദീൻ' എന്നും 'മലിക്കി യൗമിദ്ധീൻ' എന്നും രണ്ട് പാരായണകളുണ്ട്. പ്രതിഫലനാളിന്റെ ഉടമസ്ഥൻ എന്നാണ് ഒന്നാമത്തെ പാരായണത്തിന്റെ അർഥം. 'പ്രതിഫലനാളിന്റെ രാജാവ്' എന്ന് രണ്ടാമത്തെ പാരായണത്തിന്റെയും. അല്ലാഹുവാണ് പ്രതിഫലനാളിന്റെ രാജാവും ഉടമസ്ഥനും. അത് കൊണ്ട് തന്നെ രണ്ട് പാരായങ്ങളും തമ്മിൽ യാതൊരു വൈരുധ്യവുമില്ല. രണ്ടും നബി (സ) പഠിപ്പിച്ചതും അക്കാലം മുതൽ ഇന്ന് വരെ നിരവധി പരമ്പരകളിലൂടെ നിവേദനം ചെയ്യപ്പെട്ടവയുമാണ്. ഒരു അർത്ഥം മറ്റേ അർത്ഥത്തിന് ഉപോൽബലകമാണെന്നർത്ഥം. ഇതേപോലെയുള്ളതാണ് വ്യത്യസ്ത ഖിറാഅത്തുകളിലുള്ള പാരായണവ്യ

ത്യാസങ്ങൾ. അവയെല്ലാം നബി (സ) പഠിപ്പിച്ചതാണ്. ആരും യാതൊന്നും ഖുർആനിൽ കൂട്ടിച്ചേർക്കുകയോ എടുത്ത് മാറ്റുകയോ ചെയ്തിട്ടില്ല.

സൂറത്തുൽ ബക്വറയിലെ 85-ാമത്തെ വചനത്തിന്റെ ഹഫ്സ് ഖിറാഅത്ത് (*അൽ ഖുർആനിൽ കരീം ബി രിവായത്തി ഹഫ്സ് അൻ ആസിം*, മുജമ്മഉൽ മലിക് ഫഹദ്, അൽ മദീനതുൽ മുനവ്വറ, 2002) പ്രകാരം 'തഅ്മലൂൻ'(تعملون നിങ്ങൾ പ്രവർത്തിക്കുന്നത്) എന്നതിനു പകരം വർശ് ഖിറാഅത്തിലുള്ളത് (*അൽ ഖുർആനിൽ കരീം ബി രിവായത്തി വർശ് അൻ നാഫിഅ്*, ദാറുൽ മഅ്രിഫത്, ദിമശ്ഖ്, 2003) 'യഅ്മലൂൻ' (يعملون അവർ പ്രവർത്തിക്കുന്നത്) എന്നാണ്. സൂറത്തുൽ ഹിജ്റിലെ 8ാം വചനത്തിന്റെ ഹഫ്സ് ഖിറാഅത്തിൽ 'മാ നുനസ്സിലു (ما ننزل നാം ഇറക്കുന്നതല്ല) എന്നാണെങ്കിൽ വർശ് ഖിറാഅത്തിൽ 'മാ തുനസ്സിലു' (ما تنزل നീ ഇറക്കുന്നതല്ല) എന്നാണുള്ളത്. സൂറത്തുൽ അമ്പിയാഇലെ നാലാമത്തെ വചനത്തിന്റെ തുടക്കം ഹഫ്സ് പ്രകാരം 'ഖാല'(قال അദ്ദേഹം പറഞ്ഞു) എന്നാണെങ്കിൽ വർശ് പ്രകാരം 'ഖുൽ'(قل നീ പറയുക) എന്നാണ്. സൂറത്തുൽ അഹ്സാബിന്റെ 68-ാം വചനം ഹഫ്സ് ക്വിറാഅത്തു പ്രകാരം അവസാനിക്കുന്നത് 'ലഅ്നൻ കബീറാ' (لعنا كبيرا വമ്പിച്ച ശാപം) എന്ന പാരായണത്തോടെയാണെങ്കിൽ വർശ് പ്രകാരം അത് 'ലഅ്നൻ കഥീറാ' (لعنا كثيرا വർധിച്ച ശാപം) എന്നാണ്. സൂറത്തുൽ ഫത്ഹിലെ 17ാമത്തെ വചനത്തിൽ 'യുദ്ഖിൽഹു'(يدخله അവൻ അവനെ പ്രവേശിപ്പിക്കും) എന്നാണ് ഹഫ്സ് ക്വിറാഅത്തിലുള്ളതെങ്കിൽ അതിന്റെ വർശ് ഖിറാഅത്ത് 'നുദ്ഖിൽഹു' (ندخله നാം അവനെ പ്രവേശിപ്പിക്കും) എന്നാണ്. ഖുർആനിന്റെ സാരത്തെയോ പദവിന്യാസത്തെയോ യാതൊരു തരത്തിലും ബാധിക്കാത്ത ഇത്തരം പാരായണ വ്യത്യാസങ്ങൾ പോലും വളരെ പരിമിതമാണെന്ന വസ്തുത അതിൽ കൂട്ടിച്ചേർക്കലുകളോ എടുത്തുമാറ്റലുകളോ നടന്നിട്ടില്ലെന്നാണ് വ്യക്തമാക്കുന്നതെന്ന് ഇവ്വിഷയകമായ വസ്തുനിഷ്ഠപഠനം നടത്തിയവരെല്ലാം ഉറക്കെ പറഞ്ഞിട്ടുണ്ട്. ഹഫ്സ്-വർശ് പാരായണഭേദങ്ങളെക്കുറിച്ച ഗവേഷണത്തിന് ഡോക്ടറേറ്റ് ലഭിച്ച ഡോക്ടർ ആഡ്രിയൻ ബ്രോക്കറ്റ് പറയുന്നത് 'ഇത്തരം പാരായണ വ്യത്യാസങ്ങളുടെ എണ്ണം പരിമിതമാണെന്ന വസ്തുത വ്യക്തമാക്കുന്നത് അതിന് ഒരേയൊരു പാഠമേയുള്ളുവെന്ന സത്യമാണ്' *(Adrian Brockett: "The Value of Hafs and Warsh Transmissions for the Textual History of The Qur'an" in*

Andrew RÆpin (Ed.), Opt. Cit. Page 33.) എന്നാണ്.

അദ്ദേഹം വീണ്ടും എഴുതുന്നത് കാണുക: "ഖുർആൻ വാചികമായി മാത്രമായിരുന്നു ആദ്യനൂറ്റാണ്ടുകളിൽ സംപ്രേഷണം ചെയ്തിരുന്നതെങ്കിൽ ഹദീഥ് സാഹിത്യങ്ങളിലും ഇസ്‌ലാംപൂർവ കവിതകളിലും കാണപ്പെടുന്നതുപോലെ പാഠങ്ങൾ (*text*) തമ്മിൽ കാര്യമാത്ര പ്രസക്തമായ വ്യത്യാസങ്ങൾ അതിൽ കാണപ്പെടുമായിരുന്നു. എഴുത്തുരൂപത്തിൽ മാത്രമാണ് അത് സംപ്രേഷണം ചെയ്യപ്പെട്ടിരുന്നതെങ്കിൽ മദീനാഭരണഘടനയുടെ ഒറിജിനൽ രേഖകളിലുള്ളതുപോലെ പരിഗണനക്കർഹമായ വ്യത്യാസങ്ങൾ രേഖകളിലും ഉണ്ടാകുമായിരുന്നു. എന്നാൽ ഖുർആനിന്റെ കാര്യം ഇതു രണ്ടുമല്ല. ഒരേ സമയം തന്നെ വാചികമായ സംപ്രേഷണവും സമാന്തരമായി രേഖകളിലൂടെയുള്ള സംപ്രേഷണവും നിലനിന്നതിനാൽ അവ പരസ്പരം സംരക്ഷിക്കുകയും എല്ലാ തരത്തിലുമുള്ള കൈകടത്തലുകളിൽ നിന്നും ഖുർആനിനെ മുക്തമാക്കുകയും ചെയ്തു". *(Ibid, Page 44.)*

'മുഹമ്മദിനു ശേഷമുള്ള ഖുർആനിന്റെ സംപ്രേഷണം മാറ്റങ്ങളൊന്നുമില്ലാത്ത രീതിയിൽ തികച്ചും അദ്ദേഹം പറഞ്ഞുകൊടുത്ത പോലെത്തന്നെയായിരുന്നു. ഒരേയൊരു പാഠം മാത്രമേ അതിനുണ്ടായിരുന്നുള്ളൂ. ദുർബലപ്പെടുത്തപ്പെട്ടതായി ആരോപിക്കപ്പെടുന്ന വചനങ്ങളടക്കം യാതൊന്നും തന്നെ അതിൽ നിന്ന് എടുത്തു മാറ്റപ്പെട്ടിട്ടില്ല; ഒന്നും കൂട്ടിച്ചേർക്കപ്പെട്ടിട്ടുമില്ല". *(Ibid, Page 44.)*

അതെ! അവതരിപ്പിക്കപ്പെട്ട രൂപത്തിൽ മാറ്റങ്ങളൊന്നുമില്ലാതെ നിലനിൽക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. വ്യത്യസ്ത ഖിറാഅത്തുകളിലുള്ള സൂക്ഷ്മമായ വ്യത്യാസങ്ങൾക്കുപോലും ദൈവികബോധനത്തിന്റെ പിൻബലമുണ്ട്. കഴിഞ്ഞ പതിനാലുനൂറ്റാണ്ടുകളായി മാറ്റമൊന്നുമില്ലാതെ നിലനിൽക്കുന്ന ഒരേയൊരു ഗ്രന്ഥമാണ് ഖുർആൻ. മാറ്റമൊന്നുമില്ലാതെ അതിനെ സംരക്ഷിക്കുമെന്ന ദൈവിക വാഗ്ദാനം പാലിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നതിനുള്ള തെളിവാണ് നടേ സമർഥിച്ച വസ്തുതകൾ. അല്ലാഹുവിന്റെ വാഗ്ദാനം എത്ര സത്യം!

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്."

6. നാസിഖും മൻസൂഖും

മറ്റു ജൈവവർഗങ്ങളിൽനിന്നു വ്യത്യസ്തമായി, കാലം ചെല്ലു ന്തോറും ബുദ്ധിപരവും മാനസികവും സാംസ്കാരികവുമായി പുരോ ഗമിച്ചു കൊണ്ടിരിക്കുന്നവനാണ് മനുഷ്യൻ. അവന്റെ ചുറ്റുപാടുകളും പരിതഃസ്ഥിതികളും മാറിക്കൊണ്ടിരിക്കുന്നുണ്ട്. മാറുന്ന പരിതഃസ്ഥി തികൾക്കനുസരിച്ച് അവൻ സ്വീകരിക്കേണ്ട ധാർമിക നിയമങ്ങളിലും മാറ്റമുണ്ടാകാൻ സാധ്യതയുണ്ട്. ഒരു നിയമം പഠിപ്പിക്കേണ്ടതെപ്പോഴാ ണെന്നും അതിനു പകരം മറ്റൊരു നിയമം നടപ്പാക്കേണ്ടത് എപ്പോഴാ ണെന്നും കൃത്യമായി അറിയുക മനുഷ്യനെക്കുറിച്ച് വ്യക്തമായി അറിയാവുന്ന അവന്റെ സ്രഷ്ടാവിന് മാത്രമാണ്. പ്രവാചകന്മാരിലൂടെ പടച്ചവൻ നിർവ്വഹിച്ചുകൊണ്ടിരുന്നത് ഇത്തരം നിയമങ്ങളുടെ ബോധനമാണ്. ആവശ്യമുള്ളപ്പോൾ അവൻ ചില നിയമങ്ങൾ പഠി പ്പിച്ചു; അവ അപ്രസക്തമായപ്പോൾ അവൻ തന്നെ ആ നിയമങ്ങളെ മാറ്റി മറ്റു നിയമങ്ങൾ അനുശാസിച്ചു. ചരിത്രത്തിൽ ഉടനീളം കാണാ ൻ കഴിയുന്നതാണ് ദൈവികമായ ഇത്തരം ഇടപെടലുകൾ.

ആദിമ കുടുംബത്തിലെ ധാർമിക നിയമങ്ങൾ ഉദാഹരണം. അവി ടെ സഹോദരിമാരും സഹോദരന്മാരും തമ്മിൽ വൈവാഹികബന്ധ ത്തിലേർപ്പെടുന്നത് ധർമമായിരുന്നു. മനുഷ്യകുലത്തിന്റെ നിലനിൽ പിന് ആ ധർമം അനിവാര്യമായിരുന്നു. അപ്പോൾ പോലും മാതാപിതാക്കൾ മക്കളുമായോ ഒരേ പ്രസവത്തിലുള്ള മക്കൾ പരസ്പരമോ വിവാഹം ചെയ്യാൻ പാടില്ലെന്ന നിയമം

നിലനിന്നിരുന്നു. എന്നാൽ പിന്നീട് സ്ഥിതി മാറി. കുടുംബങ്ങൾ ഏറെയുണ്ടായി. അപ്പോൾ സഹോദരങ്ങൾ തമ്മിൽ വിവാഹബന്ധം പാടില്ലെന്ന നിയമം നിലവിൽ വന്നു. വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യകുലത്തിന്റെ പ്രത്യേകമായൊരു പരിണാമഗുപ്തിയിലാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്. അതിനുമുമ്പ് അനുവദനീയമായിരുന്നത് പുതിയ നിയമത്തിന്റെ അവതരണത്തോടെ അനനുവദനീയമായിത്തീർന്നു. പുതിയ നിയമം കുടുംബവ്യവസ്ഥയുടെയും അങ്ങനെ മനുഷ്യസമൂഹത്തിന്റെ നിലനിൽപിന്റെ തന്നെയും ആണിക്കല്ലായിത്തീർന്നു.

ആദം സന്തതികൾക്ക് പഴയനിയമം നൽകിയത് പടച്ചവനായിരുന്നു. പുതിയ നിയമത്തിന്റെ ദാതാവും അവൻതന്നെ. അവനാണല്ലോ മനുഷ്യസമൂഹത്തിന്റെ ഗതിവിഗതികളെപ്പറ്റി നന്നായി അറിയുന്നവൻ. സമൂഹത്തിന്റെ പരിണാമത്തിനനുസരിച്ച് അവർക്കാവശ്യമായ നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ അവനല്ലാതെ മറ്റാർക്കാണ് കഴിയുക?

സമൂഹത്തിന്റെ വളർച്ചയ്ക്കനുസരിച്ച് പടച്ചവൻ നടത്തുന്ന നിയമഭേദഗതികളെയാണ് 'നസ്ഖ്' എന്ന് വിളിക്കുന്നത്. നീക്കം ചെയ്യുക, പകർത്തുക എന്നൊക്കെയാണ് 'നസ്ഖ്' എന്ന അറബി പദത്തിനർഥം. പുസ്തകം പകർത്തിയെഴുതുന്നതിനും തണൽ വെയിലിനെ നീക്കുന്നതിനുമെല്ലാം 'നസ്ഖ്' എന്നു പറയും. ഒരു മതനിയമം മുഖേന മറ്റൊരു മതനിയമത്തെ നീക്കം ചെയ്യുന്നതിനാണ് സാങ്കേതികമായി 'നസ്ഖ്' എന്നു വ്യവഹരിക്കപ്പെടുന്നത്. ദുർബലപ്പെടുത്തപ്പെട്ട നിയമത്തെ 'മൻസൂഖ്' എന്നും പകരം നിശ്ചയിക്കപ്പെട്ട നിയമത്തെ 'നാസിഖ്' എന്നുമാണ് വിളിക്കുക.

നസ്ഖ് പൂർവ്വിക ഗ്രന്ഥങ്ങളിൽ

പഴയ നിയമങ്ങളിൽ ഭേദഗതി വരുത്തി പുതിയവ കൊണ്ട് വന്നതിന് ഒട്ടനവധി ഉദാഹരണങ്ങൾ ഖുർആനിന് മുൻപ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലുണ്ട്. ഇത്തരം ഭേദഗതികൾ ചിലപ്പോൾ ചില പ്രത്യേക പ്രദേശത്തെയോ സമൂഹത്തെയോ പരിഗണിച്ചുകൊണ്ടായിരിക്കാം. അതല്ലെങ്കിൽ മൊത്തത്തിലുള്ളതാകാം.

ഉദാഹരണത്തിന്, വിവാഹമോചനത്തെ സംബന്ധിച്ച നിയമം നോക്കുക. ഇസ്റാഈല്യർക്കിടയിൽ വിവാഹമോചനം സർവസാധാരണമായിരുന്നുവെന്ന് പഴയനിയമ ബൈബിളിൽനിന്ന് മനസ്സിലാ

ക്കാൻ കഴിയും (ആവർത്തനം 24:1-4, യിരമ്യ 3:12 നോക്കുക) വിവാഹമോചനത്തിന് നൽകപ്പെട്ട അധികാരം ദുർവിനിയോഗം ചെയ്ത് സ്ത്രീകളെ പ്രയാസപ്പെടുത്തുന്ന ഒരു സമൂഹത്തെയാണ് യേശുവിന് നേരിടേണ്ടിവന്നത്. യേശുവിലൂടെ അവതരിപ്പിക്കപ്പെട്ട നിയമങ്ങളിൽ വിവാഹമോചനത്തെ കർശനമായി നിയന്ത്രിക്കുന്ന തരത്തിലുള്ള വിധിവിലക്കുകളുണ്ടായിരുന്നുവെന്നുതന്നെയാണ് മനസ്സിലാക്കാൻ കഴിയുന്നത്. വിവാഹമോചനത്തിനെതിരെയുള്ള യേശുവിന്റെ തീഷ്ണമായ വാക്കുകൾ വ്യത്യസ്ത രീതികളിലാണെങ്കിലും സംഹിത സുവിശേഷങ്ങളെല്ലാം ഉദ്ധരിച്ചിട്ടുണ്ട്. വിവാഹമോചനത്തിന് എതിരെയുള്ള പ്രസ്തുത നിയമം ഇസ്റാഈല്യരിലെ വിവാഹമോചന നിരക്ക് കുറയ്ക്കുന്നതിനും ആ സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിനും വേണ്ടി അവതരിപ്പിക്കപ്പെട്ടതാകാം. യേശുവിന്റെ ദൗത്യം ഇസ്റാഈല്യരിൽ മാത്രം പരിമിതമായിരുന്നുവെന്ന വസ്തുത അദ്ദേഹംതന്നെ വ്യക്തമാക്കുന്നുണ്ട് (മത്തായി 5:17, 10:5, 15:24 എന്നിവ നോക്കുക). വിവാഹമോചനത്തെ ലാഘവത്തോടെ കാണുന്ന ഇസ്റാഈല്യരിൽ നിലനിന്നിരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താനായി യേശുക്രിസ്തുവിലൂടെ താൽക്കാലികമായി വിവാഹമോചനത്തെ കർശനമായി നിരോധിക്കുന്ന നിയമം നിലവിൽ വന്നതായിരിക്കാൻ സാധ്യതയുണ്ടെന്നർഥം.

അനിയന്ത്രിതമായ വിവാഹമോചനത്തിന് അനുവാദം നൽകുന്ന പഴയനിയമത്തിലെ വിധിയെ യേശുവിലൂടെയുള്ള വിധി ദുർബലപ്പെടുത്തിയതുപോലെ മറ്റു പല നിയമങ്ങളും ദുർബലപ്പെടുത്തിയതിന് ബൈബിളിൽ നിരവധി ഉദാഹരണങ്ങളുണ്ട്. പഴയ നിയമത്തിലെ പല വിധികളും പഴയനിയമപുസ്തകത്തിൽ തന്നെ ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ട്; ചില വിധികൾ പുതിയ നിയമത്തിലും ദുർബലപ്പെടുത്തിയിട്ടുണ്ട്.

എന്തിനാണ് നസ്ഖ്?

മുമ്പ് അവതരിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലെ പല വിധികളെയും ഖുർആൻ ദുർബലപ്പെടുത്തിയിട്ടുണ്ട്. അതേപോലെ ഖുർആനിലെ തന്നെ ആദ്യം അവതരിപ്പിക്കപ്പെട്ട ചില വിധികൾ പിന്നീട് അവതരിപ്പിക്കപ്പെട്ട വിധികൾ വഴി ദുർബലപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. സമൂഹത്തിന്റെ പരിവർത്തനത്തിനനുസരിച്ച് പ്രസ്തുത മാറ്റങ്ങൾ അനിവാര്യമായിരുന്നുവെന്നതുകൊണ്ടായിരുന്നു അവയെന്ന് സൂക്ഷ്മമായി

പഠിച്ചാൽ ആർക്കും മനസ്സിലാവും. സാംസ്കാരിക രംഗത്ത് വട്ടപ്പൂജ്യത്തിലായിരുന്ന ഒരു ജനതയെ വെറും ഇരുപത്തിമൂന്ന് വർഷം കൊണ്ട് മാനവികതയുടെ പരമശീർഷത്തിലെത്തിക്കുവാൻ കഴിഞ്ഞ ഗ്രന്ഥമാണ് ഖുർആൻ. ഇതിനു തുല്യമായി ലോകത്തെ പരിവർത്തിപ്പിക്കുവാൻ കഴിഞ്ഞ മറ്റൊരു ഗ്രന്ഥം മാനവ ചരിത്രത്തിലെവിടെയുമുണ്ടായിട്ടില്ലെന്ന സത്യം വിമർശകർപോലും അംഗീകരിക്കുന്നതാണ്. മനുഷ്യരെ നേർമാർഗത്തിലേക്ക് നയിക്കുന്ന വിഷയത്തിൽ ഖുർആനിനെ പോലെ പ്രായോഗികമായ മറ്റൊരു ഗ്രന്ഥവുമില്ലെന്ന വസ്തുതയാണ് ഇത് വ്യക്തമാക്കുന്നത്. സാംസ്കാരികമായി അധമരായിരുന്ന ഒരു ജനതയെ സാംസ്കാരത്തിന്റെ ഉന്നതശീർഷത്തിലേക്ക് നയിക്കുന്നതിനിടയിൽ അതിന്റെ ആദ്യകാലത്തുള്ള ചില നിയമങ്ങൾ പിന്നീട് മാറ്റേണ്ടി വന്നേക്കും. ജനതയുടെ ഘട്ടങ്ങളായുള്ള പരിവർത്തനത്തിന് വേണ്ടിയാണത്. സാംസ്കാരികവളർച്ചയുടെ വിവിധ ഘട്ടങ്ങളിലുള്ള ദൈവികമായ ഇടപെടലുകളെയാണ് അത്തരം മാറ്റങ്ങൾ വെളിപ്പെടുത്തുന്നത്.

മാനവരാശിക്കുവേണ്ടി അവരുടെ സ്രഷ്ടാവിൽ നിന്ന് അവതരിപ്പിക്കപ്പെട്ട അവസാനത്തെ മാർഗദർശക ഗ്രന്ഥമാണ് ഖുർആൻ. ധാർമിക മാർഗദർശനം നൽകിക്കൊണ്ട് ഉത്തമ സമുദായത്തെ വാർത്തെടുക്കാനുള്ള പ്രായോഗിക പദ്ധതികൾ പ്രദാനം ചെയ്യുന്ന ഗ്രന്ഥമാണത്. എല്ലാ രംഗത്തും വട്ടപ്പൂജ്യത്തിലായിരുന്ന ഒരു സമൂഹത്തെ മാതൃകായോഗ്യമായ സമൂഹമാക്കി മാറ്റിയെടുക്കുന്നതിനായി പ്രസ്തുത സമൂഹത്തിന്റെ പരിണാമ ഘട്ടത്തിൽ എങ്ങനെയാണ് ദൈവിക നിയമങ്ങൾ സ്വാധീനിച്ചതെന്ന് വ്യക്തമാക്കുന്ന ഗ്രന്ഥംകൂടിയാണ് ഖുർആൻ. പത്തു കൽപനകളെപ്പോലെ പടച്ചവനിൽ നിന്ന് അവതരിച്ചു കിട്ടിയ അക്കമിട്ട ചില കേവല നിയമങ്ങളല്ല ഖുർആനിലുള്ളത്. സമൂഹത്തിന്റെ സ്പന്ദനത്തോടൊപ്പം ചലിച്ച് അതിനെ മുച്ചൂടും മാറ്റിയ നിയമങ്ങളുടെ ശൃംഖലയാണത്. പ്രസ്തുത ശൃംഖലയിലെ സമൂഹം സാംസ്കാരികമായി വട്ടപ്പൂജ്യത്തിൽ നിൽക്കുമ്പോൾ അവതരിപ്പിക്കപ്പെട്ട നിയമങ്ങൾക്ക് അതിന്റെ സംസ്കരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും പ്രസക്തിയുണ്ടായിക്കൊള്ളണമെന്നില്ലെന്നത് സ്വാഭാവികം മാത്രമാണ്. ഈ പ്രസക്തി നഷ്ടപ്പെടലാണ് ദുർബലപ്പെടുത്തുകയെന്നതുകൊണ്ട് അടിസ്ഥാനപരമായി വിവക്ഷിക്കുന്നത്.

മദ്യപാനത്തെക്കുറിച്ച വിധികളുമായി ബന്ധപ്പെട്ട സൂക്തങ്ങൾ

ഉദാഹരണം. മദ്യത്തിൽ മുങ്ങിക്കുളിച്ച ഒരു സമൂഹത്തിലായിരുന്നു ഖുർആനിന്റെ അവതരണമെന്നോർക്കണം. പക്ഷെ, മനുഷ്യനെ ചെകുത്താനാക്കി മാറ്റുന്ന മദ്യത്തെക്കുറിച്ചല്ല ഖുർആൻ അവരോട് സംസാരിക്കാൻ തുടങ്ങിയത്. കറകളഞ്ഞ ദൈവബോധവും കുറ്റമറ്റ പരലോകചിന്തയും അവരുടെ മനസ്സിൽ പ്രതിഷ്ഠിക്കുകയാണ് ഖുർആൻ ആദ്യം ചെയ്തത്. സ്രഷ്ടാവിന് സ്വന്തം ജീവിതത്തെ സമർപ്പിക്കുവാനുള്ള സന്നദ്ധത വളർത്തുകയായിരുന്നു ഖുർആനിന്റെ ആദ്യപടി. സ്രഷ്ടാവിൽനിന്നുള്ളതാണെന്ന് ഉറപ്പുള്ള നിയമനിർദേശങ്ങളെല്ലാം സ്വീകരിക്കാൻ സന്നദ്ധതയുള്ള ഒരു മനസ്സ് സൃഷ്ടിച്ചെടുത്ത ശേഷം ഖുർആൻ അവരോട് പറഞ്ഞു: “നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു: പറയുക, അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ, അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തേക്കാൾ വലുത്” (ഖുർആൻ 2:219).

ഇത് ഒന്നാം ഘട്ടമാണ്. ഒരു വസ്തുവിലുള്ള ഗുണദോഷങ്ങളെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുകയും അതിൽ പാപത്തിന്റെ അംശത്തിനാണ് മുൻതൂക്കമുള്ളതെന്ന് വ്യക്തമാക്കിക്കൊടുക്കുകയുമാണ് ഖുർആൻ ഈ ഘട്ടത്തിൽ ഒന്നാമതായി ചെയ്യുന്നത്. പാപത്തിൽനിന്ന് ഒഴിഞ്ഞുനിന്ന് പുണ്യത്തിന്റെ മാർഗത്തിലൂടെ മുന്നേറാൻ പരിശീലിപ്പിക്കപ്പെട്ട സമൂഹം ഈ സൂക്തത്തിന്റെ അവതരണത്തോട് കൂടിത്തന്നെ മദ്യത്തിന്റെയും ചൂതാട്ടത്തിന്റെയും കരാളഹസ്തങ്ങളിൽനിന്ന് സ്വതന്ത്രരാകുവാനാരംഭിച്ചു; അപ്പോൾ രണ്ടാമത്തെ സൂക്തം അവതരിപ്പിക്കപ്പെടുകയായി; “സത്യവിശ്വാസികളേ, ലഹരി ബാധിതരായിക്കൊണ്ട് നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത്. നിങ്ങൾ പറയുന്നതെന്താണെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നതുവരെ” (ഖുർആൻ 4:43).

പടച്ചവനുമായുള്ള സംഭാഷണമാണ് നമസ്കാരം. ആ നമസ്കാരത്തിനു വരുമ്പോൾ പോലും ലഹരിയിലായിരിക്കുവാൻ മാത്രം മദ്യത്തിൽ നിമഗ്നമായിരുന്നു അവരിൽ പലരുടെയും ജീവിതം. ഇതിൽനിന്ന് ലഹരി എത്രത്തോളം അവരിൽ രൂഢമൂലമായിരുന്നുവെന്ന് മനസ്സിലാക്കാം. ലഹരിമുക്തമായ സമൂഹമെന്ന ലക്ഷ്യത്തിലേക്ക് ഖുർആൻ രണ്ടാമത്തെ കാലെടുത്തുവെക്കുകയാണ്. നമസ്കാരത്തിൽ ദൈവവുമായി സംഭാഷണത്തിലായിരിക്കുമ്പോൾ പറയുന്ന

കാര്യങ്ങൾ ബോധത്തോടുകൂടിതന്നെയാവണം. പറയുന്നത് മന സ്സിൽ തട്ടിക്കൊണ്ടാവണം. മദ്യലഹരിയിൽ നമസ്കരിക്കരുതെന്ന് സാരം.

രണ്ടാമത്തെ വിധികൂടി വന്നപ്പോൾ ദൈവബോധമുള്ള നല്ലൊരു ശതമാനം പേർ മദ്യത്തിൽനിന്ന് മുക്തരായി. ചുരുങ്ങിയത് അഞ്ചു നേരത്തെ നമസ്കാര സമയങ്ങളിലെങ്കിലും തങ്ങൾ പൂർണമായും ലഹരിയിൽനിന്നും മുക്തരാണെന്ന് അവർ ഉറപ്പുവരുത്തി. അപ്പോഴാ ണ് മദ്യം പൂർണമായി നിരോധിച്ചുകൊണ്ടുള്ള മൂന്നാമത്തെ കൽപന വരുന്നത്. "സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെക്കുന്നതിനുള്ള അമ്പുകളും പൈശാചികമായ മ്ലേഛവൃ ത്തികളാകുന്നു. അതിനാൽ നിങ്ങൾ അതെല്ലാം വർജിക്കുക, നിങ്ങ ൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെ യും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷ വും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ് കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാ ൽ നിങ്ങൾ അതിൽനിന്ന് വിരമിക്കുവാനൊരുക്കമുണ്ടോ?" (ഖുർആ ൻ 5:90,91).

സൂറത്തുൽ മാഇദയിലെ ഈ സൂക്തങ്ങൾ അവതീർണ്ണമായതോ ടെ മുമ്പ് അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളിലെ നിയമങ്ങൾക്ക് പ്രാബ ല്യമില്ലാതെയായി. അവ രണ്ടും മദ്യമുക്തമായ സമൂഹത്തിന്റെ സൃ ഷ്ടിക്കുവേണ്ടി, സമൂഹത്തിന്റെ പരിണാമത്തിന്റെ രണ്ടു ഘട്ടങ്ങളിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളാണ്. അവസാനത്തെ സൂക്തത്തിന്റെ അവതരണത്തോടെ പ്രസ്തുത രണ്ടു സൂക്തങ്ങളിലെ വിധികൾ ദുർ ബലപ്പെട്ടുവെന്നു പറയാം.

നസ്ഖിനെക്കുറിച്ച വീക്ഷണവ്യത്യാസങ്ങൾ

ഖുർആനിൽ ദുർബലപ്പെടുത്തപ്പെട്ട വിധികൾ തീരെയില്ലെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. അതു ശരിയല്ലെന്ന് വാദിക്കു ന്നവരാണ് പ്രാമാണികരായ ബഹുഭൂരിപക്ഷം പണ്ഡിതന്മാരും. സൂക്തങ്ങളിലെ വിധികൾ ദുർബലപ്പെടുത്തുന്നതിനെപ്പറ്റി ഖുർആൻ തന്നെ സൂചന നൽകിയിട്ടുണ്ടെന്നതാണ് ഈ പണ്ഡിതന്മാരുടെ പ്രധാനപ്പെട്ട വാദം. സൂക്തങ്ങൾ താഴെ പറയുന്നവയാണ്:

"വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുക യോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ

അതിനു തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടേ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന്" (ഖുർആൻ 2:106).

"ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ-അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണു താനും-അവർ പറയും: നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നു എന്ന്. അല്ല, അവരിൽ അധികപേരും കാര്യം മനസ്സിലാക്കുന്നില്ല" (ഖുർആൻ16:101).

ഈ വചനങ്ങൾ പൂർവവേദങ്ങളിലെ വിധികൾ ഖുർആൻ വഴി ദുർബലപ്പെടുത്തിയതിനെക്കുറിച് മാത്രമാണെന്നുള്ളതാണ് ദുർബലപ്പെടുത്തൽ തീരെയുണ്ടായില്ലെന്ന് വാദിക്കുന്നവരുടെ പക്ഷം. ദുർബലപ്പെടുത്തപ്പെട്ടുവെന്ന് പറയുന്ന സൂക്തങ്ങളെ വ്യാഖ്യാനിച്ച് പുതിയ വിധികളുമായി സമന്വയിപ്പിക്കാനാകുമെന്നാണ് അവർ വാദിക്കുന്നത്. ഈ വാദത്തെ എതിർക്കുന്ന പണ്ഡിതന്മാരാകട്ടെ, അങ്ങനെ വ്യാഖ്യാനിക്കേണ്ടതില്ലെന്നും ആദ്യം ഇറങ്ങിയ വിധികൾ ദുർബലപ്പെടുത്തപ്പെട്ടുവെന്ന് പറയുന്നതാണ് യുക്തമെന്നും വാദിക്കുന്നവരാണ്. രണ്ടായിരുന്നാലും സമൂഹത്തിന്റെ സംസ്കരണ പ്രക്രിയയുടെ പ്രഥമ ഘട്ടത്തിൽ നിലവിലുണ്ടായിരുന്ന നിയമങ്ങളിൽ ചിലത് അന്തിമ ഘട്ടത്തിലെത്തിയപ്പോഴേക്കും അപ്രസക്തമായിക്കഴിഞ്ഞിരുന്നുവെന്ന വസ്തുത ഇരുവിഭാഗവും തത്വത്തിൽ അംഗീകരിക്കുന്നുണ്ട്. ദുർബലപ്പെടുത്തിയെന്ന പദപ്രയോഗം പാടുണ്ടോയെന്നതു മാത്രമാണ് ഈ അഭിപ്രായവ്യത്യാസത്തിന്റെ കാതൽ എന്നർഥം.

7. നസ്ഖ് മൂന്നു തരം

മൂന്നു രൂപത്തിൽ ഖുർആനിൽ ദുർബലപ്പെടുത്തൽ അഥവാ 'നസ്ഖ്' ഉണ്ടായിട്ടുണ്ട് എന്നാണ് ഹദീഥുകളുടെ അടിസ്ഥാനത്തിൽ അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നത്. പാരായണം നിലനിർത്തിക്കൊണ്ട് നിയമങ്ങൾ ദുർബലപ്പെടുത്തുന്നതാണ് ഒന്നാമത്തെ ഇനം. അതിനുള്ള ഉദാഹരണമാണ് മദ്യനിരോധനത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ അവതരിപ്പിക്കപ്പെട്ട, നേരത്തെ സൂചിപ്പിച്ച വചനങ്ങൾ. പാരായണം ഇല്ലാതെയായി നിയമങ്ങൾ അവശേഷിച്ചതാണ് രണ്ടാമത്തെ ഇനം. പാരായണവും അതിലെ നിയമങ്ങളും ദുർബലപ്പെടുത്തിയതാണ് മൂന്നാമത്തേത്. സാങ്കേതികമായി പറഞ്ഞാൽ ഹുക്മ് (നിയമം) 'നസ്ഖ്' ചെയ്ത് തിലാവത്ത് (പാരായണം) നിലനിർത്തുന്നത് ഒന്നാമത്തെ തരം. തിലാവത്ത് 'നസ്ഖ്' ചെയ്ത് ഹുക്മ് നിലനിർത്തിയത് രണ്ടാമത്തെ തരം. തിലാവത്തും ഹുക്മും 'നസ്ഖ്' ചെയ്തതാണ് മൂന്നാമത്തേത്. ഒന്നാമത്തേതിനെ 'നസ്ഖ് അൽ ഹുക്മ് ദൂന ത്തിലാവ' എന്നും രണ്ടാമത്തേതിനെ 'നസ്ഖ് അത്തിലാവ ദൂനൽ ഹുക്മ്' എന്നും മൂന്നാമത്തേതിനെ 'നസ്ഖ് അത്തിലാവ വൽ ഹുക്മ്' എന്നുമാണ് വിളിക്കുക.

സൂറത്തുന്നൂറിലെ ഇരുപത്തിയേഴാമത്തെ വചനത്തിലെ "സത്യ

വിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുക യും ചെയ്തിട്ടല്ലാതെ" എന്ന കൽപന അതേ സൂറത്തിലെ തന്നെ ഇരുപത്തിയൊമ്പതാം വചനത്തിലെ "ആൾ പാർപ്പില്ലാത്തതും, നിങ്ങൾക്ക് എന്തെങ്കിലും ഉപയോഗമുള്ളതുമായ ഭവനങ്ങളിൽ നിങ്ങ ൾ പ്രവേശിക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല" എന്ന കൽപന വഴിയും സൂറത്തുൽ മുജാദിലയിലെ പന്ത്രണ്ടാം വചനത്തിലെ "സത്യവിശ്വാ സികളേ, നിങ്ങൾ റസൂലുമായി രഹസ്യസംഭാഷണം നടത്തുകയാ ണെങ്കിൽ അതിന്നു മുമ്പായി ഏതെങ്കിലുമൊന്ന് ദാനം ചെയ്യുക" എന്ന കൽപനയെ അതിന്നടുത്ത വചനത്തിലെ "നിങ്ങളുടെ രഹസ്യ സംഭാഷണത്തിനു മുമ്പായി നിങ്ങൾ ദാനധർമ്മങ്ങൾ അർപ്പിക്കുന്ന തിനെപ്പറ്റി നിങ്ങൾ ഭയപ്പെട്ടിരിക്കുകയാണോ? എന്നാൽ നിങ്ങളത് ചെയ്യാതിരിക്കുകയും അല്ലാഹു നിങ്ങളുടെ നേരെ മടങ്ങുകയും ചെയ്തിരിക്കയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കു കയും സകാത്ത് നൽകുകയും അല്ലാഹുവെയും അവൻെറ റസൂലി നെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക" എന്ന കൽപന വഴി യും ദുർബലപ്പെടുത്തിയതാണ് 'നസ്ഖ് അൽ ഹുക്മ് ദൂന ത്തിലാ വ'ക്ക് പണ്ഡിതന്മാർ ഉദാഹരിച്ച രണ്ട് കാര്യങ്ങൾ. മദ്യപാനം ഘട്ടങ്ങ ളായി നിരോധിച്ചതും ഇതിനുള്ള ഉദാഹരണങ്ങളിലൊന്നാണ്.

റജ്മിന്റെ ആയത്ത്

പാരായണം ദുർബലപ്പെടുത്തി വിധി നിലനിർത്തിയ രണ്ടാമത്തെ തരം 'നസ്ഖി'ന് (നസ്ഖ് അത്തിലാവ ദൂനൽ ഹുക്മ്) പ്രധാനമായും പണ്ഡിതന്മാർ ഉദാഹരിച്ചിട്ടുള്ളത് കല്ലെറിയലിന്റെ(റജ്മ്) ഖുർആനി കവചനമാണ്. ഇക്കാര്യം വിശദീകരിക്കുന്ന ഹദീഥുകൾ ബുഖാരി യിലും മുസ്ലിമിലുമുണ്ട്. *സ്വഹീഹുൽ ബുഖാരി*, 'കിത്താബുൽ ഹുദൂദി'ലെ ബാബുൽ 'ഇഅതിറാഫി ബി സ്സിനാ'യിൽ ഇബ്നു അബ്ബാസിൽ(റ) നിന്ന് നിവേദനം ചെയ്ത ഹദീഥിൽ ഇങ്ങനെ വായി ക്കാം: ഉമർ (റ) പറഞ്ഞു: "കുറെ കാലം കഴിയുമ്പോൾ ആളുകൾ കല്ലെറിഞ്ഞു കൊല്ലലിന്റെ (റജ്മ്) ആയത്തുകൾ വിശുദ്ധഗ്രന്ഥത്തി ൽ ഞങ്ങൾ കാണുന്നില്ല എന്ന് പറയുമെന്ന് ഞാൻ ഭയപ്പെടുന്നു. ക്രമേണ അല്ലാഹു ഇറക്കിയ ഈ ഉത്തരവാദിത്വം ഒഴിവാക്കിക്കൊണ്ട് അവർ വഴിപിഴക്കുകയും ചെയ്യും. അറിയുക വ്യഭിചാരി വിവാഹിത

നാണെങ്കിൽ, കുറ്റം സാക്ഷികൾ മുഖേനയോ ഗർഭത്തിലൂടെയോ കുറ്റസമ്മതം കൊണ്ടോ തെളിയിക്കപ്പെട്ടാൽ അതിനുള്ള ശിക്ഷയായി കല്ലെറിഞ്ഞു കൊല്ലേണ്ടതാണ്. (നിവേദകന്മാരുടെ പരമ്പരയിൽ പെട്ട ഒരാളായ) സുഫ്യാൻ (റ) കൂട്ടിച്ചേർത്തു: ഞാൻ ഈ നിവേദനം ഇങ്ങനെയാണ് മനഃപാഠമാക്കിയത്: ഉമർ (റ) ഇങ്ങനെ കൂടി പറഞ്ഞിട്ടുണ്ട്: 'തീർച്ചയായും അല്ലാഹുവിന്റെ ദൂതനും അദ്ദേഹത്തിനുശേഷം ഞങ്ങളുമെല്ലാം കല്ലെറിഞ്ഞു കൊന്നിട്ടുണ്ട്.'

*സ്വഹീഹ് മുസ്‌ലിമി*ലെ 'കിതാബുൽ ഹുദൂദി'ൽ ബാബു 'റജ്മി ഥയ്യിബി ഫിസ്സിനാ'യിലും *സുനനു അബൂദാവൂദി*ലെ 'കിതാബുൽ ഹുദൂദി'ൽ 'ബാബുൻ ഫീ റജ്മിലും' ഈ ഹദീഥ് ചെറിയ വ്യത്യാസങ്ങളോടെ നിവേദനം ചെയ്തിട്ടുണ്ട്.

വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലണമെന്ന് പഠിപ്പിക്കുന്നതിനു വേണ്ടി അവതരിക്കപ്പെടുകയും പിന്നീട് വചനങ്ങൾ ദുർബലപ്പെടുത്തുകയും വിധി നിലനിർത്തുകയും ചെയ്ത വചനമേതാണെന്ന് ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ഇമാമുമാരായ അബ്ദുല്ലാഹിബ്നു അഹ്മദിബ്നു ഹമ്പലിന്റെ *സവാഹിദുൽ മുസ്നദി*ലും (21207) അബ്ദുർറസാഖിന്റെ *മുസന്നഫി*ലും (5990) ഇബ്നു ഹിബ്ബാനിന്റെ *സ്വഹീഹ*യിലും (4428) ഹാക്കിമിന്റെ *മുസ്തദ്റക്കി*ലും (8068) ബൈഹഖിയുടെ *അസ്സുനനി*ലും (16911) ഇബ്നു ഹസമിന്റെ *മഹല്ലി*യിലും (12/ 175) സ്വഹീഹായ സനദോടെ ഉദ്ധരിക്കപ്പെട്ട ഹദീഥിൽ സൂറത്തുൽ അഹ്സാബിന്റെ ഭാഗമായി "വൃദ്ധനോ വൃദ്ധയോ വ്യഭിചരിച്ചാൽ അവരെ കല്ലെറിഞ്ഞു കൊല്ലുക; അവർക്ക് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണത്; പ്രതാപവാനും യുക്തിജ്ഞനുമാകുന്നു അല്ലാഹു." (الشَّيْخُ وَالشَّيْخَةُ إِذَا زَنَيَا فَارْجُمُوهُمَا الْبَتَّةَ نَكَالًا مِنَ اللهِ وَاللهُ عَزِيزٌ حَكِيمٌ) വെന്ന വചനം തങ്ങൾ പാരായണം ചെയ്യാറുണ്ടായിരുന്നുവെന്ന് ഉബയ്യു ബ്നു കഅബ് (റ) നിവേദനം ചെയ്തതായി കാണാൻ കഴിയും. മുസ്‌ലിം സമുദായത്തിന്റെ അശ്രദ്ധയാൽ നഷ്ടപ്പെട്ടുപോയ വചനമല്ല ഇതെന്നും ഇങ്ങനെയൊരു വചനമുണ്ടായിരുന്നെന്ന് പ്രവാചകാനുചരന്മാർക്ക് അറിയാമായിരുന്നുവെന്നും ഈ വചനം ദുർബലപ്പെടുത്തിയെങ്കിലും അതിലുള്ള വിധികൾ നില നിർത്തുകയാണുണ്ടായത് എന്നുമുള്ള വസ്തുതകൾ സുതരാം വ്യക്തമാക്കുന്നുണ്ട് ഈ ഹദീ

ഥുകൾ.

ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ *ഫത്ഹുൽ ബാരി*യിൽ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനിയുടെ (റ) ഉമറിൽ(റ) നിന്നുള്ള നിവേദനത്തിൽ നിന്ന് ഈ വചനത്തെക്കുറിച്ച പ്രവാചകനിർദേശമെന്തായിരുന്നുവെന്ന് കൃത്യമായും മനസ്സിലാകുന്നുണ്ട്. “ഉമർ (റ) പറഞ്ഞു: ഈ വചനം ഇറങ്ങിയപ്പോൾ ഞാൻ പ്രവാചകനടുത്ത്(സ) ചെന്ന് ചോദിച്ചു: “ഞാൻ ഇത് രേഖപ്പെടുത്തട്ടെ” പ്രവാചകൻ (സ) അത് ഇഷ്ടപ്പെടാത്തതു പോലെ എനിക്ക് തോന്നി. അതിന്നു ശേഷം ഉമർ (റ) പറഞ്ഞു: “അവിവാഹിതനായ വൃദ്ധൻ വ്യഭിചാരിച്ചാൽ അടി കിട്ടുന്നതും വിവാഹിതനായ യുവാവ് വ്യഭിചാരിച്ചാൽ കല്ലെറിയപ്പെടുന്നതും നീ കാണുന്നില്ലേ?” (ഇമാം ഹാക്കിമിൽ നിന്നും ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി ഉദ്ധരിച്ചത്: *ഫത്ഹുൽ ബാരി*, കിത്താബുൽ ഹുദൂദ്, ബാബുൽ ഇഹ്തിറാഫ് ബി സ്സിന; 6327 നമ്പർ ഹദീസിന്റെ വിശദീകരണം)

പാരായണം ‘നസ്ഖ്’ ചെയ്ത് വിധി നിലനിർത്തിയ വചനത്തിന് ഉദാഹരണമാണ് ‘റജ്മി’ന്റെ വചനമെന്ന് ഇമാം നവവി (റ) വ്യക്തമാക്കുന്നുണ്ട്. വൃദ്ധരായ വ്യഭിചാരികളെ കല്ലെറിഞ്ഞു കൊല്ലണമെന്ന് കൽപിക്കുന്ന വചനം ‘നസ്ഖ്’ ചെയ്യപ്പെടുകയും വിവാഹിതരായ വ്യഭിചാരികളെയെല്ലാം എറിഞ്ഞു കൊല്ലണമെന്ന നിയമം പ്രാബല്യത്തിൽ വരികയുമാണ് ചെയ്തത്. പ്രവാചകാനുചരന്മാരൊന്നും തന്നെ ഈ വചനം ഖുർആനിന്റെ ഭാഗമായി എഴുതിവെച്ചിട്ടില്ലെന്ന സത്യം വചനം ദുർബലപ്പെട്ടതാണെന്ന വസ്തുതയും പ്രസംഗപീഠത്തിൽ വെച്ച് ഈ വചനത്തിലെ നിയമം നിലനിൽക്കുന്നതാണെന്ന് ഉമർ (റ) പറഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന പ്രവാചകാനുചരന്മാരിൽ ഒരാൾ പോലും അതിനെതിരെ യാതൊന്നും പറഞ്ഞില്ലെന്ന സത്യം ഇതിലെ നിയമം നിലനിൽക്കുന്നെണ്ടെന്ന വസ്തുതയുമാണ് വ്യക്തമാക്കുന്നതെന്നും അദ്ദേഹം സമർത്ഥിക്കുന്നു. (ഇമാം നവവി: *ശറഹു മുസ്ലിം*, കിതാബുൽ ഹുദൂദ്, ബാബു ‘റജ്മി ഥയ്യിബി ഫിസ്സിനാ’ 3201ആം നമ്പർ ഹദീഥിന്റെ വ്യാഖ്യാനം)

വിശുദ്ധവചനമായി പഠിപ്പിച്ചുവെങ്കിലും ഖുർആനിന്റെ രേഖയിൽ എഴുതിവെക്കാൻ പ്രവാചകൻ (സ) സമ്മതിക്കാതിരുന്ന വചനമാണിതെന്ന് ഉമറുൽ ഫാറൂഖിൽ(റ) നിന്ന് ഇമാം ഇബ്നു ഹജറുൽ അസ്ഖ

ലാനി നിവേദനം ചെയ്ത മുകളിൽ ഉദ്ധരിച്ച സംഭവം സുതരാം വ്യക്തമാക്കുന്നുണ്ട്. വിവാഹിതരായ വ്യഭിചാരികളെ കല്ലെറിഞ്ഞ് കൊല്ലണമെന്ന അല്ലാഹുവിൽ നിന്ന് അവതരിക്കപ്പെട്ട വിധിയെ ഞാനും എഴുതപ്പെട്ട ഖുർആനിൽ ഇല്ലെന്ന കാരണത്താൽ വിസ്മരിക്കപ്പെടുമോയെന്ന ആവലാതിയാണ് ഉമറിന്റെ ബുഖാരിയും മുസ്ലിമുമെല്ലാം നിവേദനം ചെയ്ത ഹദീഥിലുള്ളത്. ഖുർആനിൽ നിന്ന് എന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഉമറുൽ ഫാറൂഖ് കരുതിയിരുന്നുവെന്ന് അതിൽ നിന്ന് മനസ്സിലാക്കിക്കൂടാത്തതാണ്. അബൂബക്കറിന്റെ(റ) ഭരണകാലത്ത് ക്രോഡീകരിക്കപ്പെട്ട ഖുർആൻ പതിപ്പിൽ നിന്ന് നഷ്ടപ്പെട്ടു പോയതാണ് ഈ വചനമെന്നാണ് ഉമർ (റ) കരുതിയിരുന്നതെങ്കിൽ താൻ ഭരണാധികാരിയായിരുന്ന പന്ത്രണ്ട് വർഷങ്ങൾക്കിടയിൽ അത് ഖുർആനിൽ എഴുതിച്ചേർക്കുന്നതിന് അദ്ദേഹം പരിശ്രമിക്കുമായിരുന്നുവെന്നുറപ്പാണ്. അബൂബക്കറിന്റെ കാലത്ത് നിർമിക്കപ്പെട്ട ഖുർആൻ പതിപ്പിൽ നിന്ന് എന്തെങ്കിലും നഷ്ടപ്പെട്ടുവെന്നല്ല കാർക്കശ്യത്തോടെയുള്ള ഉമറിന്റെ പരാമർശം വെളിപ്പെടുത്തുന്നത്, പ്രത്യുത വിശുദ്ധ കൽപനകളിലൊന്നായി പഠിപ്പിക്കപ്പെട്ട കല്ലെറിയലിന്റെ നിയമം ഖുർആനിലില്ലെന്ന കാരണം പറഞ്ഞ് നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ടായിക്കൂടായെന്ന സൂക്ഷ്മതയാണ്. ക്രാന്തദർശിയായ ആ പ്രവാചകാനുയായി ദീർഘദർശനം ചെയ്തത് തന്നെ സംഭവിച്ചുവെന്നതിന് ചരിത്രം സാക്ഷിയാണ്. അദ്ദേഹത്തിന്റെ കാലത്തിനുശേഷം വർഷങ്ങൾക്കുള്ളിൽ തന്നെ ഖവാരിജുകളും മുഅ്തസിലുകളും ഖുർആനിലില്ലെന്ന കാരണം പറഞ്ഞ് കല്ലെറിയലിന്റെ നിയമത്തെ നിരാകരിച്ചു. പ്രസ്തുത നിരാകരണം ഹദീഥ് നിഷേധികളിലൂടെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

മനുഷ്യരുടെ ദുരാഗ്രഹത്തെക്കുറിച്ച ആയത്ത്

'നസ്ഖ് അത്തിലാവ ദൂനൽ ഹുക്മി'നുള്ള മറ്റൊരു ഉദാഹരണമാണ് 'ആദം സന്തതിക്ക് സമ്പത്തിന്റെ രണ്ട് താഴ്വര ഉണ്ടെങ്കിലും അവൻ ഒന്ന് കൂടെ ആഗ്രഹിക്കും' എന്ന വചനം. അതേക്കുറിച്ച് വിശദീകരിക്കുന്ന ഹദീഥ് കാണുക: "അബൂ ഹർബ് ബ്നു അബുൽ അസ്വദ് (റ) തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: ബസറയിലെ ഖുർആൻ പാരായണക്കാരെ അബൂമൂസൽ അശ്അരി (റ) തന്റെ അടുത്തേക്ക് വരുത്തി. അവർ നൂറു പേരുണ്ടായിരുന്നു. അവർ ഖുർആൻ ഓതിയപ്പോൾ അദ്ദേഹം പറഞ്ഞു: ബസറയിലെ ഖുർ

ആൻ പാരായണക്കാരെന്ന നിലയിൽ ഇവിടെയുള്ളവരിൽ ഏറ്റവും ഉത്തമർ നിങ്ങളാണ്. അതിനാൽ നിങ്ങൾ നിങ്ങളുടെ പാരായണം തുടർന്നുകൊണ്ടിരിക്കുക. പക്ഷെ, ദീർഘമായുള്ള പാരായണം നിങ്ങളുടെ ഹൃദയത്തെ കടുത്തതാക്കിത്തീർക്കരുത്; നിങ്ങൾക്ക് മുമ്പുള്ളവരുടെ ഹൃദയം കടുത്തതായിത്തീർന്നതു പോലെ. സൂറത്തുൽ ബറാഅത്തിന്റെ അത്രയും ദൈർഘ്യവും ഗാംഭീര്യവുമുള്ള ഒരു അദ്ധ്യായം ഞങ്ങൾ പാരായണം ചെയ്യാറുണ്ടായിരുന്നു. പക്ഷെ, "സമൃദ്ധമായ രണ്ട് താഴ്‌വരകൾ സ്വന്തമായുണ്ടായാലും ആദമിന്റെ മകൻ മൂന്നാമതൊന്നിനു വേണ്ടി ആഗ്രഹിച്ചുകൊണ്ടിരിക്കും. ആദമിന്റെ പുത്രന്റെ വയർ നിറക്കാൻ മണ്ണിനല്ലാതെ മറ്റൊന്നിനും കഴിയില്ല" (لَوْ كَانَ لاِبْنِ آدَمَ وَادِيَانِ مِنْ مَالٍ لاَبْتَغَى وَادِيًا ثَالِثًا وَلاَ يَمْلأُ جَوْفَ ابْنِ آدَمَ إِلاَّ التُّرَابُ) എന്ന ഒരു വചനമൊഴിച്ച് അതിലുള്ള ബാക്കിയെല്ലാം ഞാൻ മറന്നുപോയി. അതേപോലെത്തന്നെ മുസബ്ബിഹാത്തിന്റെ സൂറത്തുകളെപ്പോലെയുള്ള ഒരു സൂറത്ത് ഞങ്ങൾ പാരായണം ചെയ്യാറുണ്ടായിരുന്നു. "സത്യവിശ്വാസികളേ, നിങ്ങളെന്തിനാണ് പ്രവർത്തിക്കാത്തത് പറയുന്നത്" (يَا أَيُّهَا الَّذِينَ آمَنُوا لِمَ تَقُولُونَ مَا لاَ تَفْعَلُونَ) എന്നും "നിങ്ങളുടെ കഴുത്തുകളിൽ തന്നെ സാക്ഷ്യം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു; പുനരുത്ഥാന നാളിൽ അതേക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും" (فَتُكْتَبُ شَهَادَةً فِي أَعْنَاقِكُمْ فَتُسْأَلُونَ عَنْهَا يَوْمَ الْقِيَامَةِ.) എന്നുമുള്ള വചനങ്ങളൊഴിച്ച് ബാക്കിയെല്ലാം ഞാൻ അതിൽ നിന്ന് മറന്നുപോയി." (*സ്വഹീഹ് മുസ്‌ലിം*, കിതാബുസ്സകാത്ത്, ബാബു ലൗ അന്ന ലിബിനി ആദമ വാദിയൈനി ലബ്തഅ ഥാലിഥൻ)

പ്രസിദ്ധ ഹദീഥ് നിരൂപകനായ ഇബ്നു ഹജർ അൽഅസ്ഖലാനി ഈ വചനങ്ങളെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്: "ഈ വചനങ്ങൾ ഖുർആനിന്റെ ഭാഗമാണെന്ന് നബി (സ) പറഞ്ഞതാകാം; അല്ലെങ്കിൽ ഖുദ്സിയായ ഹദീഥുമാകാം, അല്ലാഹുവിനാണ് അറിയുക. ആദ്യം പറഞ്ഞതാണ് ശരിയെങ്കിൽ ഈ വചനങ്ങളുടെ പാരായണം അല്ലാഹു തന്നെ ദുർബലപ്പെടുത്തിയതാണ്; അതിന്റെ വിധി നിലനിൽക്കുന്നതുമാണ്. അബൂ ഉബൈദ് (റ) അദ്ദേഹത്തിന്റെ *ഫദായിലുൽ ഖുർആൻ* എന്ന ഗ്രന്ഥത്തിൽ അബൂ മൂസയുടെ(റ) ഹദീഥിൽ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം സമർത്ഥിക്കുന്നുണ്ട്. സൂറത്തു തൗബയുടെ അത്ര വലിയൊരു സൂറത്ത് അവർക്ക് മനപാഠമായിരുന്നെന്നും അത് പിന്നീട് വിസ്മരിക്കപ്പെട്ടു എന്നും പ്രസ്തുത

ഹദീഥിലുണ്ട്. (*ഫത്ഹുൽ ബാരി*: (11/258))

മുലകുടി ബന്ധത്തെക്കുറിച്ച വചനം

പാരായണവും വിധിയും ദുർബലപ്പെടുത്തുകയെന്ന, മൂന്നാമത്തെ തരം 'നസ്ഖി'ന് (നസ്ഖ് അത്തിലാവത്തു വൽ ഹുക്മ്) ഉദാഹരണമാണ് മുലകുടി ബന്ധത്തെക്കുറിച്ച വചനം. വിവാഹബന്ധം നിഷിദ്ധമാക്കുന്ന രീതിയിൽ മുലകുടി ബന്ധം സ്ഥാപിക്കപ്പെടണമെങ്കിൽ പത്ത് തവണ മുലകുടിക്കണമെന്ന് നിർദേശിക്കുന്ന വചനം ഖുർആനിലുണ്ടായിരുന്നുവെന്ന് ആയിശ (റ) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഹദീഥ് കാണുക: "ആയിശ(റ)യിൽ നിന്ന് നിവേദനം; അവർ പറഞ്ഞു: വിവാഹബന്ധം നിഷിദ്ധമാകുന്ന രീതിയിൽ മുലകുടി ബന്ധം സ്ഥാപിക്കപ്പെടണമെങ്കിൽ പത്ത് തവണ മുലകുടിക്കണമെന്ന് ഖുർആനിൽ അവതരിക്കപ്പെട്ടിരുന്നു; അത് അഞ്ചു തവണയെന്നാക്കി ദുർബലപ്പെടുത്തപ്പെട്ടു; പ്രവാചകൻ (സ) മരണപ്പെട്ടു; അതിന്നു മുൻപ് അത് ഖുർആനിൽ പാരായണം ചെയ്തിരുന്നു" (*സ്വഹീഹ് മുസ്‌ലിം*, കിതാബുർ റിദ്വാഅ, ബാബുത്തുഹ്‌രീമി ബി ഖംസി റദ്വആത്തിൻ)

പത്ത് മുലകുടിയിലൂടെയാണ് മുലകുടിബന്ധം സ്ഥാപിക്കപ്പെടുകയെന്ന് പഠിപ്പിക്കുന്ന വചനം ഖുർആനിലുണ്ടായിരുന്നുവെന്നും അത് പിന്നീട് ദുർബലപ്പെടുത്തുകയാണുണ്ടായത് എന്നുമുള്ള ആയിശ(റ)യുടെ പരാമർശത്തിൽ നിന്ന് വചനങ്ങളും വിധികളും ദുർബലപ്പെടുത്തുന്ന രീതി പ്രവാചകാനുചരന്മാർക്ക് പരിചയമുണ്ടായിരുന്നുവെന്ന് വ്യക്തമാണ്. മുഹമ്മദ് നബി (സ) ജീവിച്ചിരിക്കുമ്പോൾ തന്നെയാണ് ഇത് സംഭവിച്ചതെന്നും ഈ ഹദീഥ് വ്യക്തമാക്കുന്നുണ്ട്. പ്രവാചകൻ (സ) പഠിപ്പിക്കുകയും അനുചരന്മാരെങ്കിലും എടുത്ത് മാറ്റുകയും ചെയ്ത സൂക്തങ്ങളോ ഖുർആനിൽ നിന്ന് അബദ്ധവശാൽ നഷ്ടപ്പെട്ടുപോയ വചനങ്ങളോ അല്ല ഇവയൊന്നും തന്നെ. ഖുർആൻ ജനങ്ങൾക്ക് പറഞ്ഞു കൊടുത്ത പ്രവാചകൻ (സ) തന്നെ, തന്റെ അനുചരന്മാരോട് ഖുർആൻരേഖയിൽ എഴുതേണ്ടതില്ലെന്ന് കൽപിക്കുകയും ദുർബലപ്പെടുത്തുകയും ചെയ്ത വചനങ്ങളാണിവ. അല്ലാഹു അവതരിപ്പിച്ച ചില വചനങ്ങൾ നില നിർത്തേണ്ടതില്ലെന്ന് അവൻ തന്നെ തീരുമാനിച്ചതിനുള്ള ഉദാഹരങ്ങൾ മാത്രമാണ് ഇവ. ഖുർആനിന്റെ അഖണ്ഡതയെ ഈ വചനങ്ങൾ ഒരു അർത്ഥത്തിലും ചോദ്യം ചെയ്യുന്നില്ല.

ദീർഘമായ സൂറത്തുൽ അഹ്സാബ്

'നസ്ഖു ത്തിലാവത്തു വൽ ഹുക്മി'നുള്ള ഉദാഹരണങ്ങൾ പ്രതിപാദിക്കുന്ന വേറെയും ഹദീഥുകളുണ്ട്. 'റജ്മി'ന്റെ ആയത്തിനെക്കുറിച്ച് പറയുന്ന നേരത്തെ ഉദ്ധരിച്ച ഇമാമുമാരായ അബ്ദുല്ലാഹിബ്നു അഹ്മദിബ്നു ഹമ്പലിന്റെ *സവാഹിദുൽ മുസ്നദി*ലും(21207) അബ്ദുർറസാഖിന്റെ *മുസന്നഫി*ലും (5990) ഇബ്നു ഹിബ്ബാനിന്റെ *സ്വഹീഹ*യിലും (4428) ഹാക്കിമിന്റെ *മുസ്തദ്റക്കി*ലും (8068) ബൈഹഖിയുടെ *അസ്സുനനി*ലും (16911) ഇബ്നു ഹസമിന്റെ *മുഹല്ല*യിലും (12/175) നിവേദനം ചെയ്ത ഹദീഥിന്റെ പൂർണരൂപം ഇങ്ങനെയാണ്: "ആസിം ഇബ്നു ബഹ്ദല (റ) പറയുന്നു: സുർറിനോട് ഉബയ്യിബ്നു കഅ്ബ് (റ) ചോദിച്ചു: "എത്ര ദീർഘമായാണ് നിങ്ങൾ സൂറത്തുൽ അഹ്സാബ് പാരായണം ചെയ്യുന്നത്? അല്ലെങ്കിൽ എത്ര വചനങ്ങളാണ് അതിലുള്ളത്?" അദ്ദേഹം പറഞ്ഞു: "എഴുപത്തിമൂന്ന് വചനങ്ങൾ". ഉബയ്യ് പ്രതിവചിച്ചു: "അത്രമാത്രമോ? അത് സൂറത്തുൽ ബഖറയുടെ അത്ര വലുതായിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിൽ ഞങ്ങൾ ഇങ്ങനെ പാരായണം ചെയ്തിരുന്നു: "വൃദ്ധനോ വൃദ്ധയോ വ്യഭിചരിച്ചാൽ അവരെ കല്ലെറിഞ്ഞു കൊല്ലുക; അവർക്ക് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണത്; പ്രതാപവാനും യുക്തിജ്ഞനുമാകുന്നു അല്ലാഹു"

നിരവധി ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചിട്ടുള്ള ഈ ഹദീഥിന്റെ നിവേദക പരമ്പര സ്വീകാര്യമാണെന്ന് ഇമാമുമാർ ഇബ്നു ഹസമും (റ) ഇബ്നു കഥീറും (റ) സമർത്ഥിച്ചിട്ടുണ്ട്. (*തഫ്സീർ ഇബ്നുകഥീർ* 6/335)

ഇന്ന് നമ്മുടെ കയ്യിലുള്ള സൂറത്തുൽ അഹ്സാബിന്റെ ആയത്തുകൾ ഒഴികെ മറ്റെല്ലാ ആയത്തുകളും അല്ലാഹു ഉയർത്തുകയാണ് ചെയ്തതെന്ന നിലപാടാണ് വിവരമുള്ളവർ ഇവ്വിഷയകമായി എടുത്തതെന്നും പാരായണവും വിധികളും ദുർബലമാക്കപ്പെട്ടതിന് ഉദാഹരണമാണ് ഈ വചങ്ങളെന്നും ഇമാം ഖുർത്തുബി സൂറത്തുൽ അഹ്സാബിന്റെ വിശദീകരണത്തിൽ പറയുന്നുണ്ട്. (ഇമാം ഖുർത്തുബി: *അൽ ജാമിഉൽ അഹ്കാമിൽ ഖുർആൻ* 33/1)

ബിഅ്റു മഊനയെക്കുറിച്ച ആയത്ത്

ബിഅ്റു മഊന സംഭവത്തിന് ശേഷം അവതരിക്കപ്പെട്ട ആയത്തിനെക്കുറിച്ച് പറയുന്ന ഹദീഥുകളിലുമുള്ളത് 'നസ്ഖു ത്തിലാവത്തു

വൽ ഹുക്മി'നുള്ള ഉദാഹരണമാണ്: ഹദീഥ് ഇങ്ങനെയാണ്: "അനസ് ബ്നു മാലിക്കിൽ നിന്ന് നിവേദനം: ബിഅ്റു മഊനയിൽ വെച്ച് തന്റെ അനുചരന്മാരെ കൊന്നവർക്കെതിരെ മുപ്പതു ദിവസം പ്രവാചകൻ (സ) പ്രഭാതത്തിൽ ശാപപ്രാർത്ഥന നടത്തി. അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിച്ചവരായ റിഅ്ൽ, ദക്വാൻ, ഉസയ്യ എന്നീ ഗോത്രങ്ങളെയാണ് അദ്ദേഹം ശപിച്ചത്. ബിഅ്റു മഊനയിൽ കൊല്ലപ്പെട്ടവരെക്കുറിച്ച് മഹത്വത്തിന്റെ ഉടയവനും മഹോന്നതനുമായ അല്ലാഹു അവതരിപ്പിച്ച വചനം അത് ദുർബലപ്പെടുത്തപ്പെടുന്നത് വരെ ഞങ്ങൾ ഓതാറുണ്ടായിരുന്നു: (അതിങ്ങനെയായിരുന്നു): 'ഞങ്ങൾ ഞങ്ങളുടെ നാഥനെ കണ്ടുമുട്ടിയെന്ന സന്തോഷവാർത്ത ഞങ്ങളുടെ ജനതയെ അറിയിക്കുക; അവൻ ഞങ്ങളെയും ഞങ്ങൾ അവനെയും തൃപ്തിപ്പെട്ടിരിക്കുന്നു" (بَلِّغُوا قَوْمَنَا أَنْ قَدْ لَقِينَا رَبَّنَا فَرَضِيَ عَنَّا وَرَضِينَا عَنْهُ) (*സ്വഹീഹ് മുസ്‌ലിം*, കിത്താബിൽ മസാജിദി വ മാവാദ്വി ഇസ് സ്വലാത്തി, ബാബി സ്തിഹ്ബാബിൽ ഖുനൂത്തി ഫീ ജമീഇ സ്വലാത്തി ഇദാ നസ്സലത്ത് ബിൽ മുസ്‌ലിമീന നാസിലത്തൻ)

നസ്ഖിനു പിന്നിലുള്ള യുക്തി

'നസ്ഖ്' ചെയ്യുന്നതിന്റെ യുക്തിയെന്താണെന്നും എന്തിനുവേണ്ടിയാണ് മൂന്നുതരത്തിലുമുള്ള 'നസ്ഖു'കളെന്നുമെല്ലാം ഖുർആൻ അവതരിപ്പിച്ച അല്ലാഹുവിനാണ് കൃത്യമായി അറിയുക. അഗാധജ്ഞാനിയും സൂക്ഷമജ്ഞാനിയും അവനാണല്ലോ. എന്നാൽ ഇത്തരം ദുർബലപ്പെടുത്തലുകൾ കൊണ്ടുള്ള ചില പ്രയോജനങ്ങളെക്കുറിച്ച് പണ്ഡിതന്മാർ സൂചിപ്പിച്ചിട്ടുണ്ട്. അവ ഇങ്ങനെയാണ്:

1) തിന്മകൾ കടന്നുവരാനുള്ള സാഹചര്യങ്ങൾ പോലും ഇല്ലായ്മ ചെയ്യാനായി ചിലപ്പോൾ കർക്കശമായ നിയമങ്ങൾ വേണ്ടി വന്നേക്കും. പ്രസ്തുത സാഹചര്യങ്ങൾ ഇല്ലാതായാൽ കർക്കശമായ നിയമങ്ങൾ നീക്കി പകരം കൂടുതൽ എളുപ്പമുള്ള നിയമങ്ങൾ നടപ്പാക്കാവുന്നതാണ്. പ്രയാസങ്ങളില്ലാതെ പ്രസ്തുത നിയമങ്ങൾ അനുസരിക്കാൻ അതുവഴി എക്കാലത്തുമുള്ള വിശ്വാസികൾക്ക് കഴിയും.

2) സമൂഹത്തിൽ വേരൂന്നിയ തിന്മകളിൽ ചിലത് ഒറ്റയടിക്ക് ഇല്ലാതെയാക്കാൻ കഴിയില്ല. അവയിൽ നിന്ന് സമൂഹത്തെ രക്ഷിക്കാൻ ഘട്ടം ഘട്ടമായുള്ള നിയമങ്ങളുടെ നടപ്പാക്കൽ വഴി സാധിക്കും.

3) നിയമങ്ങൾ നിഷ്കർഷിക്കുവാനും മാറ്റുവാനും അധികാരമുള്ളവ

നാണ് അല്ലാഹു. ഒരിക്കൽ അവൻ പഠിപ്പിച്ച നിയമം അവൻ തന്നെ മാറ്റി പുതിയത് നൽകുമ്പോൾ അത് ചോദ്യം ചെയ്യാതെ അനുസരിക്കുകയാണ് വിശ്വാസികളുടെ ബാധ്യത. പ്രസ്തുത ബാധ്യതാനിർവഹണത്തിൽ എത്രത്തോളം സമർപ്പിതരാണ് ഓരോ വിശ്വാസിയുമെന്ന് പരിശോധിക്കുവാൻ ഇത്തരം നിയമമാറ്റങ്ങൾ വഴി കഴിയും.

4) നിയമങ്ങൾ നിർമ്മിക്കുവാനും മാറ്റുവാനുമെല്ലാം അല്ലാഹുവിനുള്ള ഏകപക്ഷീയമായ അധികാരത്തെക്കുറിച്ച് വിശ്വാസികളെ ബോധ്യപ്പെടുത്തുക വഴി സൂക്ഷ്മജ്ഞനായ അവൻ നിശ്ചയിച്ച നിയമങ്ങളെ സ്വന്തം യുക്തിക്കും ബുദ്ധിക്കും ദഹിക്കുന്നതാണെങ്കിലും അല്ലെങ്കിലും ചോദ്യം ചെയ്യാതെ അനുസരിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കും.

നസ്ഖിന്റെ വൃത്തം

'നസ്ഖ്' എന്ന പദത്തിന് നീക്കം ചെയ്യുകയെന്നാണ് അർത്ഥമെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഈ അർത്ഥ കൽപനയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലുമൊരു കാര്യത്തിൽ പ്രവർത്തനകാലം അവസാനിച്ചിട്ടുള്ളതായി അറിയിക്കുക, ഒരു വാക്കിന്റെ പ്രത്യക്ഷത്തിലുള്ള അർത്ഥമല്ല ഇവിടെ യഥാർഥത്തിൽ ഉദ്ദേശിച്ചിട്ടുള്ളതെന്ന് കാണിക്കുക. ഒരിടത്ത് ഏതെങ്കിലും ഉപാധിയോടുകൂടി പറയപ്പെട്ട നിയമത്തിന് ആ ഉപാധി നിർബന്ധമല്ലെന്ന് കാണിക്കുക, സാമാന്യമായി പറയപ്പെട്ട ഒരു ലക്ഷ്യം കൊണ്ട് ഉദ്ദേശിക്കുന്നത് ഏതെങ്കിലും പ്രത്യേകമായിട്ടുള്ള ഒന്നാണെന്ന് മനസ്സിലാക്കുക, ഇസ്‌ലാമിന് മുമ്പുണ്ടായിരുന്ന ഏതെങ്കിലും പതിവുകളെ നീക്കം ചെയ്യുക എന്നിങ്ങനെ പല കാര്യങ്ങൾക്കും 'നസ്ഖ്' എന്ന് പൂർവകാലത്തെ ചില പണ്ഡിതന്മാർ പറഞ്ഞതായി കാണുന്നുണ്ട്. ഇങ്ങനെയാകുമ്പോൾ 'നസ്ഖി'ന്റെ വൃത്തം വലുതാകുകയും സ്വാഭാവികമായും കുറെയേറെ സൂക്തങ്ങൾ ഈ വൃത്തത്തിന് അകത്താവുകയും ചെയ്യും. അതുകൊണ്ടാണ് ചില ഗ്രന്ഥങ്ങളിൽ ഇരുന്നൂറിലധികം ഖുർആൻ സൂക്തങ്ങൾ 'നസ്ഖ്' ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് എഴുതിയിരിക്കുന്നത്. അല്ലാതെ, പ്രസ്തുത സൂക്തങ്ങളിലെ നിയമങ്ങളെല്ലാം ദുർബലപ്പെട്ടുവെന്ന അർഥത്തിലല്ല.

ദുർബലപ്പെടുത്തപ്പെട്ട വിധികളോടുകൂടിയ ഖുർആൻ സൂക്തങ്ങൾ തുലോം വിരളമാണ് എന്നുള്ളതാണ് വാസ്തവം. കേവലം വിരലിലെണ്ണാവുന്നവ മാത്രം. ഇതു മനസ്സിലാക്കാതെ പുസ്തകമെഴുതിയ

ചില പിൽക്കാല രചയിതാക്കൾക്ക് വന്നുഭവിച്ച അബദ്ധമാണ് ഇരുന്നൂറോളം സൂക്തങ്ങൾ ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന വിചാരം സൃഷ്ടിക്കപ്പെട്ടതിന് കാരണം. 'നസ്ഖി'ന് ദുർബലപ്പെടുത്തപ്പെടുകയെന്ന അർഥ കൽപന മാത്രം പരിഗണിക്കുകയും മുൻഗാമികൾ 'മൻസൂഖ്' ആയി ഗണിച്ച എല്ലാ സൂക്തങ്ങളിലെ വിധികളും ദുർബലപ്പെടുത്തപ്പെട്ടതാണെന്ന നിഗമനത്തിലെത്തിച്ചേരുകയും ചെയ്യുകയാണ് അവർ ചെയ്തത്. സത്യത്തിൽ പ്രസ്തുത സൂക്തങ്ങളൊന്നുംതന്നെ നിയമം ദുർബലമാക്കപ്പെട്ടവയല്ല; പ്രത്യുത നിയമപ്രാബല്യമുള്ളവതന്നെയാണ്. ഉദാഹരണത്തിന് "പാശ്ചാത്യവും പൗരസത്യവും അല്ലാഹുവിനുള്ളതാണ്. എങ്ങോട്ട് തിരിഞ്ഞാലും അവിടെ ദൈവസാന്നിധ്യമുണ്ട്." (ഖുർആൻ 1:15) എന്ന വചനത്തെ ക്വിബ്‌ല കഅ്ബയാണെന്ന് അറിയിക്കുന്ന ആയത്ത് (2:144) കൊണ്ട് ദുർബലപ്പെടുത്തിയെന്ന് പറയാവുന്നതാണ്. എന്നാൽ യാത്രയിലെ സുന്നത്ത് നമസ്കാരങ്ങളിൽ ആദ്യആയത്തിന്റെ നിയമം ശേഷിക്കുന്നുണ്ടെന്ന് കർമശാസ്ത്രവിശാരദന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

ഖുർആൻ ദൈവികമാണെന്ന വസ്തുതയാണ് ഈ ദുർബലപ്പെടുത്തലുകളെല്ലാം വ്യക്തമാക്കുന്നത്. മദ്യപാനവുമായി ബന്ധപ്പെട്ട ദുർബലപ്പെടുത്തലുകൾ ഉദാഹരണം. മുഹമ്മദ് (സ) പ്രവാചകത്വലബ്ധിക്കു മുമ്പുതന്നെ മദ്യപിക്കാത്തയാളായിരുന്നു. അദ്ദേഹം മദ്യത്തിനെതിരെ നിയമമുണ്ടാക്കുകയായിരുന്നെങ്കിൽ ചിലപ്പോൾ അത് ഒറ്റയടിക്ക് മദ്യം നിർത്തുവാൻ ആഹ്വാനം ചെയ്യുന്ന രീതിയിലാകാമായിരുന്നു. മനുഷ്യ മനസ്സിന്റെ അവസ്ഥാന്തരങ്ങളെയും മാറ്റത്തിന്റെ രീതിശാസ്ത്രത്തെയും കുറിച്ച് നന്നായറിയുക സ്രഷ്ടാവിനാണല്ലോ. അതുകൊണ്ടുതന്നെയായിരിക്കണം മദ്യനിരോധനം അവൻ ഘട്ടങ്ങളായി നടപ്പാക്കിയത്. അങ്ങനെ ഘട്ടങ്ങളായി നടപ്പാക്കുമ്പോൾ ആദ്യഘട്ടങ്ങളിലെ നിയമങ്ങൾ പിന്നീട് ദുർബലപ്പെടുക സ്വാഭാവികമാണ്. ഈ ദുർബലപ്പെടുത്തൽ പോലും സർവജ്ഞനായ അല്ലാഹുവിൽനിന്നുള്ളതാണ് ഖുർആനെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നതെന്നർഥം.

മൻസൂഖായ ആയത്തുകളെന്തിന് ?

നിയമങ്ങൾ ഭേദഗതി ചെയ്ത ചില ഖുർആൻ വാക്യങ്ങൾ അല്ലാഹു അതേപോലെത്തന്നെ നിലനിർത്തി. ചിലവയുടെ നിയമവും പാരായണവും ദുർബലപ്പെടുത്തി. മറ്റു ചിലവയുടെ പാരായണം

ദുർബലപ്പെടുത്തി; നിയമം നിലനിർത്തി. ഇതെല്ലാം എന്തിനു വേണ്ടിയായിരുന്നു? കൃത്യമായ കാരണമറിയുക അല്ലാഹുവിനു മാത്രമാണ്. എന്നാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ചില പ്രയോജനങ്ങളുണ്ട്. പണ്ഡിതന്മാർ വിശദീകരിച്ച പ്രസ്തുത പ്രയോജനങ്ങളാണ് നേരത്തെ സൂചിപ്പിച്ചത്. ഖുർആൻ കേവലമായ ഒരു ധർമശാസ്ത്ര ഗ്രന്ഥം മാത്രമല്ല; സമൂഹിക മാറ്റത്തിന്റെ മാർഗദർശകഗ്രന്ഥംകൂടിയാണ്. സാംസ്കാരികമായി വട്ടപ്പൂജ്യത്തിലായിരുന്ന ഒരു സമൂഹത്തെ ദൈവിക മാർഗദർശനത്തിന്റെ അടിസ്ഥാനത്തിൽ പരിവർത്തിപ്പിച്ചതെങ്ങനെയെന്ന് മനസ്സിലാക്കുന്നതിനും അത്തരം സാഹചര്യങ്ങളിൽ ഖുർആനിക നിർദേശങ്ങളെ എങ്ങനെ പ്രയോഗവത്കരിക്കണമെന്ന് എക്കാലത്തുമുള്ള നിയമവിശാരദന്മാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനും വേണ്ടിയാകാം അല്ലാഹു ചില സൂക്തങ്ങളെ അവയുടെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടുപോലും ഖുർആനിൽ നിലനിർത്തിയത്. മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത സാഹചര്യങ്ങളിലെ നിയമങ്ങളുടെ നിർധാരണത്തിന് ഇത്തരം സൂക്തങ്ങൾ വളരെയേറെ ഉപകാരപ്രദങ്ങളാണ്.

ഖുർആനും നബിചര്യയുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ. ഈ പ്രമാണങ്ങളുടെ വെളിച്ചത്തിൽ സമൂഹം നേരിടുന്ന കാലികമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക ഓരോ കാലത്തെയും പണ്ഡിതന്മാരുടെ ബാധ്യതയാണ്. ഓരോ പുതിയ പ്രശ്നവും നേരിടേണ്ടിവരുമ്പോൾ സമാനമായ പ്രശ്നങ്ങളിൽ ഖുർആനും നബിചര്യയും എന്തെല്ലാം നിലപാടുകളാണ് സ്വീകരിച്ചത് എന്നതിന്റെ അടിസ്ഥാനത്തിലാണ് പണ്ഡിതന്മാർ പരിഹാരം നിർദേശിക്കുക. വ്യത്യസ്ത സാഹചര്യങ്ങളിൽ ഖുർആനും നബിചര്യയും സ്വീകരിച്ച നിലപാടുകളെക്കുറിച്ച് അറിവില്ലെങ്കിൽ ഇത് അസാധ്യമാകുമായിരുന്നു. നിയമം ദുർബലപ്പെടുത്തപ്പെട്ടുവെങ്കിലും, വ്യത്യസ്ത സാഹചര്യങ്ങളിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങൾ സംരക്ഷിക്കപ്പെട്ടതിനാൽ തന്നെ ഇത്തരം സന്ദർഭങ്ങളിൽ മതവിധികൾ നിർധരിക്കുവാൻ മുസ്‌ലിം സമൂഹത്തിന് പ്രയാസപ്പെടേണ്ടി വരുന്നില്ല. ഇസ്‌ലാമിക കർമശാസ്ത്രത്തിലെ അനുബന്ധപ്രമാണമായ സദൃശ്യാനുമാനത്തിന് (ഖിയാസ്) ഏറെ പ്രയോജനപ്പെടുന്നതാണ് വ്യത്യസ്ത സാഹചര്യങ്ങളിൽ നടപ്പാക്കപ്പെടുകയും ആ സാഹചര്യങ്ങൾ ഇല്ലാതെയായപ്പോൾ ദുർബലപ്പെടുത്തുകയും ചെയ്ത വചനങ്ങൾ എന്നർഥം. അതും ഇത്തരം വചനങ്ങൾ അവശേഷിപ്പിച്ചതിന് കാരണമാ

വാം. അങ്ങനെ ഭാവിയിലേക്ക് ആവശ്യമില്ലാത്ത വചനങ്ങളെയാകാം പാരായണവും വിധികളും ദുർബലപ്പെടുത്തിയത്. ബാക്കിയെല്ലാം അല്ലാഹുവിനാണറിയുക. അവനാണല്ലോ സൂക്ഷ്മജ്ഞനും അഗാധജ്ഞനും.

8. ദൈവികമായ ക്രോഡീകരണം

ആരാണ് ഖുർആൻ ക്രോഡീകരിച്ചത്? മുഹമ്മദ് നബി(സ)യുടെ കാലത്ത് ഖുർആൻ ക്രോഡീകരിക്കപ്പെട്ടിരുന്നുവോ? ആദ്യം മുതൽ അവസാനം വരെയുള്ള അധ്യായങ്ങൾ ഏതെല്ലാമാണെന്നും അവയിലെ വാക്യങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമായി പറഞ്ഞുകൊടുക്കുകയും പല സ്ഥലങ്ങളിലായി അത് എഴുതി വെപ്പിക്കുകയും അതുപ്രകാരം തന്റെ അനുയായികളിൽ നല്ലൊരു ശതമാനത്തെക്കൊണ്ട് മനഃപാഠമാക്കിക്കുകയും ചെയ്യുന്നതുകൊണ്ട് ഒരു ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടുവെന്ന് പറയാമെങ്കിൽ മുഹമ്മദി(സ)ന്റെ കാലത്തുതന്നെ ഖുർആൻ ക്രോഡീകരിക്കപ്പെട്ടുവെന്ന് പറയാവുന്നതാണ്. എന്നാൽ, രണ്ടു പുറംചട്ടകൾക്കുള്ളിൽ ഗ്രന്ഥത്തിലെ എല്ലാ അധ്യായങ്ങളും തുന്നിച്ചേർത്തുകൊണ്ട് പുറത്തിറക്കുകയാണ് ക്രോഡീകരണം കൊണ്ടുള്ള വിവക്ഷയെങ്കിൽ ഖുർആൻ മുഹമ്മദി(സ)ന്റെ ജീവിതകാലത്ത് ക്രോഡീകരിക്കപ്പെട്ടിട്ടില്ല എന്നും പറയാവുന്നതാണ്.

പ്രവാചകന്റെ ജീവിതകാലത്തിനിടയിൽ ഖുർആൻ പുസ്തകരൂപത്തിൽ ക്രോഡീകരിക്കുക അസാധ്യമായിരുന്നുവെന്നതാണ് വാസ്തവം. ഖുർആൻ അവതരണത്തിന്റെ ശൈലി ഇങ്ങനെയായിരുന്നു. 'ജിബ്രീൽ വരുന്നു. ഖുർആൻ സൂക്തങ്ങൾ ഓതികേൾപ്പിക്കുന്നു.

അത് ഏത് അധ്യായത്തിൽ എത്രാമത്തെ വാക്യമായി ചേർക്കണമെന്ന് നിർദേശിക്കുന്നു'. വിവിധ സന്ദർഭങ്ങളിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങൾ കാലഗണനയനുസരിച്ചല്ല അധ്യായങ്ങളായി സമാഹരിക്കപ്പെട്ടിരിക്കുന്നത് എന്നതിനാൽ അവസാനത്തെ സൂക്തം കൂടി അവതരിപ്പിച്ചു കഴിഞ്ഞതിനുശേഷമേ അവസാനമായി ഖുർആൻ ക്രോഡീകരിച്ച് ഗ്രന്ഥമാക്കുവാൻ കഴിയുമായിരുന്നുള്ളൂ. പ്രവാചകന്റെ വിയോഗത്തിന് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് അവസാനത്തെ ഖുർആൻ സൂക്തം അവതരിപ്പിക്കപ്പെട്ടത് എന്നാണ് ഹദീഥുകൾ വ്യക്തമാക്കുന്നത്. ഈ ദിവസങ്ങൾക്കിടക്ക് അത് ഗ്രന്ഥരൂപത്തിലാക്കുക പ്രയാസകരമാണെന്ന് പറയേണ്ടതില്ല. ഖുർആൻ പൂർണമായും മനഃപാഠമാക്കിയ ഒട്ടനവധി അനുചരന്മാർ ഉണ്ടായിരുന്നതുകൊണ്ടും തുകൽ ചുരുളുകളിലും ശിലകളിലും പലകകളിലും മറ്റു പല വസ്തുക്കളിലുമായി ഖുർആൻ മുഴുവനായി എഴുതിവെച്ചിരുന്നുവെന്നതുകൊണ്ടും ഖുർആനിനെ സംരക്ഷിക്കുകയെന്നത് പടച്ചവൻ തന്നെ ഒരു ബാധ്യതയായി ഏറ്റെടുത്തതു കൊണ്ടും അതൊരു പുസ്തക രൂപത്തിലാക്കാതിരുന്നത് ഒരു വലിയ പ്രശ്നമായി പ്രവാചകൻ (സ) കരുതിയിരുന്നില്ല എന്നുപറയുന്നതാവും ശരി.

ദൈവികമായ ക്രോഡീകരണം

യഥാർത്ഥത്തിൽ, ഖുർആനിന്റെ അവതരണത്തോടൊപ്പംതന്നെ ഓരോ ആയത്തും ഏത് സൂറത്തിലാണ് ഉൾക്കൊള്ളിക്കേണ്ടതെന്ന് പറഞ്ഞുകൊടുത്തുകൊണ്ടുള്ള ദൈവികമായ ക്രോഡീകരണവും നടന്നിരുന്നു. വിശുദ്ധ ഖുർആൻ അവതരിപ്പിച്ച പടച്ചവൻതന്നെ അതിന്റെ ക്രോഡീകരണം തന്റെ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നുവെന്നതാണ് വാസ്തവം. അല്ലാഹു പറയുന്നു: "തീർച്ചയായും അതിന്റെ (ഖുർആനിന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക" (75:17,18).

മുഹമ്മദി(സ)ന് ഓരോ സൂക്തവും അവതരിപ്പിക്കപ്പെടുമ്പോൾ അത് എത്തിച്ചുകൊടുക്കുന്ന ജിബ്‌രീൽ(അ)തന്നെ അത് ഏത് അധ്യായത്തിൽ എത്രാമത്തെ വാക്യമായി ചേർക്കേണ്ടതാണെന്നു കൂടി അദ്ദേഹത്തെ അറിയിച്ചിരുന്നു. ഖുർആൻ എഴുതിവെക്കുന്നതിനുവേണ്ടി സന്നദ്ധരായ പ്രവാചകാനുചരന്മാർ 'കുത്താബുൽ വഹ്യ്' (ദിവ്യബോധനത്തിന്റെ എഴുത്തുകാർ) എന്നാണ് അറിയപ്പെട്ടിരു

ന്നത്. അൻസാറുകളിൽപെട്ട ഉബയ്യ്ബ്നു കഅ്ബ്, മുആദുബ്നു ജബൽ, സൈദുബ്നുസാബിത്ത്, അബൂസൈദ് (റ) എന്നിവരായിരുന്നു അവരിൽ പ്രധാനികൾ. തുകൽ കഷ്ണങ്ങളിലായിരുന്നു അവർ പ്രധാനമായും ഖുർആൻ എഴുതിവെച്ചിരുന്നത്. പ്രവാചകന്(സ) ഏതെങ്കിലും സൂക്തം അവതരിപ്പിക്കപ്പെട്ടാൽ അദ്ദേഹം ഈ എഴുത്തുകാരെ വിളിക്കും. ജിബ്രീൽ അദ്ദേഹത്തോട് നിർദേശിച്ച ക്രമം അദ്ദേഹം എഴുത്തുകാരോട് പറയും. അഥവാ ഈ സൂക്തങ്ങൾ ഏത് അധ്യായത്തിൽ എത്രാമത്തെ വചനങ്ങളായി ചേർക്കണമെന്നും നിർദേശം നൽകും. ഇതുപ്രകാരം അവർ എഴുതിവെക്കും. ഇതായിരുന്നു രീതി. ഇങ്ങനെ, പ്രവാചക(സ)ന്റെ കാലത്തുതന്നെ –ഖുർആൻ അവതരണത്തോടൊപ്പം തന്നെ– അതിന്റെ ക്രോഡീകരണവും നടന്നിരുന്നുവെന്നതാണ് വാസ്തവം.

ഇവ്വിഷയകമായി നിവേദനം ചെയ്യപ്പെട്ട ഏതാനും ഹദീസുകൾ കാണുക: ഉഥ്മാൻ (റ) പറഞ്ഞു: “ദൈവദൂതന് (സ) ഒരേ അവസരത്തിൽ വിവിധ അധ്യായങ്ങൾ അവതരിക്കാറുണ്ടായിരുന്നു. അങ്ങനെ അവതരിപ്പിക്കപ്പെട്ടാൽ അദ്ദേഹം എഴുത്തുകാരെ വിളിച്ച് ഈ ആയത്തുകൾ ഇന്ന വിഷയം പ്രതിപാദിക്കുന്ന ഇന്ന സൂറത്തിൽ രേഖപ്പെടുത്തുകയെന്ന് കൽപിക്കുമായിരുന്നു” (*സുനനു അബീദാവൂദ്*, കിതാബു സ്വലാത്ത്, ബാബു മൻ ജഹ്റ ബിഹാ, *ജാമിഉത്തിർമിദി*, കിത്താബുത്തഫ്സീർ).

ആഇശ (റ) പറയുന്നു: നബി (സ) ഫാത്വിമ(റ)യോട് പറഞ്ഞു: “എല്ലാ വർഷവും ജിബ്രീൽ ഒരു പ്രാവശ്യം ഖുർആൻ പൂർണമായും ഓതി തന്നിരുന്നു. ഈ വർഷം രണ്ടു പ്രാവശ്യം ജിബ്രീൽ ഖുർആൻ പൂർണമായും ഓതി തന്നു. എന്റെ മരണം സമീപിച്ചതായി ഞാൻ കാണുന്നു.” (*സ്വഹീഹുൽ ബുഖാരി*, കിതാബുൽ ഇസ്തിഅദാൻ, ബാബു മൻ നാജാ ബൈന യദയ്യി ന്നാസി വ മൻ ലം യുഖ് ബിറുബി സിർറി; *സ്വഹീഹ് മുസ്ലിം*, കിതാബ് ഫദാഇലു സ്വഹാബ, ബാബു ഫദാഇലു ഫാത്തിമത്ത് ബിൻത് നബിയ്യി അലൈഹി സ്വലാത്തു വ സ്സലാം)

ആയത്തുകളുടെയും സൂറത്തുകളുടെയും ക്രമം

ഓരോ സൂക്തവും അവതരിപ്പിക്കപ്പെടുമ്പോൾതന്നെ അത് ഏത് സൂറത്തിലെ എത്രാമത്തെ വാക്യമാണെന്ന ദൈവിക നിർദേശമുണ്ടാവുമായിരുന്നു. അത് പ്രകാരം എഴുതിവെക്കാൻ പ്രവാചകൻ (സ)

എഴുത്തുകാരോട് നിർദേശിക്കുന്നു. എല്ലാ വർഷവും ജിബ്‌രീൽ (റ) വന്ന് അതുവരെ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങൾ ക്രമത്തിൽ ഓതി ക്കേൾപ്പിക്കുന്നു. അത് പ്രവാചകൻ (സ) കേൾക്കുന്നു. ശേഷം പ്രവാ ചകൻ ജിബ്‌രീലിനെ ഓതികേൾപ്പിക്കുന്നു. അങ്ങനെ ഖുർആനിന്റെ ക്രമത്തിന്റെ കാര്യത്തിലുള്ള ദൈവിക നിർദേശം പൂർണമായി പാലി ക്കാൻ പ്രവാചകന് (സ) സാധിച്ചിരുന്നു. 'തീർച്ചയായും അതിന്റെ സമാഹരണവും പാരായണവും നമ്മുടെ ബാധ്യതയാകുന്നു" (75:17) വെന്ന ദൈവിക സൂക്തത്തിന്റെ സത്യസന്ധമായ പുലർച്ചയാണ് നമു ക്കിവിടെ കാണാൻ കഴിയുന്നത്.

വ്യത്യസ്ത സാഹചര്യങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന അല്ലാഹു വിന്റെ വചനങ്ങൾ ഖുർആനിലെ ഏത് അധ്യായത്തിൽ എത്രാമത്തെ വചനങ്ങളായാണ് രേഖപ്പെടുത്തേണ്ടതെന്നുകൂടി ദൈവിക ബോധന ത്തിന്റെ അടിസ്ഥാനത്തിൽ നബി (സ) തന്നെ തന്റെ എഴുത്തുകാർ ക്ക് പറഞ്ഞുകൊടുക്കുമായിരുന്നു. സൂറത്തുകളെയും അവയിലെ ആയത്തുകളെയും അവയുടെ സ്ഥാനത്തെയുമെല്ലാം കുറിച്ച് പ്രവാ ചകാനുചരൻമാർക്ക് കൃത്യമായ ബോധ്യമുണ്ടായിരുന്നുവെന്ന് വ്യ ക്തമാക്കുന്ന നിരവധി നിവേദനങ്ങളുണ്ട്. ഓരോ വചനവും അവതരി ക്കപ്പെടുമ്പോൾ തന്റെ അനുയായികളായ ഖുർആൻ എഴുത്തുകാരെ വിളിച്ച് അവ പാരായണം ചെയ്തു കേൾപ്പിക്കുകയും ഏത് അധ്യായ ത്തിൽ എത്രാമത്തെ വചനമായാണ് അത് ചേർക്കേണ്ടതെന്ന് നിർദേ ശം നൽകുകയും ചെയ്തിരുന്നതായി നബി(സ)യുടെ ഖുർആൻ എഴുത്തുകാരിൽ പ്രധാനിയായ സൈദ്ബ്നു ഥാബിത് (റ) വ്യക്തമാ ക്കുന്നുണ്ട്. (*ജാമിഉത്തിർമിദി*, കിതാബു തഫ്സീറിൽ ഖുർആൻ, *സുനനു അബീദാവൂദ്*, കിതാബുസ്സ്വലാത്)

സൂറത്തുകളുടെ പേരുകൾ

ദൈവികബോധനപ്രകാരം ഒരു വിധം എല്ലാ സൂറത്തുകൾക്കും അവയുടെ പേരുകൾ നൽകിയത് നബി(സ)യായിരുന്നുവെന്ന് വ്യ ക്തമാക്കുന്ന നിരവധി തെളിവുകളുണ്ട്. 'ഖുർആൻ സൂറത്തുകൾക്ക് നാമങ്ങളുണ്ട്. നബി(സ)യാണ് അവക്ക് നാമകരണം ചെയ്തത്' എ ന്ന് ഇമാം ത്വബ്‌രി(റ)യും (*തഫ്സീർ ത്വബ്‌രി* 1/100) 'എല്ലാ സൂറത്തുക ളുടെയും നാമങ്ങൾ ഹദീഥുകൾ കൊണ്ടോ അഥറുകൾ കൊണ്ടോ സ്ഥിരപ്പെട്ടതാണ്. ദൈർഘ്യതാ ഭയമില്ലായിരുന്നുവെങ്കിൽ ഞാനതി നെ വിവരിക്കുമായിരുന്നു' എന്ന് ഇമാം സുയൂത്വി(റ)യും (*അൽ ഇ*

ത്ഖാൻ 1/148) വ്യക്തമാക്കിയിട്ടുണ്ട്. സൂറത്തുൽ ഫാതിഹ, അൽ ബഖറ, ആലു ഇംറാൻ, നിസാഅ്, മുൽക്, വാഖിഅഃ, അർറഹ്മാൻ തുടങ്ങിയ നിരവധി സൂറത്തുകളുടെ പേരുകൾ ഹദീഥുകളിൽ തന്നെ പ്രവാചകനിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. നബി(സ)യിൽ നിന്നും നിരവധി സൂറത്തുകളുടെ നാമങ്ങൾ സ്ഥിരപ്പെട്ടിരിക്കെ എല്ലാ അധ്യായനാമങ്ങളും അപ്രകാരമാണെന്നാണ് ഭൂരിപക്ഷം ഗവേഷകരുടെയും അഭിപ്രായം. ചില സൂറത്തുകളെ അതിൽ പരാമർ ശിക്കപ്പെട്ട വചനങ്ങളുമായി ബന്ധപ്പെടുത്തി നാമകരണം ചെയ്തത് സ്വഹാബാക്കളാണെന്ന ന്യൂനപക്ഷത്തിന്റെ അഭിപ്രായം ശരിയല്ല. അങ്ങനെയായിരുന്നുവെങ്കിൽ ഒരേ സൂറത്തിന് തന്നെ നിരവധി പേ രുകളുണ്ടാകുമായിരുന്നു. ഒന്നിലധികം പേരുകൾ വിളിക്കപ്പെട്ട സൂറ ത്തുകളുടെ ഓരോ നാമങ്ങളും നബി (സ) വഹ്യിന്റെ അടിസ്ഥാന ത്തിൽ നല്കിയതാണെന്നതാണ് യാഥാർഥ്യം.

നബി (സ) തന്നെ വഹ്യിന്റെ വെളിച്ചത്തിൽ സൂറത്തുകളും ആയ ത്തുകളും വേർതിരിച്ചിരുന്നു എന്ന യാഥാർഥ്യം ഖുർആനിൽ നിന്നും സ്വീകാര്യമായ ഹദീഥുകളിൽ നിന്നും വ്യക്തമാവുന്നുണ്ട്.

“നാം നമ്മുടെ ദാസന് അവതരിപ്പിച്ചുകൊടുത്തതിനെപറ്റി നിങ്ങ ൾ സംശയാലുക്കളാണെങ്കിൽ സമാനമായ ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക.” (ഖുർആൻ 2:23)

‘നാം അവതരിപ്പിക്കുകയും നിയമമാക്കിവെക്കുകയും ചെയ്തിട്ടു ള്ള ഒരു അധ്യായമാണിത്. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നതി നു വേണ്ടി വ്യക്തമായ ദൃഷ്ടാന്തങ്ങൾ നാം ഇതിൽ അവതരിപ്പിച്ചിരി ക്കുന്നു.” (ഖുർആൻ 24:1)

‘തങ്ങളുടെ മനസ്സുകളിൽ ഉള്ളതിനെപ്പറ്റി അവരെ വിവരമറിയി ക്കുന്ന (ഖുർആനിൽ നിന്നുള്ള) ഏതെങ്കിലും ഒരു അദ്ധ്യായം അവ രുടെ കാര്യത്തിൽ അവതരിപ്പിക്കപ്പെടുമോ എന്ന് കപടവിശ്വാസികൾ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. പറയുക: നിങ്ങൾ പരിഹസിച്ചു കൊള്ളൂ. തീർച്ചയായും നിങ്ങൾ ഭയപ്പെട്ടുകൊണ്ടിരിക്കുന്നത് അല്ലാഹു വെളി യിൽ കൊണ്ടുവരുന്നതാണ്.” (9:64)

“സത്യവിശ്വാസികൾ പറയും: ഒരു സൂറത്ത് അവതരിപ്പിക്കപ്പെടാ ത്തതെന്താണ്? എന്നാൽ ഖണ്ഡിതമായ നിയമങ്ങളുള്ള ഒരു സൂറത്ത് അവതരിപ്പിക്കപ്പെടുകയും അതിൽ യുദ്ധത്തെപ്പറ്റി പ്രസ്താവിക്ക പ്പെടുകയും ചെയ്താൽ ഹൃദയങ്ങളിൽ രോഗമുള്ളവർ, മരണം

ആസന്നമായതിനാൽ ബോധരഹിതനായ ആൾ നോക്കുന്നത് പോലെ നിന്റെ നേർക്ക് നോക്കുന്നതായി കാണാം. എന്നാൽ അവർക്ക് ഏറ്റവും അനുയോജ്യമായത് തന്നെയാണത്." (47:20)

നബി (സ) പറയുന്നു: "സൂറത്തുൽ കഹ്ഫിലെ ആദ്യത്തെ പത്തായത്തുകൾ ഒരാൾ മനഃപാഠമാക്കിയാൽ ദജ്ജാലിൽ നിന്നും സംരക്ഷിക്കപ്പെടുന്നതാണ്." (*സ്വഹീഹ് മുസ്‌ലിം*, കിതാബു സ്വലാത്തിൽ മുസാഫിരീന വ ഖസറിഹാ, ബാബു സ്വലാത്തിൽ മുസാഫിരീന വാ ഖസറിഹാ)

നബി (സ) പറയുന്നു: "ഖുർആനിൽ മുപ്പത് ആയത്തുകളുള്ള ഒരു സൂറത്തുണ്ട്. പാപങ്ങൾ മാപ്പാക്കപ്പെടുവോളം അതിന്റെ ആളുകൾക്കായി അത് ശുപാർശ ചെയ്യുന്നതാണ്. അത് തബാറകല്ലദീ ബിയദിഹിൽ മുൽഖാണ്. (*ജാമിഉത്തിർമിദി*, കിതാബു ഫദാഇലിൽ ഖുർആൻ; *സുനനു അബൂദാവൂദ്*, കിതാബു ശഹറു റമദാൻ, ബാബു ഫീ അദദിൽ ആയഃ, ഹസനാണെന്ന് ശൈഖ് അൽബാനി പറഞ്ഞിട്ടുണ്ട്.)

പല സൂറത്തുകളുടെയും പേരും മഹത്വവും അത് പാരായണം ചെയ്യാനുള്ള പ്രത്യേക കൽപനകളുമെല്ലാം പ്രവാചകനിൽ നിന്ന് സ്വീകാര്യമായ ഹദീഥുകളിലൂടെ നിവേദനം ചെയ്തിട്ടുണ്ട്. പ്രവാചകകാലത്ത് തന്നെ സൂറത്തുകളും ആയത്തുകളും നിർണയിക്കപ്പെട്ടതാണ് എന്ന് ഈ രേഖകളെല്ലാം സമർത്ഥിക്കുന്നു.

ഖുർആനിലെ പതിനാറാമത്തെ അധ്യായമായ സൂറത്തുന്നഹ്‌ലിലെ തൊണ്ണൂറാമത്തെ വചനം പാരായണം ചെയ്തുകൊണ്ട് 'ജിബ്‌രീൽ ഇപ്പോൾ എന്റെയടുക്കൽ വന്ന് ഈ വചനം സൂറത്തുന്നഹ്‌ലിൽ തൊണ്ണൂറാം സൂക്തമായി ചേർക്കണ'മെന്നു നിർദേശിച്ചതായി അപ്പോൾ പ്രവാചകനോടൊപ്പമുണ്ടായിരുന്ന ഉഥ്മാനുബ്നു അബിൽ ആസ്വിനോട് പറഞ്ഞതായി അഹ്മദ് നിവേദനം ചെയ്യുന്ന ഹദീഥ് (ഈ ഹദീഥ് ഹസനാണെന്ന് ഇമാം ഹൈഥമി(റ) പറഞ്ഞിട്ടുണ്ട്) ഓരോ സൂക്തങ്ങളും എവിടെ ചേർക്കണമെന്ന ദൈവിക നിർദേശമുണ്ടായിരുന്നുവെന്ന വസ്തുത വെളിപ്പെടുത്തുന്നതാണ്. 'സൂറത്തുന്നിസാഇലെ അവസാനത്തെ വചനങ്ങൾ താങ്കൾക്ക് മതിയാവുന്നതാണ്' എന്ന് ഉമറി(റ)നോട് പ്രവാചകൻ (സ) പറഞ്ഞതിൽനിന്നും (*സ്വഹീഹു മുസ്‌ലിം*, കിതാബുൽ ഫറാഇദ്) "സൂറത്തുൽ ബക്വറഃയിലെ അവസാനത്തെ രണ്ടു വചനങ്ങൾ രാത്രിയിൽ പാരായണം ചെയ്യുന്നവർക്ക് അത് മതിയാകുന്നതാണ്' എന്ന അബൂ മസ്ഊദ് അൽ

ബദ്രി (റ) നിവേദനം ചെയ്ത നബിവചനത്തിൽ നിന്നും (*സ്വഹീഹു ൽ ബുഖാരി*, കിതാബു ഫദാഇലിൽ ഖുർആൻ) എന്റെ അമ്മായി യായ മൈമൂന(റ)യുടെ വീട്ടിൽ താമസിക്കുമ്പോൾ പ്രവാചകൻ (സ) രാത്രി ഉറക്കത്തിൽ നിന്നെണീറ്റ് സൂറത്തു ആലുഇംറാനിലെ അവ സാനത്തെ പത്തു വചനങ്ങൾ പാരായണം ചെയ്യുന്നതായി ഞാൻ കേട്ടുവെന്ന ഇബ്നു അബ്ബാസിന്റെ അനുഭവവിവരണത്തിൽ നിന്നും (*സ്വഹീഹു മുസ്ലിം*, കിതാബുൽ വിദ്വൂഅ്, *സ്വഹീഹു മുസ്ലിം*, കി താബുൽ മുസാഫിരീൻ) വ്യക്തമാവുന്നത് ഏതെല്ലാം അധ്യായങ്ങ ളിൽ എത്രാമത്തെ സൂക്തമാണ് ഓരോ ഖുർആൻ സൂക്തങ്ങളുമെന്ന് സ്വഹാബിമാർക്കെല്ലാം കൃത്യമായി അറിയാമായിരുന്നുവെന്നാണ്.

ക്രോഡീകൃതരൂപത്തിലുള്ള മനഃപാഠമാക്കൽ

ഖുർആനിന്റെ പ്രധാനപ്പെട്ട സംരക്ഷണം മനഃപ്പാഠമാക്കലിലൂടെ യായിരുന്നുവെന്നതിനാൽ തന്നെ ക്രോഡീകരണവും ആ രൂപത്തിൽ തന്നെയായിരുന്നു. മനഃപാഠമാക്കുവാൻ നബി (സ) പ്രേരിപ്പിക്കുകയും ആയിരങ്ങൾ പൂർണമായോ ഭാഗികമായോ നബി(സ)യുടെ കാലഘ ട്ടത്തിൽ തന്നെ മനഃപ്പാഠമാക്കുകയും ചെയ്തിരുന്നു. ഈ മനഃപാഠമാ ക്കൽ നബി (സ) പഠിപ്പിച്ച ക്രമത്തിലും രീതിയിലുമായിരുന്നു. നമസ് കാരത്തിൽ പാരായണം ചെയ്യേണ്ടതായ സൂക്തങ്ങൾ മനഃപാഠമാക്കൽ ഓരോരുത്തർക്കും നിർബന്ധമായിരുന്നു. "അതിനാൽ സൗകര്യമായ അളവിൽ ഖുർആൻ പാരായണം (നമസ്കാരത്തിൽ) ചെയ്യുക" എന്ന ഇസ്ലാമിന്റെ ആദ്യകാലത്ത് അവതരിച്ച ഖുർആൻ വചനം (73:20) തന്നെ മനഃപാഠമാക്കലിന്റെ പ്രാധാന്യം പഠിപ്പിക്കുന്നതാണ്. "എഴു ന്നേറ്റ് രാത്രിയിൽ കുറഞ്ഞ സമയമൊഴികെ നിശാ നമസ്കരിക്കുക അഥവാ രാവിന്റെ പകുതി അല്ലെങ്കിൽ അൽപം കൂട്ടുകയോ കുറയ് ക്കുകയോ ചെയ്യുക. സാവകാശം ഖുർആൻ പാരായണം ചെയ്യുക" (ഖുർആൻ 73:1-3)യെന്ന ദൈവികനിർദേശം പാലിച്ച് കൊണ്ട് രാത്രി നമസ്കാരം നിർവഹിച്ചിരുന്ന നബിയും വലിയൊരു സംഘം പ്രവാച കാനുചരന്മാരും സ്വാഭാവികമായും ഖുർആൻ മനഃപാഠമാക്കിയിരി ക്കണം."താങ്കളും ഒരു സംഘം അനുയായികളും രാവിന്റെ മൂന്നിൽ രണ്ടു ഭാഗവും ചിലപ്പോൾ പകുതിയും ചിലപ്പോൾ മൂന്നിൽ ഒരു ഭാഗവും നമസ്കരിക്കാറുണ്ട് എന്ന് താങ്കളുടെ രക്ഷിതാവ് അറിയുക തന്നെ ചെയ്യുന്നു"വെന്നാണ് അവരെപ്പറ്റി ഖുർആൻ (73:20) പ്രസ് താവിക്കുന്നത്. രാത്രിനമസ്കാരത്തിൽ മാത്രമല്ല, നിർബന്ധവും

ഐച്ഛികവുമായ മറ്റു നമസ്കാരങ്ങളിലും ഖുർആൻ പാരായണം ചെയ്യൽ നിർബന്ധമായതുകൊണ്ട് തന്നെ അന്ന് ജീവിച്ചിരുന്ന മുസ്ലിംകളെല്ലാം സ്വാഭാവികമായും പരമാവധി ഖുർആൻ മനഃപാഠമാക്കിയിട്ടുണ്ടായിരുന്നിരിക്കണമെന്ന് മനസ്സിലാക്കാവുന്നതാണ്.

പ്രവാചകകാലത്ത് അവതരിക്കപ്പെട്ട ഖുർആൻ പൂർണമായും മനഃപാഠമാക്കിയുരുന്ന നിരവധി പേർ ജീവിച്ചിരുന്നുവെന്ന് വ്യക്തമാക്കുന്ന നിരവധി നിവേദനങ്ങളുണ്ട്. അവരെല്ലാം മനഃപാഠമാക്കിയത് പ്രവാചകൻ (സ) പഠിപ്പിച്ച ക്രമത്തിലായിരുന്നു. പാരായണക്കാരുടെ മനസ്സുകളിലുണ്ടായിരുന്ന ഖുർആൻ ക്രോഡീകരിക്കപ്പെട്ട രൂപത്തിലായിരുന്നുവെന്ന് സാരം.

ഇബ്നു അംറ് (റ) പറയുന്നു: ഞാൻ ഖുർആൻ പൂർണമായും ശേഖരിച്ച് എല്ലാ രാത്രിയിലും അത് മുഴുവൻ പാരായണം ചെയ്തിരുന്നു. ഈ വിവരം നബി(സ)ക്ക് ലഭിച്ചു. അദ്ദേഹം പറഞ്ഞു: നീ എല്ലാ മാസവും ഒരു പ്രാവശ്യം പൂർണമായി ഓതുക. (ഇബ്നു മാജ 1114, അഹ്മദ് 6873, നസാഈ 8064. ഈ ഹദീഥ് സ്വഹീഹാണെന്ന് ശൈഖ് അൽബാനി *സ്വഹീഹ് ഇബ്നു മാജ* 1114 യിൽ പറഞ്ഞിട്ടുണ്ട്.)

ഉബാദ (റ) പറയുന്നു: നബി(സ)യുടെ സമീപം ഒരാൾ പാലായനം ചെയ്തു വന്നാൽ അയാൾക്ക് ഖുർആൻ പഠിപ്പിക്കാനായി ഞങ്ങളിൽ ഒരാളെ അദ്ദേഹം ചുമതലപ്പെടുത്തിയിരുന്നു. (*മുസ്നദ് അഹ്മദ്* ഹദീഥ് നമ്പർ 22260, ത്വബ്റാനി, ബൈഹഖി, ഹാകിം. ഈ ഹദീഥ് സ്വഹീഹാണെന്ന് ഇമാം ദഹബി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് *മുസ്തദറക്* 1/41)

അനസ് (റ) പറയുന്നു: നബി(സ)യുടെ കാലഘട്ടത്തിൽ നാല് പേർ ഖുർആൻ പൂർണമായി മനഃപ്പാഠമാക്കിയിരുന്നു. അവരെല്ലാം അൻസ്വാരികളായിരുന്നു. അവർ ഉബയ്യ്, മുആദ് ബിൻ ജബൽ, അബൂ സൈദ്, സൈദ് ബിൻ സാബിത് (റ) എന്നിവരാണവർ. (*സ്വഹീഹുൽ ബുഖാരി*, കിതാബ് മനാഖിബിൽ അൻസ്വാർ, ബാബ് മനാഖിബിൽ അൻസ്വാർ *സ്വഹീഹ് മുസ്ലിം* കിതാബി ഫദാഇലി സ്സ്വഹാബ (റ), ബാബി മിൻ ഫദാഇലി ഉബയ്യു ബ്നു കഅബ് വ ജമാഅത്തിഹി മിനൽ അൻസ്വാർ; *മുസ്നദ് അഹ്മദ്* 13441)

രേഖകളിലുള്ള ക്രോഡീകരണം

മനഃപാഠമാക്കുകയും അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തതോടൊപ്പം തന്നെ അവതരിക്കപ്പെടുന്ന സൂക്തങ്ങൾ രേഖപ്പെടുത്തി

വെക്കാനും നബി(സ)യുടെ നിർദേശമുണ്ടായിരുന്നു. പ്രസ്തുത നിർദേശം വെറുതെ ആ ആയത്തുകൾ എവിടെയെങ്കിലും എഴുതിവെക്കാനായിരുന്നില്ല; മറിച്ച് ഏത് സൂറത്തിൽ എത്രാമത്തെ ആയത്തായാണ് അത് രേഖപ്പെടുത്തേണ്ടത് എന്ന് കൂടി പ്രവാചകൻ (സ) പറഞ്ഞു കൊടുക്കുമായിരുന്നു. നബിവിയോഗത്തിനുമുമ്പ് പല സ്ഥലങ്ങളിലായിട്ടാണ് ഖുർആൻ പൂർണമായി എഴുതപ്പെട്ടിരുന്നതെങ്കിലും അവയിലെല്ലാം നബി (സ) പറഞ്ഞ സൂറത്തുകളുടെയും ആയത്തുകളുടെയും ക്രമം പാലിച്ചിരുന്നു. ഖുർആനിൽ തന്നെ ആലേഖനം ചെയ്യപ്പെട്ട ഗ്രന്ഥമായാണ് ഖുർആനിനെ പരിചയപ്പെടുത്തുന്നത് എന്നതിൽ നിന്ന് അങ്ങനെയുള്ള രേഖകൾ മുഹമ്മദ് നബി(സ)യുടെ കാലത്ത് തന്നെ സുലഭമായിരുന്നുവെന്ന് വ്യക്തമാവുന്നുണ്ട്. "അല്ലാഹുവിങ്കൽ നിന്നുള്ള ദൂതൻ വക്രതയില്ലാത്ത സന്ദേശങ്ങൾ അടങ്ങിയ പരിശുദ്ധ ഏടുകൾ പാരായണം ചെയ്യുന്നു"(ഖുർആൻ 98:2-3)വെന്ന വചനത്തിൽ നിന്ന് പ്രവാചകകാലത്ത് തന്നെ ഖുർആൻ ഏടുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാവുന്നുണ്ട്.

ഒരു സൂക്തം അവതരിപ്പിക്കപ്പെട്ടാൽ വഹ്യ് എഴുത്തുകാരെ വിളിച്ച് പ്രവാചകൻ അക്കാര്യം അറിയിക്കുകയും അത് ഇന്ന സൂറത്തിൽ എത്രാമത്തെ വചങ്ങളായി എഴുതിവെക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്യാറുണ്ടായിരുന്നതായി വ്യക്തമാക്കുന്ന നിവേദനങ്ങളുണ്ട്. ഇബ്നു അബ്ബാസ് (റ) പറയുന്നു: 'നബി(സ)ക്ക് ഒരു സൂറത്ത് അവതരിക്കുമ്പോൾ ചില എഴുത്തുകാരെ വിളിച്ച് ഈ സൂറത്തിനെ ഈ വിഷയം പ്രതിപാദിക്കുന്ന ഭാഗത്ത് വെക്കുക' എന്നു പ്രവാചകൻ കൽപിക്കുമായിരുന്നു. (*ജാമിഉത്തിർമിദി* 3086, സ്വഹീഹാണെന്ന് ഇമാം തിർമിദി വ്യക്തമാക്കി)

ഓരോ ഖുർആൻ വചനങ്ങളും അവതരിപ്പിക്കപ്പെടുമ്പോൾ ഓരോ ആയത്തുകളെയും ഏതേത് സൂറത്തുകളിലാണ് വെക്കേണ്ടതെന്ന് നബി (സ) എഴുത്തുകാരോട് പറഞ്ഞിരുന്നു. (അബൂദാവൂദ് 786)

ഇതിനു സമാനമായ ഉദ്ധരണികൾ *മുസ്നദ് അഹ്മദ്* (401), ഇബ്നു ഹിബ്ബാൻ (43), *മുസ്തദ്റക് ഹാകിം* (280), *സുനനു ന്നസാഇൗ* (7694), *സുനനു ബൈഹഖി* (766), ബസാർ (349), *ഔസത്* ത്വബ്റാനി (7638) ത്വഹാവീ *മആനിൽ ആസാർ* (735) ഇബ്നു അബീ ദാവൂദ് *അൽ മസാഹിഫ്* (8) മുതലായ ഹദീഥ് കൃതികളിൽ കാണാം.

ഉസ്മാൻ (റ) പറഞ്ഞതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നത് ഇങ്ങ

നെയാണ്: നബി(സ)യുടെ മേൽ നിശ്ചിത ആയത്തുകൾ ഉള്ള സൂറത്തുകൾ അവതരിക്കാറുണ്ടായിരുന്നു. ഒരു ആയത്ത് അവതരിക്കുമ്പോൾ ചില എഴുത്തുകാരെ വിളിച്ച് നബി(സ) ഇങ്ങനെ പറയും: ഈ ആയത്തിനെ ഇന്ന വിഷയം പരാമർശിക്കുന്ന സൂറത്തിൽ എഴുതി ചേർക്കുക. (അഹ്മദ് 501). ഇങ്ങനെ വ്യത്യസ്ത ഭാഗങ്ങളിലായി നബി(സ)യുടെ കാലഘട്ടത്തിൽ തന്നെ ഖുർആൻ പൂർണമായി എഴുതപ്പെട്ടിരുന്നു. (*അൽ ഇത്ഖൻ* 1/208)

ബറാഅ് (റ) പറയുന്നു: സൂറഃ നിസാഇലെ 95-ാം ആയത്ത് അവതരിച്ചപ്പോൾ നബി (സ) പറഞ്ഞു: നീ സൈദി(റ)നെ എന്റെയടുത്തേക്ക് വിളിക്കുക. അദ്ദേഹം പലകയും മഷിക്കുപ്പിയും കൊണ്ട് വരട്ടെ. ശേഷം സൈദിനോടായി നബി (സ) പറഞ്ഞു. 'നീ എഴുതുക'. (*സ്വഹീഹുൽ ബുഖാരി*, കിതാബ് ഫദാഇലിൽ ഖുർആൻ, ബാബു നുസൂലുൽ വഹ്‌യി വ അവ്വ ലു മാ നസല)

നബി(സ)യുടെ മരണത്തിനുമുമ്പ് തന്നെ ഖുർആൻ പൂർത്തീകരിക്കപ്പെടുകയും പാരായണം ദുർബലപ്പെടുത്തപ്പെട്ട സൂറത്തുകളെയും ആയത്തുകളെയുമെല്ലാം ഒഴിവാക്കി ശരിയായ ക്രമീകരണത്തിൽ ഇന്നു നിലവിലുള്ള ഖുർആൻ പോലെ അനുചരന്മാർക്ക് കൈമാറുകയും ചെയ്തിരിന്നുവെന്ന് ഹദീഥുകളിൽ നിന്ന് മനസ്സിലാവുന്നുണ്ട്.

ആഇശ (റ) പറയുന്നു: നബി (സ) ഫാത്വിമ(റ)യോട് പറഞ്ഞു: എല്ലാ വർഷവും ജിബ്‌രീൽ ഒരു പ്രാവശ്യം ഖുർആൻ പൂർണമായും ഓതി തന്നിരുന്നു. ഈ വർഷം രണ്ടു പ്രാവശ്യം ജിബ്‌രീൽ ഖുർആൻ പൂർണമായും ഓതി തന്നു. എന്റെ മരണം സമീപിച്ചതായി ഞാൻ കാണുന്നു. (*സ്വഹീഹുൽ ബുഖാരി*, കിതാബുൽ ഇസ്തിഅദാൻ, ബാബു മൻ നാജാ ബൈന യദയ്യി ന്നാസി വ മൻ ലം യൂഖ് ബിറു ബി സിർറി; *സ്വഹീഹ് മുസ്‌ലിം*, കിതാബ് ഫദാഇലു സ്വഹാബ, ബാബു ഫദാഇലു ഫാത്തിമത്ത് ബിൻത് നബിയയി അലൈഹി സ്വലാത്തു വ സ്സലാം)

നബി (സ) മരണപ്പെടുന്നതിന് ആറു മാസം മുമ്പ് ഖുർആൻ സമ്പൂർണമായി ജിബ്‌രീൽ (അ) ഓതിക്കൊടുക്കുകയും അതിനെ സ്വഹാബത്തിനു പഠിപ്പിച്ചു കൊടുക്കുകയും പല ഭാഗങ്ങളിലായി അതെല്ലാം രേഖപ്പെടുത്തപ്പെടുകയും ചെയ്തതിന് ശേഷമാണ് നബി (സ) ഇഹലോകവാസം വെടിഞ്ഞത് എന്ന യാഥാർഥ്യമാണ് ഈ ഹദീഥ് വെളിപ്പെടുത്തുന്നത്.

9. അബൂബക്കറിന്റെ ക്രോഡീകരണം

മുഹമ്മദ് നബി(സ)യുടെ പിൻഗാമിയായി ഇസ്ലാമിക സമൂഹ ത്തിന്റെ നേതൃത്വമേറ്റെടുത്ത അബൂബക്കറിന്റെ(റ) ഭരണകാലത്ത് തന്നെ വ്യത്യസ്തങ്ങളായ രേഖകളിൽ എഴുതി സൂക്ഷിച്ചിരുന്ന ഖുർആൻ വചനങ്ങളെല്ലാം ശേഖരിച്ച് രണ്ട് ചട്ടകൾക്കുള്ളിലാക്കി പുസ്തകരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ മനഃപാ ഠമുള്ള നിരവധി പേർ ജീവിച്ചിരിക്കുകയും എഴുതപ്പെട്ട രേഖകൾ പലരിലായി അവശേഷിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് നബി (സ) ഇഹലോകവാസം വെടിയുന്നത്. മരണത്തിന് ഏതാനും ദിവസ ങ്ങൾക്കു മുമ്പ് വരെ ദിവ്യബോധനങ്ങൾ ലഭിച്ചുകൊണ്ടിരുന്നുവെന്ന് അനസു ബ്നു മാലിക്(റ) നിവേദനം ചെയ്ത *സ്വഹീഹുൽ ബുഖാരി* യിൽ കിതാബു ഫദാഇലിലുള്ള ഹദീഥിലുണ്ട്. ഖുർആനിന്റെ പൂർ ത്തീകരണത്തിന് ശേഷം മാത്രം ചെയ്യേണ്ട പുസ്തക രൂപത്തിലുള്ള ക്രോഡീകരണം നിർവഹിക്കുവാൻ നബി(സ)യുടെ ജീവിതകാലത്ത് കഴിയുമായിരുന്നില്ല എന്നാണിത് വ്യക്തമാക്കുന്നത്. എന്നാൽ പ്രവാ ചക നിർദേശപ്രകാരം മനഃപാഠമാക്കിയവർക്ക്, രണ്ട് ചട്ടകൾക്കുള്ളി ലെന്നത് പോലെത്തന്നെ, ഖുർആൻ തുടക്കം മുതൽ ഒടുക്കം വരെ പൂർണമായി അറിയാമായിരുന്നു. നിലവിലുള്ള രേഖകൾ ശേഖരിച്ച്

ഖുർആൻ ഗ്രന്ഥരൂപത്തിലാക്കിയത് അത്തരക്കാരിലൂടെയായതിനാൽ തന്നെ പ്രവാചകൻ (സ) പഠിപ്പിച്ച അതേ രൂപത്തിലും ക്രമത്തിലുമുള്ള ഖുർആനാണ് പിൻതലമുറക്ക് ലഭിച്ചത്.

അബൂബക്കറിന്റെ(റ) ഭരണകാലത്തെ പുസ്തകരൂപത്തിലുള്ള ഖുർആനിന്റെ ക്രോഡീകരണത്തിന് നേതൃത്വം നൽകിയത് പ്രമുഖ പ്രവാചകാനുചരനായ സൈദ് ബിൻ ഥാബിത്ത് (റ) ആയിരുന്നു. യമാമ യുദ്ധത്തിൽ വെച്ച് ഖുർആൻ മനഃപാഠമാക്കിയിട്ടുള്ള നിരവധി പേർ കൊല്ലപ്പെട്ടപ്പോൾ 'ഇനിയും ഉണ്ടാകാനിരിക്കുന്ന യുദ്ധങ്ങളിൽ ഖുർആൻ അറിയാവുന്നവർ മരണപ്പെട്ടാൽ, അതുവഴി ഖുർആൻ നഷ്ടപ്പെട്ടു പോകുമോയെന്ന് ഞാൻ ഭയപ്പെടുന്നു'വെന്ന ഉമറ്ബ്നുൽ ഖത്താബിന്റെ(റ) ആശങ്കയാണ് അബൂബക്കറിനെ(റ) ഖുർആനിന്റെ ഗ്രന്ഥരൂപത്തിലുള്ള ക്രോഡീകരണത്തെപ്പറ്റി ചിന്തിപ്പിച്ചത്. അവർ രണ്ട് പേരും കൂടി പ്രവാചകന്റെ ഖുർആൻ എഴുത്തുകാരിലൊരാളും സ്വഹാബീപ്രമുഖനുമായ സൈദ് ബിൻ ഥാബിതിനെ(റ) ആ ചുമതലയേൽപ്പിക്കുകയും അദ്ദേഹം ഈത്തപ്പനയോലകളിലും ശുഭ്രശിലകളിലുമുള്ള കയ്യെഴുത്ത് രേഖകളിൽ നിന്നും മനഃപാഠമുള്ളവരിൽ നിന്നുമായി ഖുർആൻ ആയത്തുകൾ ശേഖരിക്കുകയും രണ്ട് ചട്ടകൾക്കിടയിലുള്ള ഒരു ഗ്രന്ഥമായി അവ എഴുതി രേഖപ്പെടുത്തുകയും ചെയ്തു. അങ്ങനെ പൂർത്തീകരിക്കപ്പെട്ട ഖുർആനിന്റെ കയ്യെഴുത്ത് രേഖ തന്റെ മരണം വരെ അബൂബക്കറിന്റെ(റ) കൈവശമാണുണ്ടായിരുന്നതെന്നും അതിനുശേഷം തന്റെ മരണം വരെ ഉമറിന്റെ(റ) കൈവശവും അതിനു ശേഷം അദ്ദേഹത്തിന്റെ മകളായ (പ്രവാചകപത്നി) ഹഫ്സയുടെ കൈവശവുമാണ് അത് ഉണ്ടായിരുന്നതെന്നും സൈദ് ബിൻ ഥാബിത്തിൽ നിന്ന് തന്നെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

സൈദ് ബിൻ ഥാബിത് (റ) പറയുന്നു: യമാമ യുദ്ധത്തിൽ ഖുർആൻ മനഃപ്പാഠമാക്കിയ നിരവധി സ്വഹാബാക്കൾ മരണപ്പെട്ടത് കാരണമായി അബൂബക്കർ (റ) എന്റെയടുത്തേക്ക് ഒരു ദൂതനെ പറഞ്ഞയച്ചു. ഞാൻ അദ്ദേഹത്തിനടുത്തെത്തിയപ്പോൾ ഉമർ (റ) ഉണ്ടായിരുന്നു. അബൂബക്കർ (റ) പറഞ്ഞു: "ഉമർ (റ) എന്നോട് പറയുന്നു, യമാമ യുദ്ധത്തിൽ ഖുർആൻ മനഃപ്പാഠമാക്കിയ നിരവധി സ്വഹാബാക്കൾ വധിക്കപ്പെട്ടു. മറ്റു യുദ്ധങ്ങളിൽ ഇനിയും വധിക്കപ്പെടാനുള്ള സാധ്യതയുണ്ട്. എന്നാൽ ഖുർആനിന്റെ വലിയൊരു ഭാഗം നഷ്ടമാ

യേക്കാം. അതുകൊണ്ട് ഖുർആൻ ഒരുമിച്ച് കൂട്ടുന്നതിനായി താങ്കൾ കൽപന നൽകണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എങ്ങനെ നബി (സ) ചെയ്യാത്ത ഒരു കാര്യം ഞാൻ ചെയ്യാനാണ്. അപ്പോൾ ഉമർ (റ) പറഞ്ഞു: ഇത് അല്ലാഹുവിൽ സത്യമായും ഉത്തമ കാര്യമാണ്. അങ്ങനെ ഉമർ (റ) എന്നോട് ഈ ആവശ്യം ഉന്നയിച്ചുകൊണ്ടേയിരുന്നു. അങ്ങനെ അല്ലാഹു അതിനായി എന്റെ മനസ്സിനെ വിശാലപ്പെടുത്തി. ഉമറിന്റെ(റ) വീക്ഷണം ശരിയാണെന്ന് ഞാൻ കാണുന്നു."

സൈദു ബ്നു ഥാബിത് (റ) പറയുന്നു: "അബൂബക്കർ (റ) എന്നോട് പറഞ്ഞു. നീ ബുദ്ധിമാനായ യുവാവാണ്. നിന്നെ ഞങ്ങൾ തെറ്റിദ്ധരിക്കുകയില്ല. നീ നബി(സ)ക്കായി ദിവ്യസന്ദേശങ്ങൾ എഴുതിയിരുന്നു. ആയതിനാൽ ഖുർആൻ രേഖകൾ അന്വേഷിച്ചു കണ്ടെത്തി ഒരുമിച്ചു കൂട്ടുക. "അല്ലാഹുവാണെ! ഒരു മല നീക്കിവെക്കാൻ എന്നോട് അദ്ദേഹം കൽപിച്ചിരുന്നുവെങ്കിൽ അദ്ദേഹം കൽപിച്ച ഈ കാര്യത്തേക്കാൾ ഭാരമാകുമായിരുന്നില്ല. ഞാൻ ചോദിച്ചു. നബി (സ) ചെയ്യാത്ത ഒരു കാര്യം നിങ്ങൾ എങ്ങനെ ചെയ്യാനാണ്? അപ്പോൾ അബൂബക്കർ (റ) എന്റെ മനസ്സ് വിശാലമാക്കുന്നവിധം അതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഉണർത്തിക്കൊണ്ടിരുന്നു. ഞാൻ അന്വേഷണം ആരംഭിച്ചു. പനയോലകൾ, മിനുസമായ പരന്ന കല്ലുകൾ, മനഃപ്പാഠമായുള്ളവരുടെ ഹൃദയങ്ങൾ എന്നിവയിൽ നിന്നും അതിനെ ഒരുമിച്ചു കൂട്ടി. സൂറഃ തൗബയിലെ അവസാനത്തെ രണ്ടു ആയത്തുകൾ അബൂ ഖുസൈമതിൽ അൻസാരി (റ) എന്ന സ്വഹാബിയിൽ നിന്നു മാത്രമാണ് ലഭിച്ചത്. ആ ഏട് മരണം വരെ അബൂബക്കറിന്റെ(റ) കൈവശമായിരുന്നു. ശേഷം ജീവിതകാലം ഉമറിന്റെ (റ) കരങ്ങളിലും പിന്നീട് പുത്രി ഹഫ്സ(റ)യുടെ കരങ്ങളിലുമായിരുന്നു. (*സ്വഹീഹുൽ ബുഖാരി*, കിതാബുൽ അഹ്കാം, ബാബു യൂസ്തഹബ്ബ് ലിൽ കാത്തിബി അൻ യക്കൂന അമീനൻ ആഖിലൻ; *ജാമി ഉത്തിർമിദി*, കിതാബു ത്തഫ്സീർ)

ഖുർആൻ പൂർണമായി ഒരൊറ്റ ഗ്രൻഥത്തിലായി ക്രോഡീകരിച്ചത് അബൂബക്കർ (റ) ആണെന്ന് പ്രമുഖരായ സ്വഹാബിമാരെല്ലാം സാക്ഷ്യം വഹിച്ചിട്ടുണ്ട്. അലി (റ) പറഞ്ഞു: "മുസ്ഹഫിന്റെ വിഷയത്തിൽ ഏറ്റവും ഉത്തമമായ പ്രതിഫലം അബൂബക്കറി(റ)നാണ്. അല്ലാഹുവിന്റെ കാരുണ്യം അബൂബക്കറിന്(റ) ഉണ്ടാകട്ടെ. കാരണം

അല്ലാഹുവിന്റെ ഗ്രന്ഥം ആദ്യമായി സമാഹരിച്ചത് അദ്ദേഹമാണ്." (ഇബ്നു അബീ ദാവൂദ് പേജ് 153)

അലി (റ) പറഞ്ഞു: "അല്ലാഹു അബൂബക്കറി(റ)ന് കരുണ ചെയ്യട്ടെ. കാരണം അദ്ദേഹമാണ് രണ്ടു ചട്ടകൾക്കുള്ളിലായി ഖുർആനിനെ സമാഹരിച്ചത്." (ഇബ്നു അബീദാവൂദ്, ഇബ്നു അബീ ശൈഖ 6/148, ഇബ്നു സഅദ്: *ത്വബഖാത്ത്* 3/193. ഈ ഹദീഥ് സ്വഹീഹാണെന്ന് ഇമാം സുയൂത്വി പറഞ്ഞിട്ടുണ്ട്.)

സൈദിന്റെ(റ) ക്രോഡീകരണരീതി

ഭരണാധികാരിയായിരുന്ന അബൂബക്കറിന്റെ(റ) നിർദേശം സൈദ് ബ്നു ഥാബിത് (റ) ശിരസ്സാവഹിക്കുകയും മലയെ അതിന്റെ സ്ഥാനത്ത് നിന്ന് നീക്കുന്നതിനേക്കാൾ പ്രയാസകരമെന്ന് അദ്ദേഹം തന്നെ വിശേഷിപ്പിച്ച പ്രസ്തുത ദൗത്യം ഉത്തരവാദിത്തത്തോടെ നിർവഹിക്കുകയും ചെയ്തു. ഖുർആൻ രണ്ട് ചട്ടകൾക്കുള്ളിലായി ക്രോഡീകരിക്കുകയെന്ന ശ്രമകരമായ ദൗത്യം നിർവഹിക്കുന്നതിനുള്ള മാർഗരേഖ അബൂബക്കർ (റ) തന്നെ സൈദിന് നൽകിയിരുന്നു. അത് ഇങ്ങനെയാണ്: "നിങ്ങൾ പള്ളിയുടെ വാതിൽക്കൽ ഇരിക്കുക. അല്ലാഹുവിന്റെ കിതാബിൽ നിന്നും രണ്ടു സാക്ഷികളുമായി വന്നവനിൽ നിന്നും രേഖപ്പെടുത്തുക." (ഇബ്നു അബീദാവൂദ് 23/157 പരമ്പര മുറിഞ്ഞതാണ് (മുൻഖതിഅ) ഈ നിവേദനമെങ്കിലും ശേഷിക്കുന്ന പരമ്പര ഹസനായാതിനാൽ സ്വീകാര്യമാണെന്ന് എന്ന് ഇമാം ഇബ്നു ഹജറും (*ഫത്ഹുൽ ബാരി* 9/14,) ഇമാം ഇബ്നു കഥീറും (*ഫദാഇലുൽ ഖുർആൻ* പേജ് 27) അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ നിവേദനത്തിൽ പറഞ്ഞിരിക്കുന്ന രണ്ടു സാക്ഷികൾ കൊണ്ട് എന്താണ് വിവക്ഷിക്കപ്പെട്ടിട്ടുള്ളത് എന്ന കാര്യത്തിൽ പണ്ഡിതന്മാർ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഹാഫിസ് ഇബ്നു ഹജർ (റ) പറയുന്നു: അത് മനഃപാഠമാക്കലും എഴുതി വെക്കലുമാണ്. അല്ലെങ്കിൽ നബി(സ)യുടെ മുന്നിൽവെച്ച് എഴുതപ്പെട്ടതിന് രണ്ടുപേർ സാക്ഷി നിൽക്കലാണ്. കേവലം മനഃപ്പാഠം മാത്രം അവലംബിക്കാതെ നബി(സ)യുടെ സദസ്സിൽ എഴുതപ്പെട്ടതാണ് എന്നു വ്യക്തമാക്കലും പരിഗണിക്കപ്പെട്ടു. (*ഫത്ഹുൽ ബാരി* 9/1415)

ഇമാം സുയൂത്വി (റ) പറയുന്നു: "നബി (സ) ഇഹലോകവാസം വെടിഞ്ഞ വർഷം നബി(സ)യുടെ അംഗീകാരം കിട്ടിയതാണ് എന്ന രേഖ പരിഗണിക്കപ്പെട്ടു. (*അൽ ഇത്ഖാൻ* 1/166)

ഇമാം സഖാവി (റ) എഴുതി “നബി(സ)യുടെ സദസ്സിൽ വെച്ച് എഴുതപ്പെട്ടതിന് രണ്ടു സാക്ഷികളെയും നിബന്ധനയായി വെച്ചു. അല്ലെങ്കിൽ അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. കാരണം സൈദ് (റ) ഖുർആൻ പൂർണമായും മനഃപ്പാഠമുള്ളവരായിരുന്നു. (*ജമാലുൽ ഖുർറാഅ്* 1/302)

നബി(സ)യുടെ മുന്നിൽവെച്ച് സ്വഹാബാക്കൾ പകർത്തി എഴുതിയതിനെ മാത്രം രണ്ടു സാക്ഷികളോടുകൂടി ഇവിടെ സ്വീകരിച്ചു. അതിന് നേതൃത്വം നൽകിയവർ പൂർണമായും മനഃപ്പാഠമാക്കിയവരും നബി(സ)യുടെ എഴുത്തുകാരുമായിരുന്നു. പൂർണമായി എഴുതിയ രേഖ ലഭിക്കാനാണ് ഈ ശൈലി സ്വീകരിച്ചത്.

എല്ലുകളിലും ഓലകളിലും മിനുസമുള്ള കല്ലുകളിലും ചെറിയ കടലാസ് നിർമിത ഏടുകളിലുമായി എഴുതപ്പെട്ട ഖുർആൻ പാഠഭാഗങ്ങൾ പൂർണമായി സമാഹരിച്ചുകൊണ്ടാണ് അബൂബക്കറിന്റെ(റ) കാലത്തെ ക്രോഡീകരണം നടന്നത്. പ്രവാചകകാലത്ത് നിലവിലുണ്ടായിരുന്ന ഖുർആൻ ലിഖിതങ്ങളെ രണ്ടു ചട്ടകൾക്കകത്തായി ക്രോഡീകരിക്കുകയാണ് യഥാർത്ഥത്തിൽ സൈദു ബ്നു ഥാബിത്ത് (റ) ചെയ്തത്. മദീനയിലുണ്ടായിരുന്ന രേഖകളെ മുഴുവൻ പരിശോധനാവിധേയമാക്കിയശേഷം അവ തന്റെയും മറ്റു ഖുർആൻ കാണാതെ അറിയുന്നവരുടെയും മനഃപാഠവുമായി ഒത്തുപോവുന്നുണ്ടോയെന്ന് പരിശോധിക്കുകയും പ്രവാചകകാലത്ത് എഴുതപ്പെട്ടവ തന്നെയാണോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്താണ് ഈ ക്രോഡീകരണം നടന്നത്.

ആദ്യമായി നിർമ്മിക്കപ്പെട്ട ഈ ക്രോഡീകൃത ഖുർആനിന് ചില സവിശേഷതതകൾ ഉണ്ടായിരുന്നു.

1) സൂക്ഷ്മമായ പരിശോധനക്കും തെറ്റുപറ്റാത്ത സാക്ഷ്യപ്പെടുത്തലുകൾക്കും ശേഷമാണ് അത് നടന്നത്.

2) പാരായണം ദുർബലപ്പെട്ട ആയത്തുകളൊന്നും അതിൽ ഉണ്ടായിരുന്നില്ല.

3) സ്വഹാബത്തിന്റെ മൊത്തത്തിലുള്ള അംഗീകാരമുള്ള പതിപ്പായിരുന്നു അത്.

4) സ്ഥിരപ്പെട്ട പാരായണ ശൈലികളെല്ലാം അത് ഉൾക്കൊണ്ടിരുന്നു.

5) മനഃപ്പാഠത്തെ മാത്രം അവലംബിക്കാതെ പ്രവാചക സമക്ഷത്തിൽ

എഴുതപ്പെട്ടതിനെയും അവലംബിച്ചു.

6) വ്യക്തിപരമായി പലരുടെയും കൈവശമുണ്ടായിരുന്ന സ്വകാര്യ മുസ്ഹഫുകളേക്കാൾ ആധികാരികത ഇതിനായിരുന്നു.

പ്രവാചകവിയോഗത്തിനു ശേഷം ഇരുപത്തിയേഴ് മാസം മാത്രം ഭരിച്ച അബൂബക്റിന്റെ(റ) ഭരണ കാലത്ത് തന്നെ രണ്ട് ചട്ടകൾക്കുള്ളിലായി ഖുർആൻ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞാൽ അതിനർത്ഥം അതിൽ യാതൊന്നും കടന്നുകൂടുകയോ നഷ്ടപ്പെടുകയോ ചെയ്യാനുള്ള ന്യൂനാൽന്യൂനമായ സാധ്യത പോലുമില്ലെന്നാണ്. അത് നിർവഹിക്കുന്നതിന് നേതൃത്വം വഹിച്ചതാകട്ടെ പ്രവാചകനിൽ (സ) നിന്ന് നേർക്കു നേരെ ഖുർആൻ കേൾക്കുവാനും മനഃപാഠമാക്കുവാനും ഏറ്റവും അധികം അവസരമുണ്ടായിരുന്ന വ്യക്തിയും നബി(സ)യുടെ എഴുത്തുകാരിൽ പ്രമുഖനുമായ സൈദ് ബ്നു ഥാബിത്തും(റ)!. ഇതെല്ലാം നടക്കുന്നത് പ്രവാചക വിയോഗത്തിനു ശേഷം കേവലം ആറ് മാസം മാത്രം കഴിഞ്ഞു നടന്ന യമാമ യുദ്ധത്തിനു തൊട്ടുടനെയാണ്. ഖുർആൻ മനഃപാഠമുള്ളവരിൽ നിന്ന് കേൾക്കുവാനും പകർത്തുവാനും, അവ എത്രത്തോളം ലഭ്യമായ കയ്യെഴുത്തു രേഖകളുമായി സാമ്യം പുലർത്തുന്നുണ്ടെന്ന് പരിശോധിക്കുവാനുമെല്ലാം കഴിയുന്ന ഊർജസ്വലനും സത്യസന്ധനുമായ വ്യക്തിയെത്തന്നെയായിരുന്നു അബൂബക്കർ (റ) ഇതിന് ചുമതലപ്പെടുത്തിയത്. സ്വന്തം മനഃപാഠത്തെയോ ജീവിച്ചിരിക്കുന്ന മറ്റു ഖുർആൻ അറിയുന്നവരുടെ മനഃപാഠത്തെയോ മാത്രം ആശ്രയിക്കുകയല്ല, അവർ മനഃപാഠമാക്കിയ കാര്യങ്ങൾ പ്രവാചകന്റെ കാലത്ത് എഴുതപ്പെട്ട രേഖകളിലേതിലെങ്കിലുമുണ്ടോയെന്ന് പരിശോധിക്കുകകൂടി ചെയ്തതിനു ശേഷമാണ് അദ്ദേഹം ഖുർആൻ ക്രോഡീകരിച്ചത്.

പലരുടെയും മനഃപാഠത്തിലുണ്ടായിരുന്നുവെങ്കിലും സൂറത്തുത്തൗബയിലെ അവസാനത്തെ രണ്ട് വചനങ്ങൾ എഴുത്ത് രേഖകളിലൊന്നും കണ്ടെത്താനായില്ലെന്നും അത് കണ്ടെത്തുന്നത് വരെ തന്റെ അന്വേഷണം തുടർന്നുവെന്നും അബൂ ഖുസൈമത്തുൽ അൻസ്വാരിയുടെ പക്കൽ നിന്ന് അവകൂടി കണ്ടെത്തിയ ശേഷമാണ് തന്റെ ക്രോഡീകരണദൗത്യം അവസാനിപ്പിച്ചതെന്നും സൈദ് ബ്നു ഥാബിത്ത് (റ) തന്നെ നേരത്തെ സൂചിപ്പിച്ച ഹദീഥിൽ പറയുന്നുണ്ട്. എത്രത്തോളം സൂക്ഷ്മമായാണ് അദ്ദേഹം ഓരോ വചനങ്ങളെയും പരിശോധനാവിധേയമാക്കിയതെന്നും പ്രവാചകൻ ഖുർആനായി

പഠിപ്പിച്ചത് മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ആദ്യത്തെ ക്രോഡീകൃത ഖുർആൻ തയാറാക്കിയതെന്നും ഇതിൽ നിന്ന് ബോധ്യപ്പെടുന്നുണ്ട്. പ്രവാചകവിയോഗത്തിന് ശേഷം ആറ് മാസം കഴിഞ്ഞ ഉടനെത്തന്നെ തികച്ചും വിശ്വസ്തനും സത്യസന്ധനും പ്രവാചകനിൽ നിന്ന് ഖുർആൻ കേട്ടെഴുതുകയും മനഃപാഠമാക്കുകയും ചെയ്ത വ്യക്തിയുമായ സൈദ് ബ്നു ഥാബിത്തി(റ)ലൂടെ രണ്ട് ചട്ടകൾക്കകത്തായി ഖുർആൻ ക്രോഡീകരിക്കപ്പെടുകയും അത് പ്രവാചകാനുചരന്മാരുൾക്കൊള്ളുന്ന മുസ്‌ലിം സമൂഹം മൊത്തത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നർഥം.

ഔദ്യോഗിക മുസ്ഹഫ് അബൂബക്കറിന്(റ) ശേഷം

അബൂബക്കറിന്റെ(റ) ഭരണകാലത്ത് രണ്ട് ചട്ടകൾക്കുള്ളിലായി ക്രോഡീകരിക്കപ്പെട്ട ഖുർആനിനെ അത് നിർവഹിച്ച സൈദു ബ്നു ഥാബിത്ത് വിളിച്ചിരിക്കുന്നത് 'സുഹുഫ്' (*സ്വഹീഹുൽ ബുഖാരി*, കിതാബു ഫദാഇലിൽ ഖുർആൻ) എന്നാണ്. ഇബ്‌റാഹീമിനും മൂസായ്ക്കും(അ) നൽകപ്പെട്ട ഏടുകളെക്കുറിക്കുവാൻ ഖുർആൻ (87:19) ഉപയോഗിച്ച അതേ പ്രയോഗം. താൻ മരണപ്പെടുമ്പോൾ തന്റെ പിൻഗാമിയായി ഉമറിനെ(റ) നിർദേശിച്ചതോടൊപ്പം തന്നെ ഈ 'സുഹുഫ്' അബൂബക്കർ (റ) ഉമറിനെ(റ) ഏൽപിക്കുകയും ചെയ്തു. പത്ത് വർഷക്കാലം ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഉന്നതാധികാരിയായി സേവനമനുഷ്ഠിച്ച ഉമറിന്റെ(റ) ഭരണകാലത്ത് ഈ ഖുർആൻ കോപ്പി അദ്ദേഹം സൂക്ഷിക്കുകയും ഒപ്പം തന്നെ രാഷ്ട്രത്തിലുടനീളം ഖുർആൻ പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമാവശ്യമായ സംവിധാനങ്ങളൊരുക്കുകയും ചെയ്തു. ബസ്വറയിലേക്കും കൂഫയിലേക്കും ഹിംസിലേക്കും ദമസ്കസിലേക്കും ഫലസ്തീനിലേക്കുമെല്ലാം ഖുർആൻ പഠിപ്പിക്കുവാനായി വ്യത്യസ്ത പ്രവാചകാനുചരന്മാരെ ഉമർ (റ) പറഞ്ഞയച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ശമ്പളം കൊടുത്തും അല്ലാതെയുമെല്ലാം പലരെയും അദ്ദേഹം കുട്ടികൾക്കും മുതിർന്നവർക്കും ഖുർആൻ പഠിപ്പിക്കാനായി ചുമതലപ്പെടുത്തിയതായി കാണാൻ കഴിയും.

പേർഷ്യൻ അഗ്നിയാരാധകനായ അബൂലുഅ്‌ലുഅയുടെ കുത്തേറ്റ് മരണാസന്നനായി കിടന്നപ്പോൾ തന്റെ പിൻഗാമിയായി ആരെയും നിശ്ചയിക്കാതിരിക്കുകയും രാഷ്ട്രനേതാവിനെ തെരഞ്ഞെടുക്കേണ്ടതെങ്ങനെയെന്ന തന്റെ വീക്ഷണം മാത്രം സമൂഹത്തിന് മുന്നിൽ

വെക്കുകയും ചെയ്ത ഉമർ, (റ) വിശുദ്ധ ഖുർആനിന്റെ കയ്യെഴുത്ത് പ്രതിയായ 'സുഹുഫ്' തന്റെ പുത്രിയും പ്രവാചക പത്നിയുമായ ഹഫ്സയെ (റ) ഏൽപിച്ചുകൊണ്ടാണ് ഇഹലോകവാസം വെടിഞ്ഞത്. പ്രസ്തുത കോപ്പിയെ ആധാരമാക്കിയാണ് ഉഥ്മാൻ (റ) തന്റെ ഭരണകാലത്ത് ഖുർആൻ കോപ്പികളെടുക്കുകയും പ്രവിശ്യാ തല സ്ഥാനങ്ങളിലേക്ക് കൊടുത്തയക്കുകയും ചെയ്തത്. ഈ പതിപ്പിന് ഖുർആനിന്റെ ഔദ്യോഗിക പതിപ്പിന്റെ സ്ഥാനമുണ്ടായിരുന്നുവെങ്കിലും മറ്റു പല വ്യക്തികളുടെ കൈവശവും ഖുർആന്റെ ഏടുകളുണ്ടായിരുന്നു. പ്രവാചകന്റെ കാലത്ത് എഴുതപ്പെട്ടവയും ശേഷം പകർത്തിയെഴുതിയതുമായ ഏടുകൾ. എന്നാൽ, ഈ രേഖകളെയൊന്നുമായിരുന്നില്ല സാധാരണ ജനങ്ങൾ പൊതുവായി തങ്ങളുടെ പഠനത്തിനും പാരായണത്തിനും ആശ്രയിച്ചിരുന്നത്. അവർ അവർക്കിടയിലുണ്ടായിരുന്ന മനഃപാഠമാക്കിയ വ്യക്തികളെയും അവരിൽ നിന്ന് പകർത്തിയെഴുതിയ സ്വകാര്യഏടുകളെയും ആശ്രയിച്ചിച്ചുകൊണ്ടാണ് അവർ തങ്ങളുടെ ഖുർആൻ പാരായണവും പഠനവും നിർവ്വഹിച്ചിരുന്നത്.

10. ഉഥ്മാനിന്റെ ക്രോഡീകരണം

മൂന്നാം ഖലീഫ ഉഥ്മാനിന്റെ(റ) ഭരണകാലം. ഹിജ്റ 23-ാം വർഷ മായപ്പോഴേക്ക് ഇസ്‌ലാം കൂടുതൽ പ്രചരിക്കുകയും പുതിയ ഭൂപ്ര ദേശങ്ങൾ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ വരുതിക്കുള്ളിൽ വരിക യും ചെയ്തു. അറബികളും അനറബികളുമായ ആയിരക്കണക്കിനാ ളുകൾ ഇസ്‌ലാമിലേക്ക് കടന്നുവന്നു. അറബിഭാഷ അറിയാത്തവ രുടെ ഇസ്‌ലാം ആശ്ലേഷം ഖുർആൻ പാരായണത്തിൽ ചില പ്രശ്ന ങ്ങളുണ്ടാക്കുന്നതായി ചിലർ ഉസ്മാന്റെ(റ) ശ്രദ്ധയിൽപെടുത്തി. അർമീനിയ, അസർബൈജാൻ എന്നിവിടങ്ങളിലുണ്ടായയുദ്ധങ്ങ ളുടെ അവസരത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾ ഒരു മിച്ചു കൂടിയപ്പോൾ ഖുർആൻ പാരായണത്തിന്റെ രീതിയിലും ഉച്ചാരണക്രമത്തിലും അവർ വമ്പിച്ച വ്യത്യാസം വരുത്തുന്നത് കണ്ട പ്രവാചകാനുചരന്മാർ ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ചിന്തിച്ചു. ഹുദൈഫ(റ)യായിരുന്നു ഈ പ്രശ്നം ഖലീഫയുടെ ശ്രദ്ധയിൽപെടുത്തിയ ആദ്യ വ്യക്തികളിൽ ഒരാൾ. ഈ രൂപത്തിൽ മുന്നോട്ടുപോയാൽ ഖുർആനിനെ സംബന്ധിച്ച് മുസ്‌ലിംകൾക്കിട യിൽ സാരമായ ഭിന്നിപ്പ് ഉടലെടുക്കാൻ കാരണമായേക്കുമെന്ന് ദീർഘദർശികളായ പ്രവാചകാനുചരന്മാർ ഖലീഫയുടെ ശ്രദ്ധയിൽ പെടുത്തി. അനിവാര്യമായ നടപടികളുണ്ടാവണമെന്ന് അവർ ഖലീ

ഫയോട് ആവശ്യപ്പെട്ടു.

ഉഥ്മാൻ (റ) ഹഫ്സ(റ)യുടെ കൈവശമുണ്ടായിരുന്ന ഔദ്യോഗിക ഖുർആൻ പ്രതി കൊണ്ടുവരാൻ കൽപിച്ചു. ഇതിന്റെ പകർപ്പുകൾ ശരിയായ ഖുറൈശി ഉച്ചാരണ രീതി പ്രകാരം തയാറാക്കുന്നതിനായി സൈദു ബ്നു ഥാബിത്തിന്റെ(റ) നേതൃത്വത്തിലുള്ള നാലംഗ സംഘത്തെ അദ്ദേഹം ചുമതലപ്പെടുത്തി. അറബിയുടെ ആധാര ഉച്ചാരണ രീതി (*standard pronunciation*)യാണ് ഖുറൈശി രീതി. അബ്ദുല്ലാഹിബ്നു സുബൈർ, സൈദുബ്നുൽ ആസ്, അബ്ദുറഹ്മാനുബ്നു ഹിശാം തുടങ്ങിയവരായിരുന്നു മറ്റ് അംഗങ്ങൾ. ഹഫ്സ(റ)യുടെ കൈവശമുണ്ടായിരുന്ന ഔദ്യോഗിക മുസ്ഹഫിന്റെ ആധാര ഉച്ചാരണരീതി പ്രകാരമുള്ള പതിപ്പുകൾ തയ്യാറാക്കുകയായിരുന്നു ഇവരുടെ ഉത്തരവാദിത്തം. അവർ ഈ ഉത്തരവാദിത്തം ഭംഗിയായി നിർവഹിച്ചു. ഹഫ്സയുടെ കൈവശമുണ്ടായിരുന്ന ഔദ്യോഗിക ഖുർആൻ പ്രതി സമാഹരിച്ച സൈദു ബ്നു സാബിത്തു(റ)തന്നെ ഈ ഉത്തരവാദിത്ത നിർവഹണത്തിന് നേതൃത്വം നൽകിയിരുന്നതിനാൽ അബദ്ധങ്ങളൊന്നും പിണയാതെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാൻ സാധിച്ചുവെന്ന് പ്രത്യേകമായി എടുത്ത് പറയാവുന്നതാണ്.

ഇക്കാര്യം വ്യക്തമാക്കുന്ന ഹദീഥ് കാണുക: 'അനസ് ബിൻ മാലിക്ക് (റ) നിവേദനം: ഇറാഖുകാരും ശാമുകാരും കൂടി അർമീനിയയും അസർബൈജാനും പിടിച്ചടക്കാനായി നടന്ന യുദ്ധങ്ങൾക്ക് ശേഷം ഹുദൈഫത്തു ബിൻ അൽ യമാൻ (റ) ഉഥ്മാനിനെ(റ) സന്ദർശിച്ചു. ഖുർആൻ പാരായണത്തിൽ ജനങ്ങൾക്കിടയിലുള്ള ഭിന്നത അദ്ദേഹത്തെ അലോസരപ്പെടുത്തിയിരുന്നു. അദ്ദേഹം ഉഥ്മാനോട് (റ) പറഞ്ഞു: "വിശ്വാസികളുടെ നേതാവേ, ജൂതന്മാരെയും ക്രൈസ്തവരെയും പോലെ വേദഗ്രന്ഥങ്ങളുടെ വിഷയത്തിൽ ഈ സമുദായം ഭിന്നതയിലാവുന്നതിൽ നിന്ന് താങ്കൾ അവരെ രക്ഷിക്കണം." അപ്പോൾ അദ്ദേഹം ഹഫ്സയുടെ അടുത്തേക്ക് "ഖുർആനിന്റെ കയ്യെഴുത്തുപ്രതികൾ ഞങ്ങൾക്ക് നൽകുക; ഖുർആനിക വസ്തുക്കൾ ക്രോഡീകരിക്കുകയും കുറ്റമറ്റ പതിപ്പുകൾ തയ്യാറാക്കുകയും ചെയ്ത ശേഷം അത് നിങ്ങൾക്ക് തന്നെ തിരിച്ചു തരാം" എന്ന ഒരു സന്ദേശം കൊടുത്തയച്ചു. ഹഫ്സ(റ) അത് ഉഥ്മാനിന്(റ) കൊടുത്തയച്ചു. സൈദു ബ്നു ഥാബിത്ത് (റ), അബ്ദുല്ലാഹി ബ്നു സുബൈർ, സൈദ് ബിൻ അൽ ആസ്, അബ്ദു റഹ്മാൻ ബിൻ ഹാരിസ് ബിൻ

ഹിശാം (റ) എന്നിവരോട് അതിന്റെ പതിപ്പുകളെടുക്കാനാവശ്യപ്പെട്ടു. ആ മൂന്ന് ഖുറൈശികളോടായി അദ്ദേഹം പറഞ്ഞു: "ഏതെങ്കിലും ഖുർആൻ വചനത്തിന്റെ കാര്യത്തിൽ സൈദ് ബ്നു ഥാബിത്തു(റ) മായി നിങ്ങൾ അഭിപ്രായഭിന്നതയിലായാൽ ഖുറൈശി ഉച്ചാരണരീതിയിൽ നിങ്ങൾ എഴുതുക; എന്തുകൊണ്ടെന്നാൽ അവരുടെ ഭാഷാ ശൈലിയിലാണ് ഖുർആൻ അവതരിച്ചത്." അവർ അങ്ങനെ ചെയ്തു. അതിന്റെ നിരവധി കോപ്പികൾ എടുത്തു. മൂലകയ്യെഴുത്ത് രേഖ അതിനു ശേഷം ഹഫ്സ(റ)ക്കു തന്നെ ഉഥ്മാൻ (റ) തിരിച്ചേൽപ്പിച്ചു. എല്ലാ പ്രവിശ്യകളിലേക്കും ഉഥ്മാൻ (റ) അതിലെ ഓരോ കോപ്പികൾ കൊടുത്തയക്കുകയും അതല്ലാത്ത പൂർണമായോ ഭാഗികമായോ ഉള്ള മറ്റെല്ലാ കയ്യെഴുത്ത് പ്രതികളും കത്തിച്ച് നശിപ്പിക്കുവാൻ ഉത്തരവിടുകയും ചെയ്തു." (*സ്വഹീഹുൽ ബുഖാരി*, കിതാബ് ഫദാഇലിൽ ഖുർആൻ, ബാബു ജംഇൽ ഖുർആൻ; *ജാമിഉത്തിർമിദി*, കിതാബു ത്തഫ്സീർ)

വ്യത്യസ്ത വിഭാഗങ്ങളുടെ ഖുർആൻ പാരായണത്തിൽ വന്ന വ്യത്യസ്തതകളും അതേക്കുറിച്ച തർക്കങ്ങളും ശ്രദ്ധയിൽ പെട്ടപ്പോഴാണ് ഉഥ്മാൻ (റ) ഖുറൈശീഭാഷയിൽ ഖുർആൻ ക്രോഡീകരിക്കാനും അത് വ്യത്യസ്ത പ്രവിശ്യകളിലേക്ക് കൊടുത്തയച്ച് ഈ തർക്കം എന്നേക്കുമായി പരിഹരിക്കുവാനും തീരുമാനിച്ചത്. ഇക്കാര്യം അലി (റ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്; അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഉഥ്മാനെ(റ) സംബന്ധിച്ച് നന്മയല്ലാതെ പറയരുത്. മുസ്ഹഫുകളിലെ വിഷയത്തിലെ അദ്ദേഹത്തിന്റെ പ്രവൃത്തി ഞങ്ങളിലെ ഒരു സംഘത്തിന്റെ അഭിപ്രായപ്രകാരമായിരുന്നു. ചിലർ പറയുന്നതായി എനിക്ക് വിവരം ലഭിച്ചു. ഞാൻ പരായണം ചെയ്യുന്നത് നിന്റേതിനേക്കാൾ ഉത്തമമാണ്. ഞങ്ങൾ ചോദിച്ചു. താങ്കൾ എന്തുപറയുന്നു. ഉഥ്മാൻ (റ) പറഞ്ഞു: ജനങ്ങളെ ഒരു പാരായണ ശൈലിയിൽ ഏകോപിപ്പിക്കാം. പിന്നെ ഭിന്നതയുണ്ടാകുന്നതല്ല. (*ഫത്ഹുൽ ബാരി* 8/634, പരമ്പര സ്വഹീഹാണെന്ന് ഇമാം പറഞ്ഞു. ഇബ്നു അബീദാവൂദ് *അൽ മസാഹിഫ്* നമ്പർ 77, *അൽ ഇത്ഖാൻ* 1/169)

അബു ഖിലാബ (റ) നിവേദനം ചെയ്യുന്നു: ഉഥ്മാന്റെ (റ) ഖിലാഫത്ത് കാലമായപ്പോൾ ഒരു അധ്യാപകൻ ഒരാളുടെ (അദ്ദേഹത്തിന്റെ ഗുരുവായ സ്വഹാബിയുടെ) ഖിറാഅത്ത് പഠിപ്പിച്ചു. മറ്റൊരാൾ മറ്റൊരാളുടെ ഖിറാഅത്തും പഠിപ്പിച്ചു. അവരുടെ വിദ്യാർഥികൾക്കിട

യിൽ അഭിപ്രായഭിന്നതയുണ്ടായി. ആ പ്രശ്നം അധ്യാപകരുടെ മുന്നിലും എത്തി. അവർ പരസ്പരം വിമർശിക്കുന്ന അവസ്ഥയിലെത്തി. ഇത് ഉഥ്മാന്റെ(റ) മുന്നിലെത്തി. അദ്ദേഹം പ്രഭാഷണത്തിനായി എഴുന്നേറ്റു നിന്ന് പറഞ്ഞു: "എന്റെ കാലത്ത് ഖുർആനിൽ പിഴവ് വരുന്നവിധം നിങ്ങൾ ഭിന്നിച്ചിരിക്കുന്നു. വിദൂര പട്ടണങ്ങളിൽ വസിക്കുന്നവരിൽ രൂക്ഷമായ ഭിന്നത ഉണ്ടായിട്ടുണ്ടാകും. മുഹമ്മദിന്റെ (സ) അനുയായികളേ, എഴുന്നേൽക്കുക. ജനങ്ങൾക്കെല്ലാം അവലംബയോഗ്യമായ ഒരു മുസ്ഹഫ് തയ്യാറാക്കുക. (ഇബ്നു അബീ ദാവൂദ്: *മസാഹിഫ് ഹദീഥ്* 74, ഇമാം ദാനി: *അൽമുഖന്നിഅ്* 16, *അൽ ഇത്ഖൻ* 1/169. നിവേദകർ വിശ്വസ്തരാണെങ്കിലും മുൻഖതിആണ്)

അബുകൈർ (റ) പറയുന്നു: ഇറാഖിലെ ചിലരോട് ഒരു ആയത്തിനെക്കുറിച്ച് ചോദിച്ചു. അത് പാരായണം ചെയ്താൽ അതിനെ വിമർശിക്കുന്ന അവസ്ഥ വന്നു. ജനങ്ങളിൽ നിഷേധ പ്രവണത വർധിച്ചു. അവർ ഖുർആനിൽ ഭിന്നിച്ചു. (ഇബ്നു അബീ ദാവൂദ് *അൽമസാഹിഫ്* 80, ഇബ്നു ഹജർ (റ) സ്വഹീഹാണെന്ന് പറഞ്ഞു)

അജ്ഞത മനുഷ്യന്റെ ശത്രുവാണ്. വ്യത്യസ്ത ഖിറാഅത്തുകളുടെ സാധുതയെപ്പറ്റി അൽപജ്ഞാനമുള്ളവർ ഭിന്നിക്കുവാൻ സാധ്യതയുണ്ട്. താൻ മനസ്സിലാക്കിയ ഖിറാഅത്ത് മാത്രമാണ് ശരിയെന്ന വിചാരം മറ്റുള്ളതിനെ നിഷേധിക്കുന്നതിലേക്ക് വഴിതെളിക്കും. ഇതാണ് വിവരമില്ലാത്ത സാധാരണക്കാരെ ആയത്തുകളെക്കുറിച്ച ഭിന്നതയിലേക്ക് നയിച്ചത്. ഈ ഭിന്നത പരിഹരിക്കുക ഭരണാധികാരിയായ ഉഥ്മാനിന്റെ(റ) കർത്തവ്യമാണ്. അതിനായി അദ്ദേഹം ചെയ്ത കാര്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1) ഖുർആനിനെ സംബന്ധിച്ച് അവഗാഹമുള്ള സ്വഹാബാക്കളുടെ കൂടിയാലോചന സമിതി രൂപീകരിച്ചു.

   ഇബ്നു സീരിൻ (റ) പറയുന്നു. "മുസ്ഹഫ് എഴുതാനായി ഉസ്മാൻ (റ) പന്ത്രണ്ടു പേരെ ഒരുമിച്ചു കൂട്ടി. ഉബയ്യ് ബിൻ കഅ്ബും സൈദ് ബിൻ സാബിതും(റ) അവരിലുണ്ടായിരുന്നു." (ഇബ്നു അബീ ദാവൂദ്, *അൽ മസാഹിഫ്* ഹദീസ് നമ്പർ 90,91 നിവേദകർ വിശ്വസ്തരാണ്).

2) അബൂബക്കറിന്റെ(റ) കാലഘട്ടത്തിൽ എഴുതപ്പെട്ട പ്രഥമ പ്രതിയെ തന്നെ പ്രധാനമായും ആശ്രയിച്ചു.

   അനസ് (റ) പറയുന്നു: പറയുന്നു: "ഹഫ്സ(റ)യുടെ സമീപമുള്ള

മുസ്ഹഫ് കോപ്പിയെടുത്ത ശേഷം തിരിച്ചു നൽകാമെന്ന വ്യവസ്ഥയിൽ ഉഥ്മാന്(റ) അയച്ചുകൊടുക്കാനായി ദൂതനെ നിയോഗിച്ചു." (ബുഖാരി *ഫതാഹ്* 11/9, തിർമിദി 4/347)

3)ആദ്യഘട്ടത്തിൽ നടന്നതുപോലെ നബി(സ)യുടെ സാന്നിധ്യത്തിൽ എഴുതപ്പെട്ട ലിഖിതങ്ങൾ വീണ്ടും ശേഖരിക്കാൻ കൽപന നൽകുകയും ഖുർആനിൽ നിന്ന് യാതൊന്നും നഷ്ടപ്പെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു.

4) ഖുർആനിന്റെ ആദ്യ അവതരണശൈലി ഇതിൽ അവലംബിച്ചു.

5) കുറ്റമറ്റ ഖുർആൻ കോപ്പി തയാറാക്കിയ ശേഷം മറ്റ് കോപ്പികളെല്ലാം കത്തിച്ചു കളയാനായി കൽപിച്ചു.

ഖുറൈശി ശൈലിയിലുള്ള ക്രോഡീകരണം

ഖുർആൻ പ്രഥമമായി അവതീർണമായതും നബി (സ) പള്ളികളിൽ പാരായണം ചെയ്തതും ഖുറൈശി ഭാഷയിലാണ്. ഇത് മദീനയിലെ വ്യത്യസ്ത ഗോത്രങ്ങൾക്ക് പ്രയാസമായപ്പോഴാണ് അല്ലാഹു വ്യത്യസ്ത പാരായണ ശൈലികൾ അവതരിപ്പിച്ചതെന്ന് ഹർഫുകളെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. ഉഥ്മാൻ (റ) സ്വഹാബാക്കളുമായി കൂടിയാലോചിച്ചുകൊണ്ട് ഐകകണ്ഠമായ അഭിപ്രായപ്രകാരം നബി (സ) സാധാരണയായി പാരായണം ചെയ്ത ശൈലി മാത്രം മുസ്ഹഫിൽ സ്വീകരിക്കാൻ തീരുമാനിക്കുകയും വ്യത്യസ്ത ഹർഫുകളിൽ വന്ന വ്യത്യാസങ്ങളെ ഖിറാഅത്തുകളിലൂടെ നിലനിർത്താനും തീരുമാനിച്ചു. ബുഖാരി നിവേദനം ചെയ്ത "ഏതെങ്കിലും ഖുർആൻ വചനത്തിന്റെ കാര്യത്തിൽ സൈദ് ബ്നു ഥാബിതുമായി നിങ്ങൾ അഭിപ്രായഭിന്നതയിലായാൽ ഖുറൈശി ഉച്ചാരണരീതിയിൽ നിങ്ങൾ എഴുതുക; എന്തുകൊണ്ടെന്നാൽ അവരുടെ ഭാഷാശൈലിയിലാണ് ഖുർആൻ അവതരിച്ചത്." എന്ന ഉഥ്മാനി(റ)ന്റെ കൽപനയിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്.

കഥീർ ബിൻ അഫ്ലഹ് (റ) പറയുന്നു. ഉസ്മാൻ (റ) മുസ്ഹഫ് തയ്യാറാക്കാൻ ഉദ്ദേശിച്ചപ്പോൾ അതിനായി ഖുറൈശികളിലും അൻസ്വാരികളിലും പെട്ട പന്ത്രണ്ട് പേരെ ഒരുമിച്ചു കൂട്ടി. അവരിൽ സൈദ് ബിൻ സാബിതും ഉബയ്യും(റ) ഉണ്ടായിരുന്നു. ഉമറിന്റെ(റ) ഭവനത്തിലിരുന്ന മുസ്ഹഫിന്റെ പ്രഥമ പ്രതി കൊണ്ടുവരപ്പെട്ടു. ഉഥ്മാൻ (റ) അവരെ ശ്രദ്ധിച്ചിരുന്നു. ഒരു കാര്യത്തിൽ അവർ പരസ്പരം

വിയോജിച്ചാൽ അതിനെ മാറ്റി വെക്കുമായിരുന്നു. മുഹമ്മദ് (റ) പറയുന്നു, അവർ അതിനെ മാറ്റിവെച്ചത് നബി(സ)യിൽ അവസാന പാരായണം പഠിച്ച വ്യക്തികളുടെ വചനപ്രകാരം അതിനെ രേഖപ്പെടുത്താനായിരുന്നു. (ഇബ്നു അബീ ദാവൂദ് 89, ഇബ്നു കഥീർ: *ഫദാഇലുൽ ഖുർആൻ* 42, *ഫത്ഹുൽ ബാരി* 9/19, *അൽ ഇത്ഖാൻ* 1/169. ഇത് സ്വഹീഹാണെന്ന് ഇബ്നു കഥീർ വ്യക്തമാക്കിയിട്ടുണ്ട്.)

മുസ്അബ് ബിൻ സഅ്ദ് (റ) പറയുന്നു: ഉഥ്മാൻ (റ) ജനങ്ങളുടെ മുന്നിൽ എഴുന്നേറ്റു നിന്നു പ്രസംഗിച്ചു. ജനങ്ങളേ! നബി(സ)യുമായി നിങ്ങൾ വിട്ടുപിരിഞ്ഞിട്ട് കേവലം മുപ്പത് വർഷമേ ആയിട്ടുള്ളൂ. നിങ്ങൾ ഖുർആനിൽ തർക്കിക്കുന്നു. ഉബയ്യിന്റെ ഖിറാഅത്ത്, അബ്ദുല്ലായുടെ ഖിറാഅത്ത് എന്നു പറയുന്നു. അപരന്റെ ഖിറാഅത്ത് ശരിയല്ല എന്നും ചിലർ പരസ്പരം പറയാൻ തുടങ്ങിയിട്ടുണ്ട്. ആയതിനാൽ ഞാൻ ദൃഢമായി പറയുന്നു. നിങ്ങളുടെ കൈവശമുള്ള ഖുർആൻ രേഖകൾ നിങ്ങൾ കൊണ്ടുവന്നു തരണം. അങ്ങനെ ജനങ്ങൾ ഖുർആൻ എഴുതപ്പെട്ട ഏടുകളും തോലുകളും ശേഖരിച്ചു. ശേഷം ഓരോരുത്തരെയും വിളിപ്പിച്ച് നബി(സ)യിൽ നിന്നും കേട്ടതാണോ എന്നു സത്യം ചെയ്തു ചോദിച്ചു. ശേഷം ജനങ്ങളോട് ചോദിച്ചു. ആരാണ് ഏറ്റവും നന്നായി എഴുതുന്നത്? അവർ പറഞ്ഞു, നബി(സ)യുടെ എഴുത്തുകാരനായ സൈദ് ബിൻ സാബിതാണ്. അദ്ദേഹം ചോദിച്ചു, ഏറ്റവും നല്ല ഭാഷാശുദ്ധിയുള്ളത് ആർക്കാണ്. അവർ പറഞ്ഞു. സഈദ് ബിൻ ആസി(റ)നാണ്. അപ്പോൾ ഉഥ്മാൻ (റ) പറഞ്ഞു. സഈദ് (റ) വായിച്ചുകൊടുക്കുകയും സൈദ് (റ) എഴുതുകയും ചെയ്യട്ടെ. മുസ്ഹഫുകൾ തയ്യാറാക്കി ജനങ്ങൾക്ക് നൽകി. ഉഥ്മാൻ (റ) ചെയ്തത് നല്ല കാര്യമാണെന്ന് നബി(സ)യുടെ ചില സ്വഹാബാക്കൾ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. (ഇബ്നു അബീ ദാവൂദ് 82. മറ്റൊരു നിവേദനത്തിൽ ഇതിനെ ഒരാളും ആക്ഷേപിച്ചതായി ഞാൻ കേട്ടിട്ടില്ല എന്നുമുണ്ട്. ഇമാം ഇബ്നു കഥീർ *ഫദാഇലുൽ ഖുർആൻ* 37ൽ ഇത് സ്വഹീഹാണെന്ന് വ്യക്തമാക്കി)

പാരായണശൈലിയുടെ കാര്യത്തിൽ എഴുത്തുകാർക്കിടയിൽ ഉണ്ടായ ഒരു പ്രധാന അഭിപ്രായവ്യത്യാസത്തെക്കുറിച്ച് ഇമാം സുഹ്രി (റ) രേഖപ്പെടുത്തിയിട്ടുണ്ട്. “ആ സന്ദർഭത്തിൽ താബൂത് (تابوت) എന്നാണോ താബൂഹ് (تابوه) എന്നാണോ എഴുതേണ്ടത് എന്നതിൽ അഭിപ്രായവ്യത്യാസമുണ്ടായി. ഖുറൈശികൾ താബൂത് എന്നും

സൈദ് (റ) താബൂഹ് എന്നാണെന്നും അഭിപ്രായം പറഞ്ഞു. ഉഥ്മാനു(റ) മുന്നിൽ ഇക്കാര്യം അവതരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങൾ താബൂത് എന്നെഴുതുക. കാരണം അതാണ് ഖുറൈശി ശൈലി." (*ജാമിഉത്തിർമിദി*യിൽ(കിത്താബുത്തഫ്സീർ) സ്വഹീഹായ പരമ്പരയോടെ നിവേദനം ചെയ്തത്, ഇമാം ദാനി: *അൽമുഖന്നാഅ്*124, *അൽ മസാഹിഫ്* 68)

വ്യത്യസ്ത ഗോത്രഭാഷകളിൽ അവതീർണമായ ഖുർആനിലെ വ്യത്യസ്ത ശൈലികളിൽ താബൂത് എന്ന് ഒരു വിഭാഗവും താബൂഹ് എന്ന് മറ്റൊരു വിഭാഗവും പാരായണം ചെയ്തിരുന്നുവെന്നാണ് ഈ തർക്കത്തിൽ നിന്ന് മനസ്സിലാക്കേണ്ടത്. ഉഥ്മാൻ (റ) ക്രോഡീകരിച്ച മുസ്ഹഫിൽ നബി (സ) പതിവായി ഓതുന്ന ഖുറൈശി ശൈലിക്കാണ് മുൻഗണന നൽകപ്പെട്ടത് എന്നും ആ രൂപത്തിലാണ് എഴുതിയത് എന്നും മാത്രമേ ഇതിന്നർത്ഥമുള്ളൂ.

ഖുർആൻ അവതരിക്കപ്പെട്ട ഖുറൈശീ ഉച്ചാരണരീതിയാണ് അറബി ഭാഷയുടെ ആധാര ഉച്ചാരണ രീതിയെന്നതിനാൽ അതിൽ തന്നെയാണ് ഖുർആൻ പാരായണം ചെയ്യേണ്ടതെന്ന് സ്വഹാബിമാർ ഉഥ്മാനിന്(റ) മുമ്പും നിർബന്ധം പിടിച്ചിരുന്നു. ഇറാഖിലേക്ക് ഖുർആൻ പഠിപ്പിക്കുന്നതിന് വേണ്ടി പറഞ്ഞയച്ച ഇബ്നു മസ്ഊദ് (റ) അന്ന് നിലവിലുണ്ടായിരുന്ന മറ്റൊരു ഉച്ചാരണ രീതിയായ ഹുദൈലിൽ ജനങ്ങളെ ഖുർആൻ പഠിപ്പിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ അത് വിരോധിക്കുകയും ഖുർആൻ അവതരിച്ചത് ഖുറൈശികളുടെ ഉച്ചാരണ രീതിയിലാണെന്നും (ലിസാനു ഖുറൈശ്) അതിനാൽ ഖുറൈശീ ഭാഷ പ്രകാരമാണ്, ഹുദൈൽ ഭാഷ പ്രകാരമല്ല ജനങ്ങളെ പഠിപ്പിക്കേണ്ടത് എന്നും നിഷ്കർഷിച്ചുകൊണ്ട് കത്തെഴുതുകയും ചെയ്ത ഉമറിന്റെ (റ) നടപടിയിൽ നിന്ന് (*ഫത്ഹുൽ ബാരി*, വാല്യം 9 പുറം17) ഇക്കാര്യം വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് ഉഥ്മാൻ (റ), ഖുറൈശീഉച്ചാരണ പ്രകാരം തന്നെ ഖുർആൻ എഴുതണമെന്ന് നിർദേശിക്കുകയും അതല്ലാതെയുള്ള ലിപികളിൽ എഴുതപ്പെട്ട രേഖകളുൾക്കൊള്ളുന്ന, അനൗദ്യോഗിക ഖുർആൻ രേഖകളെ കത്തിച്ചുകളയുവാൻ നിർദേശിക്കുകയും ചെയ്തത്.

കഅബുൽ അൻസാരി (റ) പറയുന്നു. ഞാൻ ഉമറി(റ)ന്റെ സദസ്സിലായിരുന്നു. അപ്പോൾ ഒരാൾ ഖുർആൻ ഓതിയപ്പോൾ 'ഹത്താഹീൻ' (حتي حين) എന്നോതി. ഉമർ (റ) ചോദിച്ചു. നിനക്ക് ആരാണ്

പഠിപ്പിച്ചത്? അദ്ദേഹം പറഞ്ഞു ഇബ്നു മസ്ഊദ് (റ) ആണ്. ഉമര്‍ (റ) പറഞ്ഞു 'ഹത്താ ഈൻ' (حت ءين) എന്നോതുക. ശേഷം ഉമര്‍ (റ) ഇബ്നു മസ്ഊദിന് എഴുതി. നിശ്ചയം അല്ലാഹു പ്രഥമമായി ഖുര്‍ആന്‍ അവതരിപ്പിച്ചത് ഖുറൈശികളുടെ ഭാഷയിലാണ്. എന്റെ ഈ സന്ദേശം ലഭിച്ചാല്‍ ഖുറൈശി ശൈലിയില്‍ പഠിപ്പിക്കണം. ഹുദൈല്‍ ഭാഷാശൈലിയില്‍ പഠിപ്പിക്കരുത്. (ഇബ്നു ആബ്ദില്‍ ബര്‍റ്: *അത്തംഹീദ്* 8/278 ഈ നിവേദനം സ്വീകാര്യമായ സനദോടെയുള്ളതാണ്)

തര്‍ക്കമുള്ള സ്ഥലങ്ങളില്‍ ഖുറൈശീ ഭാഷാശൈലി തെരഞ്ഞെടുത്തത് ഉഥ്മാനിന്റെ(റ) തന്നിഷ്ടപ്രകാരമല്ലെന്നും സ്വഹാബാക്കളുടെ കൂടിയാലോചനാസമിതിയുടെ മുന്നില്‍ തെളിവുകളോടുകൂടി അഭിപ്രായ പിന്‍ബലം ലഭിച്ചതിനു ശേഷമാണെന്നും ഇതില്‍ നിന്നെല്ലാം സുതരാം വ്യക്തമാവുന്നുണ്ട്.

അനൗദ്യോഗിക ഖുര്‍ആന്‍ രേഖകള്‍ നശിപ്പിച്ചത്

ഖുര്‍ആന്‍ ആദ്യമായി അവതരിപ്പിക്കപ്പെട്ട ശൈലിയായ ഖുറൈശീഭാഷയിലുള്ള ഔദ്യോഗികമായ ഖുര്‍ആന്‍ പ്രതികളാണ് ഉഥ്മാനിന്റെ(റ) കാലത്ത് തയ്യാറാക്കപ്പെട്ടത്. അങ്ങനെ തയ്യാറാക്കിയതിന്റെ ലക്ഷ്യം തന്നെ ഖുര്‍ആനിന്റെ കാര്യത്തിലുള്ള തര്‍ക്കങ്ങള്‍ പരിഹരിക്കുകയായിരുന്നു. അവതരണകാലത്ത് അനിവാര്യമായിരുന്ന ഗ്രാമ്യമായ ഹര്‍ഫുകളില്‍ ആരെങ്കിലും എഴുതിവെച്ചിട്ടുള്ള രേഖകള്‍ നിലനിന്നാല്‍ അത് പില്‍ക്കാലത്ത് കൂടുതല്‍ രൂക്ഷമായ അഭിപ്രായവ്യത്യാസങ്ങള്‍ക്ക് കാരണമായേക്കാം. അതുകൊണ്ട് തന്നെ ഖുറൈശീ ലിപിയിലുള്ള ഖുര്‍ആന്‍ പതിപ്പുകള്‍ തയ്യാറാക്കുകയും അത് വ്യത്യസ്ത പ്രവിശ്യകളിലേക്ക് കൊടുത്തയക്കുകയും ചെയ്ത ശേഷം ഉഥ്മാന്‍ (റ) ചെയ്തത് അവയല്ലാതെയുള്ള കോപ്പികളെല്ലാം നശിപ്പിച്ച് കളയാന്‍ ആവശ്യപ്പെടുകയാണ്. തങ്ങള്‍ക്ക് ആവശ്യമെന്ന് തോന്നിയ ആയത്തുകളും സൂറത്തുകളും തങ്ങള്‍ക്ക് ഇഷ്ടമുള്ള ക്രമത്തില്‍ എഴുതിവെച്ചവയായിരുന്നു സ്വഹാബിമാരുടെ കൈവശമുണ്ടായിരുന്ന സ്വകാര്യ ഖുര്‍ആന്‍ രേഖകള്‍. അവ നിലനില്‍ക്കുന്നത് ഖുര്‍ആനിനെക്കുറിച്ച് പില്‍ക്കാലത്ത് സംശയങ്ങള്‍ ഉടലെടുക്കാന്‍ കാരണമായേക്കാം. അത് കൊണ്ട് തന്നെ പ്രവാചകാനുചരന്മാരുടെയെല്ലാം സമ്മതത്തോടെ തന്നെ അവരില്‍ പലരുടെയും കൈവശമുണ്ടായിരുന്ന സ്വാകാര്യ കയ്യെഴുത്ത് രേഖകള്‍ നശിപ്പിക്കാന്‍ ആവശ്യപ്പെ

ടുകയാണ് ഉഥ്മാൻ (റ) ചെയ്തത്.

അനസ് (റ) പറയുന്നു: “എല്ലാ പ്രവിശ്യകളിലേക്കും ഉഥ്മാൻ(റ) പകർത്തിയെഴുതിയ മുസ്ഹഫിന്റെ ഓരോ കോപ്പികൾ കൊടുത്തയക്കുകയും അതല്ലാത്ത പൂർണമായോ ഭാഗികമായോ ഉള്ള മറ്റെല്ലാ കയ്യെഴുത്ത് പ്രതികളും കത്തിച്ച് നശിപ്പിക്കുവാൻ ഉത്തരവിടുകയും ചെയ്തു” (*സ്വഹീഹുൽ ബുഖാരി*, കിതാബ് ഫദാഇലിൽ ഖുർആൻ, ബാബു ജംഇൽ ഖുർആൻ, *ജാമിഉത്തിർമിദി*, കിതാബു ത്തഫ്സീർ)

ഔദ്യോഗിക കയ്യെഴുത്ത് പ്രതികൾ തയാറാക്കപ്പെട്ട സ്ഥിതിക്ക് വ്യക്തികളുടെ കൈവശമുണ്ടായിരുന്ന സ്വകാര്യ കയ്യെഴുത്ത് രേഖകളെല്ലാം നശിപ്പിക്കണമെന്നു തന്നെയായിരുന്നു സ്വഹാബിമാരുടെ അഭിപ്രായമെന്ന് അലി (റ)യുടെ പ്രസ്താവനയിൽ നിന്ന് വ്യക്തമാവുന്നുണ്ട്.

സുവൈദ് (റ) പറയുന്നു: ഉസ്മാൻ (റ) മുസ്ഹഫുകൾ കരിച്ചപ്പോൾ അലി (റ) പറഞ്ഞു. “അദ്ദേഹം അത് ചെയ്തിരുന്നില്ലെങ്കിൽ ഞാൻ അത് ചെയ്യുമായിരുന്നു”. (ഇബ്നു അബീ ദാവൂദ് 39, ദാനി *അൽമുഖന്നാഅ്* 18, ഇബ്നു കഥീർ: *ഫദാഇലുൽ ഖുർആൻ* 38, ബൈഹഖി 2/42)

സൈദ് ബിൻ ഥാബിത് (റ) പറഞ്ഞു: മുഹമ്മദ് നബിയുടെ അനുചരന്മാർ ഇങ്ങനെ പറയുന്നതായി ഞാൻ കണ്ടു; ’ അല്ലാഹുവാണെ! ഉഥ്മാൻ (റ) ചെയ്തതാണ് ശരി!” (നിസാമുദ്ധീൻ ബിൻ അൽഹസൻ ബിൻ മുഹമ്മദ് നൈസാബൂരി: *ഗറാഇബൽ ഖുർആൻ വ റആഇബൽ ഖുർആൻ*)

മുസ് അബു ബിൻ സഅദു ബ്നു അബീ വഖാസ് (റ) പറഞ്ഞു: “അനൗദ്യോഗികമായ സ്വകാര്യ ഖുർആൻ കോപ്പികൾ ഉഥ്മാൻ കത്തിക്കുമ്പോൾ അവിടെ വലിയൊരു ജനക്കൂട്ടം തന്നെയുണ്ടായിരുന്നു: അദ്ദേഹത്തിന്റെ പ്രവർത്തിയിൽ അവരെല്ലാം സംതൃപ്തരായിരുന്നു. ആരും തന്നെ അതിന്നെതിരെ ഒരക്ഷരവും ഉരിയാടിയില്ല” (ഇബ്നു അബീ ദാവൂദ് 41, ദാനി *അൽമുഖന്നാഅ്* 18, ബുഖാരി, *താരിഖുൽ കബീറിൽ* 7/351, ഇബ്നു കഥീർ(റ) ഇത് സ്വഹീഹാണെന്ന് പറഞ്ഞു. *ഫദാഇലുൽ ഖുർആൻ* 39)

മുസ്ഹഫ് നിർമാണത്തിന്റെ വിഷയത്തിൽ ഉഥ്മാനെ(റ) അകാരണമായി ആക്ഷേപിച്ചവരോടുള്ള അലി(റ)യുടെ വിശദീകരണത്തിൽ നിന്ന് ഇവ്വിഷയകമായ സ്വഹാബിമാരുടെ നിലപാടെന്തായിരുന്നുവെന്ന് വ്യക്തമാവുന്നുണ്ട്. “ജനങ്ങളേ നിങ്ങൾ അല്ലാഹുവിനെ സൂ

ക്ഷിക്കുക. ഉഥ്മാൻ (റ) അത് ചെയ്തത് ഞങ്ങളുടെ സാന്നിധ്യത്തിൽ ഞങ്ങളുമായി കൂടിയാലോചിച്ചതിനു ശേഷമാണ്. ഞങ്ങളിലാരും ഈ വിഷയത്തിൽ അദ്ദേഹവുമായി വിയോജിച്ചിട്ടില്ല." (ഇബ്നു അബീ ദാവൂദ്; *അൽ മസാഹിഫ്*, പുറം 202; *ഫത്ഹുൽ ബാരി* 9:15)

സ്വകാര്യമായ ഖുർആൻ ഏടുകളെല്ലാം നശിപ്പിക്കുവാൻ ഉഥ്മാൻ(റ) കല്പിച്ചത് എന്തുകൊണ്ടായിരുന്നു? കാരണങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1) സ്വഹാബത്ത് എഴുതിയ മുസ്ഹഫുകൾ അധികവും അപൂർണമായിരുന്നു. അവതരിച്ച ക്രമത്തിൽ എഴുതപ്പെട്ടതായിരുന്നു അവയിൽ ചിലത്. നമസ്കാരത്തിലും മറ്റും പാരായണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ മാത്രം എഴുതപ്പെട്ടവയായിരുന്നു അവയിൽ മിക്കതും. സൂറത്തുകൾക്ക് പ്രവാചകൻ (സ) നിശ്ചയിച്ച ക്രമം പാലിച്ചുകൊണ്ടായിരിക്കണമെന്നില്ല അവയിൽ എഴുതിച്ചേർക്കപ്പെട്ടിരുന്നത്. സ്വകാര്യ കോപ്പികളായതുകൊണ്ട് തന്നെ അവ എഴുതിയവരുടെ വിശദീകരണങ്ങളും അടിക്കുറിപ്പുകളും ഖുർആൻ ആയത്തുകളോടൊപ്പം അവർ എഴുതി വെച്ചിരുന്നിരിക്കാം. ദുർബലമാക്കപ്പെട്ട ആയത്തുകളും അവയിൽ ഉണ്ടായിരുന്നിരിക്കാൻ സാധ്യതയുണ്ട്. സ്വന്തം ആവശ്യത്തിന് വേണ്ടി മാത്രം എഴുതപ്പെട്ട അവയെ അതേ പോലെ നില നിൽക്കാനനുവദിച്ചാൽ ഖുർആനിനെകുറിച്ച സംശയങ്ങൾക്ക് ഭാവിയിൽ അത് കാരണമാകാനിടയുണ്ട്.

2)സ്വകാര്യമായി എഴുതപ്പെട്ട ഖുർആൻ ഏടുകൾ ഏതെങ്കിലും ഒരു ശൈലി മാത്രമുള്ളതായിരുന്നു. അവ ഉപയോഗിച്ച് വ്യത്യസ്ത പാരായണ രീതികൾക്ക് കഴിയുമായിരുന്നില്ല.

3) ഉസ്മാൻ (റ) തയ്യാറാക്കിയ മുസ്ഹഫ് നബി (സ) സ്ഥിരമായി പാരായണം ചെയ്തിരുന്ന പ്രഥമ ശൈലി അനുസരിച്ചുള്ളതായിരുന്നു. എന്നാൽ മറ്റു ഭാഷാ ശൈലിയിലുള്ള മുസ്ഹഫുകൾ പലരുടെയും കൈകളിൽ ഉണ്ടായിരുന്നു. അതിൽ പിഴവുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

ഹർഫ് വ്യത്യസ്തതകളുടെ സംരക്ഷണം ഖിറാഅത്തുകളിലൂടെ

പ്രവാചകൻ (സ) പഠിപ്പിച്ച വ്യത്യസ്തമായ ഭാഷാശൈലികൾ

ഇല്ലാതെയാക്കുകയും ഒരൊറ്റ ഹർഫ് മാത്രം സ്വീകരിക്കുകയും ചെയ്ത ഉഥ്മാനിന്റെ(റ) നിലപാട് എങ്ങനെ ന്യായീകരിക്കുമെന്ന് സംശയിക്കുന്നവരുണ്ടാവാം. പാരായണത്തിനു വേണ്ടിയാണ് നബി (സ) വ്യത്യസ്തങ്ങളായ ഗ്രാമ്യശൈലികൾ അനുവദിച്ചത്. എഴുത്തിൽ അവയ്ക്ക് പ്രസക്തിയില്ല. പ്രവാചകന് ഖുർആൻ അവതരിക്കാനാരംഭിച്ച അറേബ്യൻ ആധാരഭാഷയായ ഖുറൈശീഭാഷയിൽ അത് രേഖപ്പെടുത്തിയതോടോപ്പം തന്നെ വ്യത്യസ്ത ഹർഫുകളിലെ വ്യത്യാസങ്ങൾ വ്യത്യസ്ത ഖിറാഅത്തുകളയിലായി സംരക്ഷിക്കുവാനുള്ള സംവിധാനമാണ് ഉഥ്മാൻ (റ) ഏർപ്പെടുത്തിയത്. അതു ചെയ്തതാകട്ടെ പ്രബലരായ സ്വഹാബാക്കളുടെ അഭിപ്രായങ്ങളെയെല്ലാം മാനിച്ചുകൊണ്ടായിരുന്നുതാനും. യഥാർത്ഥത്തിൽ നബി (സ) പഠിപ്പിച്ച പാരായണ ശൈലികളിലെ വ്യത്യാസങ്ങളെല്ലാം ഇന്നും നിലവിലുണ്ട്. അവ മുതവാത്തിറായ പത്ത് ഖിറാഅത്തുകളിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നുമാത്രമല്ല ശാദ്ദായ (അനേകരിലൂടെ കൈമാറ്റം ചെയ്യപ്പെടാത്തതിനാൽ ചെറിയ പിഴവുകൾക്ക് സാധ്യതയുള്ള) ഖിറാഅത്തുകൾ പോലും തഫ്സീർ ഗ്രന്ഥങ്ങളിലും ചില ഹദീഥ് ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അവയെല്ലാം ഇന്നും നില നിൽക്കുന്നുണ്ടെന്നർത്ഥം. നബി (സ) പഠിപ്പിച്ച ഹർഫുകളിലെ വ്യത്യാസങ്ങളെയോ ഖിറാഅത്തുകളെയോ നഷ്ടപ്പെടുത്തിക്കൊണ്ടല്ല, എല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഉഥ്മാനിന്റെ (റ) കാലത്തെ ഖുർആൻ കോഡീകരണം നടന്നത്.

വ്യത്യസ്ത ഹർഫുകളിൽ പാരായണവ്യത്യാസങ്ങളുള്ള സ്ഥലങ്ങളിലെ വ്യത്യസ്തതകൾ കൂടി ഉൾക്കൊണ്ട് കൊണ്ടാണ് ഉഥ്മാനിന്റെ(റ) കാലത്തെ മുസ്ഹഫിന്റെ വ്യത്യസ്ത പതിപ്പുകൾ തയ്യാറാക്കിയത്. ഹർഫുകളിലുള്ള വ്യത്യാസങ്ങളിൽ മിക്കതും അന്നത്തെ അറബിലിപിയിൽ പുള്ളികളുണ്ടായിരുന്നില്ല എന്നതിനാൽ ഒരേ എഴുത്തുകൊണ്ട് തന്നെ വായിക്കാൻ കഴിയുന്നവയായിരുന്നു. അങ്ങനെ വായിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ മാത്രം ഉഥ്മാനിന്റെ(റ) കാലത്ത് നിർമ്മിക്കപ്പെട്ട വ്യത്യസ്ത പതിപ്പുകൾ വഴി ആ വ്യത്യാസങ്ങൾ നില നിർത്തുകയാണ് ചെയ്തത്. അഥവാ ഒരു പതിപ്പിൽ ഒരു ഹർഫു പ്രകാരമുള്ള ആലേഖനവും മറ്റേ പതിപ്പിൽ മറ്റൊരു ഹർഫുപ്രകാരമുള്ള ആലേഖനവുമാണ് നിർവഹിച്ചത്. ഇത് വഴി ഹർഫുകളിലെ വ്യതിരിക്തതകളൊന്നും നഷ്ടപ്പെടാതെ തന്നെ ഖുറൈശീഭാഷയിൽ ഖുർആൻ ക്രോഡീകരിക്കുവാൻ ഉഥ്മാനിന്(റ)

കഴിഞ്ഞു.

അബൂബക്കറിന്റെ (റ) മുസ്ഹഫ് നശിപ്പിച്ചത്

ഉഥ്മാനിന്റെ(റ) കാലത്ത് നശിപ്പിക്കപ്പെട്ടിട്ടില്ലായിരുന്ന അബൂബക്കറി (റ)ന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട മുസ്ഹഫ് മുആവിയ (റ)യുടെ ഭരണകാലത്ത് നശിപ്പിച്ചതും ഖുർആനിന്റെ കാര്യത്തിൽ പിൽക്കാലത്ത് അഭിപ്രായാന്തരങ്ങൾ ഇല്ലാതിരിക്കുവാനാണ്. പ്രസ്തുത മുസ്ഹഫിൽ ഖുറൈശീഹർഫല്ലാത്ത ഭാഷാശൈലികളുടെ സ്വാധീനമുണ്ടായിരുന്നത് കൊണ്ടാവാം ഖലീഫയുടെ മദീനയിലെ ഗവർണറായിരുന്ന മർവ്വാനു ബ്നുൽ ഹക്കം (റ) അത് നശിപ്പിക്കുവാൻ ആവശ്യപ്പെട്ടത്. "സാലിം ബ്നു അബ്ദുല്ലാഹിബ്നു ഉമർ (റ) പറയുന്നു. മർവ്വാൻ മദീനയുടെ ഗവർണറായിരുന്നപ്പോൾ മുസ്ഹഫ് ആവശ്യപ്പെട്ട് ഹഫ്സ(റ)യുടെ അടുത്തേക്ക് ആളെ പറഞ്ഞയച്ചു. അവരത് നൽകാൻ വിസമ്മതിച്ചു. ഹഫ്സ (റ) മരണപ്പെട്ടപ്പോൾ അവരെ മറമാടിക്കഴിഞ്ഞ് ബന്ധുക്കൾ മടങ്ങി വന്നശേഷം മർവ്വാൻ അബ്ദുല്ലാഹി ബ്നു ഉമറിനോട്(റ) ആ മുസ്ഹഫ് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അത് നൽകി. അത് നശിപ്പിക്കുവാൻ മർവാൻ കല്പിച്ചു. അദ്ദേഹം പറഞ്ഞു. "ഞാനിത് ചെയ്യുന്നത് ഇതിലുള്ള ഖുർആൻ പകർത്തപ്പെടുകയും മനഃപ്പാഠമാക്കുകയും ചെയ്തും മുസ്ഹഫിന്റെ വിഷയത്തിലെ സംശയാലുക്കൾ ഇതിലുള്ള എന്തെങ്കിലും രേഖപ്പെടുത്തിയില്ല എന്ന ആശങ്ക പ്രകടിപ്പിക്കാതിരിക്കാനാണ്". (ഇബ്നു കഥീർ: *ഫദാഇലുൽ ഖുർആൻ* 85. സ്വഹീഹാണെന്ന് ഇമാം വ്യക്തമാക്കി).

ഹഫ്സ(റ)യുടെ കൈവശമുള്ള മുസ്ഹഫിൽ നിന്നാണ് ഉഥ്മാൻ (റ) പകർത്തി എഴുതാൻ ആവശ്യപ്പെട്ടതെന്ന് നാം കണ്ടു. വ്യത്യസ്ത ഹർഫുകളിലുള്ള ഖിറാഅത്തുകൾ ഉൾക്കൊണ്ട് കൊണ്ടാണ് അത് എഴുതപ്പെട്ടതെന്നും നാം മനസ്സിലാക്കി. ആദ്യമായി ഖുർആൻ അവതരിപ്പിക്കപ്പെട്ട ഖുറൈശീഭാഷാശൈലിയിൽ വ്യത്യസ്ത ഹർഫുകൾ ഉൾക്കൊണ്ട് കൊണ്ട് എഴുതിയ പ്രസ്തുത പതിപ്പുകളുമായി അബൂബക്കറിന്റെ(റ) കാലത്ത് ഒരൊറ്റ ഹർഫിന്റെ മാത്രം അടിസ്ഥാനത്തിൽ എഴുതിയ മുസ്ഹഫുമായി നിസ്സാരമായ ചില വ്യസ്ത്യാസങ്ങളുണ്ടാകുവാൻ സാധ്യതയുണ്ട്. പ്രസ്തുത വ്യത്യാസങ്ങൾ പ്രവാചകൻ (സ) തന്നെ പഠിപ്പിച്ചതാണെന്നും ഖുർആനിന്റെ ഉള്ളടക്കത്തെയോ ദൗത്യത്തെയോ യാതൊരു രൂപത്തിലും ബാധിക്കാത്തതു

മാണെന്നും അന്ന് ജീവിച്ചിരിക്കുന്ന സ്വഹാബിമാർക്ക് കൃത്യമായി അറിയാം. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പിൽക്കാലത്ത് അഭിപ്രായാന്തരങ്ങളുണ്ടാകുവാനും ഭിന്നതകൾ ഉടലെടുക്കുവാനുമുള്ള സാധ്യതയുണ്ട്. ഖുർആനിന്റെ വിഷയത്തിൽ ഭിന്നതയുണ്ടാവാൻ സാധ്യതയുള്ള മുഴുവൻ ദ്വാരങ്ങളും അടക്കുന്നതിന്റെ ഭാഗമായാണ് മർവ്വാൻ (റ) അബൂബക്കറിന്റെ(റ) കാലത്ത് നിർമ്മിക്കപ്പെട്ട മുസ്ഹഫ് നശിപ്പിക്കുവാൻ ആവശ്യപ്പെട്ടതെന്ന് അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ നിന്ന് വ്യക്തമാണ്. തന്റെ നിർദേശപ്രകാരം തയാറാക്കപ്പെട്ട ഔദ്യോഗിക പതിപ്പുകളല്ലാത്തവയെല്ലാം നശിപ്പിക്കണമെന്ന തൊട്ട് മുമ്പത്തെ ഖലീഫയായിരുന്ന ഉഥ്മാനിന്റെ നിർദേശത്തിന്റെ പൂർണമായ പൂർത്തീകരണമുണ്ടായത് മർവ്വാനിന്റെ ഈ നടപടിയോട് കൂടിയാണ്.

11. വ്യത്യസ്ത ഖിറാഅത്തുകൾ

ഉഥ്മാന്റെ(റ) മുസ്ഹഫിൽ എല്ലാ ഖിറാഅത്തുകളും ഉൾക്കൊണ്ടിരുന്നുവോ എന്നതിൽ ഭിന്നാഭിപ്രായമുണ്ട്. ആദ്യകാലങ്ങളിൽ വ്യത്യസ്ത ഗോത്രഭാഷകളിൽ ഖുർആൻ അവതീർണമായി. അതിന്റെ ആവശ്യം താൽക്കാലികമായിരുന്നു. പുതുതലമുറ ഖുറൈശീ ഭാഷാ പ്രകാരമുള്ള പ്രഥമ പാരായണത്തിന് പ്രയാസമുള്ളവരായിരുന്നില്ല. ആയതിനാൽ അത് ഒഴിവാക്കപ്പെട്ടു എന്ന് ഇമാം ത്വബ്രി, ത്വഹാവി എന്നിവരുടെ അഭിപ്രായം. ഇത് ശരിയാണെന്ന് തോന്നുന്നില്ല; ശരിയായ അഭിപ്രായം ഉഥ്മാനി മുസ്ഹഫിൽ വ്യത്യസ്ത പാരായണ ശൈലികളും ഉണ്ടെന്നാണ്. സ്വരചിഹ്നങ്ങളോ പുള്ളികളോ ഇല്ലാത്ത അതിന്റെ പ്രത്യേകമായ എഴുത്തുശൈലി വ്യത്യസ്ത പാരായണങ്ങളെ ഉൾക്കൊള്ളുന്നതാണ്.

സൂറത്ത് ആലു ഇമ്രാനിലെ 146 ആമത്തെ വചനം ഉദാഹരണം: (وَكَأَيِّنْ مِّنْ نَّبِيٍّ قُتِلَ ۙ مَعَهٗ رِبِّيُّوْنَ كَثِيْرٌ)എന്നാണ് ആയത്തിന്റെ തുടക്കം. അങ്ങനെയാവുമ്പോൾ അർത്ഥം "എത്രയോ പ്രവാചകൻമാർ, അവർക്കൊപ്പം നിരവധി ദൈവദാസൻമാർ യുദ്ധം ചെയ്തു"വെന്നായിരിക്കും. ഇവിടെ 'യുദ്ധം ചെയ്തു' എന്ന പരിഭാഷപ്പെടുത്തിയത് ഖതല (قَتَلَ)

എന്ന പദത്തെയാണ്. ഇതിന്ന് 'ഖുതില' എന്ന ഒരു ഖിറാഅത്ത് കൂടിയുണ്ട്. അങ്ങനെയാവുമ്പോൾ "എത്രയോ പ്രവാചകൻമാർ, അവർക്കൊപ്പം നിരവധി ദൈവദാസൻമാർ വധിക്കപ്പെട്ടു" എന്നാണ് അർത്ഥം. സ്വരചിഹ്നമില്ലാതെ എഴുതിയ ഉഥ്മാനീ മുസ്ഹഫിൽ ഈ രണ്ടു ഖിറാഅത്തുകളും സാധ്യമാകും. അൽബഖറയിലെ 85 ആം വചനത്തിന്റെ 'തഅ്മലൂന' (تَعْمَلُونَ), 'യഅ്മലൂന'(يَعْمَلُونَ) എന്നീ ഖിറാഅത്തിലെ വ്യത്യാസം കുത്തുകളില്ലാതെ എഴുതിയ ഉഥ്മാനീ മുസ്ഹഫിൽ നിന്ന് തന്നെ പാരായണം ചെയ്യാനാകും. സൂറത്തുൽ ഹിജ്റിലെ എട്ടാം വചനത്തിന്റെ മാ തനസ്സലു (مَا تَنَزَّلُ), മാ നുനസ്സലു (مَا نُنَزِّلُ) എന്നീ ഖിറാഅത്തുകളും അഹ്സാബിലെ അറുപത്തിയെട്ടാം വചനത്തിന്റെ കബീറാ (كَبِيرًا) കഥീറാ (كَثِيرًا) എന്നീ ഖിറാഅത്തുകളും സൂറത്തുൽ ഫത്ഹിലെ പതിനേഴാം വചനത്തിന്റെ നുദ്ഖിൽഹു (نُدْخِلْهُ) യുദ്ഖിൽഹു (يُدْخِلْهُ) എന്നീ ഖിറാഅത്തുകളും കുത്തുകളില്ലാതെ എഴുതിയ ഒരേ ഉഥ്മാനീ മുസ്ഹഫിലെ സമാനമായ എഴുത്തിലൂടെത്തന്നെ സംരക്ഷിക്കപ്പെട്ട ഹർഫ് വ്യാത്യാസങ്ങളാണ്.

ഹർഫുകളിൽ വന്ന സ്വരചിഹ്നത്തിന്റെയോ കുത്തുകളുടെയോയല്ലാത്ത വ്യത്യാസങ്ങൾ വ്യത്യസ്ത പാരായണങ്ങളിലൂടെയും സംരക്ഷിക്കപ്പെട്ടതായി കാണാൻ കഴിയും. സൂറത്തുൽ അമ്പിയാഇലെ നാലാമത്തെ വചനം ഉദാഹരണം: قَالَ رَبِّي يَعْلَمُ الْقَوْلَ فِي السَّمَاءِ وَالْأَرْضِ എന്നാണ് ആയത്തിന്റെ തുടക്കം. "അദ്ദേഹം പറഞ്ഞു: എൻറെ രക്ഷിതാവ് ആകാശത്തും ഭൂമിയിലും വർത്തമാനങ്ങളെല്ലാം അറിയുന്നുണ്ട്" എന്നാണ് ഇതിനർത്ഥം. 'ഖാല' (قَالَ)ക്കു പകരം 'ഖുൽ' (قل) എന്നാണ് മറ്റൊരു ഖിറാഅത്ത്. അപ്പോൾ അതിന്റെ അർത്ഥം "നീ പറയുക" എന്ന കൽപനയായിരിക്കും. ഇതിലെ ഒന്നാമത്തേത് ഹഫ്സ് ഖിറാഅത്ത് രേഖപ്പെടുത്തിയ മുസ്ഹഫിലൂടെയും രണ്ടാമത്തേത് വർശ് ഖിറാഅത്ത് രേഖപ്പെടുത്തിയ മുസ്ഹഫിലൂടെയും സംരക്ഷിക്കപ്പെട്ടത് ഇന്നും നമുക്ക് കാണാൻ കഴിയും. സൂറത്ത് ശുഅറാഇലെ മുപ്പതാമത്തെ വചനത്തിലെ പാരായണവ്യത്യാസവും ഇതിനുദാഹരണമാണ്. അതിലെ 'ഫബിമാ കസബത്ത്' (فَبِمَا كَسَبَتْ) എന്ന ഹർഫ് ഹഫ്സ് ഖിറാഅത്തിന്റെ മുസ്ഹഫുകളിലൂടെയും 'ബിമാ കസബത്ത്' (بِمَا كَسَبَتْ) എന്ന ഹർഫ് വർശ് ഖിറാഅത്തിന്റെ മുസ്ഹഫുകളിലൂടെയും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

പ്രവാചകനിൽ(സ) നിന്ന് നിവേദനം ചെയ്യപ്പെട്ടതാണെന്ന് ഉറപ്പുള്ള പത്ത് ഖിറാഅത്തുകളിലൂടെയും അവ രേഖപ്പെടുത്തിയ മുസ്ഹഫുകളിലൂടെയും അവതരിക്കപ്പെട്ട ഖുർആൻ പൂർണമായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അവ്യക്തതകളും പിഴവുകളുമുള്ള ശാദ്ദായ ഖിറാഅത്തുകൾ പാരായണം ചെയ്യാൻ പാടില്ല എന്ന് ഇമാമീങ്ങൾ വ്യക്തമാക്കിയത് അവ പ്രവാചകനിൽ നിന്നുള്ളതാണെന്ന് ഉറപ്പില്ലാത്തതു കൊണ്ടാണ്. അവയിൽ പലതിലും സ്വഹാബാക്കളുടെ തഫ്സീറുകൾ (വിശദീകരണങ്ങൾ) ചിലർ തെറ്റായി കേട്ടത് ഉൾപ്പെടെ ഖുർആൻ അല്ലാത്ത പലതുമുണ്ട്. തഫ്സീറിന്റെ ഗ്രന്ഥങ്ങളിൽ അവ സവിസ്തരം വിശദീകരിക്കപ്പെട്ടതാണ്. ദുർബലപ്പെടുത്തപ്പെട്ട ചില വചനങ്ങളും വചനഖണ്ഡങ്ങളും അവയിലുണ്ട്. ഉദാഹരണമായി സൂറത്തുന്നിസാഇലെ ഇരുപത്തിനാലാം വചനത്തിൽ വിവാഹമൂല്യത്തെക്കുറിച്ച് പറയുന്നിടത്ത് (فَمَا اسْتَمْتَعْتُم بِهِ مِنْهُنَّ) (നിങ്ങൾ ആസ്വാദനം അനുഭവിച്ചാൽ അവർക്ക് വിവാഹമൂല്യം നൽകണം) എന്നു പറഞ്ഞതിന് ശേഷം (الي اجل مسمى) (ഒരു നിശ്ചിത അവധി വരെ) എന്ന വചനവും ഇബ്നു അബ്ബാസിന്റെ(റ) മുസ്ഹഫിൽ കാണാം. ഈ അധിക വചനം മുത്അ (താത്കാലിക വിവാഹം) നിരോധിക്കപ്പെട്ടതോടെ ദുർബലപ്പെടുത്തപ്പെട്ടതാണ്. ഇതുപോലുള്ള ചില ആയത്തുകൾ ഹദീഥ് ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവ സ്വഹാബിമാരുടെ വിശദീകരണങ്ങളോ മൻസൂഖായ ആയത്തുകളോ ആണ്. അവ മുസ്ഹഫിൽ രേഖപ്പെടുത്തുകയോ പിൽക്കാല തലമുറകൾക്ക് പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. നബി(സ)യുടെ ചില അനുചരന്മാർക്ക് അവ അറിയുമായിരുന്നു. അവർ പറഞ്ഞതാണ് ചില ഹദീഥ് ഗ്രന്ഥങ്ങളിലുള്ളത്.

ഉഥ്മാൻ (റ) തയ്യാറാക്കിയ ഖുർആൻ പ്രതികൾ ഈജിപ്ത്, ബസറ, കൂഫ, മക്ക, സിറിയ, യമൻ, ബഹ്റൈൻ തുടങ്ങിയ നാടുകളിലേക്ക് അയച്ചുകൊടുത്തുവെന്നും അതിനു ശേഷം വ്യക്തികൾ സൂക്ഷിച്ചിരുന്ന എല്ലാ ഏടുകളും കത്തിച്ചുകളയാൻ ഖലീഫ ഉത്തരവ് നൽകി എന്നും ഈ ആധികാരിക കോപ്പികൾ പ്രകാരം മാത്രമേ ഖുർആൻ പാരായണം പാടുള്ളുവെന്നും കൽപന നൽകിയെന്നുമാണ് മുകളിൽ സൂചിപ്പിച്ച നിവേദനങ്ങൾ മനസ്സിലാക്കിത്തരുന്നത്. ഉസ്മാൻ (റ) കോപ്പികളെടുത്തു നൽകിയ മുസ്ഹഫുകളുടെ പകർപ്പുകളാണ് ഇന്ന് ലോക വ്യാപകമായി പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. പ്രസ്തുത ഒറിജിനൽ കോപ്പികൾ ഇന്നും നിലവിലുണ്ട്.

ഉഥ്മാനീ മുസ്ഹഫിന്റെ തനിപ്പകർപ്പ്

മൂന്നാം ഖലീഫയായ ഉഥ്മാനുബ്നു അഫ്ഫാനിന്റെ(റ) കാലത്ത് ക്രോഡീകരിക്കപ്പെട്ട മുസ്ഹഫുകളുടെ തനിപകർപ്പുകളാണ് ലോകത്തെങ്ങുമുള്ള മുസ്ലിംകൾ ഇന്നുപയോഗിക്കുന്നത്. അഥവാ ഇന്ന് കാണുന്ന രൂപത്തിൽ ഖുർആൻ ക്രോഡീകരിക്കുകയും ശേഖരിക്കുകയും ചെയ്തത് ഉഥ്മാനിന്റെ(റ) ഭരണകാലത്താണ്. പന്ത്രണ്ട് വർഷത്തിലധികം നീണ്ടുനിന്ന തന്റെ ഭരണകാലത്തിനിടയിൽ ഇസ്ലാമിക പ്രബോധനം വ്യാപകമാവുകയും ഇസ്ലാമിക രാഷ്ട്രത്തിന്റെ വിസ്തൃതി വർധിക്കുകയും ചെയ്തപ്പോൾ വ്യത്യസ്ത പ്രദേശങ്ങളിലെ പുതുമുസ്ലിംകൾക്ക് ഖുർആൻ പഠിപ്പിക്കുന്നതിന് വേണ്ടി കൂടുതൽ സംവിധാനങ്ങളേർപ്പെടുത്തേണ്ടിവന്നത് സ്വാഭാവികമായിരുന്നു. അങ്ങനെ ഏർപെടുത്തിയ സംവിധാനങ്ങളുടെ ഭാഗമായാണ് വിശുദ്ധ ഖുർആനിന്റെ ഔദ്യോഗിക പ്രതികൾ പകർത്തിയെഴുതുവാനും അത് ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രവിശ്യാ തലസ്ഥാനങ്ങളിലേക്കെല്ലാം കൊടുത്തയച്ച് അവിടെയെല്ലാം തെറ്റുകൂടാതെ, അവതരിക്കപ്പെട്ട രൂപത്തിൽ തന്നെയാണ് ഖുർആൻ പാരായണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുവാനും, ആദ്യത്തെ നാല് ഖലീഫമാരിൽ ഏറ്റവുമധികം കാലം രാഷ്ട്രഭരണം നടത്തിയ വ്യക്തിയായ ഉഥ്മാനിന്(റ) അവസരമുണ്ടായത്.

അർമീനിയക്കും അസർബൈജാനിനുമെതിരെയുള്ള ഉഥ്മാന്റെ (റ) കാലത്തെ യുദ്ധം നടന്ന ഹിജ്റ 25-ാം (ഫത്ഹുൽ ബാരി, വാല്യം 9 പുറം 18) വർഷത്തിനു ശേഷം ഉടനെത്തന്നെ ഉഥ്മാന്റെ(റ) കാലത്തെ ഔദ്യോഗിക ഖുർആൻ കയ്യെഴുത്ത് രേഖയുടെ പകർത്തിയെഴുത്ത് നടന്നിട്ടുണ്ടെന്ന് നടേ സൂചിപ്പിച്ച, അനസ്ബ്നു മാലികിൽ(റ) നിന്ന് ബുഖാരി നിവേദനം ചെയ്ത ഹദീഥ് വ്യക്തമാക്കുന്നുണ്ട്. (*സ്വഹീഹുൽ ബുഖാരി*, കിതാബു ഫദാഇലിൽ ഖുർആൻ) പ്രവാചക വിയോഗം കഴിഞ്ഞ് രണ്ട് പതിറ്റാണ്ടിനകം തന്നെ പ്രസ്തുത പകർത്തിയെഴുത്ത് നടന്നിട്ടുണ്ടെന്നർഥം. ഖുറൈശീ ആധാരഭാഷ പ്രകാരമുള്ള ഖുർആൻ കോപ്പികൾ തയ്യാറാക്കുകയും വ്യത്യസ്ത പ്രവിശ്യാ തലസ്ഥാനങ്ങളിലേക്ക് അയച്ചുകൊടുക്കുകയും വ്യക്തികളുടെ കൈകളിലുണ്ടായിരുന്ന സ്വകാര്യ കയ്യെഴുത്ത് പ്രതികൾ നശിപ്പിക്കുവാനാവശ്യപ്പെടുകയും ചെയ്തപ്പോൾ പ്രവാചകനിൽ(സ) നിന്ന് നേർക്കുനേരെ മതം പഠിച്ച അനുയായികളിൽ മിക്കവരും ജീവി

ച്ചിരിക്കുന്നുണ്ടായിരുന്നു. അവരിലാരും തന്നെ ഉഥ്മാന്റെ(റ) നടപടിയെ വിമർശിക്കുകയോ എതിർക്കുകയോ ചെയ്തതായി വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെയില്ല. അല്ലാഹുവിനെയും പ്രവാചകനെയും(സ) സ്വന്തത്തെക്കാളധികം സ്നേഹിച്ചിരുന്ന സ്വഹാബിമാർ, ഖുർആനിൽ ഉഥ്മാൻ (റ) വല്ല മാറ്റവും വരുത്തുകയോ അതിൽ നിന്ന് വല്ലതും മറച്ചുവെക്കുകയോ ചെയ്തിരുന്നുവെങ്കിൽ അതിനെ ശക്തമായിത്തന്നെ എതിർക്കുകയും അദ്ദേഹത്തിനെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ചെയ്തില്ലെന്ന് മാത്രമല്ല, അവരെല്ലാവരും ഐകകണ്ഠേന അദ്ദേഹത്തിന്റെ നടപടി അംഗീകരിക്കുകയും അതോടൊപ്പം സഹകരിക്കുകയുമാണ് ചെയ്തത്. (ഇബ്നു മസ്ഊദിൽ(റ) നിന്നുണ്ടായി എന്ന് പറയപ്പെടുന്ന പ്രതിസ്വരത്തെക്കുറിച്ച് പിന്നീട് വിശദീകരിക്കുന്നുണ്ട്.)

അബൂബക്കറിന്റെ(റ) കാലത്ത് നിർമിക്കപ്പെട്ട ഖുർആൻ കയ്യെഴുത്ത് പ്രതി കൈവശമുണ്ടായിരുന്നിട്ടും അതിൽനിന്ന് നേർക്കുനേരെ കോപ്പികളെടുക്കാതെ, നിലനിൽക്കുന്ന കയ്യെഴുത്ത് രേഖകൾ പരിശോധിക്കുകയും മനഃപാഠമുള്ളവരിൽ നിന്ന് കേൾക്കുകയും ചെയ്തതിന് ശേഷം സ്വതന്ത്രമായ കോപ്പികൾ പകർത്തിയെഴുതുകയും അത് ഹഫ്സയുടെ(റ) പക്കലുണ്ടായിരുന്ന, അബൂബക്കറിന്റെ(റ) കാലത്ത് നിർമിക്കപ്പെട്ട 'സുഹുഫു'മായി ഒത്തുനോക്കി അബദ്ധങ്ങളൊന്നുമുണ്ടായിട്ടില്ലെന്ന് ഉറപ്പ് വരുത്തുകയുമാണ് ഉഥ്മാനിന്റെ(റ) ഭരണകാലത്ത് സൈദ്ബ്നു ഥാബിതിന്റെ(റ) നേതൃത്വത്തിലുള്ള സംഘം ചെയ്തത്. ഇതിനായി അൻസ്വാരികളും ഖുറൈശികളുമടങ്ങുന്ന പന്ത്രണ്ട് പേരുടെ ഒരു സംഘത്തെയാണ് ഉഥ്മാൻ(റ) ഉത്തരവാദപ്പെടുത്തിയതെന്ന് ഹിജ്റ110-ൽ അന്തരിച്ച ഇബ്നു സീരീൻ രേഖപ്പെടുത്തുന്നതായി ഇബ്നു സഅ്ദ് തന്റെ *ത്വബഖാത്തിൽ* ഉദ്ധരിക്കുന്നുണ്ട്.

അബൂബക്കറിന്റെ(റ) കാലത്ത് സൈദുബ്നു ഥാബിത്തിന്റെ(റ) നേതൃത്വത്തിൽ നടത്തിയ ഖുർആൻ കയ്യെഴുത്ത് രേഖകളുടെ ക്രോഡീകരണത്തിൽ എന്തെങ്കിലും തരത്തിലുള്ള സ്ഖലിതങ്ങളുണ്ടാവുകയോ, അന്ന് ലഭ്യമല്ലാതിരുന്നതിനാൽ ഏതെങ്കിലും വചനങ്ങൾ വിട്ടുപോവുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ കൂടി പരിഹരിച്ച ശേഷമുള്ള അന്യൂനമായ ഖുർആൻ രേഖ തന്നെയാവണം തന്റെ ഭരണകാലത്ത് നിർമിക്കുന്നതെന്ന് വിചാരിച്ചതു കൊ

ണ്ടാവണം ഹഫ്സയുടെ(റ) പക്കലുള്ള 'സുഹുഫി'ന്റെ നേർപതിപ്പുകൾ നിർമിക്കാതെ സ്വതന്ത്രമായിത്തന്നെ ഖുർആൻ കയ്യെഴുത്ത് രേഖകൾ നിർമിക്കുവാനും അവ ഹഫ്സയുടെ(റ) പക്കലുള്ള രേഖയുമായി ഒത്തുനോക്കിയ ശേഷം മാത്രം സ്വീകരിക്കുവാനും ഉഥ്മാൻ (റ) തീരുമാനിച്ചത്. ഖുർആൻ മനഃപാഠമുള്ളവരുടെ മരണം വഴി വചനങ്ങൾ നഷ്ടപ്പെട്ടുപോകുമോയെന്ന ഭയമായിരുന്നു അബൂബക്റിനെയും(റ) ഉമറിനെയും(റ) 'സുഹുഫ്' നിർമിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻ പ്രേരിപ്പിച്ചതെങ്കിൽ, ഖുർആൻ തെറ്റായി പാരായണം ചെയ്യുന്ന പ്രവണതയുണ്ടായി വരുന്നുവെന്ന കണ്ടെത്തലാണ് ഉഥ്മാനിനെ(റ)ഔദ്യോഗിക ഖുർആൻ രേഖകൾ പകർത്തിയെഴുതുവാൻ പ്രചോദിപ്പിച്ചത്. അതുകൊണ്ട് തന്നെയാണ് അബൂബക്കറിന്റെ(റ) കാലത്ത് ക്രോഡീകരിക്കപ്പെട്ട മുസ്ഹഫ് അടക്കം നില നിൽക്കേണ്ടതില്ലെന്ന് ഉഥ്മാനിന്റെ(റ) പിൻഗാമികളായി വന്ന ഭരണാധികാരികൾ തീരുമാനിച്ചത്.

തെറ്റായ രീതിയിൽ രേഖപ്പെടുത്തപ്പെട്ട വ്യക്തിഗത കോപ്പികൾ നശിക്കാതെ നിലനിന്നാൽ ഭാവിയിലെങ്കിലും അത്തരം കോപ്പികളിൽ നിന്ന് തെറ്റായ രീതിയിൽ ഖുർആൻ പാരായണം ചെയ്യപ്പെടുന്ന അവസ്ഥയുണ്ടാകുമെന്ന് മനസ്സിലാക്കിയതിനാലാണ് എല്ലാ അർത്ഥത്തിലും സമ്പൂർണമായ ഔദ്യോഗിക കോപ്പികൾ പകർത്തിയെഴുതുവാനും അങ്ങനെ പകർത്തിയെഴുതിയതിനു ശേഷം അതല്ലാത്ത കോപ്പികളെല്ലാം നശിപ്പിക്കുവാനും ഉഥ്മാൻ (റ) തീരുമാനിച്ചത്. ഈ തീരുമാനത്തിന് അന്നു ജീവിച്ചിരുന്ന സ്വഹാബിമാരുടെയെല്ലാം പിന്തുണയുണ്ടായിരുന്നു. ഉഥ്മാൻ (റ) ചെയ്തത് തെറ്റായിപ്പോയെന്ന് ഏതെങ്കിലുമൊരു പ്രവാചകാനുചരൻ പറഞ്ഞതായി തെളിയിക്കുവാൻ ഖുർആനിൽ കൈകടത്തുവാനാണ് അദ്ദേഹം ശ്രമിച്ചതെന്ന് ആരോപിക്കുന്ന ഇസ്‌ലാം വിമർശകർക്കൊന്നും കഴിഞ്ഞിട്ടില്ല. സ്വഹാബിമാരിൽ പലർക്കും ഖുർആൻ മനഃപാഠമുണ്ടായിരുന്നതിനാൽ അത്തരം വല്ല കൂട്ടിച്ചേർക്കലുകളും നടത്തിയിരുന്നുവെങ്കിൽ അക്കാര്യം അവർ തുറന്നുപറയുകയും തിരുത്തുകയും ചെയ്യുമായിരുന്നു. അങ്ങനെയൊന്നുമുണ്ടായിട്ടില്ലെന്ന വസ്തുത അവതരിക്കപ്പെട്ട വിശുദ്ധിയിൽ തന്നെ നിലനിൽക്കുന്നവയായിരുന്നു ഉഥ്മാൻ (റ) പകർത്തിയെഴുതിയ ഔദ്യോഗിക പതിപ്പുകൾ എന്ന വസ്തുതയ്ക്ക് അടിവരയിടുന്നുണ്ട്.

ഖുർആനിന്റെ ഔദ്യോഗിക രേഖകൾ പകർത്തിയെഴുതി പ്രവിശ്യാതലസ്ഥാനങ്ങളിലേക്ക് കൊടുത്തയക്കുക മാത്രമല്ല ഉഥ്മാൻ (റ) ചെയ്തത്; ഔദ്യോഗിക രേഖകളോടൊപ്പം ഔദ്യോഗിക പാരായണക്കാരെക്കൂടി പറഞ്ഞയച്ചുകൊണ്ട് അംഗീകൃതമല്ലാത്ത പാരായണഭേദങ്ങളുണ്ടാകുവാനുള്ള സാധ്യതയുടെ വാതിൽ കൊട്ടിയടക്കുക കൂടി ചെയ്തു അദ്ദേഹമെന്നതാണ് വാസ്തവം. സൈദുബ്നു ഥാബിത്തിനെ മദീനയിലും അബ്ദുല്ലാഹിബ്നു അസ്സാഇബിനെ മക്കയിലും അൽമുഗീറത്തുബ്നു ശിഹാബിനെ സിറിയയിലും ആമിറുബ്നു അബ്ദിൽ ഖൈസിനെ ബസ്വറയിലും അബ്ദുറഹ്മാൻ അസ്സുലാമിയെ കൂഫയിലും(റ) നിശ്ചയിച്ചത് ആ പ്രദേശത്തുകാർക്ക് ഔദ്യോഗിക രേഖപ്രകാരം എങ്ങനെ പാരായണം ചെയ്യണമെന്ന് പഠിപ്പിക്കുവാൻ വേണ്ടിയായിരുന്നു. (അബൂ അബ്ദില്ലാഹ് മുഹമ്മദ് അൽഅന്തലൂസി: *അൽ കാഫീ ഫീ ഖിറാആത്തി സ്സബ്അ*, പുറം 15)

അബ്ദുൽ ഫത്താഹ് അൽ ഖാദി എഴുതുന്നു: 'ഈ പണ്ഡിതന്മാരെല്ലാം പ്രവാചകനിൽ നിന്ന് നിരവധി വഴികളിൽ തങ്ങളിലെത്തുകയും അംഗീകരിക്കപ്പെടുകയും ചെയ്ത പാരായണ രീതികളിലാണ് തങ്ങളുടെ പക്കലുള്ള ഔദ്യോഗിക ഖുർആൻ രേഖയിലെ വ്യഞ്ജനപ്രധാനമായ രേഖീകരണങ്ങളുപയോഗിച്ച് തങ്ങൾ നിയോഗിക്കപ്പെട്ട സമൂഹത്തെ പാരായണം ചെയ്തു പഠിപ്പിച്ചത്. ഒരാളിലൂടെ മാത്രമായി സംപ്രേഷണം ചെയ്യപ്പെട്ട പാരായണരീതികളൊന്നും അവർ സ്വീകരിച്ചില്ല. നിരവധിയാളുകളിലൂടെ നിരവധി വഴികളിൽ നിവേദനം ചെയ്യപ്പെട്ട പാരായണ രീതിയനുസരിച്ച് മാത്രം ജനങ്ങളെ പഠിപ്പിക്കുന്നതിനായി പാരായണക്കാരെക്കൂടി പറഞ്ഞയക്കുക വഴി പ്രവാചകൻ (സ) പഠിപ്പിച്ച രീതികളിൽ മാത്രം ഔദ്യോഗിക ഖുർആൻ രേഖ പാരായണം ചെയ്യപ്പെടുന്ന അവസ്ഥയുണ്ടാക്കുകയാണ് ഉഥ്മാൻ (റ) ചെയ്തത്. (അബ്ദുൽ ഫത്താഹ് അൽ ഖാദിയുടെ 'അൽ ഖിറാആത് ഫീ നദ്വർ അൽ മുസ്തശ്രിഖീൻ വൽ മുൽഹിദീൻ' എന്ന തലക്കെട്ടിൽ മജല്ലത്തുൽ അസ്ഹറിൽ (വാല്യം 43/2, 1391 (1971) പുറം 175) വന്ന ലേഖനത്തിൽ നിന്ന് ഡോക്ടർ എം. എം. അഅ്ദമി ഉദ്ധരിച്ചത്, *M.M Al Azami, "The History Of The Quranic Text - From Revelation To Compilation, A Comparative Study with the Old and New Testaments, Leicester, 2003 Page 95)*

ഇങ്ങനെ അയച്ച പാരായണ വിദഗ്ധരിലൂടെയാണ് ഇന്ന് നിലനിൽക്കുന്ന ഖിറാഅത്തുകളെല്ലാം നിവേദനം ചെയ്യപ്പെട്ടത്. ഓരോ

ദേശത്തേക്കും ഉഥ്മാൻ (റ) പറഞ്ഞയച്ച പാരായണക്കാരിലൂടെയാണ് ഇന്ന് നില നിൽക്കുന്ന ഖിറാഅത്തുകളുടെയെല്ലാം ശൃംഖല പ്രവാചകനിലെത്തുന്നത്. അഥവാ പ്രവാചകൻ (സ) പഠിപ്പിച്ച പാരായണരീതികളെ ഹർഫുകളിലെ വ്യത്യാസങ്ങളെക്കൂടി ഉൾക്കൊണ്ട് കൊണ്ട് ഇവരാണ് അടുത്ത തലമുറകളിലേക്ക് നൽകിയത്.

ഇന്നും നിലനിൽക്കുന്ന കയ്യെഴുത്ത് പ്രതികൾ

ഉഥ്മാൻ (റ) ക്രോഡീകരിക്കുകയും പ്രവിശ്യാതലസ്ഥാനങ്ങളിലേക്ക് കൊടുത്തയക്കുകയും ചെയ്ത ഖുർആൻ പതിപ്പുകളിൽ രണ്ടെണ്ണം ഇന്നും നിലനിൽക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്

1) ഉസ്ബെക്കിസ്താനിലെ താഷ്കന്റിലുള്ള കയ്യെഴുത്ത് പ്രതി:

ആകെ 360 പുറങ്ങളുള്ളതിൽ 69 എണ്ണം പൂർണമായിത്തന്നെ കീറിപ്പോയ രീതിയിലാണ് ഈ പ്രതി ഇപ്പോഴുള്ളത്. താഷ്കന്റിലെ തെല്യാ ശൈഖ് മസ്ജിദിലുള്ള ഹസ്ത് ഇമാം ഗ്രന്ഥാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഇതിൽ കാര്യമായ കേടുപാടുകളൊന്നുമില്ലാത്ത പതിനഞ്ച് പുറങ്ങളൊഴിച്ച് ബാക്കിയെല്ലാം കീറിയതോ പേജിന്റെ കുറച്ചുഭാഗംമാത്രം അവശേഷിക്കുന്നതോ ആയ രൂപത്തിലാണുള്ളത്. ഓക്സ്ഫോർഡിൽ വെച്ചു നടന്ന കാർബൺ ഡേറ്റിംഗ് പരീക്ഷണത്തിൽ നിന്ന് ഇത് ക്രിസ്താബ്ദം 595നും 855നുമിടയിൽ രചിക്കപ്പെട്ടതാകാൻ 95% സാധ്യതയും ക്രിസ്താബ്ദം 640 നും 765 നുമിടയിൽ രചിക്കപ്പെട്ടതാകാൻ 68% സാധ്യതയുമുണ്ടെന്നാണ് വ്യക്തമാക്കിയത്. *(F. Deroehe: 'Manuscripts of the Qu'ran' in J.D. Mc Auliffel (Ed.)Encyclopaedia of the Qu'ran; Leiden & Boston, 2003, volume 3, page 261)*

ഉഥ്മാന്റെ(റ) കാലത്ത് നിർമിക്കപ്പെട്ട കോപ്പികളിലൊന്നാണ് ഇതെന്ന വസ്തുതയാണ് കാർബൺഡേറ്റിംഗ് പരീക്ഷണം വ്യക്തമാക്കുന്നതെന്നർഥം.

2) തുർക്കിയിൽ ഇസ്തംബൂളിലെ തോപ്കാപി മ്യൂസിയത്തിലുള്ള കയ്യെഴുത്ത് പ്രതി:

408 പുറങ്ങളിലായി നിലനിൽക്കുന്ന ഈ കയ്യെഴുത്ത് പ്രതിയിൽ ഖുർആനിന്റെ 93 ശതമാനവും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. രണ്ട് പുറങ്ങൾ മാത്രമെ നഷ്ടപ്പെട്ടിട്ടുള്ളൂ. ഉഥ്മാന്റെ(റ) കാലത്ത് രചിക്കപ്പെട്ട

താണ് ഇത് എന്ന പാരമ്പര്യത്തിനെതിരാണ് ഇതിലുപയോഗിച്ച രചനാരീതിയെന്ന് പറഞ്ഞ ഓറിയന്റലിസ്റ്റ് ഗവേഷകരുണ്ട്. എന്നാൽ ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിലോ ഇത് രചിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യത്തിൽ അവർക്കുപോലും സംശയമില്ല. *(T. Altikulac: Al Mushaf Alsharif: Attribured Uthman Bin Affan. (The copy at the Topkapi Palace Meuseum), Isthambul, 2007).*

മദീനയിലുണ്ടായിരുന്ന ഈ ഉഥ്മാനീ മുസ്ഹഫ് തുർക്കിക്കാർ ജർമ്മൻ രാജാവിന് സമ്മാനിച്ചതായിരുന്നുവെന്നും ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമാണ് അത് തുർക്കിയിലെത്തിയതെന്നും വെർസൈൽ ഉടമ്പടിയിലെ പരാമർശങ്ങളിൽ നിന്ന് മനസ്സിലാകുന്നുണ്ട്. 246 ആം ഉടമ്പടി ഇങ്ങനെയാണ്: “ഈ ഉടമ്പടി നിലവിൽ വന്ന് ആറ് മാസങ്ങൾക്കകം തന്നെ മദീനയിൽ നിന്ന് തുർക്കി ഉദ്യോഗസ്ഥന്മാർ എടുത്തുമാറ്റുകയും മുമ്പ് ചക്രവർത്തിയായിരുന്ന വില്യം രണ്ടാമന് പാരിതോഷികമായി നൽകുകയും ചെയ്ത ഖലീഫ ഉഥ്മാനിന്റെ(റ) ഒറിജിനൽ ഖുർആൻ ഹിജാസിന്റെ മഹാരാജാവിനെ തിരിച്ചേൽപിക്കുന്നതാണ്.” *(Fred L. Israel: Major Peace Treaties of Modern History, New York, Vol. II, Page 1418)*

സ്വഹാബിമാർ ഉപയോഗിച്ച മുസ്ഹഫുകൾ

സ്വഹാബിമാരുടെ മുസ്ഹഫുകളോ അവയുടെ ഭാഗങ്ങളോ ഇന്ന് ഉപലബ്ധമല്ലെന്ന ഓറിയന്റലിസ്റ്റുകളിൽ ചിലരുടെയും അവരുടെ വാദങ്ങൾ കോപ്പിയടിച്ച് ഇസ്‌ലാം വിമർശനം നടത്തുന്ന ക്രൈസ്തവ മിഷനറിമാരുടെയും വാദം അടിസ്ഥാന രഹിതമാണെന്ന് പ്രമുഖ ഓറിയന്റലിസ്റ്റായ നബിയ എബ്ബൊട്ട് തന്റെ ഖുർആൻ കയ്യെഴുത്ത് രേഖകളെക്കുറിച്ച പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. *(Nabia Abbott: The Rise of the North Arabic Script and its Kur'anic Development, with a full description of the Kura'n manuscripts in the Oriental Institute, Chicago, 1939)* ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ രചിക്കപ്പെട്ടതു മുതൽക്കുള്ള ഖുർആൻ കയ്യെഴുത്തു പ്രതികളെക്കുറിച്ച വിവരങ്ങൾ അവരുടെ പഠനത്തിലുണ്ട്. പ്രസ്തുത നൂറ്റാണ്ടിന്റെ അവസാനംവരെ അറേബ്യൻ ഉപദ്വീപിന്റെ വിവിധ ഭാഗങ്ങളിലായി പ്രവാചകാനുചരൻമാർ ജീവിച്ചിരുന്നിട്ടുണ്ട്.

ഹിജ്റ 96-ാം വർഷത്തിൽ തന്റെ നൂറാമത്തെ വയസ്സിൽ മരണപ്പെട്ട സഹലുബ്നു സഅദിനെ(റ) മദീനയിൽ ജീവിച്ച അവസാന

ത്തെ സഹാബിയായും ഹിജ്റ 93-ൽ തന്റെ 103-ാമത്തെ വയസ്സിൽ മരണപ്പെട്ട അനസുബ്നു മാലിക്കിനെ(റ) ബസ്വറയിൽ ജീവിച്ച അവസാനത്തെ സ്വഹാബിയായും ഹിജ്റ 110-ൽ മരണപ്പെട്ട അബൂ തുഫൈൽ അമിറുബിനു വാഥിലയെ(റ) മക്കയിൽ ജീവിച്ച അവസാനത്തെ സ്വഹാബിയായും കണക്കാക്കപ്പെടുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ മുസ്‌ലിം ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ജീവിച്ച സ്വഹാബിമാർ പഠന-പാരായണങ്ങൾക്ക് ഉപയോഗിച്ചതാവണം നബിയ എബൊട്ട് രേഖപ്പെടുത്തുന്ന കയ്യെഴുത്ത് പ്രതികളെന്ന് മനസ്സിലാക്കാവുന്നതാണ്. തന്റെ ഭരണകാലത്ത് ഉഥ്മാനിന്റെ(റ) നിർദ്ദേശപ്രകാരം തയ്യാറാക്കിയതെന്ന് കരുതപ്പെടുന്ന ആറ് കയ്യെഴുത്തു പ്രതികൾ പൂർണമായോ ഭാഗികമായോ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലായി ഇന്ന് സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം ഉഥ്മാനിന്റെ(റ) കാലത്ത് പകർത്തിയെഴുതപ്പെട്ട പ്രതികളിൽപ്പെട്ടവ തന്നെയാണോയെന്ന കാര്യത്തിൽ വിദഗ്ധർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും സ്വഹാബിമാർ ജീവിച്ചിരുന്നപ്പോൾ ഉപയോഗിച്ചതാകാമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

1972-ൽ യമനിന്റെ തലസ്ഥാനമായ സൻആഇലെ പുരാതനമായ പള്ളി പുതുക്കി പണിയുന്നതിനിടയ്ക്ക് പുരാതനമായ ചില കയ്യെഴുത്തു രേഖകൾ കണ്ടെത്തുകയുണ്ടായി. ഹിജ്റ ആറാം വർഷത്തിൽ പ്രവാചകന്റെ(സ) നിർദേശമനുസരിച്ച് അദ്ദേഹത്തിന്റെ അനുചരൻമാരിൽ ഒരാൾ നിർമിച്ചതാണ് ഈ പള്ളി. അവിടെ നിന്ന് കണ്ടെടുത്ത കയ്യെഴുത്തു രേഖകളെ ഉൾക്കൊള്ളിച്ചുകൊണ്ട് യുനെസ്കോ ഒരു സി.ഡി. പുറത്തിറക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ ശാഖയായ യുനെസ്കോയുടെ 'ലോകസ്മരണകൾ' *(Memory of the World)* എന്ന പ്രോഗ്രാമിന്റെ ഭാഗമായാണ് ഈ സി.ഡി. റോം പുറത്തിറക്കിയിരിക്കുന്നത്. *(www. unesco.org/webworld/mdn/visite/sanaa/en/present.html)*

ഈ കയ്യെഴുത്തു രേഖകളിൽ ചിലതിൽ ഖുർആനാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഈ ഖുർആൻ കയ്യെഴുത്ത് രേഖകളിൽ മിക്കതും ഹിജ്റ ഒന്നാം നൂറ്റാണ്ടിലേതാണെന്ന് അതിലെ എഴുത്തുരീതി വ്യക്തമാക്കുന്നുണ്ട്. *(Abdul Thaher: "Quering the Qu'ran" The Guardian, 08-08-2000)* കാർബൺ ഡേറ്റിംഗ് പരീക്ഷണങ്ങൾ കയ്യെഴുത്ത് രേഖകളിൽ ചിലതെല്ലാം ക്രിസ്താബ്ദം 645 നും 690 നുമിടയിൽ രചിക്കപ്പെട്ടതാണെന്നാണ് മനസ്സിലാക്കിത്തരുന്നത്. *(Carole*

Hillenbrand: The New Cambridge Medieval History, Cambridge, 2005, vol. 1 Page 330) പുരാതനമായ പല കയ്യെഴുത്തു രേഖകളിലും ഉപയോഗിക്കപ്പെട്ടിരിക്കുന്ന കൂഫി എഴുത്ത് രീതിയിലല്ല, അതിനേക്കാൾ പഴയ ഹിജാസീ എഴുത്ത് രീതിയിലാണ് ഇതിലെ ഖുർആൻ വചനങ്ങൾ എഴുതിയത് എന്നതല്ലാതെ നിലവിൽ പ്രചാരത്തിലുള്ള ഖുർആനിൽ നിന്ന് യാതൊരു വ്യത്യാസവും കണ്ടെത്താൻ ഇതുവരെയുള്ള ഗവേഷണങ്ങൾക്കൊന്നും കഴിഞ്ഞിട്ടില്ല. *("Sana'a Manuscrips: Uncovering a Treasure of words" Unesco courier, 02-12-2008)*

ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ നിർമിക്കപ്പെട്ട മുസ്ഹഫിന്റെ ഭാഗങ്ങളാണ് സൻആയിൽനിന്ന് ലഭിച്ചതെന്ന കാർബൺ ഡേറ്റിംഗ് പരിശോധനാ ഫലത്തിന്റെ വെളിച്ചത്തിൽ ഇന്ന് നിലവിലുള്ള ഖുർആൻ കയ്യെഴുത്തു പ്രതികളിൽ ഏറ്റവും പഴയതാണിതെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. *(Abdul Taher: "Quareling the Qu'ran", The Guardian, 8-8-2000)* ചില ഗവേഷകൻമാരുടെ അഭിപ്രായത്തിൽ ഖുർആനിന്റെ ഈ കയ്യെഴുത്ത് രേഖകളിൽ ചിലത് മുഹമ്മദ് നബി(സ)യുടെ മരണത്തിനുശേഷം പതിനഞ്ച് വർഷങ്ങൾക്കകം രചിക്കപ്പെട്ടവയാണ്. ഏതായിരുന്നാലും സ്വഹാബിമാരിൽ ആരുടെയെങ്കിലും കൈവശമുണ്ടായിരുന്ന കയ്യെഴുത്ത് പ്രതിയുടെ അവശിഷ്ടങ്ങളാണ് ഇവയിൽ ചിലതെന്ന കാര്യത്തിൽ ഗവേഷകൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. *(B. Sadeghi & U. Bergmann: "The Codex of a Companion of the Prophet and the Qu'ran of the Prophet", Arabica, 2010, Volume 57 page 344-354)*

മുഹമ്മദ് നബി(സ)ക്ക് അവതരിക്കപ്പെട്ട രൂപത്തിൽ തന്നെ യാതൊരു വ്യത്യാസവുമില്ലാതെ ഇന്നും ഖുർആൻ സംരക്ഷിക്കപ്പെടുന്നുണ്ടെന്നതിനുള്ള വസ്തുനിഷ്ഠമായ തെളിവാണ് മുകളിൽ പറഞ്ഞ ഖുർആൻ കോപ്പികളെല്ലാം. കഴിഞ്ഞ പതിനാലുനൂറ്റാണ്ടുകളായി മാറ്റമില്ലാതെ നിലനിൽക്കുന്ന ഒരേയൊരു ഗ്രന്ഥം എന്ന ഖ്യാതിക്ക് അർഹമാകുവാൻ ഖുർആനിനല്ലാതെ മറ്റൊരു ഗ്രൻഥത്തിനും കഴിയില്ലെന്ന് പ്രമുഖ ഓറിയന്റലിസ്റ്റും ക്രൈസ്തവമിഷനറിയുമായിരുന്ന വില്യം മ്യൂറിനു പോലും പറയേണ്ടി വന്നത് *(Sir Williams Muir: Life of Mohamet, Vol.I. Page xvi)* അതിന്റെ ചരിത്രം അത്രയ്ക്കും കുറ്റമറ്റതും സുതാര്യവുമായതിനാലാണ്. വിശുദ്ധ ഖുർആനിന്റെ അവതരണവും സംരക്ഷണവും മാത്രമല്ല ക്രോഡീകരണവും വിശദീകരണവുമെല്ലാം സർവശക്തനായ അല്ലാഹു തന്നെ നിർവഹിക്കുമെന്ന്

സ്വയം പ്രഖ്യാപിച്ചിട്ടുള്ളതാണ്. അത് അവൻ നിർവ്വഹിച്ചുവെന്നതിന് ഖുർആൻ ക്രോഡീകരണത്തിന്റെ ചരിത്രം വിളിച്ച് പറയുന്നുണ്ട്. “തീർച്ചയായും അതിന്റെ (ഖുർആന്റെ) സമാഹരണവും അത് ഓതി ത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്ത ന്നാൽ ആ പാരായണം നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുത രലും നമ്മുടെ ബാധ്യതയാകുന്നു.” (ഖുർആൻ 75:17-19)

വിമർശനങ്ങൾ മറുപടികൾ

12. പതിനേഴായിരം ആയത്തുകൾ

ഖുർആനിൽ പതിനേഴായിരം ആയത്തുകളുള്ളതായി ചിലർ എഴുതിയിട്ടുണ്ടല്ലോ. ആറായിരത്തിലധികം ആയത്തുകളെ ഇന്നുള്ള ഖുർആനിലുള്ളൂ. ചില ആയത്തുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നല്ലേ അതിനർത്ഥം?

മറുപടി:

ശിയാക്കളുടെ ചില കൃതികളിലാണ് ഇത്തരം പരാമർശങ്ങളുള്ളത്. ശിയാക്കളുടെ ഹദീഥ് ഗ്രന്ഥമായ അൽ കുലൈനിയുടെ *ഉസൂലിൽ കാഫി*യിൽ, അവരുടെ ഹദീഥ് നിദാനശാസ്ത്രപ്രകാരം അവർ സ്വീകാര്യമാണെന്ന് കരുതുന്ന ഒരു നിവേദനത്തിൽ പറയുന്നത് ഇങ്ങനെയാണ്: "അബൂ അബ്ദില്ല പറയുന്നു: മുഹമ്മദ് നബി(സ)ക്ക് ജിബ്‌രീൽ (അ) നൽകിയ ഖുർആനിൽ പതിനേഴായിരം ആയത്തുകൾ ഉണ്ടായിരുന്നു." (*ഉസൂലിൽ കാഫി* വാല്യം രണ്ട്, പുറം 634, ഹദീഥ് 28)

അലി(റ)യോടുള്ള കൃത്രിമ സ്നേഹം പ്രകടമാക്കി ഇസ്‌ലാമിൽ നിന്നും ജനങ്ങളെ തിരിച്ചുവിടാനായി ജൂതനായ ഇബ്നു സബഅ് ജന്മം നൽകിയതാണ് ശീഇസം. പ്രമുഖരായ സ്വഹാബാക്കളെല്ലാം

അവിശ്വാസികളാണെന്നും അവർ ഖുർആൻ മാറ്റിമറിച്ചു എന്നും അവർ വാദിച്ചു. സനദുകൾ ഇല്ലാതെയോ അല്ലെങ്കിൽ സനദുകൾ കൃത്രിമമായി അവർ നിർമിച്ചോ പല അന്ധവിശ്വാസങ്ങളും അവർ പ്രചരിപ്പിച്ചു. ഗ്രന്ഥകർത്താവ് തന്നെ മഹാനുണയനായതിനാൽ അയാളുടെ കൃതികളുടെ സ്ഥാനം ചവറ്റുകൂനയാണ്. ജൂതനായ പൗലോസ് ക്രിസ്തുമതത്തെ നശിപ്പിച്ചതിൽ പാഠമുൾക്കൊണ്ട മുസ്ലിം പണ്ഡിതൻമാർ ജൂതനായ ഇബ്നു സബഇനെ തിരിച്ചറിഞ്ഞുവെങ്കിലും വൈകിയിരുന്നു. അങ്ങനെയാണ് ശീഇസം എന്ന മതം ലോകത്ത് വലിയ സ്വാധീനമുണ്ടാക്കിയത്.

ഖുർആൻ തിരുത്തലുമായി ബന്ധപ്പെട്ട് അവർ ആരോപിക്കുന്ന ദുരാരോപണങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കളുടെ ആരോപണങ്ങളായി മാത്രമാണ് കാണേണ്ടത്. ശരിയായ സനദുകളിലൂടെ അവ തെളിയിക്കാൻ സാധ്യമല്ല. ശിയാക്കളുടെ ഇത്തരം ആരോപണങ്ങൾക്ക് അഹ്ലുസുന്നയുടെ മഹാപണ്ഡിതന്മാർ മറുപടി പറഞ്ഞിട്ടുണ്ട്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച അന്തലൂസിയൻ പണ്ഡിതനായ ഇബ്ൻ ഹസം എഴുതി: "പരിശുദ്ധ ഖുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന റാഫിദികളുടെ വാദത്തെക്കുറിച്ച് പറയാനുള്ളത്, അവർ മുസ്ലിംകളല്ലെന്നാണ്. നിരവധി വിഭാഗങ്ങളുള്ള അവരിലെ ഒന്നാമത്തെ വിഭാഗം ഉടലെടുത്തത് പ്രവാചകവിയോഗത്തിന് ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് ശേഷമാണ്. ജൂതന്മാരെയും ക്രിസ്ത്യാനികളെയും കള്ളപ്രചാരണങ്ങളുടെയും പാഷാണ്ഡതയുടെയും കാര്യത്തിൽ പിന്തുടർന്നുകൊണ്ട് ഇസ്‌ലാമിനെ തകർക്കാൻ ശ്രമിച്ചതിന്റെ ഫലമായാണ് അവർ രൂപമെടുത്തത്. അലി ബിൻ അബീതാലിബിനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ചിലർക്കും ദിവ്യത്വം കൽപിക്കുന്നത് വരെ ചെന്നെത്തിയവരാണ് അവരിലെ അതിതീവ്രവിഭാഗങ്ങൾ. അവരിലെ വ്യതിയാനം കുറഞ്ഞ വിഭാഗത്തിന്റെ വിശ്വാസം അലിക്കുവേണ്ടി സൂര്യൻ രണ്ട് തവണ പിന്നിലേക്ക് നടന്നിട്ടുണ്ടെന്നാണ്. പച്ചക്കള്ളങ്ങളിൽ അഭിരമിക്കുന്ന ഇത്തരം വിഭാഗങ്ങൾ ഖുർആനിനെക്കുറിച്ച് കള്ളം പറയുന്നതിൽ അത്ഭുതപ്പെടാനെന്തുണ്ട്?" (ഇബ്നു ഹസമിൽ നിന്ന് ഇസ് റാഈൽ ഫ്രീഡ്ലാൻഡർ ഉദ്ധരിച്ചത്: *Israel Friedlaender (1908). "The Heterodoxies of the Shiites in the Presentation of Ibn Hazm", Journal of the American Oriental Society. American*

Oriental Society. 29: 61-2. Retrieved 11 April 2015.)

ശിയാക്കളുടെ അടിസ്ഥാന ഗ്രന്ഥങ്ങളിൽ ഖുർആനിൽ മാറ്റത്തിരുത്തലുകളുണ്ടായിട്ടുണ്ട് എന്ന ആരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിലും, പല പ്രഗത്ഭരായ ശിയാപണ്ഡിതന്മാരും ഈ ആരോപണം ശരിയല്ലെന്ന് പറഞ്ഞിട്ടുണ്ട്. 1992 ൽ മരണപ്പെട്ട ഇറാഖിലെ ശിയാപണ്ഡിതനായ ആയത്തുല്ലാ അബുൽ ഖാസിം അൽഖൊയി പറയുന്നത് ഇങ്ങനെയാണ്: "ഖുർആനിൽ യാതൊരു മാറ്റത്തിരുത്തലും വന്നിട്ടില്ലെന്നും മഹാപ്രവാചകന് (സ) അവതരിക്കപ്പെട്ട ഖുർആൻ അതേപോലെ പൂർണമായും യാതൊരു വ്യത്യാസവുമില്ലാതെയുമാണ് നമ്മുടെ കൈവശമുള്ളത് എന്നുമാണ് മുസ്‌ലിംകളെല്ലാം സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന വീക്ഷണം. നിരവധി പ്രാമാണികരായ പണ്ഡിതന്മാർ ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഇഥ്നാ അശ്അരികൾക്കിടയിലെ പ്രഗത്ഭ ഹദീഥ് പണ്ഡിതനായ മുഹമ്മദ് ബിൻ ബാബവയ്ഹ് ഖുർആനിൽ മാറ്റമൊന്നുമുണ്ടായിട്ടില്ലെന്നത് ഇഥ്നാ അശ്അരികളുടെ ഒരു അടിസ്ഥാനവിശ്വാസമാണെന്ന് എണ്ണിപ്പറഞ്ഞിട്ടുണ്ട്. ഇമാമീ ശിയാക്കളുടെ നിയമവിശാരദനായ അബൂ ജഅ്ഫർ മുഹമ്മദ് ബിൻ അൽഹസൻ അത്തൂസി, തന്റെ ഖുർആൻ വ്യാഖ്യാനഗ്രന്ഥമായ *അൽതിബയാനി*ന്റെ തുടക്കത്തിൽ തന്നെ ഈ വീക്ഷണം വ്യക്തമാക്കുകയും തെളിവുകളുടെ വെളിച്ചത്തിൽ അത് സമർത്ഥിക്കുകയും തന്റെ ഗുരുവായ അശ്ശരീഫുൽ മുർതദക്ക് ഇതേ കാഴ്ചപ്പാടാണുണ്ടായിരുന്നതെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ അത്തബ്റാസിയും തന്റെ വ്യാഖ്യാനമായ *മജ്മഉൽ ബൈദാനി*ന്റെ മുഖവുരയിൽ ഇക്കാര്യം തന്നെയാണ് സമർത്ഥിച്ചിരിക്കുന്നത്." *(Al-Sayyid Abu al-Qasim al-Musawi al-Khu'i, Prolegomena to the Qur'an, Oxford, 1998, Page 137-138)*

ആരോപണമുന്നയിച്ചവർ പോലും സ്വയം തന്നെ പിതൃത്വം നിഷേധിക്കാൻ മാത്രം ദുർബലമായ തെളിവുകളാണ് ഖുർആനിൽ മാറ്റങ്ങളുണ്ടായെന്ന് വാദിക്കുന്നവരുടെ പക്കലുള്ളത് എന്നാണ് ഈ ശിയാപണ്ഡിതന്റെ ഉദ്ധരണി വെളിപ്പെടുത്തുന്നത്. *ഉസൂലുൽ കാഫി*യിലെ ഹദീഥ് ദുർബലമാണെന്ന് സ്ഥാപിക്കുവാൻ പാടുപെടുകയാണ് ഇന്ന് ജീവിക്കുന്ന ശിയാബുദ്ധിജീവികളെന്ന് അവരുടെ രചനകളും ഇന്റർനെറ്റിലെ ഇടപെടലുകളും ശ്രദ്ധിച്ചാൽ മനസ്സിലാവും. ഖുർ

ആനിന്റെ അഖണ്ഡതയെ വെല്ലുവിളിക്കാൻ ശ്രമിക്കുന്നവരുടെ കൈകളിലുള്ള തെളിവുകൾ എത്രത്തോളം അടിസ്ഥാനരഹിതമാണെന്ന് ഇവ വ്യക്തമാക്കുന്നുണ്ട്.

13. സ്വഹാബിമാരുടെ തന്നിഷ്ടം!!!

സ്വഹാബിമാരിൽ ചിലർ സ്വന്തം താൽപര്യപ്രകാരം ആയത്തുകളും സൂറത്തുകളും ക്രമീകരിച്ചുവെന്ന് സൂചിപ്പിക്കുന്ന ചില നിവേദനങ്ങളുണ്ടല്ലോ. അവയുടെ യാഥാർഥ്യമെന്താണ്?

മറുപടി:

സ്വഹാബിമാർ സ്വതാൽപര്യപ്രകാരം ആയത്തുകളും സൂറത്തുകളും ക്രമീകരിച്ചോ എന്ന ചോദ്യത്തിന് ഇല്ലെന്നാണ് മറുപടി. ഖുർആനിന്റെ സമാഹരണവും സംരക്ഷണവും സ്വന്തം ബാധ്യതയാണെന്ന അല്ലാഹുവിന്റെ വചനത്തിന്റെ അടിസ്ഥാനത്തിൽ ആയത്തുകളുടെയും സൂറത്തുകളുടെയും ക്രമം പോലും വഹ്‌യിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെട്ടതാണെന്നായിരുന്നു സ്വഹാബിമാർ മനസ്സിലാക്കിയിരുന്നത് എന്ന് വ്യക്തമാക്കുന്ന നിരവധി നിവേദനങ്ങളുണ്ട്. പ്രവാചകാനുചരന്മാരിൽ ചിലർ സ്വന്തം അഭിപ്രായപ്രകാരം ആയത്തുകളുടെ ക്രമം തീരുമാനിച്ചുവെന്ന് തോന്നിപ്പിക്കുന്ന ചില നിവേദനങ്ങളുണ്ടെന്നത് ശരിയാണ്. പക്ഷെ അവയെല്ലാം ദുർബലവും തെളിവിന് കൊള്ളാത്തതുമാണെന്ന് അവയെ അപഗ്രഥിച്ച് പഠിച്ച പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

ഒന്ന്: അബാദ് ബിൻ അബ്ദില്ല (റ) പറയുന്നു: ഹാരിസ് ബിൻ ഖുസൈമ (റ) തൗബയിലെ അവസാന രണ്ടായത്തുകളുമായി ഉമറി

(റ)ന് സമീപത്തെത്തി. അദ്ദേഹം ചോദിച്ചു, ആരാണ് സാക്ഷിയുള്ളത്? അദ്ദേഹം പറഞ്ഞു, അറിയില്ല. എന്നാൽ ഞാനിത് നബി(സ)യിൽ നിന്നും കേട്ടതും മനഃപാഠമാക്കിയതുമാണ്. ഉമർ (റ) പറഞ്ഞു: ഇത് മൂന്ന് ആയത്തുകളായിരുന്നുവെങ്കിൽ ഇതിനെ സ്വതന്ത്രമായ അധ്യായമാക്കുമായിരുന്നു. നിങ്ങൾ ഖുർആനിലെ ഒരു സൂറത്തിൽ അത് ചേർക്കുക. ഞാനതിനെ ബറാഅത് -തൗബ സൂറയുടെ അവസാനം ചേർത്തു. (അഹ്മദ് 1715, ത്വബ്രി 60, ഇബ്നു അബീദാവൂദ് -*അൽ മസാഹിഫ്*)

തികച്ചും ബലഹീനമായ ഒരു നിവേദനമാണിത്. ഇമാം അഹ്മദിന്റെ *മുസ്നദി*നുള്ള നിരൂപണത്തിൽ ശൈഖ് അർനാഊഥ് (റ) ഈ അഥർ ബലഹീനമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിവേദകനായ അബ്ബാദ് ഖുർആൻ ക്രോഡീകരണത്തിനു ദൃക്സാക്ഷിയല്ല. അദ്ദേഹത്തിന് ഈ വിവരം നൽകിയത് ആരാണെന്ന് അറിയുകയുമില്ല. ആയതിനാൽ അഥർ ബലഹീനമായി ഗണിക്കപ്പെടുന്നു. ഇമാം ബുഖാരി (റ) ഇതുമായി ബന്ധപ്പെട്ട് ഉദ്ധരിച്ചതാണ് ശരിയെന്നും ഈ അഥറിലെ ആശയം പ്രബല നിവേദനങ്ങളോട് എതിരായതാണെന്നും ശൈഖ് അഹ്മദ് ശാഖിറും(റ) പറഞ്ഞിട്ടുണ്ട്. വിഷയബന്ധിതമായ സ്വീകാര്യമായ നിവേദനങ്ങൾ ദുർബലമായ ഈ അഥറിന് എതിരാണ്താനും.

ഇത് ഉദ്ധരിച്ച ഇബ്നു അബൂദാവൂദ് തന്നെ സ്വീകാര്യമായ ഇവ്വിഷയകമായ നിവേദനങ്ങളും ഉദ്ധരിച്ചിട്ടുണ്ട്. അവ ഇവയാണ്. "സൈദ് (റ) പറയുന്നു: നബി(സ)യിൽ നിന്നും ഞാൻ കേട്ട ആയത്ത് (സൂറത്തുൽ തൗബയിലെ പ്രസ്തുത ആയത്തുകൾ) എനിക്ക് ലഭിച്ചില്ല. ഞാൻ അത് അന്വേഷിച്ചു. അങ്ങനെ അതിനെ ഖുസൈമ ബിൻ സാബിതി(റ)ൽ നിന്നും എനിക്കത് ലഭിച്ചു. ഞാൻ അതിനെ അതിന്റെ സൂറത്തിൽ തന്നെ ചേർത്തു" (ഇബ്നു അബീദാവൂദ് -*അൽ മസാഹിഫിൽ* നമ്പർ 24, ത്വയാലിസി, തിർമിദി 4/346. നിവേദനം സ്വഹീഹാണെന്ന് ഇമാം തിർമിദി (റ) വ്യക്തമാക്കി. ഇമാം ദാരിമി *അൽ മുഖന്നിഅ്* 15-16)

അബുൽ ആലിയ (റ) പറയുന്നു: അവർ അബൂബക്കറിന്റെ (റ) കാലഘട്ടത്തിൽ ഖുർആൻ ശേഖരിച്ചു. ഉബയ്യ് (റ) വായിച്ചു കൊടുക്കുകയും എഴുതുകയും ചെയ്തു. സൂറഃ തൗബയിലെ 127-ാം ആയത്ത് എത്തിയപ്പോൾ ഇത് അവസാനം ഇറങ്ങിയ ആയത്താണെന്നു

വിചാരിച്ചു. ഉബയ്യ് (റ) പറഞ്ഞു:- ഇതിനുശേഷം നബി (സ) രണ്ടു ആയത്തുകളെ ഓതുന്നതായി ഞാൻ കേട്ടിട്ടുണ്ട്. (ശേഷം ആ രണ്ട് ആയത്തുകൾ ഓതി). (*അൽ മസാഹിഫ്* -ഹദീഥ് നമ്പർ 29 ഹദീഥ് മുൻഖതിഅ് ആണ്).

വിമർശനവിധേയമായ ഹദീഥ് ബലഹീനമാണെന്നും അതിനെതിരിൽ അന്യൂനമായ നിവേദനങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുന്നതാണ് ഈ തെളിവുകൾ. സ്വഹാബിമാർ സ്വന്തം ഇഷ്ടപ്രകാരം അവർക്കിഷ്ടമുള്ളിടത്ത് ലഭിച്ച ആയത്തുകൾ ചേർക്കുകയായിരുന്നില്ല, നബി (സ) നിർദേശം ഇവ്വിഷയകമായി പൂർണമായും അനുസരിക്കുകയായിരുന്നുവെന്ന് ഈ തെളിവുകൾ സുതരാം വ്യക്തമാക്കുന്നുണ്ട്.

രണ്ട്: ഇബ്നു അബ്ബാസ് (റ) പറയുന്നു. ഞാൻ ഉഥ്മാനോട്(റ) ചോദിച്ചു, നിങ്ങൾ സൂറത്ത് അൻഫാൽ, തൗബ എന്നിവക്കിടയിൽ ബിസ്മി രേഖപ്പെടുത്താതെ ചേർത്ത് എഴുതിയതിന്റെ കാരണമെന്താണ്? ഉഥ്മാൻ (റ) പറഞ്ഞു: നബി(സ)ക്ക് നീണ്ട കാലയളവിൽ ധാരാളം സൂറത്തുകൾ അവതരിച്ചിരുന്നു. ഖുർആൻ അവതരിക്കുമ്പോൾ എഴുത്തുകാരിൽ ഒരാളെ വിളിച്ച് ഇതിനെ ഇന്ന വിഷയം പരാമർശിക്കുന്ന സൂറത്തിൽ ചേർക്കുക എന്ന് കൽപിക്കുമായിരുന്നു. സൂറഃ അൻഫാൽ മദീനയിൽ ആദ്യം അവതരിച്ചതാണ്. സൂറഃ തൗബ അവസാനം അവതരിച്ചതും. ഇരു സൂറത്തുകളുടെയും പ്രമേയവിഷയം പരസ്പരം യോജിച്ചതാണ്. അതിന്റെ തുടർച്ചയാണ് ഇതെന്നു ഞാൻ വിചാരിക്കുന്നു. വ്യക്തത നൽകാതെയാണ് നബി (സ) ഇഹലോകം വെടിഞ്ഞത്. ആയതിനാൽ ഇടയിൽ ബിസ്മി ചേർക്കാതെ ചേർത്ത് രണ്ടു സൂറത്തുകളും രേഖപ്പെടുത്തി. (അഹ്മദ് 1/244, തിർമിദി 3086, *മിശ്കാത്* 2163)

ഹദീഥ് പണ്ഡിതൻമാരായ ശൈഖ് ശുഐബ് അർനഊഥ്, ശൈഖ് അൽബാനി, ശൈഖ് അഹ്മദ് ശാകിർ (റ) എന്നിവർ ഈ അഥർ ബലഹീനമാണെന്ന് പറഞ്ഞിട്ടുണ്ട്. അഥർ ഉദ്ധരിച്ച യസീദുർറുഖാശി (റ) എന്ന വ്യക്തിയിൽ അവ്യക്തതയുണ്ടെന്ന് ഇമാം തിർമിദി (റ) രേഖപ്പെടുത്തി. യസീദു ബിൻ അബാ(റ)നെ കണ്ടിട്ടില്ലെന്നും ഇമാം തന്നെ പറയുന്നുണ്ട്. (തിർമിദി ഹദീഥ് നമ്പർ 3086)

അന്യൂനമായ ഹദീഥല്ല ഇതെന്നു സാരം, ഇതിന്റെ ആശയം സ്ഥിരപ്പെട്ട കാര്യങ്ങൾക്ക് വിരുദ്ധമാണ്.

1) നബി(സ)യുടെയും അബൂബക്കറി(റ)ന്റെയും കാലഘട്ടത്തിൽ നട

ന്ന രണ്ടു രീതിയിലുള്ള ക്രോഡീകരണത്തിലും ഈ രണ്ടു സൂറത്തുകളും രണ്ടായിട്ടാണ് രേഖപ്പെടുത്തിയത്. സൂറഃ തൗബയിൽ ബിസ്മി ഇല്ല എന്ന വിഷയത്തിൽ സ്വഹാബാക്കൾ ഭിന്നിച്ചിട്ടില്ല. ഇത് കേവലം ഉഥ്മാന്റെ(റ) ഗവേഷണ ഫലമായിരുന്നുവെങ്കിൽ അവർ ഭിന്നിക്കുമായിരുന്നു.

2)സൂറത്തുകളെല്ലാം തുടങ്ങേണ്ടത് ബിസ്മി കൊണ്ടാണെന്നത് നബി(സ)യുടെ കല്പനയാണ്. അതെ നബി (സ) തന്നെയാണ് അത് സൂറഃ തൗബയിൽ രേഖപ്പെടുത്തേണ്ടതില്ലെന്ന് പഠിപ്പിച്ചത്. അതിനാലാണ് എഴുത്തുകാർ അത് രേഖപ്പെടുത്താതിരുന്നത്.

3) ബിസ്മി രേഖപ്പെടുത്താതിന്റെ കാരണം എന്താണെന്നതിലാണ് സ്വഹാബാക്കൾ വ്യത്യസ്ത അഭിപ്രായം പറഞ്ഞത്. ഈ വിഷയത്തിൽ നബി(സ)യിൽ നിന്നും വ്യക്തത ലഭിച്ചിട്ടില്ല എന്ന് ഉഥ്മാൻ (റ) അദ്ദേഹത്തിന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം പറഞ്ഞതാണ്. മറ്റു സ്വഹാബിമാരും ഇവ്വിഷയകമായ അവരുടെ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്.

ഇബ്നു അബ്ബാസ് (റ) പറയുന്നു: അലി (റ) പറഞ്ഞു: ബിസ്മില്ലാഹി നിർഭയത്വമാണ്. സൂറഃ തൗബ യുദ്ധ കൽപന പ്രഖ്യാപിച്ച് ഇറങ്ങിയതാണ്. അതിൽ നിർഭയത്വമില്ല. അതുകൊണ്ടാണ് അതിൽ ബിസ്മി ഒഴിവായത്. (*തഫ്സീർ ത്വബ്രി*)

സൂറത്തു തൗബയുടെ ആദ്യ ഭാഗങ്ങൾ ദുർബലപ്പെടുത്തപ്പെട്ടതോടുകൂടി ഇതിലെ ബിസ്മിയും ഉയർത്തപ്പെട്ടതായി ഇമാം മാലിക്കും (റ) അഭിപ്രായപ്പെട്ടുണ്ട്.

14. ഇബ്നു മസ്ഊദിന്റെ ഖുർആൻ!

പ്രമുഖ സ്വഹാബിയായിരുന്ന ഇബ്നു മസ്ഊദിന്റെ മുസ്ഹഫിൽ സൂറത്തുകളുടെ എണ്ണം പോലും വ്യത്യസ്തമായിരുന്നുവെന്നത് സ്വഹാബിമാർക്ക് പോലും ഖുർആനിന്റെ വിഷയത്തിൽ ഏകാഭി പ്രായമുണ്ടായിരുന്നില്ലെന്നല്ലേ മനസ്സിലാക്കിത്തരുന്നത്. അദ്ദേഹം സൂറത്തുൽ ഫാതിഹയും സൂറത്തുൽ ഫലഖും സൂറത്തുന്നാസും തന്റെ മുസ്ഹഫിൽ നിന്ന് നീക്കം ചെയ്തതായി ചില നിവേദനങ്ങളു ണ്ടല്ലോ. ഇതിന്റെ യാഥാർഥ്യമെന്താണ്?

മറുപടി:

ഇബ്നു മസ്ഊദിന്റെ(റ) മുസ്ഹഫിൽ ഇന്നുള്ള മുസ്ഹഫിലുള്ള ചില സൂറത്തുകൾ ഉണ്ടായിരുന്നില്ലെന്നുള്ള നിവേദനങ്ങളുണ്ട്. സൂറഃ ഫാത്വിഹ, ഫലഖ്, നാസ് എന്നിവ അദ്ദേഹത്തിന്റെ മുസ്ഹഫിൽ ഉണ്ടായിരുന്നില്ലെന്നാണ് ചില അഥറുകളിലുള്ളത്. ഇമാം സുയൂഥി തന്റെ *ഇത്ഖാൻ ഫീ ഉലൂമിൽ ഖുർആനിൽ* ഈ നിവേദനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഇബ്നു മസ്ഊദിന്റെ മുസ്ഹഫിൽ ഫാത്തിഹയും ഫലഖ്, നാസ് സൂറത്തുകളും ഇല്ലായിരുന്നുവെന്നതാണ് ഒന്നാമ ത്തെ നിവേദനം. ഇവയിൽ ഫാത്തിഹ ഇല്ലായിരുന്നുവെന്നതും ഫല ഖ്, നാസ് എന്നീ സൂറത്തുകൾ ഇല്ലായിരുന്നുവെന്നതും രണ്ട് വിഷയ ങ്ങളാണ്. ഓരോന്നിനെയും വേറെ വേറെ പരിശോധിക്കാം:

ഒന്ന്) ഫാത്തിഹ ഇല്ലായിരുന്നുവെന്ന വിമർശനം

ഫാതിഹ ഖുർആനിന്റെ ഭാഗമാണെന്ന വസ്തുത ഖുർആൻ തന്നെ സാക്ഷ്യപ്പെടുത്തുന്നതാണ്. "ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന ഏഴ് വചനങ്ങളും മഹത്തായ ഖുർആനും തീർച്ചയായും നിനക്ക് നാം നൽകിയിട്ടുണ്ട്" (15:87) എന്ന ഖുർആൻ വചനത്തിലെ "ആവർത്തിച്ച് പാരയണം ചെയ്യപ്പെടുന്ന ഏഴു വചനങ്ങൾ കൊണ്ടുള്ള വിവക്ഷ ഫാത്തിഹത്തുൽ കിതാബാണെന്ന്" (عن ابن مسعود في قوله: {ولقد آتيناك سبعا من المثاني} قال: فاتحة الكتاب) ഇബനു മസ്ഊദ് (റ) പറഞ്ഞതായി ഇമാം ത്വബ്‌രി തന്റെ തഫ്‌സീറിൽ ഉദ്ധരിക്കുന്നുണ്ട്. ഫാത്തിഹത്തുൽ കിതാബെന്നാൽ 'ഗ്രന്ഥത്തിന്റെ ആമുഖം' എന്നാണർത്ഥം. ഏതൊരു അധ്യായത്തെയാണോ ഗ്രന്ഥത്തിന്റെ ആമുഖം എന്ന് ഇബ്‌നു മസ്ഊദ് (റ) വിശേഷിപ്പിച്ചത് ആ അദ്ധ്യായം ഖുർആനിലുള്ളതല്ലെന്ന് അദ്ദേഹം കരുതിയെന്നു പറയുന്നത് അടിസ്ഥാനരഹിതമാണ്.

ഫാത്തിഹ ഖുർആനിലെ പ്രാരംഭാദ്ധ്യായമായി അംഗീകരിച്ചിരുന്ന ഇബ്‌നു മസ്ഊദ് (റ) പിന്നെയെന്തുകൊണ്ടാണ് തന്റെ കൈവശമുള്ള ഖുർആൻ കയ്യെഴുത്തുരേഖയിൽ അത് എഴുതാതിരുന്നത് എന്നതിന് അദ്ദേഹം തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. അത് ഇങ്ങനെയാണ്: "അബൂബക്കർ അൽ അൻബരിയിൽ (റ) നിന്ന് ഇമാം ഖുർതുബി (റ) ഉദ്ധരിക്കുന്നു: എന്തുകൊണ്ടാണ് താങ്കളുടെ ഖുർആനിൽ ഫാത്തിഹ എഴുതാത്തത് എന്ന് ചോദിച്ചപ്പോൾ അബ്ദുല്ലാഹിബ്‌നു മസ്ഊദിന്റെ (റ) മറുപടി ഇങ്ങനെയായിരുന്നു. "ഞാൻ അഥവാ അത് എഴുതുകയായിരുന്നുവെങ്കിൽ എല്ലാ സൂറത്തുകളുടെയും തുടക്കത്തിൽ അത് എഴുതുമായിരുന്നു." നമസ്കാരത്തിലെ ഓരോ റക്അത്തിലും സൂറത്തുകൾ പാരായണം ചെയ്യുന്നതിന് മുൻപ് ഫാത്തിഹ ഓതുന്നതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത് എന്ന് അബൂബക്കർ അൽ അൻബരി (റ) വിശദീകരിക്കുന്നുണ്ട്. ഇബ്ൻ മസ്ഊദ് (റ) തന്നെ ഇങ്ങനെ പറഞ്ഞതായി നിവേദനങ്ങളുണ്ട്. "ഹ്യസ്വമായി എഴുതുന്നതിനു വേണ്ടിയാണ് ഞാൻ അത് ഉപേക്ഷിച്ചത്. മുസ്‌ലിംകൾ അത് സംരക്ഷിക്കുമെന്ന് ഞാൻ വിശ്വസിക്കുകയും ചെയ്തു" (ഇമാം ഖുർത്തുബി: *അൽ ജാമിഉൽ അഹകാമിൽ ഖുർആൻ*, വാല്യം 1, പുറം 115, കൈറോ, 1964)

രണ്ട്) ഫലഖ്, നാസ് സൂറത്തുകളെക്കുറിച്ച വിമർശനം

ഇവ്വിഷയകമായ നിവേദനങ്ങൾ ഇങ്ങനെയാണ്:

ആസിം (റ) സിർറിൽ (റ) നിന്ന് നിവേദനം ചെയ്യുന്നു: അദ്ദേഹം ഉബയ്യിനോട് (റ) പറഞ്ഞു: ഇബ്നു മസ്ഊദ് (റ) അദ്ദേഹത്തിന്റെ മുസ്ഹഫിൽ മുഅവ്വദതൈൻ (ഫലഖ്, നാസ് സൂറത്തുകൾ) രേഖപ്പെടുത്തിയിട്ടില്ല" (*മുസ്നദ് അഹ്മദ്*, ഹദീഥ് 21186)

അൽ അഅ്മശ് അബൂ ഇസ്ഹാഖിൽ നിന്നും അദ്ദേഹം അബ്ദുർറഹ്മാനു ബ്നു യസീദിൽ(റ) നിന്നും നിവേദനം ചെയ്യുന്നു: ഇബ്നു മസ്ഊദ് (റ) അദ്ദേഹത്തിന്റെ മസാഹിഫിൽ നിന്ന് മുഅവ്വദതൈൻ മായ്ച്ചു കളയുകയും അവ ഖുർആനിന്റെ ഭാഗമല്ലെന്ന് പറയുകയും ചെയ്തു." (*മുസ്നദ് അഹ്മദ്*, ഹദീഥ് 21226)

ഇബ്നു ഉയയ്ന അബ്ദയിൽ(റ) നിന്നും ആസിമിൽ നിന്നും(റ) അവർ സിർറിൽ(റ) നിന്നും നിവേദനം ചെയ്യുന്നു: ഞാൻ ഉബയ്യിനോട് ചോദിച്ചു: "താങ്കളുടെ സഹോദരൻ അവയെ (ഫലഖ്, നാസ് സൂറത്തുകളെ) അദ്ദേഹത്തിന്റെ മുസ്ഹഫിൽ നിന്ന് മായ്ച്ച് കളഞ്ഞിട്ടുണ്ടല്ലോ" അപ്പോൾ അദ്ദേഹം അത് എതിർത്തില്ല. ഇത് ഇബ്നു മസ്ഊദിനെക്കുറിച്ചാണോയെന്ന ചോദ്യത്തിന് ഇബ്നു ഉയയ്ന അതേയെന്ന മറുപടിയാണ് നൽകിയത്. (*മുസ്നദ് അഹ്മദ്*, ഹദീഥ് 21189)

എന്തുകൊണ്ടാണ് ഇബ്നു മസ്ഊദ് (റ) തന്റെ മുസ്ഹഫിൽ ഖുർആനിലെ അവസാനത്തെ രണ്ട് അധ്യായങ്ങൾ ചേർക്കാതിരുന്നത്? അവ അല്ലാഹു അവതരിപ്പിച്ചതല്ല എന്ന് അദ്ദേഹത്തിന് അഭിപ്രായം ഉണ്ടായിരുന്നുവോ? അവ ഖുർആനിൽ പെട്ടതല്ല എന്നായിരുന്നുവോ അദ്ദേഹത്തിന്റെ അഭിപ്രായം? താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക:

1) ഇബ്നു മസ്ഊദിൽ നിന്ന് ഈ നിവേദനങ്ങൾ ഉദ്ധരിച്ച ആസ്വിമിൽ നിന്ന് സിർറിലൂടെ തന്നെ നിവേദനം ചെയ്യപ്പെട്ട മുതവാത്തിറായ ഖിറാഅത്തുകളിലെല്ലാം ഫലഖ്, നാസ് സൂറത്തുകളുണ്ട്. അസ്സിർറിനെ കൂടാതെ ഇബ്നു മസ്ഊദിൽ നിന്ന് ഖുർആൻ പാരായണം നിവേദനം ചെയ്ത അൽഖമ, അൽ അസ്വദ്, മസ്റൂഖ്, അസ്സുലമി, അബൂവാഇൽ, അശൈബാനി, അൽഹമദാനി എന്നിവരും നൂറ്റിപ്പതിനാല് സൂറത്തുകളും പൂർണമായി നിവേദനം ചെയ്തിട്ടുണ്ട്. ആസിം, ഹംസ, അൽ കിസായ്, അൽ ഖലഫ് എന്നീ നാല് പേരുടെ പേരിലും അറിയപ്പെടുന്ന പാരായണങ്ങൾ ഇബ്നു മസ്ഊദിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടവയാണ്. ഇവയിലെല്ലാം ഇന്നു

ള്ള ഖുർആനിലെ മുഴുവൻ അധ്യായങ്ങളുമുണ്ട്. ഇതിനർത്ഥം ഇബ്നു മസ്ഊദ് (റ) തന്റെ ശിഷ്യന്മാർക്ക് ഖുർആനിലെ നൂറ്റിപതിനാല് സൂറത്തുകളും ഖുർആനിന്റെ ഭാഗമായിത്തന്നെ പഠിപ്പിച്ചുവെന്നാണ്. അവസാനത്തെ രണ്ട് അധ്യായങ്ങളെക്കുറിച്ച് അദ്ദേഹത്തിന് വല്ല സംശയങ്ങളുമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് അവ ഖുർആനിന്റെ ഭാഗമായി അദ്ദേഹം പഠിപ്പിക്കുകയില്ലായിരുന്നു.

2) സൂറത്തുൽ ഫലഖിനെയും സൂറത്തുന്നാസിനെയും ഇബ്നു മസ്ഊദ് (റ) ഖുർആനിന്റെ ഭാഗമായിത്തന്നെയായിരുന്നു മനസ്സിലാക്കിയിരുന്നത് എന്ന തെളിയിക്കുന്ന വേറെയും നിവേദനങ്ങളുണ്ട്. ദൈലമിയിൽ നിന്ന് അലി അൽമുത്തഖി ഉദ്ധരിക്കുന്ന നിവേദനം ഉദാഹരണം: അത് ഇങ്ങനെയാണ്: " ഇബ്നു മസ്ഊദ് (റ) പറഞ്ഞു: രണ്ട് സൂറത്തുകൾ നിങ്ങൾ ധാരാളമായി പാരായണം ചെയ്യുക. ഇഹലോകത്തെയും പരലോകത്തെയും ഉയർന്ന സ്ഥാനങ്ങളിൽ അത് വഴി അല്ലാഹു നിങ്ങളെ എത്തിക്കും. മുഅവ്വദത്തൈൻ ആണവ" (അലി അൽ മുത്തഖി: *കൻസുൽ ഉമ്മാൽ*, ബെയ്റുത്ത്, 1981, ഹദീഥ് 2743)

3) ഇബ്നു മസ്ഊദ് (റ) ഖുർആനിലെ അവസാനത്തെ രണ്ട് സൂറത്തുകൾ തന്റെ മുസ്ഹഫിൽ നിന്ന് മായ്ച്ചു കളഞ്ഞുവെന്നും അത് കണ്ടിട്ടും ഉബയ്യ് (റ) അതിനെ എതിർത്തില്ലെന്നും വ്യക്തമാക്കുന്ന ഹദീഥ് നൽകുന്ന വിവരം വളരെ പ്രസക്തമാണ്. അവ രണ്ടും ഖുർആനിന്റെ ഭാഗമാണെന്ന് തന്നെയായിരുന്നു ഉബയ്യ് (റ) അടക്കമുള്ള സ്വഹാബിമാരുടെ മുഴുവൻ അഭിപ്രായമെന്ന് ഈ നിവേദനത്തിൽ നിന്ന് തന്നെ വ്യക്തമാണ്. ഖുർആനിൽ നിന്ന് രണ്ട് സൂറത്തുകൾ നിഷേധിക്കുകയെന്നാൽ ഇസ്‌ലാമിൽ നിന്ന് പുറത്തുപോകുന്ന കൊടിയ പാപമാണെന്ന കാര്യത്തിൽ സംശയമില്ല. "ആരെങ്കിലും ഖുർആനിലെ ഒരു അക്ഷരമെങ്കിലും നിഷേധിച്ചാൽ അയാൾ ഖുർആൻ മുഴുവൻ നിഷേധിച്ചവനെപ്പോലെയാണ്" എന്ന് ഇബ്നു മസ്ഊദ് (റ) പറഞ്ഞതായി ഇമാം അബ്ദുർറസാഖ് തന്റെ *മുസന്നഫി*ൽ (ഹദീഥ് നമ്പർ 15946) നിവേദനം ചെയ്തത് ശ്രദ്ധേയമാണ്. തന്റെ മുസ്ഹഫിൽ നിന്ന് ഇബ്നു മസ്ഊദ് (റ) ഈ രണ്ട് സൂറത്തുകൾ മായ്ച്ചു കളയുക വഴി ഉദ്ദേശിച്ചത് അവയെ നിഷേധിക്കുകയായിരുന്നുവെങ്കിൽ അത് വലിയ പ്രത്യാഘാത

ങ്ങളുണ്ടാക്കുമായിരുന്നു. അങ്ങനെയൊന്നും ഉണ്ടായിട്ടില്ലെന്നത് തന്നെ അദ്ദേഹം അവയെ നിഷേധിക്കുകയല്ല, എഴുതിവെക്കുന്നത് ശരിയല്ലെന്ന് കരുതുകയാണ് ചെയ്തതെന്ന് വ്യക്തമാണ്.

ശൈഖ് അബൂബക്കർ ബാകില്ലാനി പറഞ്ഞത് ശ്രദ്ധേയമാണ്: "ഈ രണ്ട് സൂറത്തുകൾ ഖുർആനിലുള്ളതല്ലെന്ന വാദം അദ്ദേഹത്തിനുള്ളതായി സ്ഥാപിക്കപ്പെട്ടിട്ടില്ല. അവ അദ്ദേഹം മായ്ച്ചു കളയുകയും തന്റെ മുസ്ഹഫിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തത് അവ ഖുർആനിന്റെ ഭാഗമാണെന്ന വസ്തുത അദ്ദേഹം നിഷേധിക്കുന്നത് കൊണ്ടായിരുന്നില്ല. പ്രവാചകൻ (സ) എഴുതാനായി പറഞ്ഞതല്ലാതെ യാതൊന്നും തന്നെ മുസ്ഹഫിൽ എഴുതാൻ പാടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. പ്രവാചകൻ (സ) അവ എഴുതിപ്പിച്ചതായോ എഴുതിവെക്കാൻ ആവശ്യപ്പെട്ടതായോ അദ്ദേഹം കണ്ടിട്ടുണ്ടായിരുന്നില്ല. (ഇമാം സുയൂഥി: *അൽ ഇത്ഖാൻ* 1/ 271)

4) മുഅവ്വദതൈൻ ഖുർആനിലുള്ളതാണെന്ന് വ്യക്തമാക്കുന്ന നബി (സ)യിൽ നിന്ന് സ്ഥിരപ്പെട്ട നിവേദനങ്ങളുണ്ട്.

അബുൽ അളാഅ് (റ) പറയുന്നു. നബി (സ) ഒരു സ്വഹാബിക്ക് സൂറഃ ഫലഖും നാസും പഠിപ്പിച്ചു കൊടുത്തു. തങ്ങൾ പറഞ്ഞു: നീ ഈ സൂറത്തുകൾ ഓതി നമസ്കരിക്കുക. (*മുസ്നദ് അഹ്മദ്*- ഹദീഥ് സ്വഹീഹാണെന്ന് ഇമാം ഇബ്നു ഹജർ *ഫത്ഹുൽ ബാരി* 8/615ലും ഇമാം ഖാരി *ഉംദ* 2/16ലും പറയുന്നു)

ഉഖ്ബ(റ)യിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: ഈ രാത്രിയിൽ എനിക്ക് ചില ആയത്തുകൾ അവതീർണമായി. സമാനമായവ തീരെ കാണപ്പെട്ടിട്ടില്ല. അത് സൂറത്തുൽ ഫലഖും നാസുമാണ്. (*സ്വഹീഹ് മുസ്ലിം* കിതാബ് സ്വലാത്ത്, ബാബുൽ ഫദാഇലി മുഅവ്വദതൈൻ). ഇതേപോലെയുള്ള നിരവധി ഹദീഥുകൾ ഇമാം ഇബ്നു കഥീർ (റ) തന്റെ തഫ്സീറിൽ ഉദ്ധരിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ അവ ഖുർആനിലുള്ളതല്ലെന്ന് പ്രവാചകശിഷ്യന്മാരിൽ പ്രമുഖനായ ഇബ്നു മസ്ഊദ് (റ) കരുതുമെന്ന് വിചാരിക്കാൻ യാതൊരു ന്യായവുമില്ല.

5) ഇബ്നു മസ്ഊദിന്റെ(റ) ശിഷ്യന്മാരെല്ലാം ഈ രണ്ട് സൂറത്തുകളും ഖുർആനിൽ പെട്ടത് തന്നെയാണെന്ന് സാക്ഷ്യം വഹിച്ചതിനുള്ള തെളിവാണ് അവരിലൂടെ നിവേദനം ചെയ്യപ്പെട്ട ഖിറാഅത്തു

കളിലൊന്നും അവ വിട്ടുകളഞ്ഞിട്ടില്ല എന്നത്. ഈ സൂറത്തുകൾ ഖുർആനിൽ പെട്ടതല്ലെന്ന് ഗുരു പറഞ്ഞിരുന്നെങ്കിൽ ശിഷ്യന്മാരൊന്നും ആ രൂപത്തിൽ ഖുർആൻ പാരായണം പഠിക്കുമായിരുന്നില്ല. അതുണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഇബ്നു മസ്ഊദിന്റെ(റ) ശിഷ്യൻമാരിൽ പ്രമുഖനായ അസ്‌വദ് ബിൻ യസീദി(റ)നോട് ആ രണ്ടു സൂറത്തുകൾ ഖുർആനിൽ പെട്ടതാണോ എന്നു ചോദിച്ചപ്പോൾ "അതെ, അവ രണ്ടും ഖുർആനിൽപെട്ടതു തന്നെയാണ്" എന്ന് മറുപടി പറഞ്ഞതായി ഇബ്നു അബീശൈബ ഉദ്ധരിക്കുന്നുമുണ്ട്. (ഇബ്നു അബീ ശൈബ 30206)

6) അബ്ദുർ റഹ്മാനു ബ്നു യസീദിൽ (റ) നിന്ന് ഇമാം അഹ്മദ് തന്റെ മുസ്നദിൽ നിവേദനം ചെയ്ത അഥറിൽ (ഹദീഥ് 21226) ഈ സൂറത്തുകൾ ഖുർആനിലുള്ളതല്ലെന്ന് ഇബ്നു മസ്ഊദ് (റ) പറഞ്ഞതായി ഉണ്ടെന്നത് ശരിയാണ്. ഇത് ഇമാം ത്വബ്റാനിയും തന്റെ *മുഅ്ജമുൽ കബീറി*ൽ നിവേദനം ചെയ്യുന്നുണ്ട്. (*മുഅ്ജമുൽ കബീർ* 9150). എന്നാൽ ഈ നിവേദനം സ്വീകാര്യമല്ലെന്ന് ഇമാം നവവിയടക്കമുള്ള നിരവധി പണ്ഡിതന്മാർ വ്യക്തമാക്കിയതായി ഇമാം സുയൂഥി വിശദീകരിക്കുന്നുണ്ട്. (*അൽ ഇത്ഖാൻ* 1/271) നിരവധി എതിർ തെളിവുകളുള്ളതിനാൽ ഈ നിവേദനം മുഅല്ലലും മുതവാത്തിറായ നിവേദനങ്ങൾക്ക് വിരുദ്ധമായതിനാൽ ശാദ്ദുമാണെന്നാണ് പണ്ഡിതാഭിപ്രായം.

ഇബ്നു മസ്ഊദ് (റ) തന്റെ മുസ്ഹഫിൽ ഫാതിഹയും സൂറത്തുൽ ഫലഖും സൂറത്തുന്നാസും എഴുതാതിരുന്നത് അവ ഖുർആനിൽ ഉള്ളതല്ലെന്ന് അദ്ദേഹം കരുതിയതുകൊണ്ടല്ലെന്നും പ്രത്യുത അദ്ദേഹത്തിന്റേതായ വ്യക്തിപരമായ ചില കാരണങ്ങളാലാണെന്നും ഇവയിൽ നിന്ന് വ്യക്തമാണ്. ഖുർആനിൽ ഇന്നുള്ള ഏതെങ്കിലും സൂറത്തുകൾ ഖുർആനിന്റെ ഭാഗമല്ലെന്ന് കരുതിയിരുന്ന സ്വഹാബിമാരാരും ഉണ്ടായിരുന്നിട്ടില്ല. ഖുർആനിൽ കളങ്കമാരോപിക്കുന്നവർക്ക്, അതുകൊണ്ട് തന്നെ, ഇബ്നു മസ്ഊദിന്റെ(റ) നടപടിയെ എങ്ങനെ അപഗ്രഥിച്ചാലും തെളിവുകൾ ഒന്നും ലഭിക്കുകയില്ല; അവർ നിരാശപ്പെടുകയേയുള്ളൂ.

15. ഉബയ്യിന്റെ സൂറത്തുകൾ!

ഉബയ്യു ബ്നു കഅ്ബി(റ)ന്റെ മുസ്ഹഫിൽ ഇന്നത്തെ മുസ്ഹഫിൽ ഇല്ലാത്ത രണ്ട് സൂറത്തുകൾ കൂടിയുണ്ടായിരിന്നുവെന്നും അത് പിൽക്കാലത്ത് വിസ്മരിക്കപ്പെടുകയാണ് ചെയ്തതെന്നും ആരോപണമുണ്ടല്ലോ. എന്താണിതിന്റെ വസ്തുത?

മറുപടി:

ഉബയ്യു ബ്നു കഅ്ബി(റ)ന്റെ മുസ്ഹഫിൽ ഇന്നത്തെ മുസ്ഹഫിൽ ഇല്ലാത്ത സൂറത്തുൽ ഹഫ്ദ്, സൂറത്തുൽ ഖലാഅ എന്നീ സൂറത്തുകൾ കൂടി ഉണ്ടായിരുന്നതായി ഹമ്മാദ് ബ്നു സലാമയിൽ നിന്നുള്ള ഒരു നിവേദനം ഇമാം സുയൂഥി തന്റെ *ഇത്ഖാനി*ലും (2/66) ഇബ്നു ദുറൈസ് തന്റെ *ഫദാഇലൽ ഖുർആനി*ലും (പുറം157) ഉദ്ധരിച്ചിട്ടുണ്ട്. നിവേദനം ചെയ്ത ഹമ്മാദ് ബ്നു സലാമയും ഉബയ്യു ബ്നു കഅ്ബും തമ്മിൽ മൂന്ന് തലമുറകളുടെ വ്യത്യാസമെങ്കിലുമുള്ളതു കൊണ്ട് തന്നെ നിദാനശാസ്ത്രപ്രകാരം ഇത് തീരെ ദുർബലമാണ്.

എന്നാൽ ഇങ്ങനെ രണ്ട് സൂറത്തുകൾ ഉണ്ടായിരിക്കുന്നതായി

സൂചിപ്പിക്കുന്ന വിശ്വാസയോഗ്യമായ മറ്റു ചില നിവേദനങ്ങളുണ്ട്. ഉമർ (റ)

اللهم إياك نعبد ولك نصلي ونسجد وإليك نسعى ونحفد نرجو رحمتك ونخشى عذابك إن عذابك بالكفار ملحق

എന്ന പ്രാർത്ഥനയും

اللهم إنا نستعينك ونستغفرك ونثني عليك الخير كله ونشكرك ولا نكفرك ونخلع ونترك من يفجرك എന്ന പ്രാർത്ഥനയും ഖുനൂത്തായി പാരായണം ചെയ്യാറുണ്ടായിരുന്നുവെന്ന ഇബ്നു അബീശൈബ അദ്ദേഹത്തിന്റെ *മുസന്നഫി*ലും(2/315) അബ്ദുർറസാഖ് അദ്ദേഹത്തിന്റെ *മുസന്നഫി*ലും ഉദ്ധരിച്ചിട്ടുള്ള (4969) ഉബൈദ് ബ്നു ഉമൈറിൽ നിന്നുള്ള നിവേദനം സ്വഹീഹായ പരമ്പരയോട് കൂടിയുള്ളതാണ്. ഇതിൽ അദുർറസാഖിന്റെ *മുസന്നഫി*ലുള്ള നിവേദനത്തിൽ നിവേദകനായ ഉബൈദ് ബ്നു ഉമൈർ ഇത് ഇബ്നു മസ്ഊദിന്റെ മുസ്ഹഫിലുള്ള രണ്ട് സൂറത്തുകളാണെന്ന് താൻ കേട്ടുവെന്നു കൂടി പറയുന്നുണ്ട്. ഇതാണ് ഇങ്ങനെ രണ്ട് സൂറത്തുകൾ ഉണ്ടായിരുന്നുവെന്നതിനുള്ള തെളിവ്.

മറ്റു ചില നിവേദനങ്ങളും ഇവ്വിഷയകമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

താഊസ് (റ) നിവേദനം ചെയ്യുന്നു: "ഞാൻ ഉമറിന്റെ (റ) പിന്നിൽ സുബ്ഹ് നമസ്കരിച്ചു. റുകൂഇനുശേഷം ഈ രണ്ടു സൂറത്തുകൾ കൊണ്ട് ഖുനൂത്ത് ഓതി." (ത്വബ്രി 1/353). സമാനമായ ഉദ്ധരണികൾ അബ്ദു റസാഖ് -*മുസന്നഫ്* 3/114, ത്വബ്രി -*തഹ്ദീബുൽ ആസാർ* 1/319 എന്നിവയിലും കാണാം.(ചർച്ചാ വിഷയകമായ രണ്ട് സൂറത്തുകളിലെ പ്രാർത്ഥനകൾ ഉപയോഗിച്ച് ഉമർ(റ) നടത്തിയ ഈ ഖുനൂത്തിൽ ശത്രുക്കൾക്കെതിരെയുള്ള പ്രാർത്ഥനകൾ ഉള്ളടങ്ങിയതായി കാണാം (ഇബ്നു അബീ ശൈബ: 1/61/2, 1/42/12). ഇത് സൂചിപ്പിക്കുന്നത് ഉമർ(റ) നിർവഹിച്ചത് നാസിലത്തിന്റെ ഖുനൂത്തായിരുന്നു എന്നാണെന്ന് ശൈഖ് നാസ്വിറുദ്ധീൻ അൽബാനി(റ) വ്യക്തമാക്കുന്നുണ്ട്. (*ഇർവാഉൽ ഗലീൽ*: 2/172)

ഇക്കാര്യത്തിൽ ഉണ്ടാകാനിടയുള്ള സംശയങ്ങൾക്കെല്ലാം ഹദീഥ് പണ്ഡിതന്മാർ മറുപടി പറഞ്ഞിട്ടുണ്ട്. അബുൽ ഹുസ്സൈൻ അഹ്മദ് ബിൻ ജഅഫർ അൽ മനാദി തന്റെ *അന്നാസിഖ് വൽ മൻസൂഖ്* എന്ന ഗ്രൻഥത്തിൽ എഴുതുന്നു: "ഖുർആനിൽ നിന്ന് ദുർബലപ്പെടുത്തപ്പെട്ടതിനു ശേഷവും ജനമനസ്സുകളിൽ നിന്ന് മാഞ്ഞുപോകാതി

രുന്ന വാക്യങ്ങൾക്ക് ഉദാഹരണമാണ് വിത്ർ നമസ്കാരത്തിലെ ഖുനൂത്തിൽ പാരായണം ചെയ്തുകൊണ്ടിരുന്ന ഈ രണ്ട് സൂറത്തുകൾ. ഉബയ്യു ബ്നു കഅ്ബിന്റെ പേരിൽ അറിയപ്പെട്ടിരുന്ന മുസ്ഹഫിൽ ഈരണ്ട് അധ്യായങ്ങളുമുണ്ടായിരുന്നുവെന്ന കാര്യത്തിലും അത് പ്രവാചകനിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടതും അദ്ദേഹം പാരായണം ചെയ്തതുമാണെന്നും അവയെ സൂറത്തുൽ ഹഫ്ദ്, സൂറത്തുൽ ഖലാഅ എന്നിങ്ങനെയാണ് വിളിക്കപ്പെട്ടിരുന്നത് എന്ന കാര്യത്തിലും ആദ്യകാല പണ്ഡിതന്മാർക്കിടയിൽ യാതൊരുവിധ അഭിപ്രായവ്യത്യാസങ്ങളുമുണ്ടായിരുന്നില്ല" (ബദറുദ്ദീനു സ്സർക്കശി ഉദ്ധരിച്ചത്: *അൽ ബുർഹാൻ ഫീ ഉലൂമിൽ ഖുർആൻ*, വാല്യം രണ്ട്, പുറം 37)

ഇമാം സുയൂഥിയും തന്റെ *ഇത്ഖാനിൽ* ഹുസൈൻ അഹ്മദ് അൽ മനാദിയെ ഉദ്ധരിച്ച് ഇതേ കാര്യം തന്നെ സമർത്ഥിക്കുന്നുണ്ട്. (ഭാഗം രണ്ട്, പുറം 68)

അവതരിക്കപ്പെട്ടതിനു ശേഷം ദുർബലപ്പെടുത്തപ്പെട്ട സൂറത്തുകളാണ് സൂറത്തുൽ ഹഫ്ദ്, സൂറത്തുൽ ഖലാഅ എന്നീ സൂറത്തുകൾ എന്നും മൻസൂഖായെങ്കിലും പ്രാർത്ഥനയായതിനാൽ അവ സ്വഹാബിമാർ നമസ്കാരത്തിലും മറ്റും ഉപയോഗിക്കാറുണ്ടായിരുന്നുവെന്നും അതുകൊണ്ടാണ് ഉബയ്യിന്റെ മുസ്ഹഫിൽ അവ നില നിന്നത് എന്നുമാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. ഉബയ്യു ബ്നു കഅ്ബി(റ)ന്റെ മുസ്ഹഫിൽ നേരത്തെ ഉണ്ടായിരുന്ന അവയെ, ദുർബലപ്പെട്ട ശേഷവും ദുആ ആയതിനാൽ അദ്ദേഹം അത് നിലനിർത്തി. എന്നാൽ ഉബയ്യി(റ)ന്റെ ഖിറാഅത്ത് ഉദ്ധരിച്ച ഇമാം നാഫിഅ്, ഇബ്നു കഥീർ, അബൂ അംറ് (റ) മുതലായവരൊന്നും ഖുർആനായി അത് ഉദ്ധരിച്ചിട്ടില്ല. എന്നാൽ അവ പ്രാർത്ഥനയായി നില നിർത്തിയതിനാൽ ഉമർ (റ) നമസ്കാരത്തിൽ ഖുനൂത്തായി അവയുടെ പാരായണം തുടരുകയും ചെയ്തു.

പ്രവാചകൻ (സ) പഠിപ്പിച്ചതല്ലാത്ത യാതൊന്നും അവരൊന്നും ഖുർആനിൽ ഉൾപ്പെടുത്തിയിട്ടില്ല; പഠിപ്പിച്ചതൊന്നും സ്വന്തം താൽപര്യപ്രകാരം എടുത്ത് മാറ്റിയിട്ടുമില്ല. ദൈവികബോധനത്തിന്റെ വെളിച്ചത്തിൽ പ്രവാചകൻ (സ) ദുർബലപ്പെടുത്തിയ വചനങ്ങളിൽ ചിലവ അവരുടെ മുസ്ഹഫിൽ അവർ എഴുതിവെക്കുകയും അവ

പ്രാർത്ഥനകളായി ഉപയോഗിക്കുകയും ചെയ്തുവെന്ന് മാത്രമേയുള്ളൂ. അവ പ്രാർത്ഥനകളായി ഇന്നും മുസ്‌ലിംകൾ ഉപയോഗിക്കുന്നുണ്ട്.

16. നഷ്ടമായ വചനങ്ങൾ

സൂറത്തു തൗബയിലും സൂറത്തുൽ അഹ്സാബിലുമുള്ള ഏതാനും വചനങ്ങൾ അബൂബക്കറി(റ)ന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഖുർആനിൽ ആദ്യം ഉണ്ടായിരുന്നില്ലെന്നും മദീനയിലുള്ള ഒരാളിൽ നിന്ന് മാത്രമാണ് അവ ലഭിച്ചതെന്നും അങ്ങനെ ലഭിച്ചതിനു ശേഷം അവ ഖുർആനിൽ കൂട്ടിച്ചേർക്കുകയാണുണ്ടായതെന്നും വ്യക്തമാക്കുന്ന രേഖകളുണ്ടല്ലോ. ഇവ ഖുർആൻ വചനങ്ങളെല്ലാം നിരവധി പേരിലൂടെ സംപ്രേഷണം ചെയ്താണ് (മുതവാത്തിറായാണ്) നമ്മിലേക്കെത്തിയിട്ടുള്ളതെന്ന അവകാശവാദത്തെയും പ്രവാചകവിയോഗാനന്തര കാലത്ത് ഖുർആൻ പൂർണമായി അറിയാവുന്ന നിരവധി പേർ ഉണ്ടായിരുന്നുവെന്ന വാദത്തെയും ചോദ്യം ചെയ്യുന്നവയല്ലേ?

മറുപടി:

അബൂബക്കറി(റ)ന്റെ കാലത്ത് നടന്ന ഖുർആൻ ക്രോഡീകരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഹദീഥുകളുടെ വെളിച്ചത്തിലാണ് ഈ വിമർശനം ഉന്നയിക്കപ്പെടുന്നത്. *സ്വഹീഹുൽ ബുഖാരി*യിലെ ഇവ്വിഷയകമായ ഹദീഥുകൾ പരിശോധിക്കുക:

സൈദു ബ്നു ഥാബിത് (റ) പറയുന്നു: .... ഞാൻ അന്വേഷണം ആരംഭിച്ചു. പനയോലകൾ, മിനുസമായ പരന്ന കല്ലുകൾ, മനഃപ്പാഠമായുള്ളവരുടെ ഹൃദയങ്ങൾ എന്നിവയിൽ നിന്നും അതിനെ ഒരുമിച്ചു കൂട്ടി. സൂറഃ തൗബയിലെ അവസാനത്തെ രണ്ടു ആയത്തുകൾ

ഖുസൈമ ബിൻ ഥാബിത് അൽ അൻസാരി (റ) യിൽ നിന്നു ലഭിക്കുന്നത് വരെ എന്റെ അന്വേഷണം തുടർന്നു. അദ്ദേഹത്തിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും എനിക്കത് ലഭിച്ചില്ല. സൂറത്തുതൗബയിലെ "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം. എന്നാൽ അവർ തിരിഞ്ഞുകളയുന്ന പക്ഷം (നബിയേ,) നീ പറയുക: എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻറെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിൻറെ നാഥൻ"(9: 128, 129) എന്ന രണ്ട് ആയത്തുകളായിരുന്നു അവ. ആ ഏട് മരണം വരെ അബൂബക്കറിന്റെ (റ) കൈവശമായിരുന്നു. ശേഷം ജീവിതകാലം ഉമറിന്റെ (റ) കരങ്ങളിലും. ശേഷം പുത്രി ഹഫ്സ(റ)യുടെ കരങ്ങളിലുമായിരുന്നു. (*സ്വഹീഹുൽ ബുഖാരി*, കിതാബുൽ അഹ്കാം, ബാബു യൂസ്തഹബ്ബു ലിൽ കാത്തിബി അൻ യക്കൂന അമീനൻ ആഖിലൻ; *ജാമിഉത്തിർമിദി*, കിതാബു ത്തഫ്സീർ)

സൈദ് ബിൻ ഥാബിത്ത് (റ) പറഞ്ഞു: "ഞങ്ങൾ ഖുർആൻ പകർത്തിയെഴുതിയപ്പോൾ അല്ലാഹുവിന്റെ പ്രവാചകൻ (സ) പാരായണം ചെയ്യുന്നതായി ഞാൻ കേട്ട സൂറത്തുൽ അഹ്സാബിലെ ഒരു വചനം എവിടെ നിന്നും കിട്ടിയില്ല. ഞങ്ങൾ അന്വേഷിച്ചു; അബൂ ഖുസൈമ ബിൻ ഥാബിത് അൽ അൻസാരി (റ)യുടെ അടുത്ത് നിന്നാണ് അവസാനം അത് ഞങ്ങൾക്ക് ലഭിച്ചത്." സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷന്മാരുണ്ട്. ഏതൊരു കാര്യത്തിൽ അല്ലാഹുവോട് അവർ ഉടമ്പടി ചെയ്തുവോ, അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ (രക്ത സാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല"(33:23) എന്ന വചനമായിരുന്നു അത്." (*സ്വഹീഹുൽ ബുഖാരി*, കിതാബ് ഫദാഇലിൽ ഖുർആൻ, ബാബു ജംഇൽ ഖുർആൻ)

ഖുസൈമ ബിൻ ഥാബിത് അൽ അൻസാരി(റ)യുടെ പക്കൽ നിന്ന് മാത്രമേ സൂറത്തു തൗബയിലെ അവസാനത്തെ രണ്ട് ആയത്തുകളും സൂറത്തുൽ അഹ്സാബിലെ ഇരുപത്തി മൂന്നാമത്തെ

ആയത്തും ലഭിച്ചുള്ളൂവെന്ന് പറയുമ്പോൾ അവ അറിയാവുന്നയാളായി മദീനയിൽ അദ്ദേഹം മാത്രമേയുണ്ടായിരുന്നുള്ളൂ എന്നാണ് അർത്ഥമാക്കുന്നത് എന്ന മുൻധാരണയുടെ അടിസ്ഥാനത്തിലാണ് ഈ വിമർശനം ഉന്നയിക്കപ്പെടുന്നത്. യഥാർത്ഥത്തിൽ ഈ മുൻധാരണയെ ഈ വിഷയം പ്രതിപാദിക്കുന്ന ഹദീഥുകൾ തന്നെ തിരുത്തുന്നുണ്ട്. "ഖുർആൻ പകർത്തിയെഴുതിയപ്പോൾ അല്ലാഹുവിന്റെ പ്രവാചകൻ (സ) പാരായണം ചെയ്യുന്നതായി ഞാൻ കേട്ട സൂറത്തുൽ അഹ്സാബിലെ ഒരു വചനം എവിടെ നിന്നും കിട്ടിയില്ല." എന്ന സൈദ് ബിൻ ഥാബിത്തിന്റെ(റ) പ്രസ്താവന ശ്രദ്ധിക്കുക. ഇതിന്നർത്ഥമെന്താണ്? സൈദ് ബിൻ ഥാബിത്തടക്കം പല സ്വഹാബിമാരും പ്രവാചകനിൽ നിന്ന് ഈ വചനം കേട്ടിട്ടുണ്ട്; ഖുർആൻ മനഃപാഠമുള്ള സൈദിന് ഈ വചനം അറിയുകയും ചെയ്യാം. പക്ഷെ, പ്രവാചകന്റെ(സ) കാലത്ത് എഴുതപ്പെട്ട രേഖകളിലൊന്നും സൈദി(റ)നും കൂട്ടുകാർക്കും ഈ വചനം കണ്ടെത്താൻ കഴിഞ്ഞില്ല. അത് അവസാനം ഖുസൈമ ബിൻ ഥാബിത് അൽ അൻസാരി (റ)യുടെ പക്കൽ നിന്നാണ് കിട്ടിയത്. മനഃപാഠത്തെ മാത്രം ആശ്രയിക്കാതെ രേഖകളിൽ കൂടിയുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷമായിരിക്കണം ഖുർആൻ വചനങ്ങളെല്ലാം രേഖീകരിക്കേണ്ടത് എന്ന ഭരണാധികാരിയായ അബൂബക്കറിന്റെ നിർദേശം നിഷ്കൃഷ്ടമായി അനുസരിക്കുന്ന പ്രവാചകാനുയായിയുടെ ചിത്രം മാത്രമാണ് ഈ ഹദീഥുകളിൽ നാം കാണുന്നത്.

ഇക്കാര്യം ബുഖാരിയുടെ വ്യാഖ്യാതാവായ ഇബ്നു ഹജറുൽ അസ്ഖലാനി (റ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

"ഖുർആനല്ലാത്ത മറ്റൊന്നുംതന്നെ അതോടൊപ്പം എഴുതി വെക്കരുതെന്ന് പ്രവാചക(സ)ന്റെ കല്പനയുണ്ടായിരുന്നു. പ്രവാചകകാലത്ത് എഴുതിയതല്ലാതെ ഖുർആനായി യാതൊന്നും തന്നെ എഴുതേണ്ടതില്ലെന്ന അബൂബക്കറി(റ)ന്റെ നിർദേശവുമുണ്ടായിരുന്നു. സൈദ് ബ്നു ഥാബിത്തും(റ) അദ്ദേഹത്തോടോപ്പമുള്ളവരും സൂറത്തുൽ ബറാഅയിലെ അവസാനത്തെ വചനങ്ങൾ അറിയാവുന്നവരായിരുന്നുവെങ്കിലും പ്രവാചകകാലത്ത് തന്നെ എഴുതപ്പെട്ട രേഖകളിലേതിലെങ്കിലും അവ കണ്ടെത്തുന്നത് വരെ അവർ അവ ഖുർആനിൽ എഴുതിച്ചേർക്കാതിരുന്നത് അതുകൊണ്ടായിരുന്നു.......

ഉമർ (റ) പറഞ്ഞു: പ്രവാചകനിൽ നിന്ന് ഖുർആനുമായി ബന്ധ

പ്പെട്ട എന്തെങ്കിലും ലഭിച്ചിട്ടുള്ളവരെല്ലാം അവ കൊണ്ട് വരട്ടെ. ഈത്തപ്പനയോലകളിലും തോൽച്ചുരുളുകളിലും പലകകളിലുമായിരുന്നു അവർ അത് എഴുതിയിരുന്നത്. രണ്ട് പേർ സാക്ഷ്യപ്പെടുത്താതെ അവരിൽ നിന്ന് യാതൊന്നും സ്വീകരിക്കേണ്ടതില്ല. അതുകൊണ്ട് തന്നെ ഏതെങ്കിലുമൊരു ആയത്തുൾക്കൊള്ളുന്ന ഒരു രേഖ ലഭിച്ചാൽ അത് തനിക്ക് മനഃപാഠമുള്ളതാണെങ്കിലും ആരുടെയെങ്കിലും സാക്ഷ്യമില്ലാതെ സ്വീകരിക്കുവാൻ സൈദ് (റ) വൈമനസ്യം പ്രകടിപ്പിച്ചു. ഇക്കാര്യത്തിൽ നന്നായി ശ്രദ്ധിക്കുവാൻ അവർ പ്രത്യേകം ഔൽസുക്യം കാണിച്ചിരുന്നു. ഉമറി(റ)നോടും സൈദിനോടു (റ)മായി "നിങ്ങൾ പള്ളിയുടെ വാതിൽക്കൽ ഇരിക്കുകയും ആരെങ്കിലും ഖുർആനുമായി ബന്ധപ്പെട്ട വല്ലതുമായി വന്നാൽ രണ്ട് സാക്ഷികളുണ്ടെങ്കിൽ നിങ്ങൾ അത് രേഖപ്പെടുത്തുകയും ചെയ്യുക" എന്ന് അബൂബക്കർ (റ) പറഞ്ഞതായി ഹിശാമുബ്നു ഉർവ (റ) തന്റെ പിതാവിൽ(റ) നിന്ന് നിവേദനം ചെയ്തതായി അബൂദാവൂദിലുണ്ട്. പരമ്പര മുറിഞ്ഞതാണെങ്കിലും ഇതിന്റെ നിവേദകന്മാരെല്ലാം വിശ്വാസയോഗ്യരാണ്. രണ്ട് സാക്ഷികളെന്നാൽ ഒന്നുകിൽ മനഃപാഠവും രേഖയുമാണ്; അല്ലെങ്കിൽ രേഖയിലുള്ളത് പ്രവാചകസമക്ഷത്തിങ്കൽ വെച്ച് തന്നെ എഴുതിയതാണെന്നതിന് രണ്ട് പേർ സാക്ഷ്യം വഹിക്കലാണ്; അതുമല്ലെങ്കിൽ അത് ഖുർആനിൽ അവതരിപ്പിക്കപ്പെട്ടത് തന്നെയാണെന്നതിനുള്ള രണ്ട് പേരുടെ നിഷ്കൃഷ്ടമായ സാക്ഷ്യമാണ്. പ്രവാചകന്റെ(സ) കാലത്ത് എഴുതപെട്ടതാണെന്ന് ഉറപ്പില്ലാത്ത യാതൊന്നും തന്നെ കേവലം മനഃപാഠത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതില്ലെന്നായിരുന്നു അവരുടെ നയം." (ഇബ്നു ഹജറുൽ അസ്ഖലാനി; *ഫത്ഹുൽ ബാരി*, കിതാബു ഫദാഇലിൽ ഖുർആൻ, ബാബു ജംഇൽ ഖുർആൻ, 4603 ആം നമ്പർ ഹദീഥിന്റെ വ്യാഖ്യാനം)

സൂറത്തുൽ ബറാഅയിലെ അവസാനത്തെ വചനങ്ങളും അഹ്സാബിലെ ഇരുപത്തിമൂന്നാം വചനവും സൈദ് ബ്നു ഥാബിത്തിനും (റ) സ്വഹാബിമാർക്കും മനഃപാഠമുണ്ടായിരുന്നെങ്കിലും അതിന്റെ മാത്രം അടിസ്ഥാനത്തിൽ അവ തങ്ങളുണ്ടാക്കുന്ന ഖുർആൻരേഖയിൽ എഴുതിച്ചേർക്കുവാൻ അവർ ഒരുക്കമായിരുന്നില്ല. അതുകൊണ്ടാണ് തങ്ങൾക്കറിയാവുന്ന ആയത്തുകൾ ഉൾക്കൊള്ളുന്ന രേഖയന്വേഷിച്ച് അവർ പ്രായാസപ്പെട്ടത്. ഖുസൈമ ബിൻ ഥാബിത് അൽ

അൻസാരി(റ)യുടെ പക്കൽ നിന്ന് പ്രസ്തുത രേഖകൾ ലഭിച്ചതിന്റെ സന്തോഷമാണ് സൈദ് ബ്നു ഥാബിത്തിന്റെ ബുഖാരിയിലുള്ള നിവേദനത്തിൽ തെളിഞ്ഞു കാണുന്നത്. തങ്ങൾക്കറിയാവുന്ന പ്രസ്തുത ആയത്തുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖ ലഭിച്ചതോടെ അവർ അവ തങ്ങൾ നിർമ്മിക്കുന്ന സുഹ്ഫിൽ എഴുതിച്ചേർക്കുകയും ചെയ്തു.

സൂറത്തുൽ ബറാഅയിലെ അവസാനത്തെ വചനങ്ങളുടെ കാര്യത്തിൽ പ്രവാചകനിൽ നിന്ന് കേൾക്കുകയും മനഃപാഠമാക്കുകയും ചെയ്തുവെന്നതിന് ഉമറും(റ) അബ്ദുല്ലാഹിബ്നു ഉമറും(റ) തന്നെ സാക്ഷി നിന്നതായി ഇമാം ഇബ്നു കഥീർ തന്റെ തഫ്സീറിൽ 9:129 ന്റെ വ്യാഖ്യാനസന്ദർഭത്തിൽ സ്വീകാര്യമായ പരമ്പരയോടെ നിവേദനം ചെയ്യുന്നുണ്ട്.

സൂറത്തുൽ അഹ്സാബിലെ ഇരുപത്തിമൂന്നാം വചനത്തിന്റെ കാര്യത്തിലാണെങ്കിൽ സൈദു ബ്നു ഥാബിത്തും ഖുസൈമ ബിൻ ഥാബിത്തും തന്നെയായിരുന്നു പ്രവാചകനിൽ(സ) നിന്ന് നേരിട്ട് കേട്ടതായി സാക്ഷ്യം വഹിച്ച രണ്ട് സ്വഹാബിമാരെന്ന് ഇമാം ഖുർത്തുബി തന്റെ *തഫ്സീർ അൽ ജാമിഅ ലി അഹ്കാമൽ ഖുർആനി*ൽ 9: 129ന്റെ വ്യാഖ്യാനസന്ദർഭത്തിലും നിവേദനം ചെയ്യുന്നുണ്ട്.

ഇനി ഖുസൈമ ബിൻ ഥാബിത്ത്(റ) മാത്രമാണ് പ്രവാചകനിൽ (സ) നിന്ന് കേട്ടതായി സാക്ഷ്യം വഹിക്കുന്നതെങ്കിൽ പോലും അദ്ദേഹത്തിന്റേത് രണ്ട് പേരുടെ സാക്ഷ്യത്തിന് തുല്യമാണെന്ന് പ്രവാചകൻ (സ) തന്നെ പറഞ്ഞിട്ടുള്ളതിനാൽ അത് മതിയാകുന്നതാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുമുണ്ട്. ഒരു ഗ്രാമീണ അറബിയുമായുള്ള ഇടപാടിനിടയിൽ തന്റെ സത്യസന്ധതയെ പരിഗണിച്ചുകൊണ്ട് തനിക്ക് സാക്ഷ്യം നിന്ന ഖുസൈമ ബിൻ ഥാബിത്തി(റ)നോട് താങ്കളുടെ സാക്ഷ്യത്തിന് രണ്ട് പേരുടെ സാക്ഷ്യത്തിന്റെ മൂല്യമുണ്ടെന്ന് പ്രവാചകൻ (സ) പറഞ്ഞതായി ഉമാറാ ബ്നു ഖുസൈമ(റ)യുടെ അമ്മാവനിൽ(റ) നിന്ന് സ്വഹീഹായ പരമ്പരയോടെ ഇമാം അബൂദാവൂദ് (റ) നിവേദനം ചെയ്യുന്നുണ്ട്. (ശൈഖ് അൽബാനി, *സുനനു അബൂദാവൂദ്*, ഹദീഥ് 3607). ഖുസൈമയുടെ പക്കൽ നിന്ന് മാത്രമായി സൂറത്തുൽ അഹ്സാബിലെ വചനങ്ങൾ കിട്ടിയതിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഹദീഥിലും സൈദ് ബ്നു ഥാബിത്ത് (റ) അദ്ദേഹത്തെക്കുറിച്ച് പറയുന്നത് 'അല്ലാഹുവിന്റെ ദൂതൻ രണ്ടു

പേരുടെ സാക്ഷ്യത്തിന് തുല്യമെന്ന് പറഞ്ഞിട്ടുള്ള ഖുസാമ ബിന്‍ ഥാബിത്ത്" എന്നാണ്. (*സ്വഹീഹുല്‍ ബുഖാരി*, കിത്താബുല്‍ ജിഹാദ്). ഖുസാമായെക്കൂടാതെ മറ്റാരും തന്നെ സാക്ഷികളായി ഉണ്ടായിരുന്നില്ലെങ്കില്‍ പോലും ഈ വചനങ്ങള്‍ ഖുര്‍ആനിലുള്ളതാണെന്ന് തീരുമാനിക്കപ്പെടുമായിരുന്നുവെന്നാണ് ഇതിനര്‍ത്ഥം. എന്നാല്‍ സൂറത്തുല്‍ ബറാഅയിലും അഹ്സാബിലുമുള്ള ഖുസാമയുടെ പക്കല്‍ നിന്ന് ലഭിച്ച ആയത്തുകളുടെ കാര്യത്തില്‍ അദ്ദേഹത്തെക്കൂടാതെ മറ്റുള്ളവരും സാക്ഷികളായി ഉണ്ടായിരുന്നുവെന്ന സത്യം നേരത്തെ ഉദ്ധരിച്ച ഹദീഥുകളില്‍ നിന്ന് വ്യക്തമാണ്.

ഖുര്‍ആന്‍ ക്രോഡീകരണവുമായി ബന്ധപ്പെട്ട ഈ ഹദീഥുകള്‍ ഖുര്‍ആനിലെ ഏതെങ്കിലും ആയത്തുകളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുകയോ നിരവധി പേരിലൂടെ സംപ്രേക്ഷണം ചെയ്യപ്പെട്ടതാണ് ഖുര്‍ആനിലെ ഓരോ ആയത്തുകളുമെന്ന അവകാശ വാദത്തെ നിഷേധിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, മനഃപാഠത്തോടൊപ്പം പ്രവാചകസന്നിധിയില്‍ വെച്ച് എഴുതപ്പെട്ട രേഖകളെക്കൂടി പരിഗണിച്ചുകൊണ്ട് വളരെ സൂക്ഷമമായും തെറ്റുകളൊന്നും കടന്നുവരാന്‍ യാതൊരു സാധ്യതയുമില്ലാത്ത രൂപത്തിലുമാണ് അബൂബക്കറിന്റെ കാലത്തെ ഖുര്‍ആന്‍ ക്രോഡീകരണം നടന്നത് എന്ന സത്യമാണ് ഇവ വെളിപ്പെടുത്തുന്നത്. ഖുര്‍ആന്‍ വചനങ്ങളുടെ സമാഹരണത്തിലും ക്രോഡീകരണത്തിലും പ്രവാചകശിഷ്യന്മാര്‍ കാണിച്ച സൂക്ഷ്മതയും കൃത്യതയും ആരുടെയും ആദരവ് പിടിച്ച് പറ്റുന്നതാണെന്ന യാഥാര്‍ഥ്യത്തിന് ഈ ഹദീഥുകള്‍ അടിവരയിടുകയും ചെയ്യുന്നു.

17. ആട് തിന്ന വചനങ്ങൾ!!!

വ്യഭിചാരികളെ എറിഞ്ഞുകൊല്ലണമെന്ന് കൽപിക്കുന്ന ഖുർ ആൻ വചനം തന്റെ കയ്യിലുണ്ടായിരുന്നുവെന്നും അത് ആട് തിന്ന് നശിച്ചുപോവുകയാണുണ്ടായതെന്നും ആയിശ പറയുന്നതായി പരാമർശിക്കുന്ന ഹദീഥുണ്ടല്ലോ. മുഹമ്മദ് നബിയുടെ കാലത്തുണ്ടാ യിരുന്ന ഖുർആനിൽ നിന്ന് പലതും ആടും ഒട്ടകവുമെല്ലാം തിന്ന് നശിച്ചു പോയിട്ടുണ്ടാകാമെന്നല്ലേ ഈ ഹദീഥ് വ്യക്തമാക്കുന്നത് ?

അവതരിപ്പിക്കപ്പെട്ട രൂപത്തിൽ തന്നെ ഖുർആൻ സംരക്ഷിക്കപ്പെ ട്ടിട്ടുണ്ടെന്ന വാദം അടിസ്ഥാനരഹിതമാണെന്നല്ലേ ഇത് വ്യക്തമാ ക്കുന്നത്?

മറുപടി:

ഇമാം ഇബ്നു മാജ തന്റെ *സുനനി*ലും ഇമാം അഹ്മദ് തന്റെ *മുസ്നദി*ലും ഉദ്ധരിച്ചിരിക്കുന്ന ഒരു ഹദീഥിന്റെ വെളിച്ചത്തിലുള്ളതാ ണ് ഈ വിമർശനം. ഹദീഥ് ഇങ്ങനെയാണ്. “ആയിശ (റ) പറഞ്ഞു: കല്ലേറിയലിന്റെ വചനവും പത്ത് പ്രാവശ്യമാണ് മുലകുടിയെന്ന വച നവും അവതരിക്കപ്പെട്ടിരുന്നു. അതെഴുതിയ രേഖ എന്റെ തലയിണ ക്കടിയിലുണ്ടായിരുന്നു. ദൈവദൂതൻ മരണപ്പെട്ടപ്പോൾ, ഞങ്ങളെ ല്ലാം അതുമായി ബന്ധപ്പെട്ട തിരിക്കുകൾക്കിടയിലായിരുന്ന സന്ദർഭ

ത്തിൽ ഒരു ആട് അകത്ത് കടന്ന് അത് തിന്നു കളഞ്ഞു." (*സുനനു ഇബ്നു മാജ*, കിതാബു ന്നികാഹ്, ഹദീഥ് 1944; *മുസ്നദ് അഹ്മദ്* 43/343)

താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

ഒന്ന്) വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലണമെന്നും മുലകുടി ബന്ധം സ്ഥാപിക്കപ്പെടണമെങ്കിൽ പത്ത് തവണ കുടിക്കേണ്ടതുണ്ടെന്നും പഠിപ്പിക്കുന്ന വചനങ്ങൾ ഖുർആനിന്റെ ഭാഗമായി തന്നെ ആദ്യകാലത്ത് പാരായണം ചെയ്യപ്പെട്ടിരുന്നുവെന്നും പിന്നീട് അവ ദുർബലപ്പെടുത്തുകയാണുണ്ടായത് എന്നും വ്യക്തമാക്കുന്ന ഇതല്ലാതെയുള്ള സ്വഹീഹായ നിവേദനങ്ങളുണ്ട്.

സ്വഹീഹുൽ ബുഖാരി, കിത്താബുൽ 'ഹുദൂദി'ലെ ബാബുൽ 'ഇഅതിറാഫി ബി സ്സിനാ'യിൽ ഇബ്നു അബ്ബാസിൽ (റ) നിന്ന് നിവേദനം ചെയ്ത ഹദീഥിൽ ഇങ്ങനെ വായിക്കാം: ഉമർ (റ) പറഞ്ഞു: "കുറെ കാലം കഴിയുമ്പോൾ ആളുകൾ കല്ലെറിഞ്ഞു കൊല്ലലിന്റെ (റജ്മ്) ആയത്തുകൾ വിശുദ്ധഗ്രന്ഥത്തിൽ ഞങ്ങൾ കാണുന്നില്ല എന്ന് പറയുമെന്ന് ഞാൻ ഭയപ്പെടുന്നു. ക്രമേണ അല്ലാഹു ഇറക്കിയ ഈ ഉത്തരവാദിത്വം ഒഴിവാക്കിക്കൊണ്ട് അവർ വഴിപിഴക്കുകയും ചെയ്യും. അറിയുക വ്യഭിചാരി വിവാഹിതനാണെങ്കിൽ, കുറ്റം സാക്ഷികൾ മുഖേനയോ ഗർഭത്തിലൂടെയോ കുറ്റസമ്മതം കൊണ്ടോ തെളിയിക്കപ്പെട്ടാൽ അതിനുള്ള ശിക്ഷയായി കല്ലെറിഞ്ഞു കൊല്ലേണ്ടതാണ്. (നിവേദകന്മാരുടെ പരമ്പരയിൽ പെട്ട ഒരാളായ) സുഫ്യാൻ (റ) കൂട്ടിച്ചേർത്തു: ഞാൻ ഈ നിവേദനം ഇങ്ങനെയാണ് മനഃപാഠമാക്കിയത്: ഉമർ (റ) ഇങ്ങനെ കൂടി പറഞ്ഞിട്ടുണ്ട്: "തീർച്ചയായും അല്ലാഹുവിന്റെ ദൂതനും അദ്ദേഹത്തിനുശേഷം ഞങ്ങളുമെല്ലാം കല്ലെറിഞ്ഞു കൊന്നിട്ടുണ്ട്."

*സ്വഹീഹ് മുസ്ലിമി*ലെ കിതാബുൽ 'ഹുദൂദി'ൽ ബാബു 'റജ്മി ഥയ്യിബി ഫിസ്സിനാ'യിലും *സുനനു അബൂദാവൂദി*ലെ കിതാബുൽ 'ഹുദൂദി'ൽ ബാബുൻ 'ഫീ റജ്മിലും' ഈ ഹദീഥ് ചെറിയ വ്യത്യാസങ്ങളോടെ നിവേദനം ചെയ്തിട്ടുണ്ട്.

"ആയിശ(റ)യിൽ നിന്ന് നിവേദനം; അവർ പറഞ്ഞു: വിവാഹ ബന്ധം നിഷിദ്ധമാകുന്ന രീതിയിൽ മുലകുടി ബന്ധം സ്ഥാപിക്കപ്പെടണമെങ്കിൽ പത്ത് തവണ മുല കുടിക്കണമെന്ന് ഖുർആനിൽ അവതരിക്കപ്പെട്ടിരുന്നു; അത് അഞ്ചു തവണയെന്നാക്കി ദുർബലപ്പെടു

ത്തപ്പെട്ടു; പ്രവാചകൻ (സ) മരണപ്പെട്ടു; അതിന്നു മുൻപ് അത് ഖുർആനിൽ പാരായണം ചെയ്തിരുന്നു.” (*സ്വഹീഹ് മുസ്‌ലിം*, കിതാബുർ റിദ്വാഅ, ബാബുത്ത്ഹ്‌രീമി ബി ഖംസി റദ്വആത്തിൻ)

പാരായണം ദുർബലപ്പെടുത്തി വിധി നിലനിർത്തിയ ‘നസ്ഖി’ന് ഉദാഹരണമായി വ്യഭിചാരിയെ കല്ലെറിഞ്ഞുകൊല്ലണമെന്ന വചനവും, പാരായണവും വിധിയും ദുർബലപ്പെടുത്തിയ ‘നസ്ഖി’ന് ഉദാഹരണമായി മുലകുടി ബന്ധത്തെക്കുറിച്ച വചനവും പണ്ഡിതന്മാർ ഉദ്ധരിച്ചിട്ടുണ്ട്.

പ്രവാചകാനുചരന്മാരൊന്നും തന്നെ വ്യഭിചാരിയെ കല്ലെറിഞ്ഞുകൊല്ലണമെന്ന് കല്പിക്കുന്ന വചനം ഖുർആനിന്റെ ഭാഗമായി എഴുതിവെച്ചിട്ടില്ലെന്ന സത്യം വചനം ദുർബലപ്പെട്ടതാണെന്ന വസ്തുതയും പ്രസംഗപീഠത്തിൽ വെച്ച് ഈ വചനത്തിലെ നിയമം നിലനിൽക്കുന്നതാണെന്ന് ഉമർ (റ) പറഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന പ്രവാചകാനുചരന്മാരിൽ ഒരാൾ പോലും അതിന്നെതിരെ യാതൊന്നും പറഞ്ഞില്ലെന്ന സത്യം ഇതിലെ നിയമം നിലനിൽക്കുന്നെണ്ടെന്ന വസ്തുതയുമാണ് വ്യക്തമാക്കുന്നതെന്നും ഇമാം നവവി സമർത്ഥിക്കുന്നുണ്ട്. (ഇമാം നവവി: *ശറഹ് സ്വഹീഹ് മുസ്‌ലിം*, കിതാബുൽ ഹുദൂദ്, ബാബു ‘റജ്മി ഥയ്യിബി ഫിസ്സിനാ’ 3201ആം നമ്പർ ഹദീഥിന്റെ വ്യാഖ്യാനം)

പത്ത് മുലകുടിയിലൂടെയാണ് മുലകുടിബന്ധം സ്ഥാപിക്കപ്പെടുകയെന്ന് പഠിപ്പിക്കുന്ന വചനം ഖുർആനിലുണ്ടായിരുന്നുവെന്നും അത് പിന്നീട് ദുർബലപ്പെടുത്തുകയാണുണ്ടായത് എന്നുമുള്ള ആയിശ(റ)യുടെ പരാമർശത്തിൽ നിന്ന് വചനങ്ങളും വിധികളും ദുർബലപ്പെടുത്തുന്ന രീതി പ്രവാചകാനുചരന്മാർക്ക് പരിചയമുണ്ടായിരുന്നുവെന്ന് വ്യക്തമാണ്. മുഹമ്മദ് നബി (സ) ജീവിച്ചിരിക്കുമ്പോൾ തന്നെയാണ് ഇത് സംഭവിച്ചതെന്നും ഈ ഹദീഥ് വ്യക്തമാക്കുന്നുണ്ട്. പ്രവാചകൻ (സ) പഠിപ്പിക്കുകയും അനുചരന്മാരെങ്കിലും എടുത്ത് മാറ്റുകയും ചെയ്ത സൂക്തങ്ങളോ ഖുർആനിൽ നിന്ന് അബദ്ധവശാൽ നഷ്ടപ്പെട്ടുപോയതോ ആട് തിന്നു നശിച്ചതിനാൽ വിസ്മരിക്കപ്പെട്ടതോ ആയ വചനങ്ങളോ അല്ല ഇവയൊന്നും തന്നെ. ഖുർആൻ ജനങ്ങൾക്ക് പറഞ്ഞു കൊടുത്ത പ്രവാചകൻ (സ) തന്നെ, തന്റെ അനുചരന്മാരോട് ഖുർആൻരേഖയിൽ എഴുതേണ്ടതില്ലെന്ന് കൽപിക്കുകയും ദുർബലപ്പെടുത്തുകയും ചെയ്ത വചനങ്ങളാണി

വ. അല്ലാഹു അവതരിപ്പിച്ച ചില വചനങ്ങൾ നില നിർത്തേണ്ടതി ല്ലെന്ന് അവൻ തന്നെ തീരുമാനിച്ചതിനുള്ള ഉദാഹരങ്ങൾ മാത്രമാണ് ഇവ. ഈ വചനങ്ങൾ ഇന്ന് പാരായണം ചെയ്യുന്ന ഖുർആനിൽ ഇല്ലാത്തത് അത് ആട് തിന്നു പോയത് കൊണ്ടല്ല, പ്രത്യുത അവ പഠിപ്പിച്ച പ്രവാചകൻ തന്നെ അവ ഖുർആനിന്റെ ഭാഗമായി സംരക്ഷിക്കേണ്ടതില്ല എന്ന് നിഷ്കർഷിച്ചതിനാലാണ്.

രണ്ട്) ആട് തിന്നു പോയത് വഴി നഷ്ടപ്പെട്ടുവെന്നാരോപിക്കുന്ന വചനങ്ങളെല്ലാം ഇന്നും നിലനിൽക്കുന്നുണ്ട്. വ്യത്യസ്തങ്ങളായ ഹദീഥ് ഗ്രന്ഥങ്ങളിൽ അവ നമുക്ക് കാണാൻ കഴിയും. വിവാഹിത രായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലണമെന്ന ആട് തിന്ന് നശിപ്പി ച്ചത് വഴി ഖുർആനിൽ നിന്ന് നഷ്ടപ്പെട്ടുപോയി എന്ന് ആരോപിക്ക പ്പെടുന്ന വചനമെടുക്കുക. ഇമാമുമാരായ അബ്ദുല്ലാഹി ബ്നു അഹ്മ ദി ബ്നു ഹമ്പലിന്റെ *സവാഹിദുൽ മുസ്നദി*ലും (21207) അബ്ദുർറ സാഖിന്റെ *മുസന്നഫി*ലും (5990) ഇബ്നു ഹിബ്ബാനിന്റെ സ്വഹീഹ യിലും (4428) ഹാക്കിമിന്റെ *മുസ്തദ്റക്കി*ലും (8068) ബൈഹഖിയുടെ *അസ്സുനനി*ലും (16911) ഇബ്നു ഹസമിന്റെ *അൽ മുഹല്ല*യിലും (12/ 175) സ്വഹീഹായ സനദോടെ ഉദ്ധരിക്കപ്പെട്ട ഹദീഥിൽ സൂറത്തുൽ അഹ്സാബിന്റെ ഭാഗമായി "വൃദ്ധനോ വൃദ്ധയോ വ്യഭിചരിച്ചാൽ അവരെ കല്ലെറിഞ്ഞു കൊല്ലുക; അവർക്ക് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണത്; പ്രതാപവാനും യുക്തിജ്ഞനുമാകുന്നു അല്ലാഹു" (الشَّيْخُ وَالشَّيْخَةُ إِذَا زَنَيَا فَارْجُمُوهُمَا الْبَتَّةَ نَكَالًا مِنَ اللهِ وَاللهُ عَزِيزٌ حَكِيمٌ)വെന്ന വചനം തങ്ങൾ പാരായണം ചെയ്യാറുണ്ടായിരുന്നുവെന്ന് ഉബയ്യു ബ്നു കഅബ് (റ) നിവേദനം ചെയ്തതായി കാണാൻ കഴിയും. ആട് തിന്നതു മൂലമോ സമുദായത്തിന്റെ അശ്രദ്ധയാലോ ഈ വചനം നഷ്ടപ്പെടുകയല്ല ഉണ്ടായതെന്നും ഈ വചനത്തെയും അതിലെ വിധിയെയും വചനം ദുർബലപ്പെട്ടതിനാൽ ഖുർആനിന്റെ ഭാഗമായി അത് പാരായണം ചെയ്യാൻ പാടില്ലെന്ന കാര്യവുമെല്ലാം പ്രവാചകാനുചരന്മാർക്ക് കൃത്യമായി അറിയാമായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഇത്ത രം ഹദീഥുകൾ. വചനം ദുർബലപ്പെടുത്തുകയും അതിലുള്ള വിധി നിലനിർത്തുകയും ചെയ്ത 'നസ്ഖി'ന് ഉദാഹരണമായി സ്വഹാബി മാർ മനസ്സിലാക്കുകയും പണ്ഡിതന്മാർ ഉദ്ധരിക്കുകയും ചെയ്തതാ ണ് ഈ വചനം. ആട് തിന്നു പോവുക വഴി ഖുർആനിൽ നിന്ന് നഷ്ടപ്പെടുകയും പിന്നീട് വിസ്മരിക്കപ്പെടുകയും ചെയ്ത വചനമാ

യിരുന്നു ഇതെങ്കിൽ പിന്നെയെവിടെനിന്നാണ് ഈ ഹദീഥ് ഉദ്ധരിച്ച വർക്ക് അവ ലഭിച്ചത്?!

മൂന്ന്) ഇമാം ഇബ്നു മാജ തന്റെ സുനനിലും ഇമാം അഹ്മദ് തന്റെ മുസ്നദിലും ഉദ്ധരിച്ചിരിക്കുന്ന ഹദീഥിന്റെ നിവേദക പരമ്പര ഇങ്ങനെയാണ്: ആയിശ(റ)യിൽ നിന്ന് അംറാ ബിൻത് അബ്ദുർ റഹ് മാനും അവരിൽ നിന്ന് അബ്ദുല്ലാഹി ബ്നു അബീബക്ർ ഇബ്ൻ ഹസമും അവരിൽ നിന്ന് മുഹമ്മദ് ബ്നു ഇസ്ഹാഖും അവരിൽ നിന്ന് അബ്ദുൽ അഅ്ലായും അവരിൽ നിന്ന് അബൂസലമഃ യഹ്യ ബിൻ ഖലഫും നിവേദനം ചെയ്യുന്നു. ആയിശ- അംറാ ബിൻത് അബ്ദുർ റഹ്മാൻ- അബ്ദുല്ലാഹി ബ്നു അബീബക്ർ ആണ് ഈ നിവേദക പരമ്പരയിലെ അടിസ്ഥാനപരമായ കണ്ണി. അബ്ദുല്ലാഹി ബ്നു അബീബകറിൽ നിന്ന് ഈ ഹദീഥിന്റെ ആദ്യഭാഗം നിരവധി പേർ നിവേദനം ചെയ്തിട്ടുണ്ട്. യഹ്യ ബിൻ സഈദ് അൽ അൻസാരി, ഇമാം മാലിക്ക് എന്നിവർ അവരിൽ പ്രധാനികളാണ്. *സ്വഹീഹ് മുസ്ലിമി*ലെ കിതാബുർ റിദ്വാഇലും (ഹദീഥ് 1452) *മുവത്വ*യിലെ കിതാബുർ റദാഇലും (ഹദീഥ് 17) അബ്ദുല്ലാഹി ബ്നു അബീബകർ- യഹ്യ ബിൻ സഈദ് അൽഅൻസാരി- മാലിക്ക് ബ്നു അനസ് എന്ന നിവേദകപരമ്പരയോടെയാണ് ഇത് നിവേദനം ചെയ്തിരിക്കുന്നത്. ആ നിവേദകപരമ്പരയിലുള്ള ഹദീഥിൽ ആട് തിന്ന വർത്തമാനമേയില്ല. ആ ഹദീഥ് ഇങ്ങനെയാണ്: "ആയിശ(റ)യിൽ നിന്ന് നിവേദനം; അവർ പറഞ്ഞു: വിവാഹബന്ധം നിഷിദ്ധമാകുന്ന രീതിയിൽ മുലകുടി ബന്ധം സ്ഥാപിക്കപ്പെടണമെങ്കിൽ പത്ത് തവണ മുല കുടിക്കണമെന്ന് ഖുർആനിൽ അവതരിക്കപ്പെട്ടിരുന്നു; അത് അഞ്ചു തവണയെന്നാക്കി ദുർബലപ്പെടുത്തപ്പെട്ടു; പ്രവാചകൻ (സ) മരണപ്പെട്ടു; അതിന്നു മുൻപ് അത് ഖുർആനിൽ പാരായണം ചെയ്തിരുന്നു".

ഒരേ അബ്ദുല്ലാഹി ബ്നു അബീബക്കറിൽ(റ) നിന്ന് ആയിശ (റ) പറഞ്ഞ ഈ സംഭവം നിവേദനം ചെയ്ത മുഹമ്മദ് ബ്നു ഇസ്ഹാഖൊഴിച്ച് മറ്റാരും തന്നെ അദ്ദേഹത്തിൽ നിന്ന് ആട് തിന്ന സംഭവം- അങ്ങനെയൊരു സംഭവം അദ്ദേഹം പറഞ്ഞു കൊടുത്തിരുന്നുവെങ്കിൽ- കേട്ടില്ല എന്ന് കരുതാൻ നിർവാഹമില്ല. അബ്ദുല്ലാഹി ബ്നു അബീബകറിൽ നിന്ന് ആട് തിന്ന സംഭവമില്ലാതെ ഈ ഹദീഥിന്റെ ബാക്കി ഭാഗം നിവേദനം ചെയ്ത യഹ്യ ബിൻ സഈദാകട്ടെ ഹദീഥ് നിവേദനത്തിൽ സ്വീകരിക്കുന്ന സൂക്ഷ്മതയുടെയും കൃത്യതയു

ടെയും കാര്യത്തിൽ ഏറെ പ്രസിദ്ധനായ വ്യക്തിയുമാണ്. ഹദീഥ് വിജ്ഞാനീയത്തിൽ പ്രഗത്ഭനായ സുഫ്യാനു സൗരി പറഞ്ഞത് മദീനക്കാരെ സംബന്ധിച്ചിടത്തോളം ഹദീഥുകളുടെ കാര്യത്തിൽ ഇമാം സുഹ്‌രിയേക്കാൾ മഹത്വമുള്ളയാളായാണ് യഹ്‌യ ബിൻ സഈദ് എന്നാണ്. ഏറ്റവുമധികം പ്രാമാണികവും സത്യസന്ധവുമായി ഹദീഥുകൾ നിവേദനം ചെയ്യുന്നയാൾ എന്ന് അലി ബിൻ അൽ മദീനിയും കൃത്യവും കളങ്കങ്ങളൊന്നും കടന്നുവരാത്തതുമായ രീതിയിൽ നിവേദനം ചെയ്യുന്നയാൾ എന്ന് ഇമാം അഹ്മദ് ബിൻ ഹമ്പലും സാക്ഷ്യപ്പെടുത്തിയ വ്യക്തികൂടിയാണ് അദ്ദേഹം. (ഇബ്നു ഹജറുൽ അസ്ഖലാനി: *തഹ്ദീബ് അത്തഹ്ദീബ്* 11/223)

യഹ്‌യ ബിൻ സഈദ് പറഞ്ഞതിനെതിരെ നിവേദനം ചെയ്യുമ്പോൾ ഹദീഥ് നിദാനശാസ്ത്രജ്ഞരെ സംബന്ധിച്ചിടത്തോളം മുഹമ്മദ് ബ്നു ഇസ്ഹാഖ് തീരെ സ്വീകാര്യനാവുകയില്ല. ഒരേ അബ്ദുല്ലാഹി ബ്നു അബീബക്കറിൽ നിന്ന് ഒരേ സംഭവം നിവേദനം ചെയ്യുമ്പോൾ യഹ്‌യ ബിൻ സഈദ് കേട്ടതിനേക്കാളധികം മുഹമ്മദ് ബ്നു ഇസ്ഹാഖ് കേട്ടുവെന്ന് പറഞ്ഞാൽ അത് വിശ്വാസയോഗ്യമായി അവർ അംഗീകരിക്കുകയില്ല. മുഹമ്മദ് ബ്നു ഇസ്ഹാഖിനെ തെളിവിന് കൊള്ളുകയില്ലെന്നും പ്രവാചകചര്യയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അദ്ദേഹത്തിൽ നിന്നുള്ള നിവേദനങ്ങൾ സ്വീകരിക്കാനാവില്ലെന്നും അദ്ദേഹം മാത്രമായി നിവേദനം ചെയ്തതാണെങ്കിൽ പ്രസ്തുത ഹദീഥ് താൻ സ്വീകാര്യമായി ഗണിക്കുകയില്ലെന്നും പല നിവേദകരുടെയും വർത്തമാനങ്ങൾ ഒരൊറ്റ ഹദീഥിൽ ഉൾപ്പെടുത്തുകയും അവ തമ്മിൽ വേർതിരിക്കാതിരിക്കുകയും ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടെന്നുമെല്ലാം ഇമാം അഹ്മദ് ബിൻ ഹമ്പൽ പറഞ്ഞതായി ഇമാമിന്റെ മക്കൾ തന്നെ നിവേദനം ചെയ്തിട്ടുണ്ട്. മുഹമ്മദ് ബ്നു ഇസ്ഹാഖ് ദുർബലനാണെന്ന് യഹ്‌യ ബിൻ മഈനും, ശക്തനല്ലെന്ന് നസാഇയും പ്രാമാണികമല്ലെങ്കിലും മറ്റു നിവേദനങ്ങളോടൊപ്പം സ്വീകരിക്കാവുന്ന നിവേദനങ്ങളാണ് അദ്ദേഹത്തിന്റേതെന്ന് ദാറഖുത്നിയും പറഞ്ഞതായി കാണാനാവും. (*തഹ്ദീബ് അത്തഹ്ദീബ്* 9/45)

അബ്ദുല്ലാഹി ബ്നു അബീബക്കറിൽ നിന്നല്ലാതെയുള്ള മറ്റൊരു പരമ്പരയോട് കൂടി ഇതേ സംഭവം നിവേദനം ചെയ്യപ്പെട്ടപ്പോഴും അതിൽ ആട് തിന്ന കഥയില്ലെന്നതും പ്രസ്തുത കഥയുടെ സത്യസ

ന്ധതയെ ചോദ്യം ചെയ്യുന്നതാണ്. ആയിശയിൽ നിന്ന് കേട്ടതായി അംറയും അവരിൽ നിന്ന് കേട്ടതായി അൽഖാസിമു ബ്നു മുഹമ്മദും അദ്ദേഹത്തിൽ നിന്ന് അബ്ദു റഹ്മാന് ബ്നു ഖാസിമും അദ്ദേഹത്തിൽ നിന്ന് ഹമ്മാദ് ബ്നു സലാമയും അദ്ദേഹത്തിൽ നിന്ന് അൽ ഹജ്ജാജ് ബ്നു മിൻഹാലും അദ്ദേഹത്തിൽ നിന്ന് മുഹമ്മദ് ബ്നു ഖുസൈമയും നിവേദനം ചെയ്യുന്ന ഇതേ സംഭവം പ്രതിപാദിക്കുന്ന ഹദീഥ് അത്തഹാവി തന്റെ *ശറഹ് മുശ്കിലുൽ ആഥാറിൽ*(11/486) ഉദ്ധരിക്കുന്നുണ്ട്. അതിൽ ആയിശ പറയുന്നതായി "വിവാഹബന്ധം നിഷിദ്ധമാകുന്ന രീതിയിൽ മുലകുടി ബന്ധം സ്ഥാപിക്കപ്പെടണമെങ്കിൽ പത്ത് തവണ മുല കുടിക്കണമെന്ന് ഖുർആനിൽ അവതരിക്കപ്പെട്ടിരുന്നു; അത് അഞ്ചു തവണയെന്നാക്കി ദുർബലപ്പെടുത്തപ്പെട്ടു"എന്ന് മാത്രമേയുള്ളൂ. ആട് തിന്ന സംഭവത്തിലേക്ക് യാതൊരു സൂചനയും അവിടെ നൽകുന്നില്ല. ആട് തിന്ന സംഭവത്തെക്കുറിച്ച വിവരങ്ങൾ തീരെ ദുർബലവും സംഭവിച്ചിരിക്കുവാൻ തീരെ സാധ്യതയില്ലാത്തതുമാണ് എന്ന് വ്യക്തമാക്കുന്ന ബലവത്തായ തെളിവുകളാണ് ഇവയെല്ലാം.

നാല്) ഇമാം ഇബ്നു മാജ തന്റെ സുനനിലും ഇമാം അഹ്മദ് തന്റെ മുസ്നദിലും ഉദ്ധരിച്ചിരിക്കുന്ന ഹദീഥിൽ പറഞ്ഞത് പോലെ "കല്ലെറിയലിന്റെ വചനവും പത്ത് പ്രാവശ്യമാണ് മുലകുടിയെന്ന വചനവും എഴുതിയ തന്റെ തലയിണക്കടിയിലുണ്ടായിരുന്ന രേഖ ദൈവദൂതന്റെ മരണവുമായി ബന്ധപ്പെട്ട തിരക്കുകൾക്കിടയിലായിരുന്നപ്പോൾ ഒരു ആട് അകത്ത് കടന്ന് തിന്നു കളഞ്ഞു"വെന്ന ആയിശ(റ)യുടെ വർത്തമാനം സത്യമാണെങ്കിൽ തന്നെ അതിൽ നിന്നെങ്ങനെയാണ് ഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടില്ലെന്ന് വാദിക്കാൻ കഴിയുക?! അതിൽ നിന്നെങ്ങനെയാണ് ഖുർആനിൽ നിന്ന് ഒരു വചനം നഷ്ടപ്പെട്ടു പോയി എന്നു വരിക? ഈ ഹദീഥിലുള്ളത് അവരുടെ കയ്യിലുണ്ടായിരുന്ന ഈ വചനങ്ങൾ എഴുതിയ രേഖ ആട് തിന്നു എന്ന് മാത്രമാണ്. അവരുടെ കയ്യിൽ മാത്രമായിരുന്നില്ല ആ വചനങ്ങൾ എഴുതി വെച്ചതായി ഉണ്ടായിരുന്നത് എന്ന് നേരത്തെ പറഞ്ഞ ഹദീഥുകളിൽ നിന്ന് വ്യക്തമാണ്. അപ്പോൾ പിന്നെയെങ്ങനെയാണ് ആയിശയുടെ അടുത്തുള്ള രേഖ ആട് തിന്നതു കൊണ്ട് ആ വചനങ്ങൾ നഷ്ടപ്പെട്ടുവെന്ന് വാദിക്കുക?! ഖുർആനിൽ എന്നെന്നും നിലനിർത്തേണ്ട വചനങ്ങൾ ഉൾക്കൊള്ളുന്ന രേഖയായി അതിനെ ആയി

ശയോ മറ്റ് പ്രവാചകാനുചരന്മാരോ പരിഗണിച്ചതായി വ്യക്തമാക്കുന്ന തെളിവുകളൊന്നുമില്ല. 'നസ്ഖ്' ചെയ്യപ്പെട്ട ആയത്തുകൾ ആയിശ അവരുടെ കയ്യിലുണ്ടായിരുന്ന ഒരു രേഖയിൽ എഴുതിവെച്ചിരുന്നു; തിരക്കുകൾക്കിടയിൽ ആ രേഖ ആട് തിന്നുപോയി. ഖുർആനിൽ നിന്ന് എന്തെങ്കിലും നഷ്ടപ്പെടുകയോ അതിലേക്ക് എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഈ സംഭവം തെളിയിക്കുന്നേയില്ല.

18. പലതരം ഖുർആനുകൾ!

മുഹമ്മദ് നബിയുടെ അനുയായികളുടേതായി പല തരം ഖുർആനുകൾ നിലവിലുണ്ടായിരുന്നുവെന്നും അവ തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ടായിരുന്നുവെന്നും വാദിക്കപ്പെടുന്നുണ്ടല്ലോ. വാസ്തവമെന്താണ്?

മറുപടി:

പല പ്രവാചകാനുചരന്മാരും അവരവുടെ പാരായണാവശ്യങ്ങൾക്കുവേണ്ടി തങ്ങളുടേതായ ഖുർആൻ രേഖകളുണ്ടാക്കിയിരുന്നുവെന്നത് ശരിയാണ്. അവ അവരുടെ സ്വകാര്യപ്രതികളായിരുന്നു. തങ്ങളുടെ വൈയക്തികമായ പഠന-പാരായണങ്ങൾക്കായി തങ്ങൾക്ക് ലഭിച്ച സൂറത്തുകൾ തങ്ങൾക്ക് ലഭിച്ച ക്രമത്തിൽ എഴുതിവെച്ചവയായിരുന്നു അവ. ഇത്തരം ഖുർആൻ കയ്യെഴുത്തുരേഖകൾ പല സ്വഹാബിമാർക്കും ഉണ്ടായിരുന്നുവെന്ന് ഹദീഥുകളിൽ നിന്ന് മനസ്സിലാവുന്നുണ്ട്. (ഇമാം സുയൂഥി: *അൽ ഇത്ഖാൻ* 1/62). ഹിജ്റ നാലാം നൂറ്റാണ്ടിൽ ജീവിച്ച ബാഗ്ദാദിയൻ ചരിത്രകാരനായ അബൂ ഫറാജ് മുഹമ്മദ് ബിൻ ഇസ്ഹാഖ് അന്നദീം തന്റെ പ്രസിദ്ധമായ *കിത്താബൽ ഫിഹിരിസ്തിൽ* ഇബ്നു മസ്ഊദിന്റെയും ഉബയ്യുബ്നു കഅബിന്റെയും സൈദ് ബ്നു ഥാബിത്തിന്റെയും (റ) മുസ്ഹഫുകളുണ്ടായിരുന്നുവെന്നും അവയിൽ ചിലത് താൻ കണ്ടിട്ടുണ്ടെന്നും പറയുന്നുണ്ട്. *(Bayard Dodge: The Fihrist of al-Nadim; A tenth Century Survey of Muslim Culture, New York, 1970, Page 53-63)*

ഇബ്നു മസ്ഊദിനും ഉബയ്യു ബ്നു കഅബിനും സൈദ് ബ്നു ഥാബിത്തിനും കൂടാതെ അലി, ഇബ്നു അബ്ബാസ്, അബൂ മൂസൽ അശ്അരി, ഹഫ്സ, അനസ് ബ്നു മാലിക്ക്, ഉമർ ഫാറൂഖ്, ഇബ്നു സുബൈർ, അബ്ദുല്ലാഹി ബ്നു അംറ്, ആയിശ, സാലിം, ഉമ്മു സൽമ, ഉബൈദ് ബ്നു ഉമർ (റ) എന്നിവരുടെ കൈകളിലും സ്വന്തമായ ഖുർആൻ കയ്യെഴുത്ത് രേഖകൾ ഉണ്ടായിരുന്നതായി ഇബ്നു അബീ ദാവൂദ് തന്റെ *മസാഹിഫിൽ* വ്യക്തമാക്കുന്നുണ്ട്. (പുറം 14). ഇവയെ കൂടാതെ അബൂബക്കർ, ഉഥ്മാൻ, മുആദ് ബിൻ ജബൽ, അബൂ ദർദാഅ, അബൂ അയ്യൂബ് അൽ അൻസാരി, ഉബാദ ബിൻ അൽ സാമിത്, തമീമുദ്ദാരി (റ) എന്നിവർക്കും പ്രവാചകാലത്ത് തന്നെ സ്വന്തമായി ഖുർആൻ കയ്യെഴുത്ത് രേഖകളുണ്ടായിരുന്നതായി വ്യക്തമാക്കുന്ന രേഖകളുണ്ട്. *(Dr. Mohammed Fazalu Rahman Ansari, The Qura'nic Foundations and Structure of Muslim Society, Karachi, 1973, Volume 1,Page 76, Note 2)*

ഇബ്നു മസ്ഊദിന്റേതായി അറിയപ്പെടുന്ന ഒരു ഖുർആൻ രേഖയിൽ ഇന്നുള്ള മുസ്ഹഫിലെ ക്രമത്തിലല്ല സൂറത്തുകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് താൻ കണ്ടതായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഇബ്നു ന്നദീം രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം കണ്ട ഇബ്നു മസ്ഊദിന്റെ മുസ്ഹഫിലെ ക്രമം ഇങ്ങനെയാണ്:

2, 4, 3, 7, 6, 5, 10, 9, 16, 11, 12, 17, 21, 23, 26, 37, 33, 28, 24, 8, 19, 29, 30, 36, 25, 22, 13, 34, 35, 14, 38, 47, 31, 35, 40, 43, 41, 46, 45, 44, 48, 57, 59, 32, 50, 65, 49, 67, 64, 63, 62, 61, 72, 71, 58, 60, 66, 55, 53, 51, 52, 54, 69, 56, 68, 79, 70, 73, 74, 83, 80, 76, 75, 77, 78, 81, 82, 88, 87, 92, 89, 85, 84, 96, 90, 93, 94, 86, 100, 107, 101, 98, 91, 95, 104, 105, 106, 102, 97, 110, 108, 109, 111, 112. (*The Fihrist, Page 53-57*)

ഇതിൽ ആകെയുള്ളത് 106 സൂറത്തുകൾ മാത്രമാണ്. അവയാകട്ടെ ലോകത്തെങ്ങും പ്രചാരത്തിലുള്ള ഉഥ്മാനീ മുസ്ഹഫിലെ ക്രമത്തിലല്ല ക്രോഡീകരിച്ചിരിക്കുന്നത് താനും.

ഉബയ്യുബ്നു കഅബിന്റെ മുസ്ഹഫാണ് താൻ കണ്ടതായി ഇബ്നു ന്നദീം രേഖപ്പെടുത്തുന്ന, സ്വഹാബിമാരുടേതായി അറിയപ്പെടുന്ന മറ്റൊരു കയ്യെഴുത്ത് രേഖ. അതിലെ സൂറത്തുകളുടെ ക്രമം ഇങ്ങനെയാണ്: 1, 2, 4, 3, 6, 7, 5, 10, 8, 9, 11, 19, 26, 22, 12, 18, 16, 33, 17, 39, 45, 20, 21, 24, 23, 40, 13, 28, 27, 37, 38, 36, 15, 42, 30, 43, 41, 14, 35, 48,

47, 57, 52, 25, 32, 71, 46, 50, 55, 56, 72, 53, 68, 69, 59, 60, 77, 78, 76, 75, 81, 79, 80, 83, 84, 95, 96, 49, 63, 62, 66, 89, 67, 92, 82, 91, 85, 86, 87, 88, 74, 98, 61, 93, 94, 101, 102, 65, 104, 99, 100, 105, 108, 97, 109, 110, 111, 106, 112, 113, 114. (*The Fihrist, Page 58- 60*)

ഇതിലുള്ള നൂറ്റിയൊന്ന് സൂറത്തുകളിൽ പലതും ക്രമം തെറ്റിയാണ് ക്രോഡീകരിച്ചിരിക്കുന്നത്.

ഉഥ്മാനീ മുസ്ഹഫിലെ ക്രമത്തിൽ നിന്ന് ഭിന്നമായാണ് ഈ മുസ്ഹഫുകളിൽ സൂറത്തുകൾ ക്രോഡീകരിച്ചിരിക്കുന്നത് എന്ന വസ്തുത ഖുർആനിലെ സൂറത്തുകളുടെ ക്രമത്തിൽ പോലും സ്വഹാബിമാർക്കിടയിൽ ഏകസ്വരമുണ്ടായിരുന്നില്ല എന്നതിനുള്ള തെളിവായാണ് വിമർശകർ എടുത്തുന്നയിക്കാറുള്ളത്. എന്നാൽ എന്താണ് യഥാർത്ഥത്തിലുള്ള വസ്തുത?

സ്വഹാബിമാരുടെ സ്വകാര്യ കയ്യെഴുത്തുപ്രതികൾ അവർ സ്വന്തം പാരായണത്തിനും പഠനത്തിനും വേണ്ടി എഴുതി വെച്ചവയായിരുന്നു. അവർക്ക് ലഭിച്ച സൂറത്തുകൾ അവർക്ക് ലഭിച്ച മുറയിൽ അവർ എഴുതി വെക്കുകയും പിന്നീട് അവർ അവയെ ക്രോഡീകരിക്കുകയും ചെയ്തു. പ്രവാചകൻ (സ) ഇഹലോകവാസം വെടിയുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുൻപ് വരെ ഖുർആൻ സൂക്തങ്ങൾ അവതരിപ്പിക്കപ്പെടുകയും അവ പല സ്വഹാബിമാരും (റ) എഴുതിവെക്കുകയും മനഃപാഠമാക്കുകയും ചെയ്തു. സ്വകാര്യമായ ഖുർആൻ കയ്യെഴുത്ത് പ്രതികൾ കൈവശമുള്ള സ്വഹാബിമാർ (റ) ജീവിച്ചിരിക്കുമ്പോഴാണ് അബൂബക്കറിന്റെ ഭരണകാലത്ത് ആദ്യമായി കൃത്യമായ ക്രമത്തിലുള്ള ഖുർആൻ ക്രോഡീകരണം നടന്നത്. അതായിരുന്നു ഔദ്യോഗികമായ ആദ്യത്തെ ക്രോഡീകരണം. പ്രസ്തുത മുസ്ഹഫിൽ പ്രവാചകൻ (സ) പറഞ്ഞുകൊടുത്ത ക്രമത്തിൽ തന്നെയാണ് സൂറത്തുകളെ വിന്യസിച്ചിരിക്കുന്നത്. തങ്ങളുടെ സ്വകാര്യലിഖിതങ്ങളിൽ വ്യത്യസ്തമായ ക്രമത്തിലെഴുതിയ സ്വഹാബിമാരിൽ ആരെങ്കിലും അബൂബിക്കറിന്റെ(റ) കാലത്ത് സൂറത്തുകളെ വിന്യസിച്ച ക്രമം ശരിയല്ലെന്ന് പറഞ്ഞതായി യാതൊരു രേഖയുമില്ല. തങ്ങളുടെ സ്വകാര്യകോപ്പികളിൽ എഴുതിയതിൽ നിന്ന് വ്യത്യസ്തമാണെങ്കിലും അബൂബക്കറിന്റെ(റ) നിർദേശപ്രകാരം തയ്യാറാക്കിയ ഔദ്യോഗിക മുസ്ഹഫിലെ സൂറത്തുകളുടെ ക്രമം തന്നെയാണ് അംഗീകരിച്ചുവെന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്.

ഉഥ്മാനിന്റെ(റ) ഭരണകാലത്ത് അബൂബക്കറിന്റെ(റ) കാലത്തു ണ്ടാക്കിയ ഖുർആൻപ്രതിയെ ആധാരമാക്കി കൂടുതൽ സൂക്ഷ്മവും ക്രത്യവുമായ രീതിയിൽ നിർമിച്ച മുസ്ഹഫുകളിലും അതേ ക്രമം തന്നെയാണ് സ്വീകരിച്ചിരുന്നത്. സ്വകാര്യപ്രതികൾ കൈവശമുണ്ടാ യിരുന്ന സ്വഹാബിമാരിൽ പലരും മരണപ്പെട്ടിരുന്നില്ല. അവരാരും ഉഥ്മാൻ (റ) സ്വീകരിച്ച സൂറത്തുകളുടെ വിന്യാസക്രമം ശരിയല്ലെന്ന് വാദിച്ചതായി രേഖകളൊന്നുമില്ല. തങ്ങളുടെ സ്വകാര്യപ്രതികളിൽ തങ്ങൾക്ക് ലഭിച്ചതും തങ്ങൾ ഇച്ഛിച്ചതുമായ ക്രമത്തിലാണ് തങ്ങൾ സൂറത്തുകൾ രേഖപ്പെടുത്തിയതെന്നും അങ്ങനെയല്ല പ്രവാചകൻ (സ) പഠിപ്പിച്ച സൂറത്തുകളുടെ ക്രമമെന്നും കൃത്യമായി അറിയാവു ന്നവരായിരുന്നു അവർ എന്നതുകൊണ്ടാണ് ഉഥ്മാൻ (റ) സ്വീകരിച്ച സൂറത്തുകളുടെ വിന്യാസക്രമത്തിൽ അഭിപ്രായവ്യത്യാസങ്ങളൊ ന്നും രേഖപ്പെടുത്താതിരുന്നത്. രണ്ട് ക്രോഡീകരണസന്ദർഭങ്ങളിലു മുള്ള സ്വകാര്യപ്രതികൾ കൈവശമുണ്ടായിരുന്ന സ്വഹാബിമാരുടെ മൗനം സൂറത്തുകളുടെ ക്രമത്തിന്റെ വിഷയത്തിൽ ആർക്കും യാ തൊരു വിരുദ്ധാഭിപ്രായങ്ങളും ഉണ്ടായിരുന്നില്ല എന്ന വസ്തുത വ്യക്തമാക്കുന്നതാണ്.

19. പൂർണമായി ലഭിച്ചെന്ന് പറയരുത്

ഖുർആൻ തനിക്ക് പൂർണമായും ലഭിച്ചുവെന്ന് ആരും പറയരുത്; ഖുർആനിൽ നിന്ന് കുറെയധികം നഷ്ടപ്പെട്ടിട്ടുണ്ട്" എന്ന ഇബ്നു ഉമറിന്റെ പരാമർശം അവതരിക്കപ്പെട്ട രൂപത്തിൽ തന്നെ ഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന വാദം ശരിയല്ലന്നല്ലേ വ്യക്തമാക്കുന്നത്?

മറുപടി:

ഇമാം സുയൂഥിയുടെ *അൽ ഇത്ഖാൻ ഫീ ഉലൂമിൽ ഖുർആൻ* എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്ന ഇബ്നു ഉമറിൽ(റ) നിന്നുള്ള ഒരു നിവേദനമാണ് വിമർശനത്തിന് ആധാരം. നിവേദനം ഇങ്ങനെയാണ്: "നിങ്ങളാരും തന്നെ മുഴുവൻ ഖുർആനും എനിക്ക് ലഭിച്ചുവെന്ന് പറയരുത്. അത് മുഴുവനായും അവൻ അറിയുന്നതെങ്ങനെ? ഖുർആനിൽ നിന്ന് കുറെയേറെ നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ അവശേഷിച്ചത് എനിക്ക് ലഭിച്ചിരിക്കുന്നു എന്നാണ് അവൻ പറയേണ്ടത്' (*അൽ ഇത്ഖൻ* 2/ 25; ഇമാം അബൂ ഉബൈദ്: *ഫദാഇലുൽ ഖുർആൻ*, പേജ് 320).

താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

ഒന്ന്) ഖുർആൻ സമ്പൂർണമായി സംരക്ഷിക്കുമെന്നത് അല്ലാഹു

വിന്റെ വാഗ്ദാനമാണ്. "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്." (ഖുർആൻ 15:9)

മുഹമ്മദ് നബി(സ)ക്കുപോലും ഖുർആനിൽ എന്തെങ്കിലും കൂട്ടുവാനോ എടുത്തുമാറ്റുവാനോ ഉള്ള അവകാശം അല്ലാഹു നൽകിയിട്ടില്ല. '(നബിയേ) പറയുക: എന്റെ സ്വന്തം വകയായി അത് ഭേദഗതി ചെയ്യുവാൻ എനിക്ക് പാടുള്ളതല്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. തീർച്ചയായും എന്റെ രക്ഷിതാവിനെ ഞാൻ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ പേടിക്കുന്നു."(10:15)

'ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു. നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈ കൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു." (69:43 46)

രണ്ട്) ഖുർആനിൽ ആദ്യം അവതരിപ്പിക്കപ്പെട്ട ചില വചനങ്ങൾ പിന്നീട് ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

"വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ അതിനു തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടേ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന്" (2:106).

'ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ-അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണു താനും-അവർ പറയും: നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നു എന്ന്. അല്ല, അവരിൽ അധികപേരും കാര്യം മനസ്സിലാക്കുന്നില്ല' (16:101).

മൂന്നു രൂപത്തിലാണ് ഖുർആനിൽ ദുർബലപ്പെടുത്തൽ അഥവാ 'നസ്ഖ്' ഉണ്ടായിട്ടുള്ളത്. പാരായണം നിലനിർത്തിക്കൊണ്ട് നിയമങ്ങൾ ദുർബലപ്പെടുത്തുക, പാരായണം ഇല്ലാതെയായി നിയമങ്ങൾ അവശേഷിക്കുക, പാരായണവും അതിലെ നിയമങ്ങളും ദുർബലപ്പെ

ടുത്തുക എന്നിവയാണവ. അല്ലാഹുവിൽ നിന്നുള്ള ബോധനങ്ങളുടെ അടിസ്ഥാനത്തിൽ മുഹമ്മദ് നബി (സ) തന്നെ നിർദേശിച്ചത് അനുസരിച്ച് നടന്നവയാണ് ഈ ദുർബലപ്പെടുത്തലുകളെല്ലാം. പാരായണവും അതിലെ നിയമങ്ങളും ദുർബലപ്പെടുത്തപ്പെട്ട ചില ആയത്തുകളെക്കുറിച്ചുള്ളതാണ് ഇബ്നു ഉമറിന്റെ(റ) മുകളിൽ ഉദ്ധരിച്ച പരാമർശം. അല്ലാഹു അവതരിപ്പിച്ചവയിൽ അവ കൂടി ഉണ്ടായിരുന്നുവെന്നും എന്നാൽ അവ പിൽക്കാലത്ത് ദുർബലപ്പെടുത്തപ്പെട്ടതിനാൽ വിസ്മരിക്കപ്പെടുകയാണുണ്ടായതെന്നുമാണ് ഇബ്നു ഉമർ (റ) വ്യക്തമാക്കുന്നത്. അത് കൊണ്ട് തന്നെ അവതരിക്കപ്പെട്ട മുഴുവൻ ഖുർആനും തനിക്ക് അറിയാം എന്ന് പറയാൻ ആർക്കും അവകാശമില്ലെന്ന വസ്തുത പഠിപ്പിക്കുകയാണ് ഇവിടെ അദ്ദേഹം ചെയ്യുന്നത്.

മൂന്ന്) ഇമാം സുയൂഥി തന്റെ രണ്ട് ഗ്രന്ഥങ്ങളിൽ ഇബ്നു ഉമറിൽ നിന്നുള്ള ഈ അഥർ ഉദ്ധരിക്കുന്നുണ്ട്. ഒന്ന് നേരത്തെ സൂചിപ്പിച്ച *അൽ ഇത്ഖാനി*ലാണ്. രണ്ടാമത്തേത് *മുഅതരിഖ് അൽ അർഖാൻ ഫീ അഅ്ജാസിൽ ഖുർആൻ* (വാല്യം 1, പുറം 95) എന്ന ഗ്രന്ഥത്തിലാണ്. രണ്ടിലും ഖുർആനിലെ ആയത്തുകളെ ദുർബലപ്പെടുത്തുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നിടത്താണ് ഇത് ഉദ്ധരിച്ചിരിക്കുന്നത്. *അൽ ഇത്ഖാനി*ൽ "ദുർബലപ്പെടുത്തലിനെയും ദുർബലപ്പെടുത്തിയവയെയും കുറിച്ച്" എന്ന തലക്കെട്ടിലുള്ള നാല്പത്തിയേഴാമത്തെ ഭാഗത്ത് ഈ അഥർ ഉദ്ധരിച്ചിരിക്കുന്നത് കാണാനാവും. ഹിജ്റ 228ൽ മരണപ്പെട്ട അബു ഉബൈദിന്റെ *ഫദാഇലിൽ ഖുർആൻ* എന്ന ഗ്രന്ഥത്തിൽ നിന്നാണ് ഇമാം സുയൂഥി ഈ അഥർ ഉദ്ധരിച്ചിരിക്കുന്നത് (വാല്യം 1, പുറം 320). 'വെളിപ്പെട്ടതിനു ശേഷം ഖുർആനിൽ നിന്ന് ദുർബലപ്പെടുത്തിയതും മുസ്ഹഫിൽ ഉൾപ്പെടുത്താത്തതുമായ കാര്യങ്ങളെപ്പറ്റി"എന്ന അധ്യായത്തിലെ ഒന്നാമത്തെ നിവേദനമായാണ് അബു ഉബൈദ് ഇത് ഉദ്ധരിച്ചിരിക്കുന്നത്. ഇത് ഉദ്ധരിച്ച പണ്ഡിതന്മാരെല്ലാം ഖുർആനിലെ ദുർബലപ്പെടുത്തപ്പെട്ട വചനങ്ങളെക്കുറിച്ചാണ് ഇബ്നു ഉമർ ഇങ്ങനെ പറഞ്ഞതെന്നാണ് മനസ്സിലാക്കിയിരുന്നത് എന്ന സത്യമാണ് ഇവ വ്യക്തമാക്കുന്നത്. ഇതേ അഥറിന്റെ തന്നെ ഇബ്നു ഹജറിന്റെ നിവേദനം കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കുന്നതാണ്. അത് ഇങ്ങനെയാണ്: "ഇബ്നു ഉമറിൽ നിന്നു

ള്ള ഇബ്നു ദ്ദുറൈസിന്റെ ഒരു നിവേദനത്തിൽ 'ഞാൻ ഖുർആൻ മുഴുവനായി പാരായണം ചെയ്തു'വെന്ന് പറയുന്നതിനെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല എന്ന് കാണാൻ കഴിയും. അദ്ദേഹം പറയുമായിരുന്നു: നാം പാരായണം ചെയ്തിരുന്ന ചിലവ ഉയർത്തപ്പെട്ടിരിക്കുന്നുവല്ലോ." (*ഫത്ഹുൽ ബാരി* വാല്യം 9, പുറം 65)

ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്ത ഉബയ്യു ബ്നു കഅ്ബിന്റെ ഇതേ വിഷയത്തിലുള്ള മറ്റൊരു അഥർ കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കാനുതകുന്നതാണ്: ഉബയ്യിനോട് ഒരാൾ ഇങ്ങനെ പറഞ്ഞു: 'ഓ അബ്ദുൽ മുൻസർ, ഖുർആൻ മുഴുവനായും ഞാൻ പഠിച്ചെടുത്തിരിക്കുന്നു'. ഉബയ്യ് മറുപടി പറഞ്ഞു: 'അത് മുഴുവനായും താങ്കൾക്കറിയില്ല. ഖുർആനിൽ നിന്ന് പലതും ദുർബലപ്പെടുത്തിയിട്ടുണ്ട്; അതിന് ശേഷം അവ വിസ്മരിക്കപ്പെട്ടതാണ്." (അൽ ബാഖിലാനി: *അൽ ഇൻതിസാർ ലിൽ ഖുർആൻ*, പുറം 406)

ഇബ്നു ഉമറും ഉബയ്യു ബ്നു കഅ്ബുമെല്ലാം പറഞ്ഞത് ഒരേ കാര്യം തന്നെയാണ്: ഖുർആനായി അവതരിക്കപ്പെട്ടത് മുഴുവൻ തനിക്ക് ലഭിച്ചിട്ടുണ്ടെന്നോ താൻ മനഃപാഠമാക്കിയിട്ടുണ്ടെന്നോ പറയാൻ ആർക്കും അവകാശമില്ല; അവതരിക്കപ്പെട്ട ചില വചനങ്ങൾ പ്രവാചകന്റെ(സ) കാലത്ത് തന്നെ ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ട്. അത് കൊണ്ട് തന്നെ മനഃപാഠമാക്കിയവരൊന്നും അവ മനഃപാഠമാക്കുകയോ എഴുത്തുകാരൊന്നും അവ എഴുതിവെക്കുകയോ ചെയ്തിട്ടില്ല. പിൽക്കാലത്തുള്ള ആർക്കും തന്നെ പ്രസ്തുത വചനങ്ങളെപ്പറ്റി അറിയുകയില്ല. അത് കൊണ്ടാണ് ഖുർആൻ മുഴുവനായി തനിക്ക് ലഭിച്ചിരിക്കുന്നുവെന്ന് പറയുന്നതിനെ പ്രമുഖരായ സ്വഹാബിമാർ നിരുത്സാഹപ്പെടുത്തിയത്. മുഹമ്മദ് നബി (സ) പൂർത്തിയാക്കിത്തന്ന ഖുർആനിൽ നിന്ന് അദ്ദേഹത്തിന് ശേഷം വല്ലതും നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ഒരു സ്വഹാബിയും മനസ്സിലാക്കിയിട്ടില്ല. അങ്ങനെ മനസ്സിലാക്കിയെന്ന് വ്യക്തമാക്കുന്ന യാതൊരു പ്രമാണവുമില്ല.

നാല്) ഉബയ്യു ബ്നു കഅ്ബിൽ നിന്ന് നേരത്തെ പറഞ്ഞത് നിവേദനം ചെയ്ത ഇബ്നു അബ്ബാസിൽ(റ) നിന്ന് ബുഖാരി ഉദ്ധരിച്ചിരിക്കുന്ന അഥർ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയുണ്ടാക്കുന്നതാണ്. അതിങ്ങനെയാണ്: "അബ്ദുൽ അസീസ് ബ്നു റുഫാഇയിൽ നിന്ന് നിവേദനം: ശദ്ദാദ് ബിൻ മഅ്ഖിലും ഞാനും കൂടി ഇബ്നു അബ്ബാ

സിന്റെ അടുത്ത് പോയി. ശദ്ദാദ് ബിൻ മഅഖിൽ അദ്ദേഹത്തോട് ചോദിച്ചു: (ഖുർആനിനോടൊപ്പം) മറ്റു വല്ലതും പ്രവാചകൻ (സ) അവശേഷിപ്പിച്ചിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: (ഖുർആനിന്റെ) രണ്ട് ചട്ടകൾക്കുള്ളിൽ ഉള്ളതല്ലാത്ത മറ്റൊന്നും തന്നെ പ്രവാചകൻ (സ) അവശേഷിപ്പിച്ചിട്ടില്ല. പിന്നീട് ഞങ്ങൾ മുഹമ്മദ് ബിൻ അൽഹനഫി യ്യയുടെ അടുക്കലും പോയി ഇതേ ചോദ്യം ആവർത്തിച്ചു. അദ്ദേഹം പറഞ്ഞു: (ഖുർആനിന്റെ) രണ്ട് ചട്ടകൾക്കുള്ളിൽ ഉള്ളതല്ലാത്ത മറ്റൊന്നും തന്നെ പ്രവാചകൻ (സ) അവശേഷിപ്പിച്ചിട്ടില്ല.” (*സ്വഹീ ഹുൽ ബുഖാരി*, കിത്താബു ഫദാഇലിൽ ഖുർആൻ, ബാബു മൻ ഖാല ലം യത്റുഖി നബിയ്യു(സ) ഇല്ലാ മാ ബൈന ദ്ദഫതൈനി)

ഖുർആനിലുണ്ടാകണമെന്ന രൂപത്തിൽ പ്രവാചകൻ (സ) പഠി പ്പിച്ചതൊന്നും തന്നെ പിൽക്കാലത്ത് നഷ്ടപ്പെട്ടിട്ടില്ലെന്ന സത്യം ഇബ്നു അബ്ബാസിന്റെയും മുഹമ്മദ് ബിൻ അൽഹനഫിയ്യയുടെയും ഈ സാക്ഷ്യത്തിൽ നിന്ന് സുതരാം വ്യക്തമാവുന്നുണ്ട്. നഷ്ടപ്പെട്ടതായി ഇബ്നു ഉമറും ഉബയ്യു ബ്നു കഅ്ബുമെല്ലാം പറഞ്ഞത് പ്രവാ ചകന്റെ(സ) കാലത്ത് അദ്ദേഹം തന്നെ ദൈവികബോധനത്തിന്റെ അടിസ്ഥാനത്തിൽ ദുർബലപ്പെടുത്തിയവയാണ്. ഉബയ്യു ബ്നു കഅ് ബിൽ നിന്ന് ഖുർആനിൽ നിന്ന് കുറെ ഭാഗങ്ങൾ വിസ്മരിക്കപ്പെ ട്ടിട്ടുണ്ടെന്ന കാര്യം നിവേദനം ചെയ്ത ഇബ്നു അബ്ബാസു(റ) തന്നെ യാണ് അബൂബക്കറിന്റെ(റ) കാലത്ത് ക്രോഡീകരിച്ച മുസ്ഹഫിന്റെ രണ്ട് ചട്ടകൾക്കുളിലുള്ള വചനങ്ങൾ മാത്രമാണ് പ്രവാചകൻ (സ) ഖുർആനായി അവശേഷിപ്പിച്ചത് എന്ന് പറയുന്നതെന്നു കാര്യം ശ്രദ്ധേയമാണ്. ഉബയ്യു ബ്നു കഅ്ബ് ഉദ്ദേശിച്ചത് ‘നസ്ഖ്’ ചെയ്യ പ്പെട്ട ഖുർആൻ വചങ്ങളെക്കുറിച്ചാണെന്നാണ് ഇബ്നു അബ്ബാസ് മനസ്സിലാക്കിയതെന്ന് ഇതിൽ നിന്ന് കൃത്യമായി മനസ്സിലാവുന്നുണ്ട്. ഇക്കാര്യം ബുഖാരിയുടെ വ്യാഖ്യാതാവായ ഇബ്നു ഹജർ പറയു ന്നുണ്ട്. “ഖുർആൻ അറിയാമായിരുന്നവരുടെ മരണം വഴി കുറെ യേറെ ഖുർആൻ വചനങ്ങൾ നഷ്ടപ്പെട്ടുവെന്ന ഊഹത്തെ തിരസ് കരിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ അദ്ധ്യായം” (*ഫത്ഹുൽ ബാരി*, വാല്യം9, പുറം 65) എന്നാണ് ബുഖാരിയുടെ ഇക്കാര്യം നിവേ ദനം ചെയ്യുന്ന ഉപാധ്യായത്തെപ്പറ്റി അദ്ദേഹം പറയുന്നത്. ഇബ്നു ഉമറിന്റെയും ഉബയ്യു ബ്നു കഅബിന്റെയുമെല്ലാം അഭിപ്രായപ്രകട

നങ്ങൾ ഖുർആനിലെ 'നസ്ഖ്' ചെയ്യപ്പെട്ട വചനങ്ങളെക്കുറിച്ചാണെന്നാണ് അവരെല്ലാം മനസ്സിലാക്കിയത് എന്ന് സാരം.

20. വ്യാകരണത്തെറ്റുകൾ!

ഖുർആൻ പകർത്തിയെഴുതിയപ്പോൾ ഗുരുതരമായ ചില വ്യാകരണപ്പിഴവുകൾ വന്നതായി വ്യക്തമാക്കുന്ന നിവേദനങ്ങളുണ്ടല്ലോ. വ്യാകരണപ്പിഴവുകൾ അടക്കം പകർത്തിയെഴുത്തുകാർക്ക് സംഭവിച്ചിട്ടുണ്ടെങ്കിൽ, ഖുർആൻ അവതരിപ്പിക്കപ്പെട്ട രൂപത്തിൽ സംരക്ഷിക്കപെട്ടുവെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

മറുപടി:

ഇമാം സുയൂഥിയുടെ *അൽ ഇത്ഖാൻ ഫീ ഉലൂമിൽ ഖുർആൻ* എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്ന ആയിശയിൽ(റ) നിന്നും ഉഥ്മാനിൽ(റ) നിന്നുമുള്ള രണ്ട് നിവേദനങ്ങളാണ് ഈ വിമർശനത്തിന് ആധാരം. അവ ഇങ്ങനെയാണ്:

1) ഹിശാമുബ്നു ഉർവ്വ അദ്ദേഹത്തിന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: ഖുർആനിലെ വ്യാകരണപ്പിഴവുകളെക്കുറിച്ച് ഞാൻ ആയിശയോട് ചോദിച്ചു. സൂറത്തുൽ മാഇദയിലെ 69 ആം വചനത്തിലെയും (اِنَّ الَّذِيْنَ اٰمَنُوْا وَالَّذِيْنَ هَادُوْا وَالصَّابِـُٔوْنَ وَالنَّصٰرٰى) സൂറത്തു ന്നിസാഇലെ 162 ആം വചനത്തിലെയും (وَالْمُقِيْمِيْنَ الصَّلٰوةَ وَالْمُؤْتُوْنَ الزَّكٰوةَ وَ الْمُؤْمِنُوْنَ بِاللّٰهِ) സൂറത്തു ത്വാഹയിലെ 63ആം വചനത്തിലെയും (اِنْ هٰذٰنِ لَسٰحِرٰنِ) (വ്യാകരണപ്പിശകുകളെക്കുറിച്ചാണ് ഞാൻ ചോദിച്ചത്.) അപ്പോൾ അവർ പറഞ്ഞു: സഹോദരീപുത്രാ... ഇവ എഴുത്തുകാരുടെ അബദ്ധങ്ങളാണ്; എഴു

തിയപ്പോൾ അവർക്ക് അബദ്ധങ്ങൾ സംഭവിച്ചുപോയി" (*അൽ ഇത്ഖാൻ* 1/174)

2) ഇബ്നു അബ്ബാസിന്റെ മോചിപ്പിക്കപ്പെട്ട ദാസനായ ഇക്‌രിമയിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: മുസ്ഹഫുകൾ എഴുതപ്പെട്ടശേഷം അവ ഉഥ്മാനെ കാണിച്ചപ്പോൾ അദ്ദേഹം അതിൽ ചില വ്യാകരണപ്പിശകുകൾ കണ്ടു. അദ്ദേഹം പറഞ്ഞു: നിങ്ങൽ അത് മാറ്റേണ്ടതില്ല. അറബികളുടെ ഭാഷാശുദ്ധി അതിനെ ശരിയാക്കിക്കൊള്ളും; അല്ലെങ്കിൽ അവർ അത് ശരിയായി വായിച്ചുകൊള്ളും. എഴുത്തുകാരൻ സഖീഫ് ഗോത്രക്കാരനും വായിച്ചുകൊടുത്തത് ബുദൈൽ ഗോത്രക്കാരനുമായിരുന്നുവെങ്കിൽ ഈ പിഴവുകൾ ഉണ്ടാകുമായിരുന്നില്ല. (അബൂ ഉബൈദ്: *ഫദാഇലുൽ ഖുർആൻ* 2/103, ഇബ്നു അബീ ദാവൂദ്: *അൽ മസാഹിഫ്* 1/235)

താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

ഒന്ന്) ആയിശയിൽ(റ) നിന്നുള്ള ഹിശാമുബ്നു ഉർവ്വയുടെ നിവേദനം രണ്ട് കൂഫീ നിവേദകരിലൂടെയാണ് പണ്ഡിതന്മാർ ഉദ്ധരിച്ചിരിക്കുന്നത്. അബൂ മുആവിയ അദ്ദരീർ ആണ് ഒന്നാമത്തെയാൾ. സഈദു ബിൻ മൻസൂർ തന്റെ സുനനിലും (4/1507) അബൂ ഉബൈദ് തന്റെ *ഫദാഇലിൽ ഖുർആനി*ലും (പുറം 229) ഇമാം ത്വബ്‌രി തന്റെ *ജാമിഉൽ ബയാനി*ലും(9/359) ഇബ്നു അബീ ദാവൂദ് തന്റെ *അൽ മസാഹിഫി*ലു(പുറം 43)മെല്ലാം അബൂ മുആവിയയിൽ നിന്നാണ് ഇത് നിവേദനം ചെയ്തിരിക്കുന്നത്. അലിയ്യു ബ്നു മസ്ഹർ അൽകൂഫിയാണ് രണ്ടാമത്തെ നിവേദകൻ. ഉമർ ബ്നു ശുബ്ബാഹിന്റെ *താരീഖുൽ മദീന*യിൽ (3/1013,1014) അദ്ദേഹത്തിൽ നിന്നുള്ള നിവേദനമാണുള്ളത്. ഇത്തരം ഒറ്റപ്പെട്ടതും അംഗീകൃതമായ തത്ത്വങ്ങൾക്ക് വിരുദ്ധവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന സംഭവങ്ങൾ ഹിശാമു ബ്നു ഉർവ്വയിൽ നിന്ന് അദ്ദേഹത്തിന്റെ അവസാനകാലത്ത് നിവേദനം ചെയ്യപ്പെട്ടാൽ അത് സ്വീകാര്യമാവുകയില്ലെന്നാണ് ഹദീഥ് ശാസ്ത്രജ്ഞന്മാർ പറയുക. ഇക്കാര്യം ഇമാം ദഹബി തന്റെ *മീസാനുൽ ഇഅ്തിദാൽ* എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. "തന്റെ ജീവിതാന്ത്യത്തിൽ ഇറാഖിലേക്ക് വന്ന ശേഷം ഹിശാമു ബ്നു ഉർവ്വ മഹത്തായ നിരവധി വിജ്ഞാനങ്ങൾ പഠിപ്പിച്ചിട്ടുണ്ട്; എന്നാൽ ആ സമയത്ത് അദ്ദേഹം നിവേദനം ചെയ്ത ചില ഹദീഥുകൾ പ്രബലമല്ല. മാലിക്കിനും ശുഅ്ബക്കും വക്കീഇനും മറ്റ് അനവധി പ്രഗത്ഭരും സത്യസന്ധരുമാ

യ പണ്ഡിതർക്കും ഇതേപോലെ സംഭവിച്ചിട്ടുണ്ട്.” (4/301)

പ്രായാധിക്യത്താൽ മറവി പറ്റാൻ സാധ്യതയുള്ളതിനാലും വാർധക്യസഹജമായ പ്രയാസങ്ങളുള്ളതിനാലും മറ്റെവിടെയും പറയാത്ത എന്തെങ്കിലും അത്തരം പണ്ഡിതന്മാർ പ്രായാധിക്യമുള്ള കാലത്ത് പറഞ്ഞാൽ അത് സ്വീകാര്യമല്ല എന്നാണ് ഇപ്പറഞ്ഞതിനർത്ഥം. അത്തരക്കാരുടെ നിവേദങ്ങൾക്ക് ഉപോൽബലകമായി മറ്റ് നിവേദനങ്ങളുണ്ടെങ്കിലേ അവ ഹദീഥ് പണ്ഡിതന്മാർ സ്വീകരിക്കുകയുള്ളൂ. ഇറാഖിലെത്തിയ ശേഷമുള്ള ഹിശാമു ബ്നു ഉർവ്വയുടെ ചില നിവേദനങ്ങൾ സ്വീകാര്യമാണെന്ന് ഹദീഥ് നിദാന ശാസ്ത്രജ്ഞർ പറയുന്നത് അവയെ ബലപ്പെടുത്തുന്ന മറ്റു നിവേദനങ്ങൾ ഉള്ളതിനാലാണ്. എന്നാൽ ആയിശയിൽ നിന്നുള്ള ഈ അഥറിനെ ബലപ്പെടുത്തുന്ന മറ്റു നിവേദനങ്ങൾ ഒന്നും തന്നെയില്ല. അത് കൊണ്ട് തന്നെ ഈ നിവേദനം സ്വീകാര്യമായി ഗണിക്കപ്പെടുകയില്ല.

ഹിശാമുബ്നു ഉർവ്വ മാത്രമല്ല, അദ്ദേഹത്തിൽ നിന്ന് ഈ സംഭവം നിവേദനം ചെയ്ത അബൂ മുആവിയ മുഹമ്മദ് ബിൻ ഖാസിം അദ്ദരീർ അൽ കൂഫിയും ഇത്തരം നിവേദങ്ങളുടെ കാര്യത്തിൽ ഹദീഥ് പണ്ഡിതന്മാർക്ക് സ്വീകാര്യനായ വ്യക്തിയല്ല. അബൂ മുആവിയയിലൂടെയുള്ള ചില നിവേദനങ്ങൾ സ്വീകാര്യമല്ലെന്ന് ഇമാം അഹ്മദ്ബിൻ ഹമ്പൽ പറഞ്ഞതായി അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹ് സാക്ഷ്യപ്പെടുത്തുന്നത് ഇമാം ഇബ്നു ഹജർ ഉദ്ധരിക്കുന്നുണ്ട്. അത് ഇങ്ങനെയാണ്: “അഅ്മശ് നിവേദനം ചെയ്തതല്ലാതെയുള്ള അബൂ മുആവിയയിൽ നിന്നുള്ള വിവരണങ്ങളൊന്നും സ്വീകാര്യയോഗ്യമല്ല.” (*തഹ്ദീബു ത്തഹ്ദീബ്* ഭാഗം 9, പുറങ്ങൾ 138,139) ഇമാം അബൂ ദാവൂദും ഇക്കാര്യം തന്നെ പറയുന്നുണ്ട്. അദ്ദേഹത്തിൽ നിന്ന് ഇമാം ദഹബി ഉദ്ധരിക്കുന്നു: “ഞാൻ അഹ്മദ് ബിൻ ഹമ്പലിനോട് ചോദിച്ചു: ഹിശാമുബ്നു ഉർവ്വയിൽ നിന്നുള്ള അബൂ മുആവിയയുടെ നിവേദനങ്ങളെക്കുറിച്ച് താങ്കൾ എന്ത് കരുതുന്നു? അദ്ദേഹം പ്രതിവചിച്ചു: ഇത്തരത്തിലുള്ള അദ്ദേഹത്തിന്റെ നിവേദനങ്ങളൊന്നും തന്നെ സ്വീകാര്യമല്ല. ഇബ്നു ഖർറാശിന്റെ അഭിപ്രായപ്രകാരം അഅ്മശിലൂടെയാണെങ്കിൽ മാത്രമേ അബൂമുആവിയയുടെ നിവേദനങ്ങളെ ആശ്രയിക്കാൻ പറ്റുകയുള്ളൂ” (*മീസാനുൽ ഇഅ്തിദാൽ*, ഭാഗം 4, പുറം 575) ഏത് നിലയ്ക്ക് നോക്കിയാലും തെളിവിന് കൊള്ളാത്ത ദുർബലമായ നിവേദനമാണ് ഇതെന്ന് വ്യക്തമാണെന്ന

ർത്ഥം.

രണ്ട്) ഉഥ്മാൻ (റ) പറഞ്ഞതായി ഇക്രിമയിൽ നിന്നുള്ള നിവേദനമാണ് വ്യാകരണപ്പിശക് ആരോപിക്കുന്നവരുടെ രണ്ടാമത്തെ തെളിവ്. അബൂ ഉബൈദ് തന്റെ *ഫദാഇലിൽ ഖുർആനി*ലും (2/103) ഇബ്നു അബീദാവൂദ് തന്റെ *അൽ മസാഹിഫി*ലും (1/235) ഈ നിവേദനം ഉദ്ധരിച്ചിട്ടുണ്ട്. തീരെ ദുർബലമാണീ നിവേദനം. ഉഥ്മാനിന്റെ അടുത്ത് നിന്ന് നേരിട്ട് ഇക്രിമ കേട്ടതല്ല ഇത്. ഉഥ്മാൻ പറഞ്ഞതായി മറ്റാരോ പറഞ്ഞത് കേട്ട് നിവേദനം ചെയ്തതാണ്. ഈ നടുവിലെ വ്യക്തി ആരാണെന്നറിയില്ല. ഇത്തരം നിവേദങ്ങളെയാണ് മുർസൽ എന്ന് പറയുക. ഇക്രിമയും ഉഥ്മാനും തമ്മിൽ നിവേദകശൃംഖലയിൽ ഒരു കണ്ണി വിട്ടുപോയിട്ടുണ്ടെന്ന വസ്തുത ഹദീഥ് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുള്ളതാണ്. നിദാനശാസ്ത്രപടുവായ അബൂ സഈദ് അൽ ആലാഈ തന്റെ *ജാമിഅ ത്തഹസീൽ ഫീ അഹ്കാമൽ മറാസീൽ* (പുറം 239) എന്ന ഗ്രന്ഥത്തിലും ഖുർആൻ രേഖീകരണചരിത്രത്തിലെ പണ്ഡിതനായ അബൂ അംദ്ദാനീ തന്റെ കിതാബുൽ മുഖന്നിഅ (പുറം 115) എന്ന ഗ്രന്ഥത്തിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇബ്നു അബീദാവൂദിന്റെ ഒരു നിവേദനത്തിൽ ഇഖ്‌രിമതു ഥാഇയ്യ് എന്നാണ് നിവേദകനെ വിളിച്ചിരിക്കുന്നത്. ഹദീഥ് പണ്ഡിതന്മാർക്ക് പരിചയമില്ലാത്ത പേരാണിത്. ഈ നിവേദനത്തിന്റെ മറ്റൊരു ന്യൂനതയാണിത്. ഇത്തരം നിവേദനങ്ങൾ തെളിവിന് കൊള്ളുന്നതല്ലെന്ന് ഹദീഥ് നിദാനശാസ്ത്രത്തിൽ അടിസ്ഥാന വിവരമെങ്കിലുമുള്ള ആർക്കും മനസ്സിലാവും.

യഹ്‌യാ ബിൻ യഅ്മർ വഴിയാണ് ഈ അഥറിന്റെ മറ്റൊരു നിവേദകപരമ്പര. ഇദ്ദേഹം ഉഥ്മാനെ(റ) കണ്ടിട്ടില്ലാത്തതിനാൽ പരമ്പര മുറിഞ്ഞതാണ്. ഇമാം ബുഖാരി (റ) *താരീഖുൽ കബീറി*(5/170)ലും ഇബ്നു ഹജറുൽ അസ്ഖലാനി *തഹ്ദിബു തഹ്ദീബി* (11/305)ലും ഇക്കാര്യം വ്യക്തമാക്കുന്നു. ഇതിന്റെ നിവേദകപരമ്പര അവ്യക്തവും തെളിവിന് കൊള്ളാത്തതുമാണെന്ന് ഇമാം ബാഖില്ലാനി തന്റെ *അൽ ഇൻതിദാർ ലിൽ ഖുർആൻ* (2/136) ൽ വ്യക്തമാക്കിയിട്ടുണ്ട്. മറ്റൊരു നിവേദനം അബ്ദുൽ അഅ്ലാ വഴിയാണ്. ഇദ്ദേഹത്തെ ഒരു നിരൂപകനും വിശ്വസ്തനായി കാണുന്നില്ല. ആയതിനാൽ ഇതും ബലഹീനമാണ്. മറ്റൊരു നിവേദനം ഖതാദ (റ) വഴിയാണ്. ഈ പരമ്പരയിലും അവ്യക്തതയുണ്ട്. കാരണം ഒരു നിവേദകൻ പറയുന്നത്

നമ്മുടെ അനുയായികൾ ഉദ്ധരിച്ചുവെന്നാണ്. ആരാണ് ഈ അനുയായികൾ എന്ന് വ്യക്തമല്ല. അതിനാൽ ഇതും ബലഹീനമാണ്. ഖുർആൻ എഴുതിയപ്പോൾ അബദ്ധങ്ങളുണ്ടായിയെന്ന പേരിൽ ഉഥ്മാനിന്റേതായി ഉദ്ധരിക്കപ്പെടുന്ന നിവേദനങ്ങളൊന്നും തെളിവിന് കൊള്ളാത്തതാണ് എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

മൂന്ന്) പകർത്തിയെഴുതുമ്പോൾ ഖുർആനിൽ വ്യാകരണത്തെറ്റുണ്ടായിയെന്ന ആയിശയിൽ നിന്നുള്ളതായി ഉദ്ധരിക്കപ്പെടുന്ന വർത്തമാനം പരിഗണന പോലും അർഹിക്കാത്ത ദുർബലവാദമാണെന്ന് അല്പം ചിന്തിക്കുന്ന ആർക്കും മനസ്സിലാവും. ഏതൊരു ഭാഷയിലാണെങ്കിലും അതിലെ അംഗീകരിക്കപ്പെട്ട സാഹിത്യകൃതികളുടെ വെളിച്ചത്തിലാണ് വ്യാകരണനിയമങ്ങൾ രൂപപ്പെടുന്നത്. വ്യാകരണത്തിൽ നിന്ന് ഭാഷയല്ല, ഭാഷയിൽ നിന്ന് വ്യാകരണമാണുണ്ടാവുന്നത്. അതിപുരാതനമായ ഗ്രീക്ക് ഭാഷക്ക് ആദ്യമായി പദരൂപശാസ്ത്ര (*word morphology*)മുണ്ടാക്കുന്നത് ക്രിസ്തുവിന് രണ്ട് നൂറ്റാണ്ടുകൾക്ക് മുൻപ് ദിയോനീസിയൂസ് ത്രാക്സ് ആണ്. ക്രിസ്താബ്ദം രണ്ടാം നൂറ്റാണ്ടിൽ മാത്രമാണ് അപ്പോളോനിയുസ് ഡിസ്കൊലസ് വാക്യങ്ങളുടെ പദവിന്യാസക്രമത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് വ്യാകരണത്തിലേക്ക് കടക്കുന്നത്. നിലവിലുള്ള ഗ്രീക്ക് സാഹിത്യകൃതികളും സംസാരശൈലിയും പഠനവിധേയമാക്കിയാണ് അദ്ദേഹം അക്കാര്യം നിർവ്വഹിച്ചത്. അതിനുശേഷമാണ് പാശ്ചാത്യഭാഷകളിലെയെല്ലാം വ്യാകരണനിയമങ്ങളുണ്ടാവുന്നത്. ഈ വ്യാകരണനിയമങ്ങളുടെ വെളിച്ചത്തിൽ അവയ്ക്ക് ആധാരമായ സാഹിത്യകൃതികളെ വിമർശിക്കുന്നത് എന്തുമാത്രം വലിയ വങ്കത്തമല്ല! ഏത് കൃതികളിലെ ഭാഷയുടെ വിന്യാസക്രമത്തെ ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ട് വ്യാകരണമുണ്ടാക്കിയോ അതേ വ്യാകരണനിയമങ്ങൾ ആ കൃതികളിൽ പാലിക്കപ്പെട്ടിട്ടില്ലെന്ന് വാദിക്കുന്നത് എത്രമാത്രം വലിയ വിവരക്കേടാണ്!

വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ ഇസ്ലാമിലേക്ക് വന്നപ്പോൾ അവരുടെയെല്ലാം മതഭാഷ അറബിയായിത്തീർന്ന സ്വാഭാവികസാഹചര്യത്തിൽ ശുദ്ധഅറബിക്ക് ഭംഗമുണ്ടാവുമോയെന്ന ഭയത്തിൽ നിന്നാണ് അറബി വ്യാകരണനിയമങ്ങൾ ക്രോഡീകരിക്കുകയെന്ന ചിന്തയുണ്ടായതെന്ന് ചരിത്രവിശാരദനായ ഇബ്നു ഖൽദൂൻ തന്റെ മുഖദ്ദിമയിൽ വ്യാകരണത്തെക്കുറിച്ച് ചർച്ച ചെയ്യു

ന്നിടത്ത് സൂചിപ്പിക്കുന്നുണ്ട്. ക്രിസ്താബ്ദം 688ൽ മരണപ്പെട്ട അബുൽ അസ്‌വദ ദ്ദുവലിയുടെ *ഉസൂലു നഹ്‌വ് അൽഅറബി*യാണ് ആദ്യമായി രചിക്കപ്പെട്ട അറബി വ്യാകരണഗ്രന്ഥം. അദ്ദേഹത്തിന് ശേഷമാണ് അറബി വ്യാകരണനിയമങ്ങൾ കൃത്യമായും സൂക്ഷ്മമായും ക്രോഡീകരിക്കപ്പെട്ടത്. അതിനുവേണ്ടി വ്യാകരണവിദഗ്ദന്മാർ സ്വീകരിച്ച അടിസ്ഥാനസ്രോതസ്സുകൾ ഖുർആനും ഇസ്‌ലാമിന് മുമ്പുള്ള അറബിക്കവിതകളുമായിരുന്നു. അറബി വ്യാകരണത്തിന്റെ ആധാരമാണ് ഖുർആനും അന്തരാളകകവിതകളുമെന്നർത്ഥം. ഇസ്‌ലാമിന് മുമ്പത്തെ കവികളുടെ കുലപതിയായ ഇംറുൽ ഖൈസിന്റെ കവിതയിൽ അറബി വ്യാകരണനിയമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ആരെങ്കിലും വിമർശിച്ചാൽ ഭാഷാശാസ്ത്രജ്ഞന്മാർ ആ വിമർശനം ശ്രദ്ധിക്കുക പോലുമില്ല. ഇതേപോലെയാണ് ഖുർആനിൽ വ്യാകരണനിയമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന വിമർശനവും. അങ്ങനെ വിമർശിക്കുന്നവർക്ക് ഒന്നുകിൽ വ്യാകരണമറിയില്ല; അല്ലെങ്കിൽ ഖുർആൻ അറിയില്ല; അതുമല്ലെങ്കിൽ രണ്ടും അറിയില്ല. മൂന്നാമത്തെ വിഭാഗത്തിലാണ് ആ ആരോപണമുന്നയിക്കുന്ന ആധുനികരിലധികവും എന്നതാണ് വസ്തുത.

നാല്) ഖുർആൻ എഴുതിയപ്പോൾ ഗുരുതരമായ വ്യാകരണത്തെറ്റുകളുണ്ടായിട്ട് അത് ആയിശയും ഉഥ്മാനും മാത്രമേ അറിഞ്ഞുവെന്ന് കരുതുന്നത് തനി വങ്കത്തമാണ്. മറ്റു സ്വഹാബിമാരിൽ നിന്നൊന്നും തന്നെ ഇത്തരമൊരു ആരോപണം ഉദ്ധരിക്കപ്പെട്ടിട്ടില്ല. ഉഥ്മാനെതിരെ അദ്ദേഹത്തിന്റെ ഭരണകാലത്ത് കലാപമുണ്ടാക്കിയവരൊന്നും തന്നെ ഖുർആനിലുണ്ടായിരുന്ന അബദ്ധങ്ങൾ തിരുത്തുവാൻ ഭരണാധികാരിയും ഖുർആൻ ക്രോഡീകരണത്തിന് ഉത്തരവിട്ടയാളും എന്ന നിലയിൽ അദ്ദേഹം നടപടികളൊന്നുമെടുത്തില്ല എന്ന ഒരു ആരോപണം ഉന്നയിച്ചിട്ടില്ല. ഉഥ്മാനെ വധിച്ചതുമായി ബന്ധപ്പെട്ട രാഷ്ട്രീയപ്രശ്നങ്ങളിൽ ഉറച്ച നിലപാടെടുക്കുകയും യുദ്ധത്തിന് വരെ ഒരുങ്ങുകയും ചെയ്ത ധീരവനിതയായ ആയിശ (റ) ഖുർആനിൽ വ്യാകരണപ്പിശകുകളുണ്ടെന്ന് മനസ്സിലാക്കിയിട്ടും അവ തിരുത്തുവാൻ ശ്രമങ്ങളൊന്നും നടത്തിയില്ലെന്ന് കരുതുവാൻ ന്യായമില്ല. മറ്റെന്തിനേക്കാളുമധികം ഖുർആനിൽ കളങ്കങ്ങളൊന്നും വന്നുചേരരുതെന്ന് നിർബന്ധമുണ്ടായിരുന്ന സ്വഹാബിസഞ്ചയത്തിന്റെ പ്രതിനിധിയായ ആയിശ (റ), എഴുത്തുകാരിലൂടെ വന്നുചേർന്ന

വ്യാകരണത്തെറ്റുകളെ അതേപോലെ അവശേഷിപ്പിക്കുവാൻ ആരെങ്കിലും അനുമതി നല്കിയെന്നറിഞ്ഞാൽ വെറുതെയിരിക്കുമെന്ന് കരുതിക്കൂടാ. അബൂബക്കറിന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട സുഹ്ഫ് തന്റെ സഹപത്നിയായ ഹഫ്സയുടെ പക്കൽ അവശേഷിച്ചിരുന്ന സമയത്ത് അതുമായി ഒത്തുനോക്കി അത്തരം പിശകുകളുണ്ടായിരുന്നെങ്കിൽ അവ തിരുത്തുവാൻ ആയിശ തയാറാകുമായിരുന്നു. അങ്ങനെയൊന്നും ഉണ്ടായിട്ടില്ലെന്നത് തന്നെ ഉഥ്മാനിന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഖുർആനിൽ വ്യാകരണപ്പിശകുള്ളതായുള്ള അവരുടെ പേരിലുള്ള നിവേദനം ശരിയാകാൻ യാതൊരു സാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

അഞ്ച്) അറബി വ്യാകരണ നിയമങ്ങൾ പ്രകാരം പിശകുകളാണെന്ന് വിമർശകർ ചൂണ്ടിക്കാണിക്കുന്ന മുഴുവൻ വചനങ്ങളും അറബി വ്യാകരണ നിയമങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ആഴമേറിയ ചർച്ചകൾ നടത്തിയിട്ടുണ്ട്, ഖുർആൻ വ്യാഖ്യാതാക്കൾ. അവയൊന്നും തന്നെ പിശകുകളല്ലെന്നും ഭാഷയിലെ സവിശേഷമായ സന്ദർഭങ്ങളിലെ പ്രയോഗങ്ങളാണെന്നും ഖുർആനിന് മുൻപ് തന്നെയുള്ള സാഹിത്യകൃതികളുടെ വെളിച്ചത്തിൽ സമർത്ഥിക്കപ്പെട്ടിട്ടുമുണ്ട്. ഭാഷാപരമായ പിഴവുകളിൽ നിന്നും വ്യാകരണസംബന്ധിയായ അബദ്ധങ്ങളിൽ നിന്നും പൂർണമായും സംരക്ഷിതമാണ് ഖുർആൻ എന്ന വസ്തുത പ്രസ്തുത പഠനങ്ങൾ പരിശോധിച്ചാൽ ആർക്കും ബോധ്യപ്പെടും.

21. അലിയുടെ വിമർശനം

അബൂബക്കറി(റ)ന്റെ കാലത്തെ ഖുർആൻ ക്രോഡീകരണത്തെ അലി(റ) വിമർശിച്ചതായുള്ള നിവേദനവും അബൂബക്കറല്ല ഖുർആൻ ആദ്യമായി ക്രോഡീകരിച്ചത് എന്നുള്ള നിവേദനവുമെല്ലാം ഈ രംഗത്ത് അവ്യക്തതകളുണ്ടെന്നല്ലേ വ്യക്തമാക്കുന്നത്?

മറുപടി:

യഥാർത്ഥത്തിൽ അബൂബക്കറി(റ)ന്റെ കാലത്തെ ഖുർആൻ ക്രോഡീകരണത്തെ അനുകൂലിക്കുകയും അദ്ദേഹം ചെയ്തത് വലിയ പുണ്യമാണെന്ന് പ്രശംസിക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയുമാണ് അലി (റ) ചെയ്തത്.

അലി (റ) പറഞ്ഞു: മുസ്ഹഫിന്റെ വിഷയത്തിൽ ഏറ്റവും ഉത്തമമായ പ്രതിഫലം അബൂബക്കറി(റ)നാണ്. അല്ലാഹുവിന്റെ കാരുണ്യം അബൂബക്കറി(റ)ന് ഉണ്ടാകട്ടെ. കാരണം അല്ലാഹുവിന്റെ ഗ്രന്ഥം ആദ്യമായി ഒരുമിച്ച് കൂട്ടിയത് അദ്ദേഹമാണ്. (ഇബ്നു അബീ ദാവൂദ് പേജ് 153)

അലി (റ) പറഞ്ഞു: അല്ലാഹു അബൂബക്കറി(റ)ന് കരുണ ചെയ്യട്ടെ. കാരണം അദ്ദേഹമാണ് രണ്ടു ചട്ടകൾക്കുള്ളിലായി ഖുർആനിനെ ഒരുമിച്ചു കൂട്ടിയത്. (ഇബ്നു അബീദാവൂദ്, ഇബ്നു അബീ ശൈബ 6/148, ഇബ്നു സഅദ് *ത്വബകാതിൽ* 3/193. ഈ ഹദീഥ് സ്വഹീഹാണെന്ന് ഇമാം സുയൂത്വി)

ഇതിനു വിരുദ്ധമായ ചില നിവേദനങ്ങളുണ്ടെന്നത് ശരിയാണ്. അവ ബലഹീനവും തെളിവിന് കൊള്ളാത്തതുമാണെന്ന് പണ്ഡിത ന്മാർ സമർത്ഥിച്ചിട്ടുണ്ട്. നിവേദനങ്ങൾ ഇവയാണ്:

ഇഖ്രിമ (റ) യിൽ നിന്ന്: അബൂബക്കറി(റ)നുള്ള ബൈഅത്തി നുശേഷം അലി (റ) വീട്ടിൽ തന്നെയിരുന്നു. കാരണം തിരക്കിയ ഖലീഫയോട് അലി (റ) പറഞ്ഞു. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ വർധിക്കപ്പെടുമോ എന്ന് എനിക്ക് തോന്നുന്നു. ആയതിനാൽ ഖുർ ആൻ ഒരുമിച്ച് കൂട്ടുന്നതു വരെ നമസ്കാരത്തിനല്ലാതെ ഞാൻ മേൽ വസ്ത്രം ധരിക്കുന്നതല്ല. (ഇബ്നു ളരീസ് -*അൽ ഇത്ഖാൻ* 1/59)

ഈ ഹദീഥിന്റെ നിവേദക പരമ്പര പൂർണമല്ല. നിവേദകശൃംഖല യിൽ കണ്ണികൾ വിട്ടു പോയിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇത് ദുർ ബലാണ്; തെളിവിന് കൊള്ളുകയില്ല. ഇമാം ഇബ്നു ഹജർ (റ) ത ന്റെ *ഫത്ഹുൽ ബാരി* 9/12 ഗ്രന്ഥത്തിൽ ഇക്കാര്യം വ്യക്തമാക്കിയി ട്ടുണ്ട്.

ഇതേപോലെത്തന്നെയാണ് സാലിമാണ് ഖുർആൻ ആദ്യമായി ക്രോഡീകരിച്ചതെന്നും അതല്ല ഉമറാണെന്നുമെല്ലാമുള്ള നിവേദ നങ്ങൾ. എല്ലാം ദുർബലവും തെളിവിന് കൊള്ളാത്തവയുമാണ്.

ഇബ്നു ബുറൈദ (റ) പറയുന്നു: ഒരു ഏടിൽ ആദ്യമായി ഖുർആ ൻ ഒരുമിച്ച് കൂട്ടിയത് സാലിം (റ) ആണ്. (*അൽ ഇത്ഖാൻ* 1/166)

ഈ അഥറും പരമ്പര മുറിഞ്ഞതിനാൽ ദുർബലമാണെന്ന് ഇമാം സുയൂത്വി (റ) പറയുന്നു. (*അൽ ഇത്ഖാൻ* പേജ് 382)

ഹസൻ (റ) പറയുന്നു: ഒരു ആയത്തിനെ സംബന്ധിച്ച് അന്വേഷി ച്ചു. അത് യമാമയിൽ വധിക്കപ്പെട്ട ഒരു സ്വഹാബിയുടെ കൈവശമു ണ്ടായിരുന്നു എന്നു പറയപ്പെട്ടു. അപ്പോൾ ഉമർ (റ) ഇന്നാലില്ലാഹ്... എന്നുപറഞ്ഞു. ഖുർആൻ ഒരുമിച്ചു കൂട്ടാൻ കൽപിച്ചു. അദ്ദേഹമാണ് ആദ്യമായി ഖുർആൻ മുസ്ഹഫിൽ ഏകോപിപ്പിച്ചത്. (ഇബ്നു അബീദാവൂദ് *അൽമസാഹിഫ്* 1/181)

അഥർ 'മുൻഖതിഅ്' ആണെന്ന് ഇബ്നു കസീർ *ഫളാഇലുൽ ഖുർആൻ* പേജ് 27ലും ഇബ്നു ഹജർ *ഫത്ഹുൽ ബാരി* 9/13ലും ഇമാം സുയൂത്വി (റ) *അൽ ഇത്ഖാൻ* പേജ് 382ലും വ്യക്തമാക്കുന്നു. ഈ അഥറും അസ്വീകാര്യമാണ് എന്നർത്ഥം.

22. ഇബ്നു മസ്ഊദിന്റെ വിമർശനങ്ങൾ

ഉഥ്മാന്റെ(റ) കാലത്തെ ഖുർആൻ ക്രോഡീകരണവുമായി ബന്ധപ്പെട്ട് ഇബ്നു മസ്ഊദ് (റ) നിരവധി വിമർശനങ്ങളുന്നയിച്ചതായി രേഖകളിലുണ്ടല്ലോ. പ്രവാചകശിഷ്യന്മാരിൽ പ്രമുഖനായ അദ്ദേഹം ഇത്തരം വിമർശനങ്ങളുന്നയിച്ചുവെന്നത് ഉഥ്മാൻ (റ) ക്രോഡീകരിച്ച ഖുർആനിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നില്ലേ?

മറുപടി:

ഓറിയന്റലിസ്റ്റുകളും അവരിൽ നിന്ന് ഊർജ്ജമുൾക്കൊള്ളുന്ന ക്രൈസ്തവ മിഷനറിമാരും ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആരോപണങ്ങളിലൊന്നാണിത്. ഉഥ്മാനിന്റെ കാലത്ത് നടന്ന ഖുർആൻ ക്രോഡീകരണത്തിൽ അബ്ദുല്ലാഹി ബിൻ മസ്ഊദ് സംതൃപ്തനായിരുന്നില്ലെന്നും അന്നുണ്ടാക്കിയ മുസ്ഹഫ് അദ്ദേഹം അംഗീകരിച്ചില്ലെന്നും അതിന് കാരണം മുഹമ്മദ് നബി പഠിപ്പിച്ച ഖുർആനുമായി ഉഥ്മാൻ (റ) ക്രോഡീകരിച്ച ഖുർആനിന് കാര്യമായ അന്തരമുള്ളതിനാലാണെന്നുമെല്ലാമാണ് വിമർശനം. അവർ ഉന്നയിക്കുന്ന പ്രമാണങ്ങൾ പരിശോധിക്കുക:

1) ആസ്സുഹ്രി ഉബൈദുല്ലാഹി ബ്നു അബ്ദുല്ലാഹിൽ നിന്ന് നിവേദനം ചെയ്യുന്നു: സൈദ് ബിൻ ഥാബിത്ത് മുസ്ഹഫ് പകർത്തിയെഴു

തുന്നത് അബ്ദുല്ലാഹി ബിൻ മസ്ഊദ് വെറുത്തിരുന്നു. സൈദ് ബ്നു ഥാബിത്തിനെപ്പറ്റി അദ്ദേഹം പറഞ്ഞു: 'മുസ്‌ലിം ജനങ്ങളേ, ഈ മനുഷ്യനിൽ നിന്നുള്ള മുസ്ഹഫും പാരായണവും സ്വീകരിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. അല്ലാഹുവാണെ! ഞാൻ ഇസ്‌ലാം സ്വീകരിക്കുന്ന കാലത്ത് അയാൾ അവിശ്വാസിയുടെ മുതുകത്തായിരുന്നു.' വീണ്ടുമൊരിക്കൽ അദ്ദേഹം പറഞ്ഞു: 'ഇറാഖിലെ ജനങ്ങളേ, നിങ്ങളുടെ കയ്യിലുള്ള മുസ്ഹഫുകൾ നിങ്ങൾ സൂക്ഷിച്ചു വെക്കുക; അതിന്നായി അവ നിങ്ങൾ ഒളിപ്പിച്ച് വെക്കുക. തീർച്ചയായും അല്ലാഹു പറഞ്ഞിരിക്കുന്നു; ആരെങ്കിലും എന്തെങ്കിലും ഒളിപ്പിച്ചുവെച്ചാൽ അയാൾ അതുമായി വിചാരണനാളിൽ വരും. അതിനാൽ നിങ്ങൾ മുസ്ഹഫുമായി അല്ലാഹുവിനെ കണ്ടുമുട്ടുക" (*ജാമിഉത്തിർമിദി*യിൽ സ്വഹീഹായ സനദോടെ നിവേദനം ചെയ്തത്, അബ്വാബു തഫ്സീറുൽ ഖുർആൻ ഹദീഥ് 3104)

2) അബ്ദുല്ലാഹി ബിൻ മസ്ഊദ് പറഞ്ഞു: 'അതിനാൽ കയ്യെഴുത്ത് രേഖകൾ ഒളിപ്പിച്ച് വെക്കുക. സൈദ് ബ്നു ഥാബിത്തിന്റെതിനേക്കാൾ ഞാൻ ഏറ്റവുമധികം സ്നേഹിക്കുന്നയാളുടെ (പ്രവാചകന്റെ) പാരായണപ്രകാരം പാരായണം ചെയ്യാനാണ് ഞാനിഷ്ടപ്പെടുന്നത്. ആരാധനക്കർഹനായുള്ള ഒരേയൊരുവനാണെ! സൈദ് കുട്ടിയായി മറ്റു കുട്ടികളോടൊപ്പം മുടിയും നീട്ടി കളിച്ചുനടന്നിരുന്ന കാലത്ത് അല്ലാഹുവിന്റെ ദൂതന്റെ ചുണ്ടിൽ നിന്ന് എഴുപതിലധികം സൂറത്തുകൾ ഞാൻ പഠിച്ചിട്ടുണ്ട്." (ഇബ്നു സഅദ്: *കിതാബ് ത്വബഖാത്തുൽ കബീർ*, ഭാഗം 2, പുറം 444; ഇബ്നു അബീ ദാവൂദ്: *അൽമസാഹിഫ്* പുറം 60)

3) അല്ലാഹുവാണെ! ഞാൻ ഈ കയ്യെഴുത്തുരേഖ അവർക്ക് കൊടുക്കുകയില്ല. അല്ലാഹുവിന്റെ ദൂതൻ വ്യക്തിപരമായി എഴുപതിലധികം സൂറത്തുകൾ എന്നെ പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഞാനീ കയ്യെഴുത്തുരേഖകൾ അവർക്ക് നൽകണമെന്നോ? അല്ലാഹുവാണെ! ഞാൻ അത് അവർക്ക് നൽകുകയില്ല." (*മുസ്തദ്റക് അൽ ഹാക്കിം*: ഹദീഥ് 2896 ഇമാമുമാർ ഹാകിമും ദഹബിയും ഇത് സ്വീകാര്യമായ പരമ്പരയോട് കൂടിയുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്)

ഈ വിഷയത്തിൽ സമാനമായ ആശയങ്ങളുൾക്കൊള്ളുന്ന വേറെയും നിവേദനങ്ങളുണ്ട്. ഉഥ്മാനിന്റെ കാലത്ത് സൈദു ബിൻ ഥാബിത്തിന്റെ നേതൃത്വത്തിൽ ക്രോഡീകരിച്ച മുസ്ഹഫുകൾ മാ

ത്രം നിലനിർത്തി മറ്റുള്ളവയെല്ലാം നശിപ്പിക്കണമെന്ന കല്പനയിൽ നീരസം പ്രകടിപ്പിച്ചുകൊണ്ടുള്ള അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ പ്രതികരണങ്ങൾ വ്യത്യസ്തമായ വാക്കുകളിൽ രേഖപ്പെടുത്തപ്പെട്ട നിവേദനങ്ങൾ. അവയിൽ ചിലവ ദുർബലമായ പാരമ്പരയോട് കൂടിയുള്ളവയാണെങ്കിലും പൊതുവെയുള്ള ആശയം പ്രബലമായ പരമ്പരയോടു കൂടി സ്ഥാപിക്കപ്പെട്ടതാണ്. എന്താണ് ഈ ഹദീഥുകളിൽ നിന്നും നാം മനസ്സിലാക്കേണ്ടത്? സൈദ് ബിൻ ഥാബിത്തിന്റെ നേതൃത്വത്തിൽ ക്രോഡീകരിക്കപ്പെട്ട ഖുർആൻ കയ്യെഴുത്തുരേഖകളിൽ സാരമായ എന്തെങ്കിലും അബദ്ധങ്ങളുണ്ടെന്ന് ഇബ്നു മസ്ഊദിന് അഭിപ്രായമുണ്ടായിരുന്നുവെന്നാണോ? വിമർശകർ തെറ്റിദ്ധരിപ്പിക്കുന്ന ഇബ്നു മസ്ഊദിന്റെ വചനങ്ങളുടെ യഥാർത്ഥ പൊരുളെന്താണ്? താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക:

ഒന്ന്) ഇവ്വിഷയകമായ ഇബ്നു മസ്ഊദിന്റെ അഭിപ്രായങ്ങളെയും പ്രതിഷേധപ്രകടനങ്ങളെയുമെല്ലാം മൊത്തമായി പരിശോധനാവിധേയമാക്കിയാൽ രണ്ട് പ്രശ്നങ്ങളിലാണ് അദ്ദേഹത്തിന് വിയോജിപ്പുണ്ടായിരുന്നത് എന്ന കാണാനാവും. ഖുർആൻ വിജ്ഞാനീയങ്ങളിൽ അഗ്രഗണ്യനും പ്രവാചകനോടൊപ്പം ജീവിക്കുവാൻ കൂടുതൽ അവസരമുണ്ടായിരുന്നയാളുമായ തന്നെ പരിഗണിക്കാതെ തന്നെക്കാൾ ഏറെ പ്രായം കുറഞ്ഞ സൈദുബ്നു ഥാബിത്തിനെ അതിമഹത്തായ ഖുർആൻ ക്രോഡീകരണദൗത്യത്തിന്റെ നേതൃത്വം ഏൽപിച്ചതിലുള്ള പ്രതിഷേധമാണ് ഒന്നാമത്തേത്. പ്രവാചകനിൽ നിന്ന് നേർക്കുനേരെ കേട്ട് താൻ എഴുതിത്തയ്യാറാക്കിയ തന്റെ ഖുർആൻ കയ്യെഴുത്തുതരേഖ നശിപ്പിക്കുവാനും പകരം സൈദ് ബിൻ ഥാബിത്തിന്റെ നേതൃത്വത്തിലുള്ള സംഘം തയാറാക്കിയ മുസ്ഹഫ് സ്വീകരിക്കുവാനും ആവശ്യപ്പെട്ടതിലുള്ള അമർഷമാണ് രണ്ടാമത്തേത്. ഇതല്ലാതെ ഉഥ്മാനിന്റെ കാലത്ത് നടന്ന ഖുർആൻ സമാഹരണത്തിലോ ക്രോഡീകരണത്തിലോ എന്തെങ്കിലും സാരമായ അപകടങ്ങളുണ്ടായതായോ, പ്രവാചകൻ പഠിപ്പിക്കാത്ത എന്തെങ്കിലും ഖുർആനിൽ കടന്നുകൂടിയതായോ, പഠിപ്പിച്ച എന്തെകിലും നഷ്ടപ്പെട്ടതായോ അദ്ദേഹം തന്റെ അമർഷപ്രകടനങ്ങളിലൊന്നും സൂചിപ്പിക്കുന്നേയില്ല. ഖുർആനിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യുവാനുതകുന്ന തെളിവുകളന്വേഷിച്ച് ഇസ്ലാമികഗ്രന്ഥശേഖരങ്ങളിൽ മുങ്ങിത്തപ്പുന്നവർക്ക് ഇബ്നു മസ്ഊദിന്റെ പ്രതിഷേധപ്രകടനങ്ങളിൽ

നിന്ന് ലഭിക്കുക യാതൊരു ഉപകാരവുമില്ലാത്ത വെറും പായലുകൾ മാത്രമായിരിക്കും.

രണ്ട്) "അല്ലാഹുവിന്റെ ഗ്രന്ഥത്തെ സംബന്ധിച്ച് ഞാനാണ് ഏറ്റവുമധികം അറിവുള്ളവനെന്ന് പ്രവാചകാനുചരന്മാർക്ക് അറിയാവുന്ന കാര്യമാണ്. എന്നേക്കാൾ ഈ വിഷയത്തിൽ അറിവുള്ളവരുണ്ടെങ്കിൽ അവന്റെയടുത്തേക്ക് യാത്രചെയ്തെത്തുവാൻ ഞാൻ സന്നദ്ധനാണ്." (ഇബ്നു അബീ ദാവൂദ് 58) എന്ന ഇബ്നു മസ്ഊദിന്റെ സ്വയം സാക്ഷ്യം നൂറുശതമാനം സത്യസന്ധമാണെന്ന് ഇസ്ലാമികപ്രമാണങ്ങളും ചരിത്രവും പഠിക്കുന്ന ആർക്കും മനസ്സിലാവും. "ഞാനും എന്റെ സഹോദരനും യമനിൽ നിന്നും നബി(സ)യുടെ സമീപം വന്ന സമയത്ത് ഇബ്നു മസ്ഊദും(റ) അദ്ദേഹത്തിന്റെ മാതാവും നബി(സ)യുടെ വീട്ടിലെ സ്ഥിരമായ സന്ദർശനങ്ങൾ വഴിയും അവരോടുള്ള നബിയുടെ ബന്ധം വഴിയും അവർ നബിഗൃഹത്തിലെ അംഗങ്ങളാണെന്ന് ഞങ്ങൾ ധരിച്ചിരുന്നു"വെന്ന അബൂമൂസൽ അശ്അരിയുടെ വർത്തമാനത്തിൽ (*സ്വഹീഹുൽ ബുഖാരി*, കിതാബുൽ മഗാസി; *സ്വഹീഹു മുസ്ലിം*, കിതാബ് ഫദാഇലു സ്സ്വഹാബ) നിന്ന് നബിയുമായുള്ള ഇബ്നു മസ്ഊദിന്റെ ബന്ധത്തിന്റെ വലിപ്പം നമുക്ക് മനസ്സിലാക്കാൻ കഴിയും." അബ്ദുല്ലാഹിബ്നു മസ്ഊദ്, മുആദ് ബിൻ ജബൽ, ഉബയ്യു ബ്നു കഅബ്, അബൂ ഹുദൈഫയുടെ സ്വാതന്ത്രനാക്കിയ അടിമ സാലിം എന്നീ നാലു പേരിൽ നിന്ന് നിങ്ങൾ ഖുർആൻ പഠിക്കുക"യെന്ന അബ്ദുല്ലാഹി ബ്നു അംറ് നിവേദനം ചെയ്ത പ്രവാചകനിർദേശം(*സ്വഹീഹുൽ ബുഖാരി*, കിതാബു ഫദാഇലിൽ ഖുർആൻ; *ജാമിഉത്തിർമിദി*, കിതാബുൽ മനാഖിബ്) ഇബ്നു മസ്ഊദിന്റെ ഖുർആൻ വിജ്ഞാനത്തിനുള്ള മഹാസാക്ഷ്യമായി നിലകൊള്ളുന്നുമുണ്ട്. അതുകൊണ്ട് തന്നെ ഖുർആനികവിജ്ഞാനീയങ്ങളിലും വ്യാഖ്യാനത്തിലുമെല്ലാം ഇബ്നു അബ്ബാസ് കഴിഞ്ഞാൽ ഏറ്റവുമധികം പരിഗണിക്കപ്പെടുന്നത് ഇബ്നു മസ്ഊദിന്റെ അഭിപ്രായങ്ങളെയാണ്.

പ്രവാചകാനുചാരന്മാരിലെ മഹാപണ്ഡിതനായിരുന്ന ഇബ്നു മസ്ഊദിന് ഖുർആൻ ക്രോഡീകരണത്തിന് നേതൃത്വം വഹിക്കുവാൻ തീർച്ചയായും അവകാശമുണ്ട്. അവിടെ താൻ പരിഗണിക്കപ്പെട്ടിട്ടില്ലെന്ന് തോന്നിയാൽ പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. തന്നെ അവഗണിച്ചുകൊണ്ട് തന്നെക്കാളും ഏറെ പ്രായം

കുറഞ്ഞ ഒരാളെ ഖുർആൻ പ്രതികളുണ്ടാക്കുകയെന്ന മഹാദൗത്യം ഏൽപിച്ചപ്പോൾ അതിനേക്കാൾ അക്കാര്യത്തിൽ പരിഗണിക്കപ്പെടേണ്ടിയിരുന്നത് താനായിരുന്നുവെന്ന് ആ മഹാപണ്ഡിതൻ വിചാരിച്ചത് സ്വാഭാവികമാണ്. പ്രസ്തുത സ്വാഭാവികതയിൽ കവിഞ്ഞ യാതൊന്നും തന്നെ അദ്ദേഹത്തിന്റെ പ്രതിഷേധപ്രതികരണത്തിൽ കാണാൻ കഴിയില്ല.

മൂന്ന്) എന്തുകൊണ്ടാണ് ഉഥ്മാൻ ഖുർആൻ ക്രോഡീകരണത്തിന്റെ ചുമതല ഇബ്നു മസ്ഊദിനെ ഏൽപ്പിക്കാതെ സൈദു ബ്നു ഥാബിത്തിനെ ഏൽപിച്ചത്? ഉഥ്മാനിന്റെ ന്യായീകരണങ്ങൾ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി തന്റെ *ഫത്ഹുൽ ബാരി*യിൽ വിശദീകരിക്കുന്നുണ്ട്. അവ ഇങ്ങനെയാണ്: ഖുർആൻ സമാഹരണത്തിനും ക്രോഡീകരണത്തിനും മദീനയിൽ വെച്ച് ഉഥ്മാൻ തീരുമാനിച്ച സന്ദർഭത്തിൽ ഇബ്നു മസ്ഊദ് ഇറാഖിലുള്ള കൂഫയിലാണ് ഉണ്ടായിരുന്നത്. അബൂബക്കറിന്റെ കാലത്തെ സുഹ്ഫിൽ നിന്ന് എല്ലാവർക്കും പാരായണം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള പകർപ്പെടുക്കുകയായിരുന്നു ഉഥ്മാനിന്റെ ഉദ്ദേശ്യം. സൈദു ബ്നു ഥാബിത്തായിരുന്നു അബൂബക്കറിന്റെ കാലത്തെ ഖുർആൻ ക്രോഡീകരണത്തിന് നേതൃത്വം വഹിച്ചത്. അതുകൊണ്ട് തന്നെ ഇക്കാര്യത്തിനും ഏറ്റവും അനുയോജ്യം അദ്ദേഹം തന്നെയാണെന്ന് ഉഥ്മാൻ കരുതിയത് സ്വാഭാവികമാണ്. പ്രവാചകന്റെ വഹ്യ് എഴുത്തുകാരനായിരുന്നുവെന്ന യോഗ്യത കൂടിയുണ്ട് സൈദിന്. (*ഫത്ഹുൽ ബാരി* 9/1920)

അബൂബക്കറിന്റെ കാലത്ത് വ്യത്യസ്തങ്ങളായ വസ്തുക്കളിൽ രേഖീകരിക്കപ്പെട്ടിരുന്ന ഖുർആൻ കയ്യെഴുത്തുകളെയെല്ലാം ഒരുമിച്ച് കൂട്ടി ഒരൊറ്റ ഗ്രന്ഥമാക്കുകയെന്ന ദുഷ്കരമായ ജോലി ഏൽപിക്കുമ്പോൾ അബൂബക്കറും ഉമറും കൂടി സൈദിനോട് പറഞ്ഞ കാര്യങ്ങൾ ഇവിടെയും ബാധകമാണ്. "നീ ബുദ്ധിമാനായ യുവാവാണ്. നിന്നെ ഞങ്ങൾ തെറ്റിദ്ധരിക്കുകയില്ല. നീ നബി(സ)ക്കായി ദിവ്യസന്ദേശങ്ങൾ എഴുതിയിരുന്നു. ആയതിനാൽ ഖുർആൻ രേഖകൾ അന്വേഷിച്ചു കണ്ടെത്തി ഒരുമിച്ചു കൂട്ടുക" (*സ്വഹീഹുൽ ബുഖാരി*, കിതാബുൽ അഹ്കാം, ബാബു യൂസ്തഹബ്ബ് ലിൽ കാത്തിബി അൻ യക്കൂന അമീനൻ ആഖിലൻ; *ജാമിഉത്തിർമിദി*, കിതാബുത്തഫ്സീർ). ഖുർആൻ സമാഹരണവിഷയത്തിൽ ബുദ്ധിയും കൂർമ്മതയും ഉള്ളയാളെന്ന് തന്റെ മുൻഗാമികൾ സാക്ഷീകരിച്ച വ്യക്തിയെത്തന്നെ

അതിന്റെ അടുത്ത ഘട്ടവും ഏൽപിക്കുന്നതാവും ഉത്തമമെന്ന് ഉഥ്മാൻ(റ) കരുതിയിരിക്കണം. ഇബ്നു മസ്ഊദ് (റ) അടക്കമുള്ള സ്വഹാബിമാരൊന്നും തന്നെ അബൂബക്കറി(റ)ന്റെ കാലത്തെ ക്രോഡീകരണത്തിന്റെ നേതൃത്വം സൈദിനെ ഏൽപിച്ചത് ശരിയായില്ല എന്ന് പറഞ്ഞിട്ടുമില്ലെന്ന സത്യം അക്കാര്യത്തിൽ രണ്ടാമത് ഒരു ആലോചന വേണ്ടതില്ലെന്ന തീരുമാനത്തിന് ഉഥ്മാനെ പ്രേരിപ്പിച്ചിരിക്കണം. പ്രവാചകനിൽ നിന്ന് അവസാനമായി ഖുർആൻ കേട്ടവരിൽ ഒരാളായ സൈദിനെ ഈ ഉത്തരവാദിത്തം ഏൽപിച്ചതിൽ ഇബ്നു മസ്ഊദ് ഒഴിച്ച് മറ്റൊരു സ്വഹാബിയും എതിരഭിപ്രായങ്ങളൊന്നും പറഞ്ഞിട്ടില്ലെന്നതു തന്നെ ഉഥ്മാനിന്റെ തീരുമാനം തന്നെയായിരുന്നു ശരിയെന്ന യാഥാർഥ്യം ബോധ്യപ്പെടുത്തുന്നുണ്ട്.

ഖുർആൻ ലിഖിതങ്ങളുടെ ശേഖരണത്തിനും പകർത്തിയെഴുത്തിനും ആവശ്യം ഖുർആനികവിജ്ഞാനീയങ്ങളിലുള്ള വിവരത്തെക്കാൾ ഭാഷാജ്ഞാനവും കയ്യെഴുത്തിനുള്ള കഴിവുമാണ്. ഇക്കാര്യത്തിൽ സൈദ് അഗ്രഗണ്യനായിരുന്നുവെന്ന് പ്രവാചകന്റെ വചനങ്ങളും ചെയ്തികളുമെല്ലാം സാക്ഷ്യം വഹിക്കുന്നുണ്ട്. സൈദ് ബിൻ ഥാബിതിൽ നിന്ന് തന്നെയുള്ള രണ്ട് നിവേദനങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

1) നബി (സ) എന്നോട് ചോദിച്ചു. നിനക്ക് സുറിയാനി ഭാഷ അറിയുമോ? ഞാൻ പറഞ്ഞു, ഇല്ല. നബി (സ) പറഞ്ഞു: നീ അത് പഠിക്കുക, എനിക്ക് ആ ഭാഷയിൽ ചില കത്തുകൾ വരാറുണ്ട്. ഞാൻ പതിനേഴ് ദിവസങ്ങൾ കൊണ്ട് അത് പഠിച്ചു. (ഇബ്നു ഹിബ്ബാൻ; സ്വഹീഹാണെന്ന് ശുഐബുൽ അർനഊഥ് 7136).

2) 'അല്ലാഹുവിന്റെ ദൂതൻ ജൂതന്മാർ അദ്ദേഹത്തിനെഴുതിയ എഴുത്തുകളിലെ ചില പ്രസ്താവനകൾ പഠിക്കാൻ എന്നോടാവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണെ! എന്റെ കത്തുകളുടെ കാര്യത്തിൽ ഞാൻ ജൂതന്മാരെ വിശ്വസിക്കുന്നില്ല.' അര മാസം കഴിയുന്നതിന് മുൻപ് ഞാൻ അവ പഠിച്ചെടുത്തു. പിന്നീട് ജൂതന്മാർക്കായി എന്തെങ്കിലും എഴുതേണ്ടതുണ്ടെങ്കിൽ പ്രവാചകനിർദേശപ്രകാരം ഞാൻ അവർക്ക് അത് എഴുതും; അദ്ദേഹത്തിന് അവർ എന്തെങ്കിലും എഴുതിയാൽ ഞാൻ അത് വായിച്ച് കൊടുക്കും" (*ജാമിഉ ത്തിർമിദി*; കിതാബുൽ ഇസ്തിഅദാൻ; ഹസൻ ആയ സനദോടെയുള്ളത്). ഖുർആൻ അവതരിക്കപ്പെടുന്ന സന്ദർഭങ്ങളിൽ പ്രവാചകൻ പ്രത്യേക

മായി ആരെയെങ്കിലും വിളിച്ച് അവ എഴുതാൻ ആവശ്യപ്പെടുമ്പോഴെല്ലാം അദ്ദേഹം വിളിച്ചിരുന്നത് സൈദിനെയായിരുന്നുവെന്നതിൽ നിന്ന് (*സ്വഹീഹുൽ ബുഖാരി*, കിതാബ് ഫദാഇലിൽ ഖുർആൻ, ബാബു നുസൂലുൽ വഹ്‌യി വ അവ്വ ലു മാ നസല) അദ്ദേഹത്തിന്റെ കയ്യെഴുത്ത് സാമർഥ്യം എത്രത്തോളമായിരുന്നുവെന്ന് നമുക്ക് വായിച്ചെടുക്കാൻ കഴിയും. ഖുർആൻ പകർത്തിയെഴുത്തിന് തികച്ചും അനുയോജ്യനായ വ്യക്തിയെത്തന്നെയാണ് ഉഥ്മാൻ (റ) തെരെഞ്ഞെടുത്തതെന്ന സത്യമാണ് ഇവിടെയും വെളിപ്പെടുന്നത്.

ഭാഷയിലും കയ്യെഴുത്തിലും മാത്രമല്ല മതത്തിലും അഗാധമായ പാണ്ഡിത്യമുള്ളയാളായിരുന്നു സൈദു ബിൻ ഥാബിത്ത്. “ഈ സമുദായത്തിലെ അഗാധ പണ്ഡിതൻ മരണപ്പെട്ടിരിക്കുന്നു” വെന്ന സൈദുബ്നു ഥാബിത്തിന്റെ മരണസന്ദർഭത്തിലുള്ള അബൂ ഹുറൈറയുടെ(റ) പ്രതികരണം (*സിയറു അഅ്‌ലാമി നുബലാഅ്* 2/439) മാത്രം മതി അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ ആഴം മനസ്സിലാക്കുവാൻ. ഈ ഉമ്മത്തിലെ പ്രധാനപ്പെട്ട പണ്ഡിതരിൽ സൈദ് ബിൻ സാബിത്തി(റ)നെ എണ്ണിയതായി കാണാം. (*മജ്മഉൽ ഇമാം ഹൈഥമി* 9/163)ജനങ്ങൾ മതപരമായ പ്രശ്നപരിഹാരം തേടി സൈദി(റ)നെ സമീപിച്ചതായി കാണാം. (*സ്വഹീഹ് ഇബ്നു മാജ* 62) ഉമർ (റ) യാത്ര പോകുമ്പോൾ ധാരാളമായി സൈദ് ബിൻ സാബിത്തി(റ)നെ പ്രതിനിധിയായി നിയമിച്ചിരുന്നു. (*സിയറു അഅ്‌ലാമി നുബലാഅ്* 2/434)

ഖസ്‌റജ് ഗോത്രക്കാർ അഭിമാനത്തോടെ പറഞ്ഞു: നബി(സ)യുടെ കാലഘട്ടത്തിൽ ഖുർആൻ സമ്പൂർണമായി ഒരുമിച്ച് കൂട്ടിയത് ഞങ്ങളിൽപ്പെട്ട നാലു പേരാണ്. ഇത് മറ്റാർക്കുമില്ല. അഥവാ സൈദു ബിൻ സാബിത്ത്, അബൂ സൈദ്, ഉബയ്യുബിൻ കഅ്ബ്, മുആദ് ബിൻ ജബൽ (ബസാർ 7090, ത്വഹാവി 10/374, ത്വബ്റാനി 3488) നബി (സ) പറഞ്ഞു: അനന്തരാവകാശ വിഷയവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഏറ്റവും പ്രാവിണ്യമുള്ളയാൾ സൈദ് ബിൻ സാബിത്ത് (റ) ആണ്. (*മുശ്കിലുൽ ആഥാർ* 810. സ്വഹീഹാണ്)

സാഖിത് ബിൻ ഉബൈദ് (റ) പറയുന്നു. ഒരു സദസ്സിൽ ഏറ്റവും മാന്യതയുള്ളവരും ഒരു ഭവനത്തിൽ ഏറ്റവും പാണ്ഡിത്യം ഉള്ളവരുമായി സൈദ് ബിൻ സാബിത്തി(റ)നെ പോലെ ഞാനൊരാളെയും ദർശിച്ചിട്ടില്ല. (*അൽ അദബുൽ മുഫ്റദ്* 219. സ്വഹീഹാണ്).

ഇബ്നു മസ്ഊദി(റ)ന്റെ ശിഷ്യനായ മസ്റൂക് (റ) മദീനയിൽ വന്നു. സൈദി(റ)ന്റെ പാണ്ഡിത്യത്തിൽ അത്ഭുതപ്പെട്ടു. ശിഷ്യൻമാർ ചോദിച്ചു. താങ്കൾ ഇബ്നു മസ്ഊദി(റ)ന്റെ അഭിപ്രായം ഒഴിവാക്കുന്നോ? മസ്റൂക് പറഞ്ഞു. സൈദി(റ)ന് അറിവിൽ അവഗാഹമുള്ളതായി ഞാൻ ഗണിക്കുന്നു. (*സിയറു അഅ്ലാമി നുബലാഅ്* 2/437. സ്വഹീഹാണ്). ഭാഷയിലുള്ള കഴിവും എഴുത്തിനുള്ള പാടവവും മതത്തിലുള്ള അഗാധ ജ്ഞാനവുമുള്ള ആളെത്തന്നെയാണ് ഖുർആൻ ക്രോഡീകരണത്തിന്റെ നേതൃത്വത്തിന് ഉഥ്മാൻ തെരഞ്ഞെടുത്തതെന്ന് ഇതിൽ നിന്ന് സുതരാം വ്യക്തമാകുന്നുണ്ട്.

നാല്) യഥാർത്ഥത്തിൽ തന്റെ കൈവശമുള്ള ഖുർആനിന്റെ സ്വകാര്യകോപ്പി നശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതാണ് മറ്റെന്തിനേക്കാളുമധികം ഇബ്നു മസ്ഊദിനെ ചൊടിപ്പിച്ചതെന്ന് നടേ സൂചിപ്പിച്ച ഹദീഥുകളുടെ വരികൾക്കിടയിലൂടെ വായിച്ചാൽ ബോധ്യമാവും. അബൂബക്കറിന്റെ കാലത്തെ ക്രോഡീകരണത്തിനും നേതൃത്വം നൽകിയത് സൈദു ബിൻ ഥാബിത്ത് തന്നെയായിരുന്നുവല്ലോ. അപ്പോഴൊന്നും തന്നെ അദ്ദേഹത്തെക്കുറിച്ച് എന്തെങ്കിലും ഒരു ആക്ഷേപം ഇബ്നു മസ്ഊദ് ഉന്നയിച്ചതായി യാതൊരു രേഖയുമില്ല. അതിനർത്ഥം സൈദിന്റെ നേതൃത്വത്തിനല്ല ഇബ്നു മസ്ഊദ് കുഴപ്പം കണ്ടത് എന്നാണ്. സൈദിനെക്കുറിച്ച വിമർശനവാക്കുകൾ അദ്ദേഹം പറയുന്നത് സൈദ് തന്റെ ദൗത്യം പൂർത്തിയാക്കിയതിന് ശേഷമാണ്; അക്കാര്യം ഏല്പിച്ച ഉടനെയല്ല. സൈദിന്റെ ദൗത്യം പൂർത്തിയാക്കിയതിനു ശേഷമാണ് സ്വകാര്യകോപ്പികൾ നശിപ്പിക്കുവാനുള്ള ഖലീഫയുടെ ഉത്തരവുണ്ടാവുന്നത്. അപ്പോൾ തീർച്ചയായും ഇബ്നു മസ്ഊദിന് ദേഷ്യം പിടിച്ചിട്ടുണ്ടാവണം. പ്രവാചകസന്നിധിയിൽ വെച്ച് താൻ കേട്ട് എഴുതിയെടുത്ത, തന്റെ സ്വകാര്യപാരായണത്തിനും പഠനത്തിനും താൻ ഉപയോഗിക്കുന്ന ഖുർആൻ കയ്യെഴുത്തുരേഖയാണ് ഖലീഫ നശിപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തെ അത് വേദനിപ്പിച്ചിരിക്കണം. പ്രവാചകനോടൊപ്പം ദീർഘകാലം ജീവിച്ച തന്റെ കൈവശമുള്ള കോപ്പി നശിപ്പിച്ച് പകരം തന്റെ മകനാകാൻ മാത്രം പ്രായമുള്ള സൈദിന്റെ നേതൃത്വത്തിൽ നിർമ്മിച്ച മുസ്ഹഫ് താൻ പാരായണം ചെയ്യണമെന്ന ഖലീഫാനിർദേശം ആവന്ദ്യവയോധികനായ പ്രവാചകാനുചരനെ ചൊടിപ്പിച്ചതിൽ നിന്നാണ് സൈദിനെതിരെയുള്ള അദ്ദേഹത്തിന്റെ പ്രതികരണങ്ങളെല്ലാമു

ണ്ടായതെന്നാണ് മനസ്സിലാകുന്നത്. ആ പ്രതികരണം പ്രവാചകനോടും അദ്ദേഹത്തില്‍ നിന്ന് താന്‍ കേട്ടെഴുതിയ ഖുര്‍ആന്‍പ്രതിയോടുമുള്ള സ്നേഹത്തില്‍ നിന്നുണ്ടായതാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തെ വിമര്‍ശിക്കുകയല്ല, അനുനയിപ്പിക്കുകയാണ് മറ്റു സ്വഹാബിമാര്‍ ചെയ്തത്.

തന്റെ കയ്യെഴുത്ത് പ്രതി നശിപ്പിക്കാതെ സൂക്ഷിച്ചുവെക്കാന്‍ തീരുമാനിച്ചതിനോടൊപ്പം, സ്വകാര്യകയ്യെഴുത്തുരേഖകള്‍ കൈവശമുള്ളവരോടെല്ലാം അവ മറച്ചുവെക്കുകയും സൂക്ഷിച്ചുവെക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയുമാണ് ഇബ്നു മസ്ഊദ് ചെയ്തത്. അതല്ലാതെ സൈദ് ബ്നു ഥാബിത്തിന്റെ നേതൃത്വത്തില്‍ ക്രോഡീകരിക്കപ്പെടുകയും കോപ്പികളെടുക്കുകയും ചെയ്ത മുസ്ഹഫില്‍ ഗുരുതരമായ എന്തെങ്കിലും സ്ഖലിതങ്ങളുള്ളതായി അദ്ദേഹം എവിടെയും പറഞ്ഞിട്ടില്ല; അങ്ങനെയുള്ള സൂചനകള്‍ പോലും നല്‍കിയിട്ടില്ല.

അഞ്ച്) തന്റെ കയ്യിലുള്ള സ്വകാര്യകയ്യെഴുത്തുപ്രതി നശിപ്പിക്കുകയില്ലെന്ന് പ്രഖ്യാപിക്കുകയും അങ്ങനെ ചെയ്യേണ്ടതില്ലെന്ന് മറ്റുള്ളവരോട് ആഹ്വാനം നടത്തുകയും ചെയ്ത ഇബ്നു മസ്ഊദിന്റെ നടപടി ശരിയായില്ലെന്നായിരുന്നു സ്വഹാബിമാരില്‍ മിക്കവരുടെയും അഭിപ്രായം. ഇക്കാര്യം ഇബ്നു മസ്ഊദിന്റെ പ്രതിസ്വരം രേഖപ്പെടുത്തിയ ഇമാം സുഹ്‌രി തന്നെ വ്യക്തമാക്കുന്നുണ്ട്. "അല്ലാഹുവിന്റെ ദൂതന്റെ അനുചരന്മാരില്‍ ഉന്നതമായ നിലവാരത്തിലുള്ള പലരും ഇബ്നു മസ്ഊദിന്റെ ഈ വീക്ഷണത്തെ ഇഷ്ടപ്പെട്ടിരുന്നില്ല" (*ജാമി ഉത്തിര്‍മിദി*, അബ്‌വാബു തഫ്സീറുല്‍ ഖുര്‍ആന്‍ ഹദീഥ് 3104). ഖുര്‍ആനിന്റെ ഉള്ളടക്കത്തില്‍ എന്തെങ്കിലും കൈകടത്തലുകളുണ്ടായെന്നായിരുന്നു അദ്ദേഹത്തിന്റെ ആരോപണമെങ്കില്‍ സ്വഹാബിമാര്‍ ഒന്നുകില്‍ അദ്ദേഹത്തോടോപ്പമുണ്ടാകുമായിരുന്നു; അതല്ലെങ്കില്‍ അദ്ദേഹത്തിനെതിരെ കടുത്ത വിമര്‍ശങ്ങള്‍ ഉന്നയിക്കുമായിരുന്നു. ഖുര്‍ആനിന്റെ ഉള്ളടക്കത്തില്‍ സംശയിക്കുകയെന്നത് മുസ്‌ലിം സമൂഹം മതത്തില്‍ നിന്ന് പുറത്താകുന്ന പ്രവര്‍ത്തനമായാണ് അന്നും ഇന്നും കരുതിപ്പോന്നിട്ടുള്ളത്.

ആറ്) കയ്യെഴുത്തുരേഖകള്‍ കൈവശമുള്ളവര്‍ അവ നശിപ്പിക്കേണ്ടതില്ലയെന്ന തന്റെ നിലപാടില്‍ നിന്ന് ഇബ്നു മസ്ഊദ് തന്നെ പില്‍ക്കാലത്ത് പിന്‍വലിയുകയും മുസ്‌ലിംസമൂഹത്തിന്റെ പൊതുനി

ലപാട് തന്നെയാണ് ശരിയെന്ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ഇബ്നു കഥീർ തന്റെ *അൽ ബിദായ വ ന്നിഹായ*യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "ഉഥ്മാൻ (റ) അദ്ദേഹത്തിന് (ഇബ്നു മസ്ഊദ്) മറ്റു പ്രവാചകാനുചരന്മാരെ താങ്കളും അനുധാവനം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഴുതി. സ്വഹാബിമാരെല്ലാം എന്തുകൊണ്ടാണ് പ്രസ്തുത തീരുമാനത്തിലെത്തിയതെന്നും അതുകൊണ്ടുണ്ടാവുന്ന നേട്ടങ്ങളും വിരുദ്ധാഭിപ്രായങ്ങളില്ലാതെയാക്കി ഖുർആനിന്റെ വിഷയത്തിൽ ഒരേ അഭിപ്രായത്തിലേക്ക് എല്ലാവരും എത്തേണ്ടതിന്റെ ആവശ്യകതയുമെല്ലാം എഴുത്തിൽ പരാമർശിച്ചിരുന്നു. അദ്ദേഹത്തിന് കാര്യങ്ങൾ മനസ്സിലാവുകയും എതിർപ്പുകൾ വെടിഞ്ഞ് ഐക്യപ്പെടാൻ അദ്ദേഹം അങ്ങനെ തീരുമാനിക്കുകയും ചെയ്തു." (7/217)

ശരിയാണ്; പ്രവാചകനിൽ നിന്ന് നേരിട്ട് കേട്ട് താൻ എഴുതിയ ഖുർആനിന്റെ സ്വന്തം കയ്യെഴുത്തുപ്രതി നശിപ്പിക്കാൻ ഇബ്നു മസ്ഊദിന് സമ്മതമുണ്ടായിരുന്നില്ല; തന്റെ മകന്റെ മാത്രം പ്രായമുള്ള സൈദ് ക്രോഡീകരിച്ച പ്രതി സ്വീകരിച്ച് പകരം തന്റെ സ്വന്തം പ്രതി നശിപ്പിക്കില്ലെന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുകയും കയ്യെഴുത്ത് പ്രതികൾ കൈവശമുള്ളവരൊന്നും അവ നശിപ്പിക്കരുതെന്ന് ആഹ്വാനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ സൈദ് ക്രോഡീകരിച്ച ഖുർആൻ കൈയ്യെഴുത്ത് രേഖയിൽ ഗുരുതമായ എന്തെങ്കിലും പ്രശ്നങ്ങളുള്ളതായി അദ്ദേഹം ആരോപിച്ചിട്ടില്ല. പ്രവാചകാനുചരന്മാർ മൊത്തത്തിലെടുത്ത തീരുമാനത്തിനെതിരെയുള്ള തന്റെ പ്രതിസ്വരം ശരിയല്ലെന്ന് ബോധ്യപ്പെട്ടതോടെ അദ്ദേഹം അത് തിരുത്തുകയും ചെയ്തിട്ടുണ്ട്. മൂർഖനെ ലഭിക്കുമെന്ന് കരുതി ഇസ്ലാമികഗ്രന്ഥങ്ങളുടെ മാളങ്ങളിലെല്ലാം തപ്പി നോക്കിയിട്ട് വിമർശകർക്ക് ലഭിച്ചത് കേവലമൊരു ഞാഞ്ഞൂൽ മാത്രമാണെന്ന സത്യം ഖുർആനിന്റെ അബദ്ധങ്ങളില്ലാതെയുള്ള സംപ്രേഷണത്തെക്കുറിച്ച മതിപ്പ് വർധിപ്പിക്കാൻ മാത്രമേ നിമിത്തമാവുകയുള്ളൂ.

23. ആയിശയുടെ കൂട്ടിച്ചേർക്കലുകൾ

ഖുർആനിൽ സൂറത്തുൽ ബഖറയിലെ 238 ആം വചനത്തിൽ ഇന്നുള്ള ഖുർആനിൽ ഇല്ലാത്ത ഒരു പ്രയോഗം ആയിശ(റ)യുടേതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. ഖുർആനിൽ തിരുത്തലുകളുണ്ടായി എന്നല്ലേ അത് വ്യക്തമാക്കുന്നത്?

മറുപടി:

ആയിശ(റ)യിൽ നിന്ന് നിവേദനം ചെയ്തിരിക്കുന്ന ഒരു ഹദീഥിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഈ വിമർശനം. ഹദീഥ് ഇങ്ങനെയാണ്: "ആയിശ(റ)യുടെ സ്വാതന്ത്ര്യനാക്കപ്പെട്ട ദാസനായ അബൂയൂനുസ് (റ) പറഞ്ഞു: ആയിശ (റ) അവർക്കുവേണ്ടി ഒരു ഖുർആൻ എഴുതിയുണ്ടാക്കാൻ എന്നോട് ആവശ്യപ്പെട്ടുകൊണ്ട് പറഞ്ഞു. 'നമസ്കാരങ്ങൾ, വിശേഷിച്ചും ഉൽകൃഷ്ടനമസ്കാരം നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിക്കുക' (حَافِظُوا عَلَى الصَّلَوَاتِ وَالصَّلاَةِ الْوُسْطَى) എന്ന വചനമെത്തുമ്പോൾ നീ എന്നെ അറിയിക്കണം. ആ വചനമെത്തിയപ്പോൾ ഞാൻ അവരെ അറിയിച്ചു. അപ്പോൾ അവർ എന്നോട് ഇങ്ങനെ രേഖപ്പെടുത്താൻ പറഞ്ഞു: 'നമസ്കാരങ്ങൾ, വിശേഷിച്ചും ഉൽകൃഷ്ടനമസ്കാരവും അസർ നമസ്കാരവും നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിക്കുക; അല്ലാഹുവിനു മുമ്പിൽ ഭയഭക്തിയോടെയാകണം നിങ്ങൾ നിൽക്കേണ്ടത്' (حَافِظُوا عَلَى الصَّلَوَاتِ وَالصَّلاَةِ الْوُسْطَى وَصَلاَةِ الْعَصْرِ

(وَقُومُوا لِلَّهِ قَانِتِينَ) എന്നിട്ട് അവർ പറഞ്ഞു. ഇങ്ങനെയാണ് ഞാൻ അല്ലാഹുവിന്റെ ദൂതനിൽ നിന്ന് കേട്ടിട്ടുള്ളത്" (*സ്വഹീഹ് മുസ്‌ലിം*, കിതാബുൽ മസാജിദി വൽ മവാദിഇ സ്സ്വലാത്തി; *ജാമിഉത്തിർമിദി*, കിതാബുത്തഫ്‌സീറിൽ ഖുർആൻ; *സുനനു അബീദാവൂദ്*, കിതാബുസ്വലാത്ത്; *സുനനു ന്നസാഈ*, കിതാബുസ്വലാത്ത്; *മുവത്വ* മാലിക്ക്, കിതാബു സ്വലാത്തിൽ ജമാഅഃ)

എന്താണ് ആയിശ (റ) ഇങ്ങനെ പറയാനുള്ള കാരണം? അത് *സ്വഹീഹ് മുസ്‌ലിമിൽ* തന്നെയുള്ള അടുത്ത ഹദീഥിൽ നിന്ന് മനസ്സിലാവും.

അൽ ബറാഉ ബിൻ ആസിബിൽ നിന്ന് നിവേദനം: ഈ വചനം ആദ്യം അവതരിക്കപ്പെട്ടത് ഇങ്ങനെയായിരുന്നു: 'നമസ്കാരങ്ങൾ, വിശേഷിച്ചും അസർ നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിക്കുക' (حَافِظُوا عَلَى الصَّلَوَاتِ وَصَلاَةِ الْعَصْرِ). ഈ വചനം അല്ലാഹു ഉദ്ദേശിച്ച കാലത്തോളം ഞങ്ങൾ പാരായണം ചെയ്തിരുന്നത് ഇങ്ങനെയായിരുന്നു. അതിനു ശേഷം അല്ലാഹു ഇത് ദുർബലപ്പെടുത്തുകയും 'നമസ്കാരങ്ങൾ, വിശേഷിച്ചും ഉൽകൃഷ്ടനമസ്കാരം നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിക്കുക' (حَافِظُوا عَلَى الصَّلَوَاتِ وَالصَّلاَةِ الْوُسْطَى) എന്ന വചനം അവതരിപ്പിക്കുകയും ചെയ്തു. (നിവേദക ശൃംഖലയിലെ ഒരാളായ) ശഖീഖിന് അടുത്തിരുന്ന ഒരാൾ പറഞ്ഞു; ഇപ്പോൾ അത് അർത്ഥമാക്കുന്നത് അസർ നമസ്കാരമാണ്. ഇത് സംബന്ധമായി ബറാഅ പറഞ്ഞു: ഈ വചനം എങ്ങനെയാണ് അവതരിച്ചതെന്നും എങ്ങനെയാണ് അല്ലാഹു അത് ദുർബലപ്പെടുത്തിയതെന്നും ഞാൻ നിന്നോട് പറഞ്ഞു കഴിഞ്ഞുവല്ലോ; അല്ലാഹുവിനാണ് കാര്യങ്ങളെല്ലാം കൃത്യമായി അറിയുക." (*സ്വഹീഹ് മുസ്‌ലിം*, കിതാബുൽ മസാജിദി വൽ മവാദിഇ സ്സ്വലാത്തി)

ഈ ഹദീഥുകൾ വ്യാഖ്യാനിച്ച പണ്ഡിതന്മാർ ആയിശ (റ) അങ്ങനെ പറഞ്ഞതെന്തുകൊണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തിർമിദിയുടെ വ്യാഖ്യാതാവായ അബ്ദുറഹ്മാൻ അൽമുബാറക് പൂരി എഴുതുന്നു: "അൽ ബാജി പറഞ്ഞു: 'അവർ(ആയിശ) ഇത് ഖുർആനിലുള്ളതെന്ന രൂപത്തിൽ കേട്ടതിനു ശേഷമായിരിക്കാം- മുസ്‌ലിം ബറാഇൽ നിന്ന് നിവേദനം ചെയ്ത ഹദീഥിലുള്ളതുപോലെ- അത് ദുർബലപ്പെടുത്തപ്പെട്ടത്; ആയിശ (റ) ഈ വചനം ദുർബലപ്പെടുത്തപ്പെട്ടത് അറിഞ്ഞിട്ടില്ലായിരിക്കാം; അറിഞ്ഞെങ്കിലും അതിലെ നിയമം മാത്രം

ദുർബലപ്പെടുത്തപ്പെടുകയും വചനം നിലനിൽക്കുന്നുവെന്ന് അവർ കരുതിയിരിക്കാം; അത് ഖുർആനിന്റെ ഭാഗമല്ലെങ്കിലും അതിന്റെ പ്രാധാന്യം വ്യക്തമാക്കാനായി അല്ലാഹുവിന്റെ ദൂതൻ അവരോട് പറഞ്ഞതിൽ നിന്ന് അത് ഖുർആനിന്റെ ഭാഗം തന്നെയാണെന്ന് അവർ ധരിക്കുകയും കൈയെഴുത്ത് പ്രതിയിൽ അത് ഉൾപ്പെടുത്തണമെന്ന് അവർ ആഗ്രഹിക്കുകയും ചെയ്തതാവാം. (ഇങ്ങനെ പല സാധ്യതകളുമുണ്ട്). *മുവത്വ*യുടെ വിശദീകരണത്തിൽ സർഖാനിയും പറഞ്ഞത് ഇത് തന്നെയാണ്. (*തുഹ്ഫത്തുൽ അഹ്‌വാദി ബി ശറഹി ജാമിഉത്തിര്മിദി*, ഹദീഥ് 2908)

ദുർബലപ്പെടുത്തപ്പെട്ട ഒരു പ്രയോഗം മാത്രമാണ് ഖുർആനിൽ നിന്ന് കളഞ്ഞുപോയതായി വിമർശകർ ആരോപിക്കുന്നത് എന്നാണ് ഇത് വ്യക്തമാക്കുന്നത്. ദുർബലപ്പെടുത്തപ്പെട്ട എല്ലാ പ്രയോഗങ്ങളെയും വചനങ്ങളെയും കുറിച്ച് എല്ലാ പ്രവാചകാനുചരന്മാരും എല്ലായ്പ്പോഴും അറിഞ്ഞുകൊള്ളണമെന്നില്ല. അതുകൊണ്ട് തന്നെ അവരുടെ സ്വകാര്യകോപ്പികളിൽ അത്തരം വചനങ്ങളും പ്രയോഗങ്ങളും സ്ഥാനം പിടിച്ചിരിക്കാനിടയുണ്ട്. 'നസ്ഖ്' ചെയ്യപ്പെട്ട പ്രയോഗമാണ് 'അസർ നമസ്കാരത്തിലും' (وَصَلَاةِ الْعَصْرِ) എന്നത് എന്ന വസ്തുത അറിയാത്തതുകൊണ്ടുണ്ടായ ആയിശാബീവിയുടെ(റ) ഒരു ആശയക്കുഴപ്പം മാത്രമാണ് ഒന്നാമത്തെ ഹദീഥിലുള്ളത്. ഇത്തരം ആശയക്കുഴപ്പങ്ങൾ വ്യക്തിപരമായി സൂക്ഷിച്ചുവെച്ച ഖുർആൻ കോപ്പികളിൽ ഉണ്ടാവാമെന്നത് കൊണ്ട് തന്നെയാണ് സ്വഹാബിമാരെല്ലാം ഏകകണ്ഠമായി അംഗീകരിച്ച ഖുർആൻ കോപ്പി പുറത്തിറങ്ങിയതോടെ അത്തരം സ്വകാര്യകോപ്പികളെല്ലാം നശിപ്പിക്കാൻ ഉഥ്മാൻ (റ) ഉത്തരവിട്ടത്. പ്രസ്തുത ഉത്തരവിന്റെ സൂക്ഷ്മതയും അനിവാര്യതയുമല്ലാതെ മറ്റൊന്നും തന്നെ ഈ ഹദീഥുകൾ വെളിപ്പെടുത്തുന്നില്ല.

24. ഹജ്ജാജ് തിരുത്തിയോ?

ഹിജ്റ 95ൽ മരണപ്പെട്ട ഹജ്ജാജ് ബിൻ യൂസഫ് ഖുർആനിലെ പതിനൊന്ന് സ്ഥലങ്ങളിൽ തന്റേതായ ചെറിയ മാറ്റങ്ങൾ വരുത്തി യെന്ന നിവേദനങ്ങളുണ്ടല്ലോ. പ്രധാനപ്പെട്ട നാല് ഖലീഫമാരുടെ കാലശേഷവും ഖുർആനിൽ തിരുത്തലുകളുണ്ടായി എങ്കിൽ പിന്നെ അത് സംരക്ഷിക്കപ്പെട്ടുവെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണു ള്ളത്?

മറുപടി:

ഇബ്നു അബീദാവൂദിന്റെ *ആൽമസാഹിഫി*ലുള്ള ഒരു ഉദ്ധരണി യുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ വിമർശനം. ഉദ്ധരണി ഇങ്ങ നെയാണ്: “അബ്ബാദ് ബ്നു ശുഹൈബ്, ഔഫ് ബ്നു അബീജമീല യിൽ നിന്ന് നിവേദനം ചെയ്യുന്നു: അൽ ഹജ്ജാജ് ഖുർആനിലെ പതിനൊന്ന് പദങ്ങൾ മാറ്റിയെഴുതി. സൂറത്തുൽ ബഖറയിൽ (2 :259) ‘ലം യതസന്ന വൻദുർ’ (لَمْ يَتَسَنَّ وَانْظُرْ) എന്നേ ഉണ്ടായിരുന്നുള്ളൂ. അത് ‘ലം യതസന്നഹു വൻദുർ’ (لَمْ يَتَسَنَّهْ وَانْظُرْ) എന്നാക്കി മാറ്റി. മാഇദയിൽ (3:58) ‘ശരീഅത്തൻ വ മിൻഹാജൻ’. (شريعة وَّمِنْهَاجً) എന്നാണുണ്ടായിരു ന്നത്. അത് ‘ശിർഅത്തൻ വ മിൻഹാജൻ’ (شِرْعَةً وَّمِنْهَاجًا) എന്നാക്കിത്തീ ർത്തു. യൂനുസിൽ (10:22) ‘ഹുവല്ലദീ യുൻശിറുക്കും’ (هُوَ الَّذِىْ ينشركم)

എന്നായിരുന്നത് 'ഹുവല്ലദീ യുസയ്യിറുക്കും' (هُوَ الَّذِىْ يُسَيِّرُكُمْ) എന്നാക്കി മാറ്റി. യൂസുഫിൽ (12:45) 'അന ആത്തീകും ബി തഅവീലിഹി' (اَنَا آتيكم بِتَأْوِيْلِه) എന്നായിരുന്നിടത്ത് 'അന ഉനബ്ബിഉക്കും ബി തഅവീലിഹി' (اَنَا اُنَبِّئُكُمْ بِتَأْوِيْلِه) എന്നാക്കിത്തീർത്തു. സുഖ്റൂഫിൽ (43:32) 'നഹ്നു ഖസംനാ ബൈനഹും മആഇശഹും' (نَحْنُ قَسَمْنَا بَيْنَهُمْ معايشهم) എന്നായിരുന്നിടത്ത് 'നഹ്നു ഖസംനാ ബൈനഹും മഈശത്തഹും' (نَحْنُ قَسَمْنَا بَيْنَهُمْ مَّعِيْشَتَهُمْ) എന്നാക്കി മാറ്റി. തക്‌വീറിൽ (81:24). 'വമാ ഹുവ അലൽ ഗൈബി ബി ദ്വനീൻ' (وَمَا هُوَ عَلَى الْغَيْبِ بِظَنِيْنٍ) എന്നതിന് പകരമായി 'വമാ ഹുവ അലൽ ഗൈബി ബി ദനീൻ' (وَمَا هُوَ عَلَى الْغَيْبِ بِضَنِيْنٍ) എന്നാക്കിത്തീർത്തു" (ഇബ്നു അബീദാവൂദ്: *കിതാബുൽ മസാഹിഫ്*, പുറം 49)

മുഹമ്മദ് നബിക്ക് അര നൂറ്റാണ്ടുകൾക്ക് ശേഷം പോലും ഖുർആനിൽ കൈകടത്തലുകൾ നടന്നുവെന്ന വിമർശനം ശരിയാണെങ്കിൽ അതേറെ ഗൗരവമുള്ള കാര്യമാണ്. എന്നാൽ വസ്തുതയെന്താണ്?

ഒന്ന്) ഈ നിവേദനം തെളിവിന് ആശ്രയിക്കാൻ കഴിയാത്ത വിധം തീരെ ദുർബലമാണ്. ഇമാം ദഹബി തന്റെ *മീസാനുൽ ഇഅ്തിദാലി*ൽ പറയുന്നു: "ഈ നിവേദനം വളരെ ദുർബലമോ (ദഈഫൻ ജിദ്ദൻ) കെട്ടിയുണ്ടാക്കപ്പെട്ടതോ (മൗദൂഅ്) ആണ്. ഇതിന്റെ നിവേദകപരമ്പരയിൽ അബ്ബാദ് ബിൻ ശുഐബ് ഉള്ളതുകൊണ്ടാണത്. അയാളുടെ ഹദീഥുകളെല്ലാം തള്ളപ്പെടേണ്ടതാണ്. അലിയ്യു ബ്നു മദീനി പറഞ്ഞത് അയാളുടെ ഹദീഥുകൾ കൊള്ളാവുന്നവയല്ലെന്നാണ്. അയാൾ തള്ളപ്പെടേണ്ടവനാണെന്നാണ് ബുഖാരിയുടെയും നസാഇയുടെയും മറ്റുള്ളവരുടെയുമെല്ലാം പക്ഷം. തന്റെ വ്യതിയാനാദർശങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിച്ച (ദൈവികവിധിയെ നിഷേധിച്ചവരായ) ഖദ്‌രിയ്യാക്കളിൽ പെട്ട ഇയാളുടെ നിവേദനങ്ങളിൽ പലതും ഈ രംഗത്തുള്ള ഒരു നവാഗതൻ പോലും കേട്ടാൽ അയാൾക്ക് അവ കെട്ടിയുണ്ടാക്കിയതാണെന്ന് മനസ്സിലാവുന്ന തരത്തിലുള്ളവയാണ്. ദഹബി പറയുന്നു: തള്ളപ്പെടേണ്ടവരിൽ പെട്ടയാളാണ് ഇയാൾ" (4/28)

ഇക്കാര്യം തന്നെയാണ് ഈ നിവേദകനെപ്പറ്റി ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി തന്റെ *കിതാബു ലിസാനുൽ മീസാനി*ലും (പുറങ്ങൾ 230-231) ഇമാം ഇബ്നു ഹിബ്ബാൻ തന്റെ *കിത്താബൽ*

മജ്ഹൂഹീൻ മിനൽ മുഹദ്ദിഥിൻ വൽ ദുഅഫാഅ വൽ മത്റൂഖീൻ (പുറങ്ങൾ 164-165) എന്ന കൃതിയിലും പറഞ്ഞിട്ടുള്ളത്.

ആരോ തങ്ങളുടെ ആശയപ്രചാരണത്തിനു വേണ്ടി കെട്ടിയുണ്ടാക്കിയ വാറോല മാത്രമാണ് ഖുർആനിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യാനായി വിമർശകരുടെ കൈകളിലുള്ള ആയുധങ്ങളിൽ ഏറ്റവും മൂർച്ചയുള്ളത് എന്ന സത്യം എന്തുമാത്രം പരിഹാസ്യമല്ല!

രണ്ട്) അമവിയ്യാ ഖലീഫയായിരുന്ന അബ്ദുൽ മലിക്ക് ബ്നു മർവ്വാനിന്റെ ഇറാഖിലെ ഗവർണറായിരുന്നു ഹജ്ജാജ് ബ്നു യൂസുഫ്. ഉഥ്മാനിനെ ആദരിക്കുകയും അദ്ദേഹത്തെ ആരെങ്കിലും അനാദരിക്കുന്നതിനെ വെറുക്കുകയും വിമർശിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നവരാണ് അമവിയ്യാക്കൾ. ഹജ്ജാജ് അക്കാര്യത്തിൽ ഏറെ മുന്നിലായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ചരിത്രം വ്യക്തമാക്കുന്നുണ്ട്. ഉഥ്മാനിനെ മറ്റുള്ളവർ വിമർശിക്കുവാനും നിന്ദിക്കുവാനും ഇട വരുത്തുന്ന ഒരു ആരോപണം അദ്ദേഹത്തിൽ നിന്നുണ്ടാകുവാൻ യാതൊരു സാധ്യതയുമില്ല. *അൽ മസാഹിഫി*ലെ നിവേദനം ശരിയാണെങ്കിൽ ഉഥ്മാനിന് ഖുർആൻ ക്രോഡീകരണത്തിൽ തെറ്റു പറ്റിയെന്ന് ഹജ്ജാജ് അംഗീകരിച്ചുവെന്നാണ് അതിനർത്ഥം. അങ്ങനെയൊന്ന് ഉണ്ടാകുവാൻ യാതൊരു സാധ്യതയുമില്ലെന്ന് അന്നത്തെ രാഷ്ട്രീയസാഹചര്യങ്ങൾ അപഗ്രഥിക്കുന്ന ആർക്കും ബോധ്യമാവും.

മൂന്ന്) ഉഥ്മാനിന്റെ കാലത്ത് തന്നെ അദ്ദേഹം നിർമ്മിച്ച ഖുർആൻപതിപ്പുകൾ വ്യത്യസ്ത പ്രവിശ്യകളിലേക്ക് അയച്ചു കൊടുത്തിട്ടുണ്ടായിരുന്നു. ഖലീഫ അബ്ദുൽ മലിക്ക് ബ്നു മർവ്വാനിന്റെ കാലമായപ്പോഴേക്കും അവയിൽ നിന്ന് പകർത്തിയെഴുതിയ കോപ്പികൾ എല്ലായിടത്തും വ്യാപകമായിരുന്നു. അവയുടെ അടിസ്ഥാനത്തിൽ പാരായണം അഭ്യസിച്ച പതിനായിരങ്ങൾ ഇസ്‌ലാമികസാമ്രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ ജീവിച്ചിരിക്കുകയും ചെയ്തിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന മുഴുവൻ മുസ്ഹഫുകളിലും ഹജ്ജാജ് തിരുത്തുകയും പ്രസ്തുത തിരുത്തുകൾ പ്രകാരം അന്ന് ജീവിച്ചിരുന്ന ഖുർആൻ മനഃപാഠമാക്കിയിരുന്ന മുഴുവനാളുകളും തങ്ങളുടെ മനഃപാഠം പരിഷ്കരിച്ചുവെന്നും കരുതുന്നത് മൗഢ്യമാണ്; തികച്ചും അസംഭവ്യവും അപ്രായോഗികവുമാണത്.

നാല്) അമവിയ്യാ ഖലീഫയായിരുന്ന അബ്ദുൽ മലിക്ക് ബ്നു മർവ്വാനിന്റെ ഇറാഖിലെ ഗവർണർ മാത്രമായിരുന്നു ഹജ്ജാജ്.

ബ്രഹത്തായ ഇസ്‌ലാമികസാമ്രാജ്യത്തിലെ നിരവധി പ്രദേശങ്ങളിൽ ഒന്നിന്റെ മാത്രം ഗവർണർ. ഹജ്ജാജ് ഭരിച്ചിരുന്ന ഇറാഖിലെ മുഴുവൻ മുസ്ഹഫുകളിലും തിരുത്താൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് തന്നെ കരുതുക. എങ്കിൽ പോലും ഇസ്‌ലാമിക സാമ്രാജ്യത്തിൽ ബാക്കിയുള്ള സ്ഥലങ്ങളിലുള്ള ആയിരക്കണക്കിന് ഖുർആൻ പ്രതികളെല്ലാം അദ്ദേഹത്തിന് തിരുത്താൻ കഴിയുന്നതെങ്ങനെ? തികച്ചും അസംഭവ്യമാണ് *അൽ മസാഹിഫിൽ* ആരോപിക്കപ്പെട്ട സംഭവം എന്നാണിത് വ്യക്തമാക്കുന്നത്.

അഞ്ച്) ഹജ്ജാജ് ഭരിച്ചിരുന്ന ഇറാഖിലെ മുഴുവൻ മുസ്ഹഫുകളിലും അദ്ദേഹം തിരുത്തിയെന്ന് തന്നെ കരുതുക. അക്കാലത്തെ ഇസ്‌ലാമിക സാമ്രാജ്യത്തിൽ മറ്റുള്ള പ്രദേശങ്ങളിൽ പാരായണം ചെയ്യപ്പെട്ടിരുന്ന മുസ്ഹഫുകളുമായി അവയ്ക്ക് അപ്പോൾ വ്യത്യാസമുണ്ടായിരിക്കും. ഇറാഖീമുസ്ഹഫുകളുമായി മുസ്‌ലിംലോകത്തെ മറ്റു മുസ്ഹഫുകൾ ഏതെങ്കിലും കാലത്ത് വ്യത്യസ്തത പുലർത്തിയതായി വ്യക്തമാക്കുന്ന ചരിത്രരേഖകളൊന്നും തന്നെയില്ല. ചരിത്രവിരുദ്ധമാണ് *അൽ മസാഹിഫിൽ* ആരോപിക്കപ്പെട്ട സംഭവം എന്നർത്ഥം.

ആറ്) അമവിയ്യാക്കൾക്ക് ശേഷം ഇസ്‌ലാമിക സാമ്രാജ്യം ഭരിച്ചത് അബ്ബാസിയാക്കളായിരുന്നു. ഹജ്ജാജിനെതിരേയുള്ള നിറം പിടിപ്പിച്ച കഥകളുടെ പലതിന്റെയും സ്രഷ്ടാക്കൾ അബ്ബാസിയാക്കളാണ്. ഖുർആനിൽ ഇങ്ങനെയൊരു കൈകടത്തൽ ഹജ്ജാജ് നടത്തിയിരുന്നുവെങ്കിൽ അക്കാര്യം അബ്ബാസിയാക്കൾ സമൂഹത്തിൽ പാട്ടാക്കുകയും അമവിയ്യാക്കളെക്കുറിച്ച വലിയിരു ആരോപണമായി അത് ഉന്നയിക്കുകയും ചെയ്യുമായിരുന്നു. അതുണ്ടായിട്ടില്ല. അബ്ബാസിയാ രേഖകളിലെവിടെയും അമവിയ്യാക്കൾക്കെതിരായി ഖുർആനിൽ കൈകടത്തലുകൾ നടത്തിയെന്ന ആരോപണം ഉന്നയിച്ചതായി കാണുന്നില്ല. അങ്ങനെയൊന്നുണ്ടായിട്ടില്ലെന്നതിനുള്ള ശക്തമായ തെളിവാണിത്.

ഏഴ്) ഹജ്ജാജ് തിരുത്തിയതായി പറയപ്പെടുന്നതൊന്നും തന്നെ യഥാർത്ഥത്തിൽ തിരുത്തലുകളല്ല പ്രത്യുത, ഖുർആനിന്റെ വ്യത്യസ്തമായ പാരായണങ്ങളാണ്. സൂറത്തുൽ ബഖറയിലെ 259 ആം വചനം ഉദാഹരണം. 'ലം യതസന്ന വൻദുർ' (لَمْ يَتَسَنَّ وَانْظُرْ) എന്ന ഹജ്ജാജ് തിരുത്തിയതിന് മുമ്പുള്ളതായി *അൽ മസാഹിഫി*ലെ

നിവേദനത്തിൽ പറയുന്ന 'യതസന്ന'ക്കു ശേഷം 'ഹു' ഇല്ലാത്ത പ്രയോഗം ഹംസയിൽ നിന്നും അൽ കിസാഇയിൽ നിന്നുമുള്ള പാരായണത്തിലുള്ളതാണെന്നും മറ്റ് പ്രധാനപ്പെട്ട അഞ്ച് പാരായണങ്ങളിലും അത് 'ലം യതസന്നഹു വൻദുർ' (لَمْ يَتَسَنَّهْ وَانْظُرْ) എന്നാണുള്ളതെന്നും ഇബ്നു സഞ്ചലയുടെ *ഹുജ്ജത്തുൽ ഖിറാഅത്തിൽ* നിന്ന് (പുറം 142,143) ഡോ: മുഹമ്മദ് ബിൻ ഇബ്റാഹീം റദ്വാൻ ഉദ്ധരിക്കുന്നുണ്ട്. ആരോപിക്കപ്പെട്ട പതിനൊന്ന് വ്യത്യാസങ്ങളും ഖുർആൻ ആയത്തുകളുടെ പാരായണഭേദങ്ങൾ മാത്രമാണെന്ന് ആ വിഷയത്തിൽ പഠനം നടത്തിയ ഡോ: മുഹമ്മദ് റദ്വാൻ തന്റെ വിശുദ്ധ ഖുർആനിന്റെയും അതിന്റെ വ്യാഖ്യാനങ്ങളെയും സംബന്ധിച്ച ഓറിയന്റലിസ്റ്റ് വീക്ഷണങ്ങൾ: പഠനവും വിമർശനവും എന്ന തന്റെ ഗവേഷണപ്രബന്ധത്തിൽ സമർത്ഥിക്കുന്നുണ്ട്. (ഡോ: മുഹമ്മദ് ബിൻ ഇബ്റാഹീം റദ്വാൻ: *ആറാഅ്ൽ മുസ്തശ്രിഖീൻ ഹൌലൽ ഖുർആനൽ കരീം വ തഫ്സീർ: ദിറാശ് വ നഖ്ദ്*, വാല്യം ഒന്ന്, പുറം 430, റിയാദ്, 1992).

പാരായണവ്യത്യാസങ്ങളെക്കുറിച്ച ഹജ്ജാജ് ബ്നു യൂസുഫിന്റെ ഏതോ പരാമർശങ്ങളെ തെറ്റിദ്ധരിച്ചതു കൊണ്ടോ തെറ്റായി വ്യാഖ്യാനിച്ചത് കൊണ്ടോ ഉണ്ടായതാണ് അദ്ദേഹം ഖുർആനിൽ മാറ്റം വരുത്തിയെന്ന ആരോപണമെന്ന് സാരം.

25. സുവിശേഷരചനക്ക് സമാനമോ?

യേശുവിനുശേഷം അനുയായികൾ സുവിശേഷങ്ങൾ എഴുതി; മുഹമ്മദി(സ)ന് ശേഷം അനുയായികൾ ഖുർആൻ എഴുതി; ഇവ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

മറുപടി:

വളരെ വലിയ വ്യത്യാസങ്ങളുണ്ട്. അവ ഇങ്ങനെ ക്രോഡീകരിക്കാം.

ഒന്ന്. യേശു'സുവിശേഷം' പ്രസംഗിച്ചു(മാർക്കോസ് 1:14,15, 8:35, 14:9, 10:29, മത്തായി 4:23)വെന്ന് ബൈബിളിൽ പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ കാലത്ത് 'സുവിശേഷം' ഏതെങ്കിലും രൂപത്തിൽ രേഖപ്പെടുത്തപ്പെട്ടിരുന്നതായി യാതൊരു തെളിവുമില്ല. ഖുർആനാകട്ടെ മുഹമ്മദി(സ)ന്റെ കാലത്തുതന്നെ രേഖപ്പെടുത്തപ്പെട്ടിരുന്നു. വ്യത്യസ്ത ഏടുകളിലായി.

രണ്ട്. യേശു പ്രസംഗിച്ച'സുവിശേഷം' അദ്ദേഹത്തിന്റെ സമകാലികരിൽ ആരെങ്കിലും പദാനുപദം മനഃപാഠമാക്കിവെച്ചിരുന്നില്ല. ഖുർആൻ മനഃപാഠമാക്കിയ നൂറുകണക്കിന് അനുചരന്മാരുണ്ടായിരുന്നു.

മൂന്ന്. മത്തായിയോ, മാർക്കോസോ, ലൂക്കോസോ, യോഹന്നാനോ എഴുതിയത് യേശു പ്രസംഗിച്ച സുവിശേഷമല്ല. യേശുവിന്റെ

ജീവിതത്തെക്കുറിച്ച് തങ്ങൾ അറിഞ്ഞ കാര്യങ്ങളാണ് (ലൂക്കോസ് 1:1-4.) ഖുർആൻ മുഹമ്മദി(സ)ന്റെ ജീവചരിത്രമല്ല, അദ്ദേഹത്തിന് പടച്ചവൻ അവതരിപ്പിച്ച വേദഗ്രന്ഥമാണ്.

നാല്. സമൂഹത്തിന്റെ പ്രതിനിധിയായ ഖലീഫ ഉത്തരവാദപ്പെടുത്തിയതിനനുസരിച്ച് സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടാണ് ഖുർആൻ സമാഹാരണം നടന്നത്. സമാഹർത്താവായിരുന്ന സൈദുബ്നു സാബിത്തിന്റെ വാക്കുകളിൽ പ്രസ്തുത സമാഹരണത്തിന്റെ സൂക്ഷ്മത വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. "ഏതെങ്കിലുമൊരു പർവതത്തെ അതിന്റെ സ്ഥാനത്തുനിന്ന് മാറ്റാനാണ് അബൂബക്കർ (റ) എന്നോട് ആവശ്യപ്പെട്ടിരുന്നതെങ്കിൽ അതായിരുന്നു എനിക്ക് ഇതിനേക്കാൾ നിസ്സാരം". സുവിശേഷങ്ങളാവട്ടെ, ഓരോരുത്തർ തങ്ങളുടെ ഇച്ഛപ്രകാരം രചിച്ച ഗ്രന്ഥങ്ങളാണ്. അവരുടെ ലക്ഷ്യമാകട്ടെ, തങ്ങളുടെ മുന്നിലുള്ള സമൂഹത്തിന് ക്രിസ്തുവിനെ പരിചയപ്പെടുത്തുക മാത്രമായിരുന്നു. *(Raymond E. Brown: Responses to 101 Questions on the Bible, Page 57-58)*

അഞ്ച്. യേശുവിന് ശേഷം അഞ്ചു പതിറ്റാണ്ടെങ്കിലും കഴിഞ്ഞാണ് സുവിശേഷങ്ങൾ എഴുതപ്പെട്ടത്. ഹിജ്റ പന്ത്രണ്ടാം വർഷത്തിലാണ് പ്രവാചകനിര്യാണത്തിന് രണ്ടു വർഷങ്ങൾക്കുശേഷം ഖുർആൻ സമാഹരണത്തിനു തുടക്കം കുറിക്കപ്പെട്ടത്.

ആറ്. യേശുവിന്റെ ശിഷ്യന്മാരല്ല സുവിശേഷങ്ങൾ രചിച്ചിട്ടുള്ളത്. മുഹമ്മദി(സ)ന്റെ ശിഷ്യന്മാരാണ് ഖുർആൻ സമാഹരിച്ചത്.

ഏഴ്. സുവിശേഷങ്ങളുടെ രചനക്ക് ആധാരം യേശുവിനെ സംബന്ധിച്ച കേട്ടുകേൾവികൾ മാത്രമായിരുന്നു. ഖുർആൻ ക്രോഡീകരണത്തിന് പ്രവാചകൻ(സ)തന്നെ പറഞ്ഞുകൊടുത്ത് എഴുതിപ്പിച്ച ഏടുകളും പ്രവാചകനിൽനിന്ന് നേരിട്ട് ഖുർആൻ കേട്ടു മനഃപാഠമാക്കിയ നൂറുകണക്കിന് അനുചരന്മാരുമായിരുന്നു അവലംബം.

26. അപ്പോക്രിഫകൾ കത്തിച്ചത് പോലെയല്ല!

ക്രിസ്താബ്ദം 325-ൽ ചേർന്ന നിഖിയാ കൗൺസിൽ കാനോനികമായി അംഗീകരിച്ച കൃതികൾ മാത്രം നിലനിർത്തി ബാക്കി എല്ലാ ക്രൈസ്തവ ഗ്രന്ഥങ്ങളും ചുട്ടുകരിക്കുവാൻ സഭ ആഹ്വാനം നൽകി. ഉഥ്മാൻ (റ) തന്റെ നിർദ്ദേശപ്രകരം തയ്യാർ ചെയ്യപ്പെട്ട ഖുർആൻ പ്രതികൾ മാത്രം നിലനിർത്തി ബാക്കിയുള്ളവയെല്ലാം ചുട്ടുകരിക്കാൻ കൽപിച്ചു. ഉഥ്മാൻ ചെയ്തതും നിഖിയാ കൗൺസിൽ ചെയ്തതും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?

മറുപടി:

ഇവിടെ പരാമർശിക്കപ്പെട്ട സംഭവങ്ങളിൽ 'കത്തിക്കുക'യെന്ന ക്രിയയാണ് ഇരുകൂട്ടരും ചെയ്തതെന്ന കാര്യമൊഴിച്ച് ബാക്കിയെല്ലാം തികച്ചും വ്യത്യസ്തമാണ്. രണ്ടു സംഭവങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

ഒന്ന്. യേശുവിന് ശേഷം മൂന്നു നൂറ്റാണ്ടുകൾക്കിടക്ക് പലരാലും രചിക്കപ്പെട്ട യേശുവിന്റെ ജീവിതത്തെയും സന്ദേശത്തെയും സംബന്ധിച്ച നാൽപതിലധികം ഗ്രന്ഥങ്ങളാണ് നിഖിയാ സൂനഹദോസിനു ശേഷം കത്തിച്ചുകളഞ്ഞത്. മുഹമ്മദി(സ)നു ശേഷം രണ്ടു പതിറ്റാണ്ടിനിടക്ക് പലരും പകർത്തിയെഴുതിയ ഒരേ ഖുർആനിന്റെ വിവിധ

ഏടുകളിൽ ഉച്ചാരണ വ്യത്യാസത്തിന് ഇടയാക്കുന്നവയാണ് ഉഥ്മാൻ (റ) കത്തിച്ചുകളയാൻ ആവശ്യപ്പെട്ടത്.

രണ്ട്. നിഖിയ കൗൺസിൽ കാനോനികമായി പ്രഖ്യാപിച്ച നാലു സുവിശേഷങ്ങളിലും അപ്പോസ്തല പ്രവർത്തനങ്ങളിലും ഇരുപത്തിയൊന്നു ലേഖനങ്ങളിലും വെളിപാടു പുസ്തകത്തിലുമുള്ള പരാമർശങ്ങൾക്ക് വിരുദ്ധമായ പല പരാമർശങ്ങളുമുള്ളതുകൊണ്ടും അവ നൽകുന്ന യേശു ചിത്രത്തിൽനിന്ന് തുലോം വ്യത്യസ്തമായ യേശു ചിത്രമാണ് അവതരിപ്പിക്കുന്നത് എന്നതുകൊണ്ടുമാണ് അപ്പോക്രിഫാ പുസ്തകങ്ങൾ കരിച്ചുകളയുവാൻ ആവശ്യപ്പെട്ടത്. വ്യത്യസ്ത ഉച്ചാരണരീതികളുള്ള പ്രാദേശികമൊഴികളിൽ എഴുതപ്പെട്ട ഏടുകൾ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ സാരമായ വൈകല്യങ്ങൾക്ക് നിമിത്തമാകാമെന്ന ഭയമാണ് ഉഥ്മാനെ(റ)ഔദ്യോഗിക കൈയ്യെഴുത്തുപ്രതികൾ തയാറാക്കാനും സ്വകാര്യ ഏടുകൾ നശിപ്പിക്കാനും പ്രേരിപ്പിച്ചത്.

മൂന്ന്. കരിച്ചുകളഞ്ഞ അപ്പോക്രിഫാ ഗ്രന്ഥങ്ങളിലെ ആശയങ്ങൾ അവ കരിച്ചുകളഞ്ഞതോടുകൂടി വിസ്മൃതമായി. സ്വകാര്യ ഏടുകളിൽ എഴുതപ്പെട്ട ഖുർആൻ സൂക്തങ്ങൾതന്നെയായിരുന്നു ഔദ്യോഗിക പ്രതികളിലുമുണ്ടായിരുന്നത്. ഉച്ചാരണഭേദങ്ങൾ ഒഴിവാക്കാൻ വേണ്ടി സ്വകാര്യ ഏടുകൾ കത്തിച്ചുകളഞ്ഞുവെങ്കിലും അവയിലുണ്ടായിരുന്ന സൂക്തങ്ങൾ അതേ രീതിയിൽതന്നെ ഇന്നുള്ള ഖുർആൻ കോപ്പികളിലുമുണ്ട്.

നാല്. നിഖിയാ കൗൺസിൽ തള്ളിക്കളഞ്ഞുവെങ്കിലും അപ്പോക്രിഫാ ഗ്രന്ഥങ്ങളിൽ പലതും പിന്നീടും ക്രൈസ്തവ മനസ്സുകളിൽ നിലനിന്നിരുന്നു. അവയിലെ കഥകളിൽ ചിലത് തലമുറകളിൽനിന്ന് തലമുറകളിലേക്ക് പ്രേഷണം ചെയ്യപ്പെട്ടു. പതിനാറാം നൂറ്റാണ്ടിൽ നടന്ന ത്രെന്തോസ് സൂനഹദോസാണ് ഇക്കാര്യത്തിൽ അന്തിമ തീർപ്പുകൽപിച്ചത്. 1540 ഏപ്രിൽ എട്ടാം തീയതി നടന്ന സൂനഹദോസിന്റെ നാലാം സമ്മേളനം 'കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ച്' എന്ന ഡിക്രിയിലൂടെ പഴയനിയമത്തിൽ 45-ഉം പുതിയനിയമത്തിൽ 27-ഉം പുസ്തകങ്ങളാണ് ഉള്ളതെന്ന് പ്രഖ്യാപിച്ചു. ഇതാണ് കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ച സഭയുടെ അവസാനത്തെ വാക്ക്. എന്നാൽ, ഉഥ്മാൻ (റ) ഔദ്യോഗികമായി ഖുർആന്റെ കോപ്പികളെടുത്ത് സ്വകാര്യ ഏടുകൾ നശിപ്പിച്ചതിനുശേഷം ഇന്നുവരെ പ്രസ്

തുത കോപ്പികളിൽ നിന്നാണ് മുസ്ഹഫ് പകർത്തപ്പെടുന്നത്. അതിൽ ആരും വ്യത്യസ്തത പുലർത്തുന്നില്ല.

അഞ്ച്. യേശുവിനെക്കുറിച്ച് എഴുതപ്പെട്ട കാനോനികമല്ലാത്ത ഗ്രന്ഥങ്ങൾ കരിച്ചുകളയണമെന്ന് കൽപിച്ച നിഖിയാ സൂനഹദോസിന്റെ അധ്യക്ഷൻ അന്നുവരെ യേശുവിൽ വിശ്വസിക്കാത്ത കോൺസ്റ്റന്റൈൻ ചക്രവർത്തിയായിരുന്നു. സ്വകാര്യ കൈയെഴുത്തുപ്രതികൾ നശിപ്പിക്കുവാനും ഖുർആനിന്റെ ഔദ്യോഗിക പ്രതികളെ മാത്രം ആശ്രയിച്ച് പാരായണം ചെയ്യാനും നിർദേശിച്ച ഉഥ്മാൻ (റ) കറകളഞ്ഞ ഭക്തനും മുഹമ്മദി(സ)ന്റെ ജാമാതാവും അദ്ദേഹത്തോടൊപ്പം ആദർശ സംരക്ഷണത്തിനുവേണ്ടി നിരവധി യുദ്ധങ്ങളിൽ പങ്കെടുത്ത വിശ്വാസിയുമായിരുന്നു.

27. രേഖപ്പെടുത്തിയത് എട്ടാം നൂറ്റാണ്ടിൽ?

പുരാതനമെന്ന് കരുതപ്പെടുന്ന ഖുർആൻ പ്രതികളിൽ ഉപയോഗിച്ചിരിക്കുന്ന ലിപിയായ കൂഫീലിപി യഥാർത്ഥത്തിൽ ഉണ്ടായത് എട്ടാം നൂറ്റാണ്ടിൽ മാത്രമാണെന്ന് ഭാഷാശാസ്ത്ര പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇതിനർത്ഥം ആ പ്രതികൾ എഴുതപ്പെട്ടത് എട്ടാം നൂറ്റാണ്ടിലാണെന്നാണ്. മുഹമ്മദ് നബി(സ)ക്ക് ശേഷം പതിറ്റാണ്ടുകൾ കഴിഞ്ഞ് രൂപീകരിക്കപ്പെട്ടതാണ് ഇന്ന് നിലനിൽക്കുന്ന ഖുർആനിലെ വചനങ്ങൾ എന്നല്ലേ ഇത് വ്യക്തമാക്കുന്നത്?

മറുപടി:

അറബിഭാഷയെയോ അതിന്റെ വികാസത്തെയോ ലിപി പരിണാമത്തെയോ കുറിച്ച് കൃത്യവും വ്യക്തവുമായി പഠിക്കാത്ത ചില ക്രിസ്ത്യൻ അപ്പോളജറ്റിക്കുകളാണ് പ്രധാനമായും ഈ വാദമുന്നിയിച്ചിരിക്കുന്നത്. ഉഥ്മാനീ മുസ്ഹഫുകളായി അറിയപ്പെടുന്ന സമർക്കന്റ്, തോപ്കാപ്പി തുടങ്ങിയ കയ്യെഴുത്ത് പ്രതികൾ എഴുതപ്പെട്ടിരിക്കുന്നത് കൂഫിലിപിയിലാണെന്നും പ്രസ്തുത ലിപി തന്നെ അറിയപ്പെടുന്നത് ഇറാക്കിലുള്ള കൂഫാ പട്ടണത്തിന്റെ പേരിലാണെന്നും *(Bruce A McDowell & Anees Zaka; Muslims and Christians at the Table: Promoting Biblical Understanding among North American Muslims,*

Phillipsburg (NJ), 1999, Page 76.) ഖലീഫാ ഉമറിന്റെ (റ)കാലത്ത് നാമകരണം ചെയ്യപ്പെട്ട കൂഫാ പട്ടണത്തിന്റെ പേരിലുള്ള ലിപി ഉഥ്മാനിന്റെ കാലമായപ്പോഴേക്ക് വികസിച്ചു വന്നിരിക്കാൻ സാധ്യതയില്ലെന്നും അതുകൊണ്ട്തന്നെ ഈ കയ്യെടുത്തു പ്രതികൾ രചിക്കപ്പെട്ടത് ഉഥ്മാനിന്റെ കാലത്താവാൻ യാതൊരു സാധ്യതയുമില്ലെന്നും *(N.A. Newman: Mohammed, The Qur'an and Islam, Hatfield, 1996, P. 314.)* പ്രസ്തുത ഖുർആൻ ലിപിയിൽ കുത്തുകളിട്ടിട്ടുണ്ടെന്നും കുത്തുകളിടുന്ന സമ്പ്രദായമാരംഭിച്ചത് ഹിജ്റ ഒന്നാം നൂറ്റാണ്ടിന് ശേഷമാണെന്നും *(Dr. Robert A Morey: Winning the war against Radical Islam, Las Vegas, 2002, Page 70)* അതിനാൽ നടേ പറഞ്ഞ കയ്യെഴുത്ത് പ്രതികൾ ഉഥ്മാനിന്റെ (റ)ഭരണകാലത്തിന് ഒന്നര നൂറ്റാണ്ടുകളെങ്കിലും കഴിഞ്ഞിട്ടാവണം രചിച്ചിട്ടുള്ളതെന്നുമാണ് *(John Gilchrist: Jam'al Qur'an: The Codification of the Qur'an Text, Monder (South Africa), P. 140-146.)* അപ്പോളജറ്റിക്കുകളുടെ വാദം. ബൈബിളിനെപ്പോലെത്തന്നെ ആദ്യകാല കയ്യെഴുത്ത് രേഖകളുടെ സാക്ഷ്യം വേണ്ടത്രയില്ലാത്ത ഗ്രന്ഥമാണ് ഖുർആനുമെന്ന് വരുത്തിത്തീർക്കുന്നതിനു വേണ്ടി ഉന്നയിക്കപ്പെടുന്ന ഈ വാദത്തിൽ ലവലേശം യാഥാർത്ഥ്യമില്ലെന്ന് പുരാവസ്തു രേഖകളെക്കുറിച്ച സൂക്ഷ്മമായ പഠനം വ്യക്തമാക്കുന്നുണ്ട്.

ക്രിസ്തുവിന് മൂവായിരം കൊല്ലങ്ങൾക്കു മുമ്പ്, ആദ്യകാല വെങ്കല യുഗത്തിൽ മെസപ്പെട്ടോമിയയിൽ (ഇന്നത്തെ ഇറാഖ്) വളർന്നു വികസിച്ച സുമേറിയൻ നാഗരികതയിലുള്ളവർ ഉപയോഗിച്ചിരുന്ന ക്യൂനിഫോം *(cueniform)* ലിപികളിൽ നിന്നാരംഭിക്കുന്നു ആധുനിക അറബി ലിപിയുടെ ചരിത്രം. ക്യൂനിഫോമുകളിൽ നിന്നുള്ള പ്രചോദനത്തിൽ നിന്നാണ് നൈൽനദീതടത്തിൽ ജീവിച്ചിരുന്ന ഈജിപ്തുകാർ അൽപ കാലത്തിനുശേഷം അവരുടെ ലിപിയായ ഹൈറോഗ്ലിഫുകൾ *(heiroglyphs)* വികസിപ്പിച്ചെടുത്തത്. *(Geoffrey Sampson: A Linguistic Introduction, Stanford University, 1990, P.78.)* വെങ്കലയുഗത്തിന്റെ മധ്യകാലഘട്ടത്തിൽ കാനൻ ദേശത്തും (ഇന്നത്തെ ഇസ്രായീലും ഫലസ്തീനും) ഈജിപ്തിലെ സിനായ് പ്രദേശത്തും മധ്യ ഈജിപ്തിലുള്ളവർ ഉപയോഗിച്ച പ്രാഗ് സിനായ് അക്ഷരമാല *(proto sinaitic alphabet)* രൂപം കൊണ്ടത് ഹൈറോഗ്ലിഫുകളിൽ നിന്നാണ്. ഇതിൽ നിന്ന് ക്രിസ്തുവിന് 1050 വർഷങ്ങൾക്ക് മുമ്പ് ചിത്രാധിഷ്ഠിതമല്ലാത്ത *(non-pictographic)* ആദ്യത്തെ അക്ഷരമാലയായ ഫിനീഷ്യൻ

അക്ഷരമാല *(phoenician alphabet)* രൂപപ്പെട്ടു. ഇതിൽനിന്ന് ക്രിസ്തുവിന് പത്ത് നൂറ്റാണ്ടുകൾക്ക് മുമ്പ് പുരാതന സെമിറ്റിക്കുകാരുടെ ലിപിയായിരുന്ന പാലിയോ ഹിബ്രു അക്ഷരമാലയും *(paleo-hebrew alphabet)* അതിൽനിന്ന് എട്ടാം നൂറ്റാണ്ടായപ്പോഴേക്ക് അരാമിക് അക്ഷരമായും *(aramic alphabet)* രൂപപ്പെട്ടു. *(Steven Roger Fischer: History of Writing. London, 2004.)* അരാമിക്കിൽ നിന്ന് ക്രിസ്തുവിന് രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് സുറിയാനിയും *(syriac)* അതിൽ നിന്ന് ഏറെ താമസിയാതെ നെബത്തയൻ അക്ഷരമാലയും *(nabataen alphabet)* രൂപപ്പെട്ടു. നെബത്തയൻ അക്ഷരങ്ങളിൽ നിന്നാണ് അറബി അക്ഷരമാലയുണ്ടായതെന്നാണ് ഗവേഷകൻമാരുടെ പക്ഷം. ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിലായിരിക്കണം അറബി അക്ഷരമാലയുണ്ടായതെന്നും 328ൽ രചിക്കപ്പെട്ട നെബത്തിയൻമാരുടെ രാജകീയ മരണാന്തര ക്രിയകളെക്കുറിച്ചുള്ള രേഖയിലെ ലിപി അറബിയുടെ പ്രാഗ്‌രൂപമാണെന്നും അവർ അഭിപ്രായപ്പെടുന്നു. *("Arabic alphabet", Brittanica Online www.brittanica.com)* എന്നാൽ സിറിയയിലെ സെബദിൽ നിന്ന് കണ്ടെത്തിട്ടുള്ള ഗ്രീക്കിലും സിറിയക്കിലും അറബിയിലുമുള്ള കയ്യെഴുത്ത് രേഖയിലേതാണ് ലഭ്യമായതിൽവെച്ച് ഏറ്റവും പുരാതനമായ അറബി അക്ഷരങ്ങൾ എന്നാണ് ഭൂരിപക്ഷം പണ്ഡിതൻമാരുടെയും പക്ഷം *(Beatrice Gruendler: The Development of the Arabic Scripts From the Nabatean Era to the first Islamic Century according to the Dated Texts, Atlanta, 1993 Page 13-14)*

മുഹമ്മദ് നബി(സ)യുടെ കാലത്ത് നിലനിന്നിരുന്ന മൂന്നുതരം ലിപികളായിരുന്നു ഹിജാസി അഥവാ മാഇൽ, മശ്ഖ്, കുഫീ എന്നീ ലിപികൾ. ഇവയിലെല്ലാം രചിക്കപ്പെട്ട ആദ്യകാല ഖുർആൻ കയ്യെഴുത്ത് പ്രതികളുണ്ട്. ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിലുള്ള *MS. Or-2165* കയ്യെഴുത്ത് പ്രതിയും കുവൈത്തിലെ താരിഖ് റജബ് മ്യൂസിയത്തിലുള്ള *QUR-1-TSR* കയ്യെഴുത്ത് പ്രതിയും പാരീസിലെ ബിബ്ളിയോത്തെക്ക് നാഷണേലിലുള്ള *Arabe 328* ഇമ കയ്യെഴുത്തു പ്രതിയും സൻആഇലെ ദാറുൽ മഖ്ത്തൂത്താത്തിലുള്ള *DA MOI-27.1, DAMOI-25.1, DAMOI=29.1* കയ്യെഴുത്തു പ്രതികളും ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ ഹിജാസി ലിപിയിൽ എഴുതപ്പെട്ടവയാണ്. കൈറോയിലെ നാഷണൽ ലൈബ്രറിയിലുള്ള ഹിജ്റ 107-ൽ നിർമ്മിക്കപ്പെട്ടതെന്ന് അതിൽ തന്നെ രേഖയുള്ള കയ്യെഴുത്തു പ്രതി മശ്ഖ് ലിപിയിലുള്ളതാണ്. ഉഥ്മാനീ മുസ്ഹഫുകളായി അറിയപ്പെടുന്നവയും മറ്റ് ഒന്നാം നൂറ്റാ

ണ്ടിലെ കയ്യെഴുത്ത് പ്രതികളുമെല്ലാം കൂഫീ ലിപിയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയായിരിക്കണം കൂഫി ലിപിയുണ്ടായത് ഹിജ്റ ഒന്നാം നൂറ്റാണ്ടിനു ശേഷമാണെന്ന് സ്ഥാപിക്കുവാൻ ഓറിയന്റലിസിറ്റുകളും ക്രിസ്ത്യൻ അപ്പോളജറ്റിക്കുകളും ആവേശം കാണിക്കുന്നത്. സ്വഹാബിമാരുടെ കാലത്ത് ഉപയോഗിക്കപ്പെട്ടിരുന്ന മുസ്ഹഫുകളിലൊന്നും ഇന്നു ഉപലബ്ധമല്ലെന്നു വന്നാൽ അതുപയോഗിച്ച് ഖുർആനിന്റെ ചരിത്രപരതയെ ചോദ്യം ചെയ്യാമല്ലോ.

എന്നാൽ വസ്തുതകൾ അപ്പോളജറ്റിക്കുകൾക്കും അവർക്കനുസരിച്ച് കാര്യങ്ങൾ വളച്ചൊടിച്ചവതരിപ്പിക്കുന്ന ഓറിയന്റലിസ്റ്റുകൾക്കുമെതിരാണ്. മുഹമ്മദ് നബിക്കു(സ) മുമ്പു തന്നെ പ്രചാരത്തിലുണ്ടായിരുന്ന ലിപികളിലൊന്നായിരുന്നു കൂഫീ ലിപിയുമെന്ന വസ്തുത ഓറിയന്റലിസ്റ്റുകളുടെ തന്നെ രചനയായ 'എൻസൈ ക്ലോപീഡിയ ഓഫ് ഇസ്‌ലാം' തെളിവുകൾ നിരത്തി സമർത്ഥിക്കുന്നുണ്ട്. ഹിജ്റ 17ൽ (ക്രിസ്താബ്ദം 638) കൂഫയുണ്ടാവുന്നതിന് നൂറു വർഷങ്ങൾക്കു മുമ്പെങ്കിലും മെസപ്പൊട്ടോമിയയിൽ കൂഫി ലിപി പ്രചാരത്തിലുണ്ടായിരുന്നുവെന്നാണ് പ്രമുഖ ഓറിയന്റലിസ്റ്റും ലിപി വിജ്ഞാനീയത്തിൽ അഗ്രഗണ്യനുമായ ബി. മൊറിട്ട്സ് വ്യക്തമാക്കുന്നത് *(B. Mortiz: "Arabic Writing", Encyclopedia of Islam, London, 1913, Page 387.)*- അൻബാർ, ഹിറ തുടങ്ങിയ മെസൈപ്പൊട്ടോമിയൻ നഗരങ്ങളിൽ നേരത്തെ പ്രചാരത്തിലുണ്ടായിരുന്ന ലിപിയാണ് കൂഫാ പട്ടണത്തിന്റെ രൂപീകരണത്തിനു ശേഷം ചെറിയ മാറ്റങ്ങളോടെ കൂഫി ലിപിയായി അറിയപ്പെട്ടതെന്ന് നാബിയ അബൊട്ടും വിശദീകരിക്കുന്നുണ്ട്. *(Nabia Abbott: The Rise of the North Arabic Script and its Kuranic Development, University of Chicago, 1939 Page 17.)* ഗവേഷകരായ അബ്ദുൽ കബീർ ഖാത്തിബിയും മുഹമ്മദ് സിജെൽമാസ്സിയും കൂടിയെഴുതിയ 'ഇസ്‌ലാമിക് കാലിഗ്രഫിയുടെ യശസ്സ്' എന്ന ഗ്രന്ഥത്തിൽ എങ്ങനെയാണ് ഈ നാമകരണമുണ്ടായതെന്ന് വ്യക്തമാക്കുന്നുണ്ട്. "ഇസ്‌ലാമിന് മുമ്പ് നിലവിലുണ്ടായിരുന്ന നാല് തരം ലിപികളായിരുന്നു അറബികൾക്ക് പരിചയമുണ്ടായിരുന്നത്. ഹിറയിൽ പ്രചാരത്തിലുണ്ടായിരുന്ന അൽഹിരിയും, അൻബാറിയിലുണ്ടായിരുന്ന അൽഅൻബാറിയും മക്കയിലുണ്ടായിരുന്ന അൽ മക്കിയും മദീനയിലുണ്ടായിരുന്ന ഇബനു മദനിയും. ക്രിസ്താബ്ദം 999ൽ (ഹിജ്റ 390) മരണപ്പെട്ട, ഫിഹ്രിസ്തിന്റെ കർത്താവ്, പ്രസിദ്ധനായ അൽ നദീമാണ് ഹിരയി

ൽനിന്ന് രൂപം പ്രാപിച്ച ലിപിക്ക് കൂഫീ'യെന്ന് നാമകരണം ചെയ്തത്. ഹിജ്റ 17ൽ (ക്രിസ്താബ്ദം 638) നിർമിക്കപ്പെട്ട നഗരമായ കൂഫയിലുണ്ടായതല്ല ഈ ലിപി. കൂഫയുണ്ടാകുന്നതിന് കാലങ്ങൾക്കു മുമ്പേ ഈ ലിപി നിലനിന്നിരുന്നു. എന്നാൽ പ്രസ്തുത ലിപിയിൽ നിന്ന് സുന്ദരമായ കാലിഗ്രഫി വളർത്തിയെടുത്തതും പരിപോഷിപ്പിച്ചതും മഹത്തായ ഈ ബൗദ്ധിക കേന്ദ്രമാണ്". *(Abdel Kabeer Khattibi & Muhammed Sijelmassi: The Splendour of Islamic Calligraphy, Thames & Hudson, 1994, Page 96-97.)*

മാത്രവുമല്ല, ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നിർമിച്ചതെന്ന് ഉറപ്പിക്കാവുന്ന ഖുർആനല്ലാത്ത മറ്റു കൂഫി ലിഖിതങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൊന്നാണ് ഹിജ്റ 24ാം വർഷത്തിൽ എഴുതിയതാണെന്ന് സ്വയം സാക്ഷ്യം വഹിക്കുന്ന സുഹൈറിന്റെ രേഖ. സഊദി അറേബ്യയിലെ അൽഹിജ്റിന് സമീപത്തുള്ള ഖാഅൽ മുഅ്തദിൽ പാറയിലെ ഒരു ചുവന്ന മണൽക്കല്ലിൽ കൊത്തിവെയ്ക്കപ്പെട്ട രൂപത്തിലുള്ളതാണീ രേഖ. 'അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ സുഹൈർ ഇതെഴുതുന്നത്. ഇരുപത്തിനാലാം വർഷത്തിൽ ഉമർ മരണപ്പെട്ടപ്പോഴാണ്' (ബിസ്മില്ലാ, അന സുഹൈർ കതബ്തു സമൻ തുവഫ്ഫീ ഉമറ സനത്ത അർബഅ വ ഇശ്രീൻ) എന്നാണ് രേഖയിലുള്ളത്. *(Ali Ibrahim Al-Ghabban (Trans: Robert HolyLand): "The Inscription of Zuhayr, the oldest Islamic Inscription (24Ah/AD644-645), the Rise of the Arabic Scri pt and the nature of the early Islamic State". 'Arabian Archeology and Epigraphy, November 2008, Vol 19, Issue 2, Page 210-237.)*

കുത്തുകളുള്ള കൂഫി ലിപിയിൽ എഴുതപ്പെട്ട ഈ രേഖ ഉമർ (റ) മരണപ്പെട്ട കാലത്ത് കൂഫി ലിപിയിലുള്ള എഴുത്തിന് പ്രചാരമുണ്ടായിരുന്നുവെന്ന് സുതരാം വ്യക്തമാക്കുന്നുണ്ട്. ഉമറിന് ശേഷം ഭരിച്ചയാളാണ് ഉഥ്മാൻ (റ) ഉമറിന്റെ (റ) കാലത്തുതന്നെ കൂഫീ ലിപി പ്രചാരത്തിലുണ്ടെങ്കിൽ ഉഥ്മാനിന്റെ (റ) കാലത്ത് നിർമിക്കപ്പെട്ട മുസ്ഹഫുകൾ കൂഫി ലിപിയിലായത് സ്വാഭാവികമാണെന്ന് ആർക്കും സമ്മതിക്കേണ്ടി വരും. യുനെസ്കോയുടെ ലോകസ്മരണകൾ രേഖകളിൽ *(http://portal.unesco.org/enev.php_URL_ID= 14264&URL_DO=DO_TOPIC& URL_ SECTION= 201.html)* സ്ഥലം പിടിച്ചിട്ടുള്ള ഈ മണൽക്കൽ ലിഖിതത്തെ നിഷേധിക്കുവാൻ ആർക്കും കഴിയില്ല. ഖുർആൻ ചോദ്യത്തെ പരിഹരിക്കാനുതകുന്ന ആദ്യ

ത്തെ ഇസ്‌ലാമികാലേഖനം' *(First Islamic Inscription may solve Qur'an Question)* എന്ന തലക്കെട്ടിലാണ് ഡിസ്കവറി ചാനലിന്റെ ന്യൂസ് ഇതേക്കുറിച്ച ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. *(dsc.discovery.com /news/2008/11/18/islamic-inscription . html)* ഉഥ്മാനീ മുസ്ഹഫുകൾ എഴുതപ്പെട്ടത് കൂഫി ലിപിയിലാണ് എന്നതിന്റെ പേരിൽ ഖുർആനിന്റെ ചരിത്രപരതയെ ചോദ്യം ചെയ്യാൻ ശ്രമിച്ചവരുടെ ഗവേഷണദംഷ്ട്രങ്ങൾ പൊഴിക്കുവാൻ പര്യാപ്തമാണ് ഈ ചുവന്ന കൽരേഖയുടെ കണ്ടുപിടുത്തമെന്നർഥം.

കൈറോ മ്യൂസിയം ഓഫ് അറബ് ആർട്ടിൽ സൂക്ഷിച്ചിരിക്കുന്ന ഹിജ്റ 31ൽ രചിച്ചതായി സ്വയം സാക്ഷ്യപ്പെടുത്തുന്ന അബ്ദുർറഹ്മാൻ ഇബ്നുഖൈർ അൽഹാജിരിയുടെ ഖബർ ഫലകവും *(Nabia Abbott: The Rise of the North Arabic Script and its Kur'anic Development, University of Chicago, 1939 Page 18-19.)* ഹിജ്റ 40ൽ എഴുതിയതായി സാക്ഷ്യപ്പെടുത്തുന്ന സഊദി അറേബ്യയിലെ ദർബ് സുബൈദയിലെ വാദി അൽ ശാമിയയിലെ ഒട്ടകപാതയിൽനിന്ന് 1970ൽ ലഭിച്ച ശിലാഫലകവും *(A.H.Sharafaddin: "Some Islamic Inscriptions Discovered on the Darb Zubayda", Atlal (The Journ al of Saudi Arabian Archeology, 1997, Vol 1, Page 69-70.)* സഊദി അറേബ്യയിലെ വാദിസബീലിൽനിന്ന് ലഭിച്ച ഹിജ്റ 46ൽ രചിച്ചതായി സാക്ഷ്യപ്പെടുത്തുന്ന ചുമർഫലകവുമെല്ലാം *(Beatrice Greundler: Opt it Page 15)* കൂഫീലിപിയിൽ എഴുതപ്പെട്ടവയാണ്. ഇതെല്ലാം സഹാബിമാരുടെ കാലത്ത് കൂഫി ലിപിയിലുള്ള രചനകൾക്ക് പ്രചാരമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്.

28. 'ഖുബ്ബത്തു സ്സ്വഖ്റ' യിലെ ലിഖിതങ്ങൾ

എട്ടാം നൂറ്റാണ്ടിനു ശേഷമാണ് ഖുർആൻ രൂപീകരിക്കപ്പെട്ടു കഴിഞ്ഞതെന്ന് ജറുസലേമിലെ 'ഖുബ്ബത്തു സ്സ്വഖ്റ'യിൽ രേഖപ്പെടുത്തപ്പെട്ട അറബി ലിഖിതങ്ങൾ തെളിവല്ലേ? അമവീ ഖലീഫയായിരുന്ന അബ്ദുൽ മലിക്ക് ബ്നു മർവാനിന്റെ ഭരണകാലത്ത് നിർമിക്കപ്പെട്ട ഖുബ്ബത്തു സ്സ്വഖ്റയിലെ പുറത്തും അകത്തും മൊസൈക്കിൽ രേഖപ്പെടുത്തപ്പെട്ട അറബി ലിഖിതങ്ങളിൽ ഖുർആൻ വചനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ഇന്ന് മുസ്ഹഫുകളിൽ കാണുന്ന ക്രമത്തിലല്ല. അത് എഴുതപ്പെടുന്ന കാലത്ത് ഖുർആൻ പൂർണമായി രൂപീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലെന്നല്ലേ ഇത് വ്യക്തമാക്കുന്നത്?

മറുപടി:

എട്ടാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഖുർആൻ പൂർണമായും രൂപീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നില്ലെന്നും അത് തലമുറകളെടുത്ത് രൂപീകരിക്കപ്പെട്ട വചനങ്ങളുടെ സമാഹാരമാണെന്നുമാണ് ചില ഓറിയന്റലിസ്റ്റുകളുടെ വാദം. ഇങ്ങനെ വാദിക്കുന്നവർ ജറുസലേമിലെ 'ഖുബ്ബത്തു സ്സ്വഖ്റ'യിൽ *(Dome of the Rock)* രേഖപ്പെടുത്തപ്പെട്ട അറബി ലിഖിതങ്ങളാണ് തങ്ങൾക്കുള്ള തെളിവായി അവതരിപ്പിക്കുന്നത് *(Patricia Crone & Michael Cook: Hagarism: The Making of the Islamic World, Cambridge, 1980, Page 139-149.)*

അമവീ ഖലീഫയായിരുന്ന അബ്ദുൽ മലിക്ക് ബ്നു മർവാനിന്റെ ഭരണകാലത്ത് നിർമിക്കപ്പെട്ട സുന്ദരമായൊരു അഷ്ടഭുജ *(octagon)* കെട്ടിടമാണ് ഖുബ്ബത്തു സ്സ്വഖ്റ. ഇതിന്റെ പുറത്തും അകത്തും മൊസൈക്കിൽ രേഖപ്പെടുത്തപ്പെട്ട അറബി ലിഖിതങ്ങളെയാണ് അത് എഴുതപ്പെടുന്ന കാലത്ത് ഖുർആൻ പൂർണമായി രൂപീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലെന്നതിന് തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ആദ്യകാല മുസ്‌ലിം സമ്പ്രദായങ്ങളെയോ അവർ ഖുർആനിനെ ഉപയോഗിച്ച രീതിയെയോ കുറിച്ച് യാതൊന്നും അറിയാത്തതുകൊണ്ടാണ് ഇത്തരം ബാലിശമായ വാദങ്ങൾ ഉടലെടുക്കുന്നത്.

യഥാർഥത്തിൽ, ഖുബ്ബത്തു സ്സ്വഖ്റയിലെ അഷ്ടഭുജത്തിന്മേൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് ക്രമപ്രകാരമുള്ള ഖുർആൻ വചനങ്ങളല്ല. ഖുർആൻ പഠിപ്പിക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുകയെന്ന ലക്ഷ്യത്തോടെ എഴുതപ്പെട്ട രേഖയുമല്ല അത്. പ്രത്യുത ഒരു സന്ദേശത്തിന്റെ രേഖീകരണം മാത്രമാണത്. പ്രസ്തുത സന്ദേശത്തിനിടക്ക് ഖുർആൻ സൂക്തങ്ങളോ അതിന്റെ ഖണ്ഡങ്ങളോ കടന്നുവരുന്നുവെന്ന് മാത്രമേയുള്ളൂ. ഒരു പ്രഭാഷകൻ തനിക്കാവശ്യമുള്ള ഉദ്ധരണികൾ ഉപയോഗിക്കുന്നതുപോലെ 'ഖുബ്ബത്തു സ്സ്വഖ്റാ'യിൽ സന്ദേശമെഴുതിയവർ അവർ നൽകുവാനുദ്ദേശിച്ച ദൂതിന് ഉപോൽബലകമായ ഖുർആൻ സൂക്തങ്ങളോ ഖണ്ഡങ്ങളോ ഉപയോഗിച്ചുവെന്ന് മാത്രമേയുള്ളൂ. അഷ്ടഭുജത്തിലെ സന്ദേശം വായിക്കുന്ന ആർക്കും ബോധ്യപ്പെടുന്ന സരളമായ ഒരു വസ്തുതയാണിത്. പ്രസ്തുത സന്ദേശത്തിന്റെ പരിഭാഷ പരിശോധിക്കുക:

അഷ്ടഭുജത്തിനകത്തെ സന്ദേശം (പരിഭാഷ):

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ; അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരൊന്നുമില്ല. അവനാണ് എല്ലാ ആധിപത്യവും; അവന്നു തന്നെയാണ് സ്തുതികളും. അവൻ ജീവിപ്പിക്കുന്നു; അവൻ മരിപ്പിക്കുകയും ചെയ്യുന്നു. അവനാണ് എല്ലാ കാര്യങ്ങളുടെയും മേലുള്ള അധീശത്വം. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാകുന്നു.

തീർച്ചയായും അല്ലാഹുവും മലക്കുകളും പ്രവാചകന്റെ മേൽ അനുഗ്രഹങ്ങൾ ചൊരിയുന്നു. സത്യവിശ്വാസികളേ നിങ്ങൾ അദ്ദേഹത്തിന്റെ മേൽ കാരുണ്യവും ശാന്തിയുമുണ്ടാകുവാൻ പ്രാർഥിക്കുക. അദ്ദേഹത്തിന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ശാന്തി

യുമുണ്ടാകട്ടെ.

വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.

അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹ് ഒരിക്കലും വൈമനസ്യം കാണിക്കുന്നതല്ല. (അല്ലാഹുവിന്റെ) സാമീപ്യം സിദ്ധിച്ച മലക്കുകളും (വൈമനസ്യം കാണിക്കുന്നതല്ല.) അവനെ (അല്ലാഹുവെ) ആരാധിക്കുന്നതിൽ ആർ വൈമനസ്യം കാണിക്കുകയും, അഹംഭാവം നടിക്കുകയും ചെയ്യുന്നുവോ അവരെ മുഴുവനും അവൻ തന്റെ അടുക്കലേക്ക് ഒരുമിച്ചുകൂട്ടുന്നതാണ്.

അല്ലാഹുവേ, നിന്റെ ദൂതനും നിന്റെ ദാസനുമായ മർയമിന്റെ പുത്രൻ മസീഹിനെ നീ അനുഗ്രഹിക്കേണമേ. അദ്ദേഹം ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും അദ്ദേഹത്തിന് സമാധാനം.

അതത്രെ മർയമിന്റെ മകനായ ഈസാ അവർ ഏതൊരു വിഷയത്തിൽ തർക്കിച്ച് കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർത്ഥമായ വാക്കത്രെ ഇത്. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്നുണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ! അവൻ ഒരു കാര്യം തീരുമാനിച്ച് കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രംചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു. (ഈസാ പറഞ്ഞു) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം.

താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹി

ച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു) അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ. തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു.

അഷ്ടഭുജത്തിന് പുറത്തെ സന്ദേശം (പരിഭാഷ):

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരൊന്നുമില്ല. (നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുണ്ടാകട്ടെ.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരൊന്നുമില്ല. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. സ്തുതികളെല്ലാം അല്ലാഹുവിനാണ് സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും, ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി! എന്ന് നീ പറയുകയും അവനെ ശരിയാംവണ്ണം മഹത്വപ്പെടുത്തുകയും ചെയ്യുക. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ്.

അദ്ദേഹത്തിനു മേലും മലക്കുകളുടെയും പ്രവാചകൻമാരുടെയും മേലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുണ്ടാവട്ടെ. അദ്ദേഹത്തിൽമേ

ൽ അല്ലാഹുവിന്റെ ശാന്തിയും കാരുണ്യവുമുണ്ടാകട്ടെ. അല്ലാഹുവിന്റെ നാമത്തിൽ, പരമകാരുണികൻ, കരുണാനിധി. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല.

അവനാണ് എല്ലാ ആധിപത്യവും. അവനാണ് എല്ലാ കാര്യങ്ങളുടെയും മേലുള്ള അധീശത്വം. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തിനു മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുണ്ടാവട്ടെ. അദ്ദേഹത്തിന്റെ ജനങ്ങൾക്കുമേൽ പുനരുത്ഥാന നാളിൽ അദ്ദേഹം നടത്തുന്ന ശുപാർശ അവൻ സ്വീകരിക്കട്ടെ.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തിനു മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുണ്ടാവട്ടെ. ഈ കുംഭഗോപുരം നിർമിച്ചത് ദൈവദാസനായ അബ്ദുല്ലാ അൽ ഇമാം അൽ മഅ്മൂനാണ്; വിശ്വാസികളുടെ നേതാവ്. എഴുപത്തി രണ്ടാം വർഷത്തിൽ. അല്ലാഹു അദ്ദേഹത്തിൽ നിന്ന് ഇത് സ്വീകരിക്കുകയും അദ്ദേഹത്തിൽ സംപ്രീതനാവുകയും ചെയ്യട്ടെ, ആമീൻ. സർവലോകരക്ഷിതാവായ, അല്ലാഹുവിന് സ്തുതി".

ഇത് വായിക്കുന്ന ആർക്കും മനസ്സിലാക്കാവുന്ന യാഥാർത്ഥ്യമാണ് ഖുർആൻ അധ്യായക്രമത്തിൽ രേഖപ്പെടുത്തിയതല്ല ഇത് എന്നുള്ള വസ്തുത. അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ആമുഖത്തിൽ വ്യത്യസ്ത ഖുർആൻ സൂക്തങ്ങളിൽ പ്രയോഗിച്ചിരിക്കുന്ന അല്ലാഹുവിന്റെ നാമ-ഗുണവിശേഷണങ്ങൾ പ്രസ്താവിച്ചിരിക്കുന്നുവെന്ന് മാത്രമെയുള്ളൂ. അത് ഉദ്ധരിച്ചുകൊണ്ട് അത് അന്നു നിലനിന്നിരുന്ന ഖുർആൻ സൂക്തമായിരുന്നുവെന്നും പിന്നീടാണ് അതിലെ ദൈവഗുണ- വിശേഷണങ്ങളെ വേർതിരിച്ചുകൊണ്ടുള്ള സൂക്തങ്ങൾ ഇതിൽ നിന്ന് പരിണമിച്ചുണ്ടായത് എന്നും വാദിക്കുന്നത് മുസ്ലിംകൾ നടത്തുന്ന പ്രഭാഷണങ്ങളെയും സന്ദേശപ്രചരണത്തെയും കുറിച്ച അജ്ഞത കൊണ്ടാണ്. അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്ന മുസ്ലിം സന്ദേശങ്ങളിൽ അല്ലാഹുവിനെ സ്തുതിക്കുകയും, അവന്റെ മഹത്വം ഉദ്ഘോഷിക്കുകയും മുഹമ്മദ്നബി(സ)യുടെ മേൽ അനുഗ്രഹങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ശേഷമാണ് മറ്റു കാര്യങ്ങൾ പരാമർശിക്കാറുള്ളത്. ഈ സന്ദേശത്തിലും അങ്ങനെത്തന്നെയാണുള്ളത്. ക്രിസ്ത്യാനികൾ താമസിക്കുന്ന സ്ഥ

ലത്താണ് ഖുബ്ബത്തു സ്സ്വഖ്റാ നിർമിക്കപ്പെട്ടത് എന്നതിനാൽ യേശു ക്രിസ്തുവിനെ സംബന്ധിച്ച ഇസ്‌ലാമിക നിലപാട് വ്യക്തമാക്കുകയും ക്രൈസ്തവ നിലപാടിനെ വിമർശിക്കുകയും ചെയ്യുന്ന വചനങ്ങൾ പ്രസ്തുത സന്ദേശത്തിന്റെ ഭാഗമായത് സ്വാഭാവികമാണ്.

ഖുർആനിലെ പതിനേഴാം അധ്യായത്തിന്റെ 111ാം വചനം രേഖപ്പെടുത്തിയപ്പോൾ പ്രസ്തുത വചനത്തിന്റെ തുടക്കത്തിലുള്ള 'നീ പറയുക' (വഖുലി)യെന്ന ഭാഗം ഖുവ്വത്തു സ്സ്വഖ്റായുടെ പടിഞ്ഞാറ് ഭാഗത്ത് രേഖപ്പെടുത്തിയിട്ടില്ലെന്നതാണ് ഇതെഴുതുമ്പോൾ ഖുർആൻ പൂർണമായിരുന്നില്ലെന്ന് വാദിക്കുന്നവർക്കുള്ള സുപ്രധാനമായ ഒരു 'തെളിവ്'. ഒരു സന്ദേശത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ഖുർആൻ വചനങ്ങൾ ഉദ്ധരിക്കുമ്പോൾ 'നീ പറയുക' പോലെയുള്ള പരാമർശങ്ങൾ ഒഴിവാക്കി വചനത്തിലെ ആശയപ്രധാനമായ ഭാഗം മാത്രം പരാമർശിക്കുന്ന സമ്പ്രദായം ഇന്നത്തേതുപോലെ മുസ്‌ലിം സമൂഹത്തിൽ അന്നും നില നിന്നിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഈ രേഖ; അതല്ലാതെ, ഖുർആൻ പരിണമിച്ചുണ്ടായതാണെന്നതിന് അത് തെല്ലും തെളിവു നൽകുന്നില്ല.

ഖുബ്ബത്തു സ്സ്വഖ്റായുടെ പുറത്ത് തെക്ക് ഭാഗത്ത് പൂർണമായി രേഖപ്പെടുത്തപ്പെട്ട ഖുർആനിലെ നൂറ്റി പന്ത്രണ്ടാം അധ്യായത്തിലെ 'നീ പറയുക' (ഖുൽ) എന്ന ഭാഗം ഒഴിവാക്കികൊണ്ടാണ് അബ്ദുൽ മലിക്കു ബ്നു മർവാനിന്റെ കാലത്തും ശേഷവും നിർമിക്കപ്പെട്ട നാണയങ്ങളിൽ ഈ സൂക്തം മുദ്രീകരിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുത പതിനേഴാം അധ്യായം 111ാം വചനത്തിൽ 'നീ പറയുക'യെന്ന ഭാഗം ഒഴിവാക്കിക്കൊണ്ട് രേഖപ്പെടുത്തിയത് ഖുർആനിന്റെ രൂപീകരണം പിൽക്കാലത്താണ് നടന്നതെന്നതിന് തെളിവാക്കുന്നവരുടെ മുഴുവൻ വാദങ്ങളെയും തകർത്തുകളയുന്നുവെന്ന് പ്രമുഖ ഓറിയന്റലിസ്റ്റായ എസ്റ്റെല്ലേ വെലാൻ വ്യക്തമാക്കുന്നുണ്ട്. *(Estelle Whelan: "Forgotten Witness: Evidence for the Early Codification of the Qur'an"; Journal of American Oriental Society, 1998, Vol. 118, P. 1-14)* സമകാലിക രേഖകളെയോ സമ്പ്രദായങ്ങളെയോ കുറിച്ച് പഠിക്കാതെ, ഖുർആനിന്റെ ചരിത്രപരതയെ നിഷേധിക്കുവാൻ കിട്ടിയ വടികളെല്ലാമെടുത്ത് എറിയാൻ ശ്രമിക്കുന്നവരുടെ 'തെളിവുകൾ' അവരുടെ തന്നെ ബൗദ്ധികസത്യസന്ധതക്കു നേരെ തിരിച്ചു വരുന്ന ബൂമറാംഗുകളായിത്തീരുന്നതാണ് നാം ഇവിടെ കാണുന്നത്.

ഹിജ്റ 72ലേതാണെന്ന് ഉറപ്പുള്ള ഒരു രേഖയിൽ ഖുർആനിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്നെടുത്ത് ഒരേ വിഷയത്തിലുള്ള വചനങ്ങൾ ഉദ്ധരിക്കപ്പെട്ടിരിക്കുന്നുവെന്നത് അക്കാലത്ത് ഖുർആനിന്റെ കയ്യെഴുത്ത് പ്രതികൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നുവെന്നതിന് തെളിവാണെന്നാണ് എസ്റ്റെല്ലെ വെലാൻ സമർത്ഥിക്കുന്നത്. *(Ibid.)* ഒരു ഗ്രന്ഥത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ഒരേ വിഷയസംബന്ധിയായ വചനങ്ങൾ ഒരു പ്രത്യേക സന്ദർഭത്തിലോ രേഖയിലോ ഉദ്ധരിക്കണമെങ്കിൽ പ്രസ്തുത ഗ്രന്ഥം പൂർണരൂപത്തിൽ ഉപലബ്ധമായിരിക്കണമെന്നത് സാമാന്യ യുക്തിയാണെന്നാണ് അദ്ദേഹത്തിന്റെ വാദം. അബ്ദുല്ലാ അൽ മഅ്മൂനാണ് ഖുബ്ബത്തു സ്സ്വഖ്റാ നിർമിച്ചതെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും അത് വ്യാജമാണെന്നും അബ്ദുൽമലിക്ക് ബ്നു മർവാനിന്റെ പേര് മായ്ച്ചു കൊണ്ടാണ് മഅ്മൂനിന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ളതെന്നും രേഖയിൽ നിന്നു തന്നെ വ്യക്തമാണ്. സ്വഹാബിമാരുടെ കാലത്ത് ഖുർആൻ പൂർണ രൂപത്തിൽ നിലനിന്നിരുന്നില്ല എന്നതിനുള്ള തെളിവായി കൊട്ടിഘോഷിക്കപ്പെട്ട ഖുബ്ബത്തുസ്സ്വഖ്റായിലെ ഖുർആൻ രേഖകൾ വിമർശകർക്കെതിരായ തെളിവാണ് നൽകുന്നതെന്നർത്ഥം.

അതുകൊണ്ടുതന്നെയായിരിക്കണം പാട്രിഷിയോ ക്രോണിന്റെയും മിഖയേൽ കുക്കിന്റെയും വാദങ്ങളെ സമർത്ഥിക്കുവാൻ പാടുപെട്ട് ശ്രമിക്കുന്ന പിൻഗാമികൾ പോലും ഖുബ്ബത്തു സ്സ്വഖ്റായിലെ ഖുർആൻ ആലേഖനങ്ങളെ ഖുർആനിന്റെ ചരിത്രപരതയെ സംശയാസ്പദമാക്കുന്ന തെളിവുകളുടെ കൂടെ പെടുത്താൻ മടിക്കുന്നത്. 'ബുദ്ധിപരമായി സംഭവിക്കാനാവാത്ത വാദങ്ങളാൽ നിബിഡവും ബാലിശമായ തെളിവുകൾ മാത്രമുള്ളതുമെന്ന് കോണും കുക്കും ചേർന്നെഴുതിയ ഗ്രന്ഥത്തെ ആധുനിക ഓറിയന്റലിസ്റ്റുകളിൽ പ്രമുഖനായ മിക്കയേൽ ജെ മൊറോണി *(Micheal G Morony: Journal of Near Eastern Studies, Volume 41, No:2, April 1982, Page 157-159.)* വിശേഷിപ്പിച്ചതും മറ്റൊന്നുകൊണ്ടുമല്ല.